കേരള സർക്കാർ

## പൊതുവിദ്യാഭ്യാസ വകുപ്പ്

എഴുത്തുപച്ച

# അടുപ്പങ്ങൾ

## കുട്ടികളുടെ കഥകൾ (എച്ച്.എസ് വിഭാഗം)

സമഗ്ര ശിക്ഷാ കേരളം

Front Cover Picture



**AKASH P**
GHSS Thachangad,
Kasaragod

Back Cover Picture



**ANAMIKA SHAMEER**
HSS Azhikode
Kannur


Aduppangal
Stories (HS Malayalam)
Writings of Children
First Edition : 2022 March

Ezhuthupacha 2022 series Book No $\left(\frac{35}{55}\right)$

Prepared using the SSK Library Grant 2021-22

Published By: State Project Director, Samagra Shiksha, Kerala,
SSA Bhavan, Nandavanam, Thiruvananthapuram -33

General Education Department
Government of Kerala
Not for sale

# എഴുത്തുപച്ച

നക്ഷത്രങ്ങളാണ് കുട്ടികൾ. കാണുന്നതിലേറെയാണ് അവരുടെ തിളക്കം. പൊതുവിദ്യാലയങ്ങളിലെ ഈ നക്ഷത്രങ്ങളുടെ പ്രകാശം സമൂഹത്തിലേക്ക് പരത്താൻ സമഗ്രശിക്ഷ കേരളം തുടർച്ചയായി പരിശ്രമിച്ചു കൊണ്ടിരിക്കുന്നു.

കുട്ടികളെഴുതിയ കവിതകളും കഥകളും ചേർത്ത് **'എഴുത്തുപച്ച'** എന്ന പുസ്തക പരമ്പര പുറത്തിറക്കുന്നു. ഇതിലെ ഓരോ രചനയും സർഗാത്മകതയെ അടയാളപ്പെടുത്തുന്നുണ്ട്. ഈ പുസ്തക പരമ്പര നമ്മുടെ സ്കൂൾ ലൈബ്രറികളെ കൂടുതൽ സമ്പന്നമാക്കും.

സ്കൂളുകളിൽനിന്ന് ലഭിച്ച രചനകൾ ബി.ആർ.സി-ജില്ല-സംസ്ഥാനതല ങ്ങളിൽ പരിശോധിച്ച്, മികച്ച രചനകളും ചിത്രങ്ങളും ചേർത്ത് ആകർഷക മാക്കിയ താണ് എഴുത്തുപച്ച പരമ്പരയിലെ ഓരോ പുസ്തകവും. എല്ലാ പുസ്തകങ്ങളുടെയും മുഖചിത്രം വരച്ചത് കുട്ടികൾതന്നെയാണ്.

സ്കൂൾ പശ്ചാത്തലമായി വരുന്ന ഏതാനും കഥകളാണ് **അടുപ്പങ്ങൾ** എന്ന ഈ **എഴുത്തുപച്ച** സമാഹാരത്തിലുള്ളത്. എല്ലാത്തരം വേർതിരിവുകളെയും ഇല്ലാതാക്കുന്ന കൗമാരസൗഹൃദത്തിന്റെ നേർക്കാഴ്ചകളും കോവിഡ് കാലം സൃഷ്ടിച്ച അകലങ്ങളെ സ്നേഹത്തിന്റെ വർണനൂലുകൾ കൊണ്ടു വലിച്ച ടുപ്പിക്കുന്ന കുട്ടികളും ഈ കഥകളിലൂടെ തെളിയുന്നു. പുഞ്ചിരികൾ പരസ്പരം കൈമാറുമ്പോൾ അവിടെയൊരു ഇളംകാറ്റ് വീശുന്നു എന്നും നിശ്ചലമായ ഒരു സ്കൂൾമൈതാനത്തെ കൂട്ടുകാരുടെ കളിചിരികൾ ആലീസിന്റെ മറ്റൊരത്ഭുത ലോകമാക്കി മാറ്റുന്നുവെന്നും കുട്ടികൾ അർത്ഥപൂർണ്ണമായി നിരീക്ഷിക്കുന്നുണ്ട്. കൈയടക്കത്തോടെ എഴുതിയ ഈ കഥകളുടെ വായന, എഴുത്തിനെ എങ്ങനെ കൂടുതൽ അഴകുള്ളതാക്കാം എന്ന ചിന്തയിലേക്ക് കുട്ടികളെ നയിക്കും.

അധികവായനയ്ക്കും തുടർപ്രവർത്തനങ്ങൾക്കുമായി ക്ലാസ്മുറികളിൽ ഈ പുസ്തകം പ്രയോജനപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡോ. സുപ്രിയ എ.ആർ**
**സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ**
**സമഗ്രശിക്ഷാ കേരളം**

## അകംപുറങ്ങളിൽ


| | | |
|---|---|---|
| 1. പ്രവേശനോത്സവം | : | 5 |
| 2. ഒടുവിൽ ആ ദിവസവും വന്നുചേരും | : | 12 |
| 3. ഫസ്റ്റ് ബെൽ | : | 16 |
| 4. മാഞ്ഞുപോകുന്ന ജീവിതങ്ങൾ | : | 19 |
| 5. ഉണ്ണിക്കുട്ടൻ സ്കൂളിലേയ്ക്ക് | : | 22 |
| 6. സൈസ്കോ കഥകൾ | : | 24 |
| 7. അതിജീവനം | : | 30 |
| 8. മടക്ക ടിക്കറ്റ് | : | 32 |
| 9. സ്വപ്നച്ചിറകിനടിയിൽ | : | 34 |

# പ്രവേശനോത്സവം



കണ്ണൻ ആദ്യമായാണ് സ്കൂളിൽ പോകാൻ ഇത്രയും തിടുക്കം കാണിക്കുന്നത്. പറന്നു ചെന്ന് അയയിൽ നിന്ന് ഷർട്ട് എടുത്തു. പൊക്കക്കുറവ് കാരണം കണ്ണൻ കുറച്ചു കഷ്ടപ്പെട്ടാണ് ആ പണി ചെയ്തത്. പൊക്കമില്ലെങ്കിലെന്താ, കണ്ണൻ ഒരു കൂസലുമില്ലാതെ നാട്ടുകാരോട് പറയും

"ന്റെ ക്ലാസിലെ അനന്തൂനും വിഷ്ണൂനും... ഒക്കെ ഇത്രേ പൊക്കംള്ളൂല്ലോ ....പിന്നെ ...ഞാൻ കൊറച്ചു കൂടി കഴിഞ്ഞാ, ന്റെ ച്ഛനേക്കാളും വലുതാവും".

ചെറിയ നനവുണ്ട് ഷർട്ടിന്. അതിൽ അമ്മയോട് കൊഞ്ഞനംകുത്തി പ്രതിഷേധിച്ചു, ഉമിനീരും നാക്കും ചുണ്ടും ഇടകലർന്നു വരുന്ന ആ ശബ്ദം അവന് വളരെയധികം ആസ്വാദ്യമാണ്. ഒരു കാര്യവും ഇല്ലെങ്കിലും ഇങ്ങനെ കൊഞ്ഞനം കുത്തുന്നത് ഒരു ഹരമാണ്.

"കണ്ണാ ....അങ്ങനെ കളിക്കല്ലേന്ന് നിന്നോട് എത്ര തവണ പറഞ്ഞതാ..."

അതൊന്നും കേൾക്കാതെ ഷർട്ടിലേക്ക് തന്നെ ശ്രദ്ധിച്ചു നോക്കി. ചെറിയ ചുളിവുമുണ്ട്.

വീണ്ടും കൊഞ്ഞനം കുത്തണോ ?...." വേണ്ട

അവന്റെ നാക്ക് കടയുന്നു. അതുകൊണ്ടവൻ ആ ശ്രമം ഉപേക്ഷിച്ചു.

അമ്മ ഇസ്തിരിപ്പെട്ടിയുടെ നാക്കുകൊണ്ട് ഷർട്ട് ചെറുതായി ചൂടാക്കിതേച്ചു. ഇപ്പോ വടിപോലായിട്ടുണ്ട്. വെള്ളേം വെള്ളേം യൂണിഫോം ഇട്ടിട്ട് യേശുദാസിനെ പോലെ പാടാൻ പോവുകയാണെന്ന് ആൾക്കാർക്ക് തോന്നിപ്പോകും. അവനേം കൂട്ടാളികളേം "വെള്ള പ്രേതം" എന്ന ഇരട്ട പേരിട്ടാ എല്ലാരും വിളിക്കണേ, അത് കേൾക്കുമ്പോഴേ കലികയറും. സ്വയം ചുണ്ട് കടിക്കും.

കണ്ണന്റെ അമ്മ അവന്റെ സ്കൂളിലെ ടീച്ചറാ. അതിൽ അവന് തെല്ലൊരഭിമാനവും അഹങ്കാരവും ഉണ്ട്. സ്കൂളിലെ ഇടവഴികളിൽ കൂടി നടക്കുമ്പോൾ ചേച്ചിമാര് ചിലപ്പോ "അത് ടീച്ചറെ മോനല്ലേ" എന്ന് വിളിച്ച് ചോദിക്കും. അതിൽ കുറച്ച് ഗമയുണ്ടായിരുന്നുതാനും.

കണ്ണൻ ബസ്സ്റ്റോപ്പിൽ അമ്മയോടൊപ്പം ബസ് കാത്തിരുന്നു. കാലു കടയുന്നു. അമ്മയുടെ സാരിത്തുമ്പിൽ തല ചാരിവെച്ച് ചോദിച്ചു.

“ബസ്സിനെ വിളിക്കണില്ലേ അമ്മേ?”

കണ്ണന്റെ അമ്മ ആരെയോ ബസ്റ്റോപ്പിൽ നിന്ന് തിരക്കിട്ട് വിളിക്കുകയാണ്. ചിലപ്പോ ബസ്സിനെയാകും.

പണ്ടുമുതലേ ഉള്ളിലെ ഒരു വിശ്വാസമാ അത്. ബസ്സ് വരാൻ വൈകിയാൽ അമ്മ ആരെയോ തിരക്കിട്ട് വിളിക്കും. അടുത്ത നിമിഷം ബസ്സ് അവരുടെ മുമ്പിൽ എത്തിയിട്ടുണ്ടാകും. ചില ദിവസങ്ങളിൽ ഫോൺ വിളിച്ചിട്ടും നിർഭാഗ്യവശാൽ ബസ് വന്നില്ലെങ്കിൽ അമ്മയുടെ സാരിത്തുമ്പിൽ തല ചാരിവെച്ച് ചോദിക്കും

“ബസ് വിളി കേട്ടില്ലേ അമ്മേ?”

കാലു കടയുന്നു തറയിലിരുന്ന ഒരു ചെറിയ ഉരുളൻ കല്ല് അവൻ റോഡിലേക്ക് തട്ടിത്തെറിപ്പിച്ചു. പെട്ടെന്നുതന്നെ ഒരു കാറുകാരൻ ആ കല്ലിനെ ചമ്മന്തിയാക്കി കടന്നുപോയി. അത് കണ്ട് അവന് ഉള്ളാലെ രസം തോന്നി.

കണ്ണൻ മുഷിഞ്ഞു. നട്ടെല്ല് വളഞ്ഞു. തല താഴ്ന്നു, തറയിൽ കിടക്കുന്ന സിഗരറ്റ് കുറ്റികളെ നോക്കി പുഞ്ചിരിച്ചു. ശങ്കരൻകുട്ട്യേട്ടനും സംഘവും വലിച്ചുകളഞ്ഞ സിഗരറ്റ് കുറ്റികളാണ്. തറ മുഴുവൻ ഓറഞ്ച് മയം. ചെരുപ്പിന്റെ തുമ്പുകൊണ്ട് തറയിൽ കിടന്ന ഒരു കുറ്റി മണ്ണിൽനിന്നും ഇളക്കിയെടുത്തു. ദിവസങ്ങളുടെ പഴക്കമുണ്ടെന്ന് കണ്ടാൽ അറിയാം. അതും റോഡിലേക്ക് തട്ടിയിട്ടു.എത്രയോ കാലമായുള്ള ആഗ്രഹമാണ് ഒരു സിഗരറ്റെങ്കിലും വലിക്കണമെന്നുള്ളത്. അവൻ മനസ്സിൽ ചൊല്ലി, “വലിക്കും, ഞാൻ വലിക്കും വലിക്കാതെവിടെ പോകാനാ? “മിലാദ്” ബസ് അവരുടെ മുമ്പിൽ സഡൻ ബ്രേക്കിട്ടു.

കണ്ണൻ അമ്മയോടൊപ്പം ബസിന്റെ മുൻഭാഗത്ത് തന്നെ കയറിപ്പറ്റി. ഡ്രൈവറുടെ തൊട്ടടുത്തുള്ള എൻജിൻ സീറ്റാണ് അവനേറ്റവും ഇഷ്ടം അവിടിരുന്നാൽ ഡ്രൈവറെ കാണാം. മുൻപിലെ കാഴ്ചയും കാണാം , അത്യാവശ്യം ചൂടും കിട്ടും, പക്ഷേ സീറ്റിലെ ചൂട് തൊട്ട് നോക്കാതെ ഇരിക്കാൻ പാടില്ല. ഒരു പ്രാവശ്യം അങ്ങനെ ഇരുന്നതാ അവന്റെ ആസനം പൊള്ളിപ്പോയി. ഭാഗ്യത്തിനാരും കണ്ടില്ല. കണ്ടിരുന്നേൽ എല്ലാരും ചിരിക്കുമായിരുന്നു. അവൻ കരയുകയും ചെയ്യും. പിന്നെ അമ്മയുടെ മടിയിലിയിലിരുന്ന് യാത്ര ചെയ്യേണ്ടി വരുമായിരുന്നു.

എൻജിൻ സീറ്റിലെ ചൂട് തൊട്ടുനോക്കി "ഇല്ല അത്ര ചൂടില്ല" അവൻ പതിയെ ഇരുന്നു. ഡ്രൈവറെ നോക്കി. കാക്കിയിട്ട ചേട്ടൻ വലിയ ഗമയിലാ ഇരിക്കുന്നേ. ആ ചേട്ടനെ നോക്കി ചിരിച്ചു. പക്ഷേ അയാൾ അത് കണ്ടില്ലെന്നു തോന്നുന്നു, ഒരു ഭാവമാറ്റവുമില്ല. ഡ്രൈവർ ചേട്ടൻ ബസ് ഒരു വളയ്ക്കൽ വളച്ചു. എല്ലാവരും കൂടി നേരെ മുമ്പിലുള്ള കമ്പിയിൽ ഉണക്കാനിട്ട പോലെ കിടക്കുന്നു. ഇങ്ങനെയൊക്കെ ബസ് ഓടിക്കാൻ അവനും ആഗ്രഹമുണ്ട്, കണ്ണൻ മനസ്സിൽ പറഞ്ഞു.

"ഓടിക്കും, ഞാൻ ഓടിക്കും ഞാൻ ഓടിക്കാതെവിടെ പോകാനാ."

നല്ല മണം! ചുറ്റും നോക്കി. അമ്മേടെ മണമാണോ? അല്ല അമ്മയുടെ സാരിയിലും ചുരിദാറിലും നല്ല സൺലൈറ്റിന്റെ വാസനയാ! അമ്മയെ ചാരി നിൽക്കുമ്പോൾ ആ വാസന മൂക്കിലേക്കടിച്ചു കേറും. പക്ഷേ ഇതേ പൊടി കൊണ്ടാണല്ലോ അവന്റേം അച്ഛന്റേം ഷർട്ടും അലക്കുന്നത്, എന്നിട്ടും തങ്ങളുടെ ഷർട്ടിനെന്താ ഈ വാസന ഇല്ലാത്തെ?

അത് ഇന്നും ചുരുളഴിയാത്ത ഒരു രഹസ്യമാണ്. അവൻ നല്ലവണ്ണം മണം പിടിച്ചു. വാസന മൂക്കിലേക്ക് കയറ്റി .അവൻ അവനെത്തന്നെ മണത്തു.

പെട്ടെന്നതവനോർമ്മ വന്നു.

മനു മാമൻ ഗൾഫീന്ന് വന്നപ്പോ കൊണ്ടോന്ന സ്പ്രേ മൂപ്പര് കാണാതെ എട്ത്തടിച്ചതാ ! അതാ ഈ മണം. മുടിയിലും കുറച്ചാകാമായിരുന്നു. അവനോർത്തു.

അമ്മയുടെ മുടിയിൽ നല്ല കാച്ചിയ എണ്ണയുടെ വാസനയാണ് ഉള്ളത്. അത് അവന് ഇഷ്ടവുമാണ്. ഇങ്ങനെ ഓരോന്ന് ചിന്തിച്ചു കൂട്ടുമ്പോഴേക്കും ബസ് സ്കൂളിനടുത്തെത്തി. അവർ ബസ്സിൽ നിന്നും ഇറങ്ങി.

കണ്ണൻ റോഡിന് അപ്പുറത്തുള്ള തന്റെ സ്കൂൾ നോക്കി. സ്കൂൾ പ്രവേശന കവാടത്തിന് മുകളിൽ വലിയ പനയോലയിൽ വിവിധ നിറങ്ങളിൽ എഴുതിയിരിക്കുന്നു.

"പ്രവേശനോത്സവം"

അമ്മ അവന്റെ കൈ മുറുകെ പിടിച്ചു കൊണ്ട് പറഞ്ഞു.

"ഇനി തോറ്റു പോയാലും കരയാൻ നിക്കണ്ടാ ട്ടോ കണ്ണാ."

അവൻ അമ്മയുടെ കൈവിട്ട് ഒറ്റ ഓട്ടം. നേരെ റോഡിന് അപ്പുറത്ത് , ആ സമയം നിർഭാഗ്യവശാൽ ബസ്സെങ്ങാനും വന്നാൽ സത്യമായും അവൻ പടമായേനെ.. അമ്മ

ഇടവും വലവും വണ്ടി വരുന്നോന്ന് നോക്കി ഓടി അവന്റെ അടുത്തു വന്നു. ഒരു ചെറിയ അടി വെച്ചു കൊടുത്തു .

"നിന്നോട് എത്ര തവണ പറഞ്ഞതാ ഇങ്ങനെ ഓടരുതെന്ന്."

കണ്ണൻ ആ പറയുന്നതൊന്നും കേട്ടിരുന്നില്ല. അവന്റെ ശ്രദ്ധ മുഴുവൻ പലവർണ്ണങ്ങളാൽ അലങ്കരിക്കപ്പെട്ട പ്രവേശനോത്സവകവാടത്തിലായിരുന്നു.

"നല്ല ഭംഗി അല്ലേ അമ്മേ"

അമ്മ സ്നേഹപൂർവം പതിയെ തലയാട്ടി:

കണ്ണൻ ഒന്നാം തരത്തിൽ നിന്ന് രണ്ടാം തരത്തിലേക്ക് പറിച്ചുനടാൻ പാകമായി രിക്കുകയാണ്. അതുകൊണ്ടുതന്നെ അവന് ഇത്തിരി ജാഡ ഇല്ലാതില്ല. ഇനിമുതൽ അവനേം കുട്ടികൾ കണ്ണൻ ചേട്ടാന്ന് വിളിക്കും. അതോർത്തപ്പോൾ നടു തനിയെ നിവർന്നു.

അമ്മ അവനെയും കൂട്ടി കൈപിടിച്ച് നടക്കാൻ ശ്രമിച്ചെങ്കിലും വീണ്ടും അവൻ അമ്മയുടെ കൈവിട്ടു കൂട്ടുകാരുടെ അടുത്തേക്ക് ഓടി. ഉണ്ട് ...ഉണ്ട് അവിടെ എല്ലാവരും ഉണ്ട്. അനന്തു, വിഷ്ണു, അപ്പു, അജയ്, രാമു എല്ലാവരും. എന്നാലും അവന് ഏറ്റവും ഇഷ്ടം അനന്തുവിനെയാ. അവൻ അനന്തുവിന്റെ വാലായി നടക്കും. അവൻ അനന്തു വിനോട് മാമന്റെ സ്പ്രേയെ പറ്റിയും പുതിയ പെൻസിലിനെക്കുറിച്ചും ബാഗിനെ പറ്റിയും വാതോരാതെ സംസാരിച്ചു.

അപ്പോഴേക്കും അമ്മ പിന്നിൽ വന്നു അവനെയും കൂട്ടി നടന്നു. പോകുന്നതിനിടയിൽ അനന്തുവിനോട് തിരക്കിട്ട് പറഞ്ഞു

"അടുത്ത പ്രാവശ്യം അനക്കും സ്പ്രേ കൊണ്ടത്തരാൻ ഞാൻ മനുമാമനോട് പറയ് ന്ന്ണ്ട് ട്ടോ അനന്ത്വോ .."

അമ്മ അവന്റെ കൈ ഇപ്രാവശ്യം കുറച്ചുകൂടി മുറുകെയാണ് പിടിച്ചത്. അതുകൊണ്ട് അവന് ഓടാനായില്ല. അവനെ നേരെ ക്ലാസ്സ് റൂമിലെ ബെഞ്ചിൽ കൊണ്ടിരുത്തി. അവിടെ മുഴുവൻ ഒന്നിലേക്ക് പുതിയതായി വന്ന കുട്ടികളാണ് അവരുടെ ഇടയിൽ കണ്ണനിരുന്നു.

കുറച്ചുനേരം കഴിഞ്ഞ് അമ്മ പറഞ്ഞു "എനിക്ക് ക്ലാസ്സുണ്ട് നീ ഇവിടെ ഇരിക്കില്ലേ" അവൻ ഒരു കള്ളച്ചിരി ചിരിച്ചുകൊണ്ട് തലയാട്ടി. അമ്മ പോകാൻ ഒരുങ്ങവേ അവനോട് ഒരു കാര്യം കൂടി പറഞ്ഞു

"കരയാൻ നിക്കണ്ടാ ട്ടോ കണ്ണാ" .

അവൻ അത് ശ്രദ്ധിച്ചില്ല. അവൻ അമ്മ പോകുന്നതും കാത്തിരിക്കുകയാണ് .

അമ്മ കൺവെട്ടത്തു നിന്ന് പോയ അടുത്ത നിമിഷം വരാന്തയിൽ നിൽക്കുന്ന അനന്തുന്റെ അടുത്തേക്ക് ഓടി. അവിടെ അനന്തു മറ്റുള്ളവരോട് സൊറ പറഞ്ഞിരിക്കുകയാ. അതിനിടയ്ക്ക് ചാടിക്കയറി അനന്തുവിനോട് രഹസ്യമായി പറഞ്ഞു. "അനക്ക് കടലമുട്ടായി വേണോ"? അനന്തു തലയാട്ടി അവൻ അനന്തൂനേം കൂട്ടി മൂത്രപ്പുരയിലേക്ക് നടന്നു.

അപ്പോൾ മഴ ചെറുതായി ചാറിത്തുടങ്ങിയിരുന്നു. മൂത്രപ്പുരയിൽ നിന്ന് അനന്തുവിന് കടലമുട്ടായി വലിയ ഒരു കഷണം പൊട്ടിച്ചു കൊടുത്തു. ഒരു കഷണം അവനും എടുത്തു.

അനന്തു, ക്ലാസ്സിൽ പഠിക്കുന്ന കാര്യത്തിൽ ഒന്നാമനാണ്. ഓനാണ് ക്ലാസിൽ ആദ്യമായി ട്രോഫി കിട്ടിയത്. അതുകൊണ്ട് കണ്ണൻ എപ്പോഴും അവന്റെ പിന്നാലെയാണ്.

അപ്പോഴേക്കും മഴ ശക്തമായി. അവരാ മഴയെ കൺചിമ്മാതെ നോക്കിക്കൊണ്ട് മൂത്രപ്പുരയിൽ ഇരുന്ന് കടലമുട്ടായി കഴിച്ചുകൊണ്ടിരുന്നു.

കടലമുട്ടായി തിന്നു കഴിഞ്ഞപ്പോഴേക്കും ബെല്ലടിച്ചു . അവർ വരാന്തയിലേക്ക് ഓടി കണ്ണൻ പാതി നനഞ്ഞിരുന്നു. എങ്കിലും കണ്ണന് വലിയ അഭിമാനം തോന്നി . ഓൻ ഓന്റെ ചങ്ങായിക്ക് കടലമുട്ടായി പൊട്ടിച്ചു കഴിക്കാൻ കൊടുത്തിരിക്കുന്നു. ക്ലാസിലേക്ക് കയറി ഇരിക്കും മുമ്പേ കണ്ണൻ അനന്തുവിനോട് പറഞ്ഞു "ഞാൻ കടലമുട്ടായി തന്ന കാര്യം ആരോടും പറയണ്ട ട്ടോ"

അവർ ഓടി വരുന്നതു കണ്ട പ്രദീപ് ചോദിച്ചു "ഏട പോയതാ?" അവൻ ഒന്നും മിണ്ടിയില്ല. അനന്തുവിനെ കണ്ടപാടെ അജയും വിഷ്ണുവും കൂടി അവനെ ബലമായി പിടിച്ച് പുറകിലെ ബെഞ്ചിലിരുത്തി. വിഷ്ണു, അജയ്, അനന്ദു, രാമു, പ്രദീപ് ഇവരെല്ലാവരും ഒരു ബെഞ്ചിൽ ആയപ്പോഴേക്കും ബെഞ്ച് നിറഞ്ഞു .

"അനന്തുന് കടലമുട്ടായി പൊട്ടിച്ചു കൊടുത്തത് ഞാനാ"

എന്ന് മനസ്സിൽ പറഞ്ഞുകൊണ്ട് കണ്ണൻ മുന്നിലെ ബെഞ്ചിൽ ഇരുന്നു.

ക്ലാസിൽ പുതിയ കുട്ടികളുടെ ജഗപൊഗയാണ്. കണ്ണൻ ബാഗിൽനിന്ന് മനുമാമൻ ഗൾഫിൽ നിന്ന് കൊണ്ടുവന്ന പെൻസിൽ പുറത്തെടുത്തു. പെൻസിലിന് നല്ല മണം, അറ്റത്ത് ഒരു ചെറിയ റബ്ബറും ഉണ്ട് പെൻസിലിന് ചുറ്റും മിക്കിമൗസ് ചിരിച്ചുകൊണ്ടു

നിൽക്കുന്ന ചിത്രങ്ങൾ !കണ്ണന് സന്തോഷമായി. എല്ലാം മനു മാമൻ വാങ്ങി തന്നതാ. കരടി റബ്ബർ മൂന്നെണ്ണം ഉണ്ട് ഒന്ന് അനന്തുന് കൊടുക്കണം. പെൻസിൽ കയ്യിൽ പിടിപ്പിച്ച് ബെഞ്ചിലേക്ക് കുത്തിവരയ്ക്കാൻ ഒരുമ്പെട്ടു. ബെഞ്ചിൽ മുഴുവൻ പല ശില്പികളും ശില്പങ്ങൾ മാറിമാറി കൊത്തിയെടുത്തിട്ടുണ്ട്. അവൻ പെൻസിലു കൊണ്ട് കറുപ്പിച്ച് എഴുതി. 'ക.... ണ്ണ ...ൻ.' പുറകിൽ നിന്ന് പ്രദീപ് പെൻസിലിന്റെ ഭംഗി ആസ്വദിക്കുകയാണ് അവൻ പ്രദീപിനോട് വിളിച്ചു പറഞ്ഞു

"വാ പൂട്ടെടാ ഇല്ലേൽ ഈച്ച കേറും"

പ്രദീപ് അവനെ നോക്കി പിറുപിറുത്തുകൊണ്ട് അനന്തുവിനോട് എന്തോ സ്വകാര്യം പറഞ്ഞു.

"പ്രദീപ് എന്തായിരിക്കും പറഞ്ഞിട്ടുള്ളത്?"

ആ അല്ലേലും പ്രദീപ് വല്ലാത്ത സാധനാ.. കണക്ക് ഹോം വർക്ക് ചെയ്തു വന്നില്ലേൽ പ്രദീപ് അത് കണ്ടുപിടിച്ച് ടീച്ചറോടു പറയും.

പക്ഷേ അവന് തീരെ ഓട്ടം ഇല്ല. അവന്റെ ഓട്ടം ഓർത്തപ്പോൾ കണ്ണന് ചിരി വന്നു.

ഇന്നലെ കണ്ണന്റെ അമ്മ അവനോടു പറഞ്ഞിട്ടുണ്ട്. സുരേഷ് സാറിന്റെ മോൻ പ്രയാഗ് ഒന്നാം ക്ലാസിൽ വരുമെന്ന്. കണ്ണൻ കുത്തി വര നിർത്തി. അടുത്തുള്ള പുതിയ ഒന്നാം ക്ലാസുകാരനോട് ചോദിച്ചു

"പ്രയാഗ് ന്നാ ന്റെ പേര്?"

അല്ലെന്ന് അവൻ തലയാട്ടി. കണ്ണൻ ക്ലാസിലൂടെ നടന്നു നോക്കി. ആരായിരിക്കും പ്രയാഗ് ? വീണ്ടും നേരത്തേ കണ്ട കുട്ടിയോട് ഒരിക്കൽകൂടി ചോദിച്ചു.

"ഞ്ഞി ആണോ പ്രയാഗ്"? "അല്ല" "അശ്വന്ത് ന്നാന്റെ പേര്"

പ്രയാഗിനെ കണ്ടെത്താൻ കഴിയാത്തതിലുള്ള നിരാശയോടെ കണ്ണൻ വീണ്ടും ബെഞ്ചിൽ കുത്തി വരയാനാരംഭിച്ചു

ടീച്ചർ ക്ലാസിലേക്ക് കയറി വന്നു. രണ്ടാം ക്ലാസ്സിലേക്ക് പോകുന്നവരുടെ ലിസ്റ്റ് വായിക്കാൻ തുടങ്ങി.കണ്ണൻ നെഞ്ചുവിരിച്ചു കാതോർത്തിരുന്നു.

അനന്തു എം എം, വിഷ്ണു. എം, സനത്ത്. കെ. ഇങ്ങനെ പോകുന്നു ലിസ്റ്റ്. അവസാനം പ്രദീപിനെയും വിളിച്ചു. എന്നിട്ടും കണ്ണനെ മാത്രം വിളിച്ചില്ല. കണ്ണന് ചെറുതായി കരച്ചിൽ വരാൻ തുടങ്ങി. പ്രദീപ് അവനെനോക്കി ചിരിച്ചതോടെ കണ്ണൻ പൊട്ടിക്കരഞ്ഞു.

എല്ലാവരും രണ്ടാം ക്ലാസ്സിലേക്ക് പോകാൻ തയ്യാറായി നിന്നു .അവര് പോകാൻ തുടങ്ങിയപ്പോൾ കണ്ണൻ ഉറക്കെ കരഞ്ഞു. "അനന്തു ..... പോകല്ലേ ന്നേം വിട്ട് പോകല്ലേ...." അനന്തു അവനെ ദയനീയമായി നോക്കി. എന്നിട്ട് രണ്ടാം ക്ലാസിലേക്ക് നടന്നകന്നു.

കണ്ണൻ കരഞ്ഞു തളർന്നു. 'മൂക്കട്ട ഒലിച്ചിറങ്ങി, ക്ലാസ്സിൽ ഉള്ള പുതിയ കുട്ടികൾ അവനെ തുറിച്ചു നോക്കി.

കരഞ്ഞിട്ട് വായിൽ വെള്ളം വറ്റി .അവന് ശ്വാസം എടുക്കാൻ പറ്റുന്നില്ല.

നേരത്തെ കണ്ട അശ്വന്തിന്റെ അമ്മയാണെന്ന് തോന്നുന്നു. അവന്റെ അടുത്ത് വന്നു ചോദിച്ചു. "മോന്റെ പേരെന്താ?"

കരച്ചിൽ ഇടയ്ക്ക് നിർത്തി ശ്വാസമെടുത്ത് അവൻ പറഞ്ഞു "കണ്ണൻ"

"മോന്റെ അമ്മ എവിടെ?"

അവൻ തീരെ വയ്യാതെ പതിഞ്ഞസ്വരത്തിൽ "ഷൈനി ടീച്ചറാ"

"ഓ... ഷൈനി ടീച്ചറെ മോനാണോ" അവൻ "അതെ" എന്ന് തലയാട്ടി.

മഴ കാറ്റോടു കൂടി അതിശക്തമായി പെയ്തുകൊണ്ടിരുന്നു. സ്കൂളിന്റെ വരാന്തകളിലും തൂണിലും ചെളി ഭംഗിയായി ചിതറിക്കിടന്നു. സ്കൂൾ പ്രവേശനോത്സവ കവാടത്തിലെ പല പല വർണ്ണങ്ങളിൽ എഴുതിയിരുന്ന നിറങ്ങൾ മഴയോടൊപ്പം ഇളകി ഇറ്റുവീണുകൊണ്ടിരുന്നു.

അവ മഴയിലലിഞ്ഞ് ഇല്ലാതായി. ഒരു തണുത്ത കാറ്റ് കുട്ടികളുടെ കവിളിലും മുടിയിലും തഴുകിക്കൊണ്ട് ഓടിമറഞ്ഞു.

കണ്ണന്റെ കൺതടങ്ങളിലെ വെള്ളം വറ്റിത്തീരാറായി. അവൻ കരഞ്ഞു മടുത്തു. അടുത്തിരുന്ന് അശ്വന്ത് അലസമായി മഴയിലേക്ക് നോക്കി നിൽക്കേ കണ്ണനെ നോക്കി പതിയെ ഒന്ന് പുഞ്ചിരിച്ചു. കണ്ണൻ അതു കണ്ട് കവിളിലെ കണ്ണീർ തുടച്ചു കളഞ്ഞ് അവനെ നോക്കി ഒരു പുഞ്ചിരി തിരിച്ചു കൊടുത്തു. അവർക്കിടയിലൂടെ ഒരു ഇളംകാറ്റ് പാറിപ്പറന്നു .

**ധ്യാൻചന്ദ്**
ജി.വി.എച്ച്.എസ്.എസ് അത്തോളി
കോഴിക്കോട്

# ഒടുവിൽ ആ ദിവസവും വന്നുചേരും



വാർത്തയിൽ ഫ്ളാഷ് ന്യൂസ് വന്നു. നവംബർ ഒന്നിന് സ്കൂൾ തുറക്കുന്നു.

മനസ്സിൽ ഒരു ലഡ്ഡു പൊട്ടി. അടുക്കളയിൽ ചോറു വാർക്കുന്ന അമ്മയുടെ അടുത്തേക്ക് ഓടിച്ചെന്നു.

"സ്കൂൾ തുറന്നാൽ മതിയായിരുന്നു. ഒക്കത്തിനീം സ്കൂളിലേക്ക് പറഞ്ഞയച്ചിട്ട് ഒരു ദിവസം സമാധാനമായിരിക്കണം."

നാമജപം പോലെയുള്ള അമ്മയുടെ നിത്യേനയുള്ള പറച്ചിൽ ഓർമയിൽ വന്നു.

"അമ്മേ.. സ്കൂൾ തുറക്കാൻ പോണു, ഞാനും കുട്ടനും പോവും. സുഖമായിരുന്നോ."

ദൈവത്തിന് നന്ദി പറയും അമ്മ, എന്ന് കരുതിയ എനിക്ക് തെറ്റി. അമ്മയുടെ മുഖം ആകെ വാടി.

"സ്കൂൾ തുറക്ക്വേ? അതിനു കൊറോണ ഒന്നും മാറീല്ലല്ലോ?"

സ്കൂൾ തുറക്കാനായി ഒന്നരവർഷമായി പ്രാകികൊണ്ട് നടക്കുന്ന അമ്മയുടെ മാറ്റം കണ്ട് ഞാൻ ഞെട്ടിപ്പോയി.

"സ്കൂൾ തുറന്നാൽ  ഞാൻ പോവും." ഞാൻ നയം വ്യക്തമാക്കി.

ഞാനും കുട്ടനും കൂടെ അമ്മയെയും അച്ഛനെയും അച്ഛമ്മയേയും ഒരു വിധത്തിൽ എല്ലാം പറഞ്ഞു സമാധാനിപ്പിച്ചു.

പക്ഷേ, അടുത്ത കടമ്പവരുന്നതേയുണ്ടായിരുന്നുള്ളൂ.

സർക്കാർ ഇറക്കിയ മാർഗരേഖ കണ്ട് വീട്ടിൽ ഉച്ചകോടി സമ്മേളനം നടന്നു.

ആകെ തകർന്നിരിക്കുന്ന ഞങ്ങളുടെ മുന്നിലേക്ക് ഒരു വയ്ക്കോൽ തുരുമ്പ് ഒഴുകി വന്നു.

എന്താന്നോ. ക്ലാസ് ടീച്ചറുടെ ഗൂഗിൾ മീറ്റ് വഴിയുള്ള ക്ലാസ് പി.ടി.എ.

"മക്കളെ ധൈര്യമായി പറഞ്ഞയച്ചോളൂ സ്വന്തം മക്കളെപ്പോലെ ഞങ്ങൾ നോക്കിക്കോളാം."

ആ വാചകം കേട്ട് ഞങ്ങളുടെ മനസ്സ് ശിങ്കാരിമേളം കൊട്ടി.

എന്തു കോറോണയായാലും ശരി, ചെന്നതും ടീച്ചറെ കെട്ടിപ്പിടിച്ച് ഒരു ഉമ്മ കൊടുക്കണം. മനസ്സ് പറഞ്ഞു.

ഞാനും അനിയനും ചേർന്ന് ഒരു ഉത്തരവിറക്കി.

"ഇനി ആരും പേടിക്കണ്ട. ഞങ്ങൾ ഉറപ്പായിട്ടും സ്കൂളിൽ പോകും."

അതാ വരുന്നു അടുത്ത കുരിശ്! ഒരു സീറ്റിൽ ഒരു കുട്ടിയുമായി സ്കൂൾ ബസ് ഇറങ്ങില്ലത്രേ...

ഞങ്ങളുടെ സങ്കടം അച്ഛൻ മുമ്പാകെ അവതരിപ്പിച്ചു.

കൊറോണ ഞങ്ങളുടെ വീട്ടിലെ ഖജനാവ് കാലിയാക്കിയിരുന്നു.

എന്നിട്ടും അച്ഛൻ ഓട്ടോക്കാരനോടും വാൻകാരനോടും കാര്യങ്ങൾ തിരക്കി.

അവരും കൈമലർത്തി.

ഇത്തവണ ഞങ്ങൾക്ക് പിടിച്ചു നിൽക്കാനായില്ല.

ഞാനും കുട്ടനും കെട്ടിപ്പിടിച്ച് കരഞ്ഞു.

സഹായഹസ്തവുമായി അച്ഛമ്മ എത്തി.

"ഞാനൊക്കെ പഠിക്കുന്ന കാലത്ത് എട്ടു കിലോമീറ്റർ നടന്നാണ് സ്കൂളിൽ പോയിരുന്നത്. ഇതിപ്പോ മൂന്ന് കിലോമീറ്റർ അല്ലേ ഉള്ളൂ. സാരമില്ല അച്ഛമ്മ കൂട്ട് വരാം, നമുക്ക് നടന്നു പോവാം."

ബൂമറാങ് പോലെ അമ്മയുടെ മറുപടി എത്തി.

"ഈ കൊറോണ സമയത്ത് അമ്മയെ ഇതുവരെ ഞങ്ങൾ പുറത്തിറക്കിയിട്ടില്ല. ഇനി അമ്മയാണോ പോകുന്നത്.,,? അതൊന്നും ശരിയാവില്ല."

ആദ്യമായാണ് അച്ഛമ്മയോട് സ്നേഹത്തോടെ അമ്മ ഇങ്ങനെ പറയുന്നത്. എന്തൊരു സ്നേഹം! ഞങ്ങൾ ചിരിയടക്കി.

അച്ഛമ്മയുടെ മറുപടി വന്നു.

"എനിക്ക് കൊണ്ടുപോയി വിടാനും കൊണ്ടുവരാനുമുള്ള ആരോഗ്യമുണ്ട്. കുട്ടികളെ ഞാൻ കൊണ്ട് പൊയ്ക്കോളാം. ഞാൻ രണ്ട് ഡോസ് വാക്സിനും എടുത്തിട്ടുണ്ട്. രണ്ടു മാസ്ക് ഞങ്ങൾ ഇട്ടോളാം."

"അച്ഛമ്മ പൊളിച്ചു...!" കുട്ടൻ ഉറക്കെ പറഞ്ഞു

അച്ഛന്റെ തീരുമാനം പുറത്തുവന്നു.

"മൂന്നു ദിവസമേ വേണ്ടൂ.. അമ്മ കൊണ്ടുപോട്ടെ. തിരിച്ചുവരുമ്പോൾ ഞാൻ അവരെ കൊണ്ടു വന്നോളാം."

അച്ഛമ്മ സ്വകാര്യമായി ഞങ്ങളോട് പറഞ്ഞു.

"എന്റെ മക്കളേ... ഒന്നര കൊല്ലമായി എന്നെ ഇതിനുള്ളിൽ പൂട്ടിയിട്ടിട്ട്. എനിക്കും വേണ്ടേ പുറംലോകം. ഞാൻ കൊണ്ടു വിടാം."

കുട്ടൻ അച്ഛമ്മയുടെ ഒട്ടിയ കവിളിൽ ഉമ്മവെച്ച് വിളിച്ചുകൂവി... "അച്ഛമ്മക്കള്ളി...!"

എന്റെ ബോക്സിൽ നിന്നും എന്തെങ്കിലും കട്ടെടുത്തത് കണ്ടുപിടിച്ചാൽ കുട്ടൻ ചിരിക്കുന്ന അതേ കള്ളച്ചിരി അച്ഛമ്മയും ചിരിച്ചു.

പിന്നെ തിരക്കായി. സാനിറ്റൈസർ, മാസ്ക്, ഫ്ളാസ്ക് അങ്ങനെയങ്ങനെ....

അമ്മ മുറതെറ്റാതെ കോവിഡ് പ്രോട്ടോകോൾ പാട്ട് പാടിക്കൊണ്ടേയിരുന്നു.

നവംബർ ഒന്ന്.

സ്കൂൾ തുറന്നു.

സ്കൂളിലെത്തി. ക്ലാസിൽ കയറിയിരുന്നപ്പോൾ ചൊവ്വാഗ്രഹത്തിൽ പോയിട്ട് തിരിച്ച് ഭൂമിയിലേക്ക് എത്തിയ സന്തോഷമായിരുന്നു.

പഴയ ടീച്ചർമാരെയും ഗൂഗിൾ മീറ്റിൽ തീപ്പെട്ടിപ്പടംപോലെ കണ്ട പുതിയ ടീച്ചർമാരെയും എന്റെ ചങ്ങാതിമാരെയും ഒക്കെ ഞാൻ കൺകുളിർക്കെ കണ്ടു.

കേരളഗാനങ്ങൾ പാടിയും സാമൂഹ്യഅകലം പാലിച്ച് ചിരിച്ചും കളിച്ചും വർത്തമാനം പറഞ്ഞും ആദ്യ ദിവസം കടന്നു പോയി.

വീട്ടിലെത്തിയതും മൊബൈൽ ഫോൺ എടുത്ത്, സ്കൂളിൽ വരാൻ പറ്റാത്ത കൂട്ടുകാരോട് കാര്യങ്ങൾ തിരക്കി.

ഇവിടുത്തെ പോലെ തന്നെ അവിടെയും. സംഭവങ്ങൾ ഇങ്ങനെയൊക്കെ തന്നെ. യാത്രാസൗകര്യം പ്രധാന പ്രശ്നം.

അന്ധവിശ്വാസങ്ങൾ അടുത്ത പ്രശ്നം.

മൂന്ന് ദിവസം കഴിഞ്ഞു. അടുത്ത ബാച്ചിലെയും കുട്ടികൾ പോയി വന്നു.

എല്ലാവരും സന്തോഷവും സങ്കടവും ഫോണിലൂടെ പങ്കുവെച്ചു.

എല്ലാവർക്കും  ഒന്നിച്ച് ഒരേസമയത്ത് പഴയപോലെ സ്കൂളിൽ എത്തിച്ചേരുന്ന ദിവസം ഇനിയും ബാക്കി.

സങ്കടം പറഞ്ഞപ്പോൾ ടീച്ചർ പറഞ്ഞു.

ഒടുവിൽ ആ ദിവസവും വന്നു ചേരും!

ഇത്തവണ ടീച്ചറുടെ കയ്യിൽ ഒരു ഉമ്മ കൊടുത്തു. സാനിറ്റൈസർ കൊണ്ട് തുടച്ചും കൊടുത്തു. പോരേ....?!!

**സനുഷ. ഡി**
സെന്റ് സെബാസ്റ്റ്യൻസ് സീനിയർ ബേസിക് സ്കൂൾ
പാലക്കാട്

# ഫസ്റ്റ് ബെൽ



അന്ന് ഞാൻ ഏഴാം ക്ലാസ്സിലായിരുന്നു. എനിക്ക് 'ചങ്ക്" ഫ്രണ്ട്സ് ഒന്നുമില്ലായിരുന്നു. അങ്ങനെ ഒരു കൂട്ടുകാരൻ വേണമെന്നെനിക്കാഗ്രഹവുമില്ലായിരുന്നു. എങ്കിലും ക്ലാസ്സിലെ എല്ലാവരോടും നല്ല സൗഹൃദമുണ്ടായിരുന്നു. ഒരു ദിവസം വേറെ ഏതോ സ്കൂളിൽ നിന്ന് ടി. സി.വാങ്ങി പുതിയൊരു കുട്ടി ക്ലാസ്സിൽ വന്നുചേർന്നു. ആദ്യമൊക്കെ ആരോടും വലിയ മിണ്ടാട്ടമില്ലായിരുന്നെങ്കിലും പിന്നെപ്പിന്നെ അവൻ എല്ലാവരോടും നല്ല കൂട്ടായി. അവനും എന്റെ അതേ സ്വഭാവമായിരുന്നതു കൊണ്ട് ഞങ്ങൾ രണ്ടുപേരും കുറച്ചേറെ സൗഹൃദത്തിലായി. വൈകുന്നേരം ബസ്സ്സ്റ്റോപ്പിലേയ്ക്ക് പോകുമ്പോൾ കുറച്ചുദൂരം ഒരുമിച്ചാണ് നടത്തം. എന്നും എനിക്കായി ഒരു മിഠായി അവൻ കരുതിയിരിക്കും. മിഠായിമധുരം നുണഞ്ഞ് നടക്കുമ്പോൾ ആകാശത്തിനു കീഴിലുള്ള സകല കാര്യങ്ങളെപ്പറ്റിയും ഞങ്ങൾ സംസാരിക്കും. കഴിഞ്ഞദിവസം നടന്ന കളിയിൽ മെസ്സിയുടെ പ്രകടനത്തെക്കുറിച്ച് അവൻ വാചാലനാവും. അവനെ ചൊടിപ്പിക്കാൻ മെസ്സിയുടെ കാലം കഴിയാറായെന്നും റൊണാൾഡോയെക്കണ്ട് പഠിക്കണമെന്നും ഞാൻ പറയും. അത് കേൾക്കുമ്പോൾ അവന്റെ മുഖം ദേഷ്യത്താൽ ചുവക്കും. അത് കാണാൻ എനിക്ക് വളരെ ഇഷ്ടമായിരുന്നു. ഫുട്ബോളെന്ന് വച്ചാൽ അവന് ജീവനായിരുന്നു. അവന് മാത്രമല്ല ക്ലാസിലെല്ലാവർക്കും ഇഷ്ടപ്പെട്ട കളിയാണ് ഫുട്ബോൾ. ലയണൽ മെസ്സിയാണ് എല്ലാവർക്കും ഇഷ്ടപ്പെട്ട താരം. എല്ലാവരും മെസ്സി ഫാൻസ് അല്ലേ? ഒരു എതിർ ടീം ഇരിക്കട്ടെ എന്നു കരുതി ഞാൻ റൊണാൾഡോ ഫാനായി. ഞാൻ മനസ്സിലാക്കിയിടത്തോളം ഫുട്ബോളിനോടും മെസ്സിയോടും ഏറ്റവും വലിയ ആരാധനയാണ് എന്റെ കൂട്ടുകാരന്. പാവം അവനു നല്ലൊരു ഫുട്ബോളോ ഇപ്പറഞ്ഞ മെസ്സിയുടെ ഒരു ജഴ്സിയോ ഇല്ല. എനിയ്ക്കാണെങ്കിൽ മെസ്സിയുടെയും റൊണാൾഡോയുടെയും ജഴ്സികളുണ്ട്. അങ്ങനെ ഒരുദിവസം പലതും സംസാരിച്ചിരിക്കുന്നതിനിടയ്ക്ക് അവൻ പറഞ്ഞു,.

"ഈ കൊല്ലപ്പരീക്ഷയുടെ അവസാന ദിവസം ഞാൻ നിനക്കൊരു സമ്മാനം തരും." അവന് എന്റെ വകയും ഒരു സമ്മാനമുണ്ടെന്ന് ഞാനും പറഞ്ഞു. അവന്

മെസ്സിയുടെ ഒരു ജഴ്സി വാങ്ങി കൊടുക്കണമെന്ന് എന്റെ ഒരാഗ്രഹമായിരുന്നു. ആ സമ്മാനം അവന് ഒരുപാടിഷ്ടമാകുമെന്നെനിക്കുറപ്പായിരുന്നു. അങ്ങനെ കൊല്ലപ്പരീക്ഷയെത്താറായി. അവന് കൊടുക്കേണ്ട സമ്മാനം വാങ്ങിത്തരണമെന്ന് ഞാൻ അമ്മയോട് പറഞ്ഞു.

ഒരു ദിവസം സ്കൂൾ വിടുന്ന നേരത്ത് അമ്മ വരികയും എന്നെയും കൂട്ടി കടയിൽ പോയി കൂട്ടുകാരന് പറ്റിയ ഒരു മെസ്സി ജേഴ്സി വാങ്ങുകയും ചെയ്തു. സമ്മാനം പൊതിയുന്ന വർണക്കടലാസ്സിൽ അത് മനോഹരമായി പൊതിഞ്ഞ് അലമാരയിൽ വച്ചു. ഓരോ ദിവസവും ആ പൊതി വെറുതെ എടുത്തു നോക്കും. ആ സമ്മാനം കിട്ടുമ്പോൾ കൂട്ടുകാരന്റെ മനസ്സ് സന്തോഷം കൊണ്ട് നിറയുന്നത് മനസ്സിലോർക്കും. പരീക്ഷ ഒന്ന് വേഗംകഴിഞ്ഞെങ്കിൽ.... അവസാന പരീക്ഷയുടെ ദിവസം ഒന്ന് വേഗം എത്തിയെങ്കിൽ....ആ ദിവസമാണ് ഞങ്ങൾ സമ്മാനം കൈമാറാൻ തീരുമാനിച്ചിരുന്നത്. അവനുള്ള സമ്മാനപ്പൊതി കാണുമ്പോഴെല്ലാം മനസ്സ് അക്ഷമമായിക്കൊണ്ടിരുന്നു. പരീക്ഷ തുടങ്ങി. മൂന്നു പരീക്ഷകൾ കഴിഞ്ഞു. അടുത്തത് മാത്തമാറ്റിക്സിന്റെ പരീക്ഷയാണ്. അതിന് പഠിച്ചുകൊണ്ടിരുന്നപ്പോഴാണ് അവിശ്വസനീയമായ ഒരുവാർത്ത കേട്ടത്. കേരളത്തിലെ സ്കൂളുകളിൽ ഏഴാം ക്ലാസ്സുവരെയുള്ള പരീക്ഷകൾ വേണ്ടെന്നുവച്ചു. ചൈനയിൽ നിന്ന് പടർന്നുപിടിച്ച് ലോകത്തെ മുഴുവൻ ഭീതിയിലാഴ്ത്തിയ കൊറോണ വൈറസ് ഇവിടെയും പടർന്നു പിടിയ്ക്കുന്നു. പകുതി ചെയ്തു വെച്ച കണക്ക് മുഴുവനാക്കാതെ ഞാൻ സ്തംഭിച്ചിരുന്നു. പരീക്ഷയെഴുതേണ്ടല്ലോ എന്ന ആശ്വാസമായിരുന്നില്ല അപ്പോൾ മനസ്സിൽ തോന്നിയത്. എന്റെ പ്രിയപ്പെട്ട കൂട്ടുകാരനുവേണ്ടി വാങ്ങിയ സമ്മാനം ഇനി എങ്ങനെ കൊടുക്കും? എനിക്ക് സങ്കടം സഹിക്കാനായില്ല.

അമ്മ പറഞ്ഞു.' സാരമില്ല. സ്കൂൾ തുറക്കുമ്പോൾ ആദ്യത്തെ ദിവസം തന്നെ ആ സമ്മാനം അവന് കൊടുക്കാം'എന്ന്.

ഞാനും തൽക്കാലം അങ്ങനെ സമാശ്വസിച്ചു. പുറത്തിറങ്ങാനാവാത്ത ഒരു അവധിക്കാലം. നിശ്ചയിച്ചുറച്ച യാത്രകൾ ഒന്നുംനടന്നില്ല. ജൂൺ ഒന്നിന് എട്ടാംക്ലാസ്സിൽ ആവുന്നതും ആദ്യ ദിവസം 'മെസ്സി ജേഴ്സി' കൂട്ടുകാരന് കൊടുക്കുന്നതും സ്വപ്നം കണ്ട് ഞാനിരുന്നു.കോവിഡ് അതിവേഗം പടർന്നുപിടിച്ചു. ലോകമൊട്ടാകെ നിശ്ചലാവസ്ഥയിലായി. ആരാധനാലയങ്ങൾ വരെ അടച്ചിട്ടു. ജൂണിൽ സ്കൂൾ തുറന്നില്ല. വിക്ടേഴ്സ് ചാനലിൽ 'ഫസ്റ്റ് ബെൽ' എന്ന പേരിൽ പഠനത്തിന് പുതിയ

വഴിയൊരുങ്ങി. നമ്പറില്ലാത്തതിനാൽ എന്റെ പ്രിയസുഹൃത്തിനെ ഫോണിൽപോലും ബന്ധപ്പെടാനുമായില്ല. എട്ടാം ക്ലാസ്സുകാലം മുഴുവൻ ലോക്ഡൗണിൽ തളയ്ക്കപ്പെട്ടു. ലോക്ഡൗൺ ഒന്നയഞ്ഞപ്പോൾ ഞങ്ങൾ അമ്മയുടെ വീട്ടിലേക്ക് പോയി. ഭാരതപ്പുഴയുടെ തീരത്തുള്ള മനോഹരമായ ആ ഗ്രാമത്തിലായിരുന്നു ഞങ്ങളുടെ താമസം. വീടിനടുത്ത് വിശാലമായ പാടമാണ്. വൈകുന്നേരങ്ങളിൽ കൊയ്ത്തു കഴിഞ്ഞ പാടത്ത് ചേട്ടന്മാർ മെസ്സി ജഴ്സിയണിഞ്ഞ് പന്തു കളിക്കുന്നത് കാണുമ്പോൾ ഞാൻ കൂട്ടുകാരനെ ഓർക്കും, കൂടെ അവനെ കാത്തിരിക്കുന്ന ആ സമ്മാനപ്പെട്ടി യെയും. കാലം ഞാനറിയാതെ മുന്നോട്ടു പോയി. ഇതാ മറ്റൊരു ജൂൺ മാസം കൂടികഴിഞ്ഞിരിക്കുന്നു. ഇപ്പോൾ ഒൻപതാം ക്ലാസ്സിലെത്തി. പഠനം ഓൺലൈനിൽ ത്തന്നെ. വർഷം ഒന്ന് കഴിഞ്ഞിരിക്കുന്നു. പഴയ ഷർട്ടുകളൊക്കെ എനിക്ക് പാകമല്ലാതായിരിക്കുന്നു. അലമാര തുറക്കുമ്പോഴെല്ലാം വർണ്ണക്കടലാസ്സിൽ പൊതിഞ്ഞ ആ സമ്മാനം എന്നിൽ വല്ലാത്തൊരു വിങ്ങലുളവാക്കുന്നു. ആ ജേഴ്സി അവന് ഇനി പാകമാകുമോ? ഇനിയെന്നാണാവോ അവനെ കാണുക! സ്കൂളിലെ 'ഫസ്റ്റ് ബെൽ' എന്നാണാവോ കേൾക്കാൻ പറ്റുക!

**ശ്രീനന്ദൻ ജി. നമ്പൂതിരി**
എം.ജി.ജി.എച്ച്.എസ്.എസ് പാലാ
കോട്ടയം

# മാഞ്ഞുപോകുന്ന ജീവിതങ്ങൾ



പതിവിലും നേരത്തെ വിദ്യാലയത്തിലെത്താൻ തീരുമാനിച്ചെങ്കിലും ചൊട്ടയിലെ ശീലം ചുടല വരെ എന്ന് പറയാറില്ലേ അത് പോലെയാണ് എന്റെ കാര്യവും. ഒൻപത രക്ക് വിദ്യാലയത്തിൽ ചെല്ലേണ്ട ഞാൻ പത്തു മണിക്ക് പൂച്ച എലിയെ പിടിക്കാൻ ഓടിയത് പോലെ സ്കൂളിനെ പിടിക്കാൻ ഓടി.

അന്നും വൈകി സ്കൂളിലെത്തി. രമണി ടീച്ചർ ക്ലാസ്സ് എടുത്തുകൊണ്ടി രിക്കുകയായിരുന്നു.

"ഓ ഇന്നും വൈകി അല്ലേ?"

"സോറി ടീച്ചർ"

"ഇന്ന് തൽക്കാലം നീ ഈ പിരീഡ് പുറത്ത് നിൽക്ക്." ടീച്ചർ പറഞ്ഞു.

അടുത്ത പിരീഡ് സാമൂഹ്യശാസ്ത്രമായിരുന്നു. രാധാമണി ടീച്ചർ ക്ലാസ്സ് എടുക്കാൻ തുടങ്ങി. ഞാനും ആ ക്ലാസ്സിൽ പങ്കുചേർന്നു. വികസനവും സമൂഹവും എന്നതായിരുന്നു വിഷയം. വികസനം പലവഴി കടന്നുവന്നപ്പോൾ അതിലൂടെ വഴിമാറിപ്പോയ ജീവിതങ്ങളെക്കുറിച്ചും ടീച്ചർ വിശദീകരിച്ചു. ക്ലാസ്സിന്റെ അവസാനം "നിങ്ങളുടെ ചുറ്റുപാടും നിരവധി സാമൂഹ്യമാറ്റങ്ങൾ വന്നിട്ടുണ്ടാകും. അതിലൂടെ ജീവിതം മാറിപ്പോയ ചിലർ നിങ്ങൾക്ക് ചുറ്റിലും ഉണ്ടാകാം. നിങ്ങളുടെ അനുഭവത്തിൽ നിന്നും അവരെക്കുറിച്ച് ഒരു ലഘുകുറിപ്പ് തയ്യാറാക്കൂ. ഇതാണ് ഇന്നത്തെ ഹോംവർക്ക്." ആ പിരീഡ് കഴിഞ്ഞു. ടീച്ചർ പറഞ്ഞ ഹോംവർക്ക് എങ്ങനെ എഴുതണം എന്നതായിരുന്നു എന്റെ ചിന്ത. വീട്ടിലെത്തിയിട്ടും ആ ചിന്ത തന്നെ. ഒരു കുറിപ്പ് എഴുതാൻ മാത്രം എന്തനുഭവമാണ് എനിക്കുള്ളത് എന്നൊരു ദുഃഖം അലട്ടി ക്കൊണ്ടിരിന്നു.

"അപ്പു നീ നാളെ ഫുട്ബോൾ കളി കാണുന്നുണ്ടോ? അർജന്റീനയും ബ്രസീലും തമ്മിലാണ് കളി. പുലർച്ചെ എഴുന്നേൽക്കേണ്ടിവരും." ചേട്ടന്റെ വിളി എന്നെ ചിന്തയിൽ നിന്നുമുണർത്തി.

"ഞാനുമുണ്ട്"

ഞാൻ അർജന്റീനയുടെ ഫാൻ. ഏട്ടൻ ബ്രസീലിന്റെ കടുത്ത ആരാധകൻ. പരസ്പരം പഴിച്ചും ആഹ്ലാദിച്ചും ഞങ്ങൾ കളി കണ്ടു. അവസാനം ജയം അർജന്റീനയ്ക്ക്. നിരാശയുടെ പുതപ്പ് മൂടി ഏട്ടൻ വീണ്ടും ഉറക്കത്തിലേക്ക്. അപ്പോഴേക്കും നേരം വെളുത്തിരുന്നു. അർജന്റീനയുടെ ജയം കൂട്ടുകാരുമായി പങ്കുവയ്ക്കുന്നതിനെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങിയപ്പോഴാണ് രാധാമണി ടീച്ചർ എഴുതാൻ പറഞ്ഞ കുറിപ്പിനെക്കുറിച്ച് ഓർത്തത്. എന്തെഴുതണം എന്നാലോചിച്ച് വരാന്തയിൽ ഇരിക്കുകയായിരുന്നു.

"ഹലോ... അയില, മത്തി, ചെമ്മീൻ ഹലോ..." ശബ്ദം കേട്ടിടത്തേക്ക് നോക്കിയപ്പോൾ റോഡിന്റെ പടിഞ്ഞാറെ ചരുവിൽ നിന്ന് കയറ്റം കയറി വരുന്ന ഒരാളെ കണ്ടു. ഒരു കുഞ്ഞു മനുഷ്യൻ, തലയിൽ ഒരു തോർത്ത്കെട്ട്, കറുത്ത ശരീരം, പ്രായം വളച്ച കാലുകൾ, നടന്ന് തേഞ്ഞ ചെരിപ്പുകൾ, ഇരു കൈകളിലുമായി രണ്ട് ബക്കറ്റുകൾ. ബക്കറ്റിന്റെ ഭാരം കൊണ്ട് ഇടത്തേക്കും വലത്തേക്കും ചരിഞ്ഞാണ് നടപ്പ്. രാമേട്ടന്റെ വീടിന് മുന്നിലെത്തിയപ്പോൾ വീണ്ടും വിളിച്ചു. "ഹലോ... രാമേട്ടാ..." വീടിന്റെ മുറ്റത്തേക്കിറങ്ങി രാമേട്ടൻ പറഞ്ഞു "മമ്മദ് പുയ്യാപ്ലേ... ഇന്ന് വേണ്ട".

മനസ്സിൽ രാമേട്ടന്റെ വാക്കുകൾ ആവർത്തിച്ചുകൊണ്ട് വളഞ്ഞ കാലുകൾ പെറുക്കിപ്പെറുക്കി വച്ച് ചുമലുകൾ ഇരുവശത്തേക്കും ചരിച്ച് ചരിച്ച് അയാൾ മുന്നോട്ട് നടന്നു. അടുത്ത വീടിന് മുന്നിലെത്തിയപ്പോൾ വീട്ടുകാരുടെ മറുപടി ഇല്ലാത്തത് കൊണ്ട് ആത്മഗതമായി പറഞ്ഞ വാക്കുകൾക്ക് ശബ്ദം കൂടി. "മമ്മദ് പുയ്യാപ്ലേ... ഇന്ന് വേണ്ട".

"നീ എന്താണ് ആലോചിക്കുന്നത് അപ്പൂ" പെട്ടെന്നാണ് അച്ഛന്റെ ശബ്ദം

"അച്ഛാ അയാൾ എന്തിനാ ഇങ്ങനെ പറയുന്നത്?"

"അതോ, അദ്ദേഹത്തിന്റെ പേര് മമ്മദ് എന്നാണ്. പണ്ടു മുതലേ ഈ ഭാഗങ്ങളിൽ മത്സ്യം വിറ്റിരുന്നത് അദ്ദേഹമാണ്. രാവിലെയായാൽ 'ഹലോ' വിളി കേൾക്കുമ്പോൾ 'ഹലോ മാപ്ല' വരുന്നുണ്ട് എന്ന് പറഞ്ഞ് മത്സ്യം വാങ്ങാൻ അദ്ദേഹത്തിന്റെ അടുത്ത് എത്തുമായിരുന്നു എല്ലാവരും. കാലം മാറിയപ്പോൾ കച്ചവടതന്ത്രത്തിന്റെ പുതിയ പതിപ്പുകളുമായി ഗുഡ്സ് ഓട്ടോറിക്ഷകളും മറ്റും മത്സ്യവിൽപ്പന രംഗത്തേക്ക്

കടന്നുവന്നു. ഗുഡ്സ് ഓട്ടോറിക്ഷകളിലെ പ്ലാസ്റ്റിക് പെട്ടികളിൽ നിറച്ചുവച്ച ഐസ്കട്ടകൾക്കിടയിൽ നിന്ന് ചത്ത കണ്ണുകൾ കൊണ്ട് തുറിച്ചു നോക്കുന്ന മീനുകളിലേക്ക് ആളുകൾ ആകർഷിക്കപ്പെട്ടു. പതുക്കെപ്പതുക്കെ മമ്മദ് മാപ്പ്ലയിൽ നിന്ന് മത്സ്യം വാങ്ങുന്നവരുടെ എണ്ണം കുറഞ്ഞു വന്നു. ഹലോ മാപ്പ്ലയുടെ ഹലോ വിളി ആരും കേൾക്കാതെയായി. ആരുടെയും മറുപടി കേൾക്കാതായപ്പോൾ 'ഇന്ന് വേണ്ട' എന്നാണ് മൗനത്തിന്റെ അർഥമെന്ന് അദ്ദേഹത്തിന് മനസ്സിലായി. മൗനം കൊണ്ട് അവർ പറഞ്ഞ വാക്കുകൾ 'മമ്മദ് പുയ്യാപ്ലേ... ഇന്ന് വേണ്ട'' എന്നത് അദ്ദേഹത്തിന്റെ വായ്ത്താരിയായിത്തീർന്നു."

നാട് മാറിയപ്പോൾ ജീവിതം മാറിപ്പോയ ഒരു മനുഷ്യന്റെ കഥ എന്റെ മനസ്സിനെ വല്ലാതെ വേദനിപ്പിച്ചു. ഇതുപോലെ എത്ര 'ഹലോ മാപ്ലമാർ' നമുക്ക് ചുറ്റും ഉണ്ടാകും? ഇവരെക്കുറിച്ച് തന്നെയല്ലേ രാധാമണി ടീച്ചർ എഴുതാൻ പറഞ്ഞത്?

ഞാൻ എന്റെ സാമൂഹ്യശാസ്ത്ര പ്രവർത്തനത്തിലെ ലഘുകുറിപ്പ് എഴുതാൻ തുടങ്ങി.

"മമ്മദ് പുയ്യാപ്ലേ... ഇന്ന് വേണ്ട".

**അചൽദാസ് സി**
ജി.എച്ച്.എസ്സ്.എസ്സ്. അരോളി
കണ്ണൂർ

# ഉണ്ണിക്കുട്ടൻ സ്കൂളിലേക്ക്



സ്കൂളിൽ ഉണ്ണിക്കുട്ടന്റെ ആദ്യ ദിവസമാണ്. പക്ഷേ അവൻ മൂന്നാം ക്ളാസിലാണ്. രണ്ട് വർഷത്തെ ഓൺലൈൻ പഠനത്തിനുശേഷം ഉണ്ണിക്കുട്ടൻ സ്കൂളിലേക്ക് പോകുകയാണ്. രാവിലെ മുതൽ അവൻ ഉത്സാഹത്തിലാണ്. പുതിയ ബാഗും കുടയും പുസ്തകങ്ങളുമെല്ലാം തയ്യാറാണ്. യൂണിഫോമിന് ചേരുന്ന മാസ്കും അമ്മ തയ്പിച്ചു വച്ചിട്ടുണ്ട്. സ്ക്രീനിൽ മാത്രം കണ്ടിട്ടുള്ള ടീച്ചർമാരെയും, ആദിത്യനേയും, ശിവാനിയേയും ഒക്കെ നേരിട്ട് കാണാമെന്നോർത്ത് ചിരിച്ചുകൊണ്ടാണ് ഉണ്ണിക്കുട്ടൻ പല്ലുതേച്ചതും കുളിച്ചതുമെല്ലാം. ആഹാരം കഴിക്കാനിരുന്നപ്പോൾ അമ്മയും അച്ഛനും പ്രത്യേകം പറഞ്ഞു സ്കൂളിൽ ചെന്നാൽ ആരുടെയും കയ്യിൽ നിന്ന് ഒന്നും വാങ്ങിക്കഴിക്കരുതെന്ന്. പക്ഷേ ഉണ്ണിക്കുട്ടൻ രഹസ്യമായി രണ്ടു ചോക്ളേറ്റ് ആദിത്യനു വാങ്ങി വച്ചിട്ടുണ്ടായിരുന്നു. നേരിട്ട് കാണുമ്പോൾ ഒരുമിച്ചിരുന്ന് കഴിക്കാൻ. ആരെയും തൊടരുതെന്നും മാസ്ക് മാറ്ററുതെന്നും അമ്മ പറഞ്ഞു. മാസ്ക് മാറ്റാതിരുന്നാലെങ്ങനാ എല്ലാവരുടെയും മുഖം കാണുന്നതെന്നോർത്ത് ഉണ്ണിക്കുട്ടന് സങ്കടം വന്നു. എന്നാലും സ്കൂളിൽ പോകാലോ. ഉണ്ണിക്കുട്ടൻ പെട്ടെന്ന് റെഡിയായി.

പണ്ടൊക്കെ സ്കൂൾ തുറക്കുമ്പോൾ മഴയായിരുന്നെന്ന് അച്ഛൻ പറഞ്ഞതു കേട്ട് വെളിയിലിറങ്ങി മാനത്തേക്ക് നോക്കി. വെയിലു കൊള്ളരുതെന്ന് പറഞ്ഞ് അമ്മ അകത്തേക്ക് വിളിച്ചു. അമ്മയ്ക്ക് ടാറ്റാ പറഞ്ഞ് ആകാംക്ഷയോടെ അച്ഛന്റെ കാറിൽ കയറി സ്കൂളിലെത്തി. കാറിൽ സ്കൂൾ മുറ്റത്ത് ഇറങ്ങിയപ്പോഴേക്കും ഉണ്ണിക്കുട്ടന്റെ കുഞ്ഞുഹൃദയം പടപടാ ഇടിച്ചു. എന്തോരം ആളുകളാ !! ..... അവൻ അച്ഛന്റെ കയ്യിൽ മുറുകെ പിടിച്ചു. ഇത്രയും ആളുകളെ അവനിതുവരെ ഒരുമിച്ച് കണ്ടിട്ടില്ല. ഇതിനിടയിൽ ആദിത്യനെ എങ്ങനെ കണ്ടുപിടിക്കും?

സ്പൈഡർമാന്റെ പടമുള്ള മാസ്ക് വച്ച് വരാമെന്ന് ആദിത്യൻ പറഞ്ഞിട്ടുണ്ട്. അവന്റെ കുഞ്ഞിക്കണ്ണുകൾ എല്ലാ മാസ്കിലും സ്പൈഡർമാനെ തിരയാൻ തുടങ്ങി. ക്ളാസിലെത്തിയപ്പോഴേക്കും പേടി കൊണ്ടും പരിഭ്രമം കൊണ്ടും കണ്ണു നിറഞ്ഞു തുടങ്ങിയിരുന്നു. നിരത്തിയിട്ട കുറെ കുഞ്ഞു കസേരകളും അതിനോട് ചേർന്ന കുഞ്ഞു മേശകളുമുള്ള ക്ളാസിലേക്ക് അച്ഛൻ അവനെ കൊണ്ടുചെന്നു.

ടീച്ചർ ചിരിച്ചുകൊണ്ട് നടന്നു വന്നെങ്കിലും കുറച്ചകലെ മാറി നിന്ന് മാത്രമേ സംസാരിച്ചുള്ളൂ. ടീച്ചർ ഉണ്ണിക്കുട്ടന് ഒരു കസേര കാണിച്ചുകൊടുത്തു. പേടിയോടെ അവിടെ ചെന്നിരുന്നു. ഒന്നിടവിട്ട കസേരകളിലായാണ് കുട്ടികളെ ഇരുത്തിയിരുന്നത്. ആദിത്യനെവിടെ ആയിരിക്കും അവൻ ഓരോരുത്തരേയും നോക്കാൻ തുടങ്ങി. പുറകിലുള്ള കസേരയിൽ സ്പൈഡർമാന്റെ മുഖമുള്ള മാസ്കിട്ട ഒരു മുഖം തന്നെ നോക്കുന്നത് കണ്ടപ്പോൾ ഉണ്ണിക്കുട്ടന് ചിരി വന്നു. ബാഗ് പയ്യെ തുറന്ന് ആരും കാണാതെ ആദിത്യന് ചോക്ളേറ്റ് കാണിച്ചു കൊടുത്തു. ആദിത്യൻ കണ്ണിറുക്കി. മാസ്കിനകത്ത് അവനും ചിരിക്കുകയായിരിക്കുമെന്ന് ഉണ്ണിക്കുട്ടൻ വിശ്വസിച്ചു.

**ഫെബിൻ രാജ് വി**
സെന്റ് ഫ്രാൻസിസ് യു.പി.എസ്. ഈഴക്കോട്
തിരുവനന്തപുരം

# സൈസ്കോ കഥകൾ



ഒരു മൈതാനമുണ്ടായിരുന്നു. ആ മൈതാനത്തിന്റെ പേര് സൈസ്കോ എന്നായിരുന്നു. ആ മൈതാനം ആറു ചങ്ങാതിമാരുടെ രഹസ്യമായിരുന്നു. മഴക്കുളിരും വെയിൽത്തിളക്കവും വസന്തത്തിന്റെ പരിമളവും ചേർന്ന അവരുടെ രഹസ്യം. ആ ആറു കൊച്ചു പെൺകുട്ടികളുടെ പേരുകൾ, മുഫാസ എന്നും ഷിഫ എന്നും മുബഷിറ എന്നും ആയിഷ എന്നും മസ്ന എന്നും സിനാഷ എന്നുമായിരുന്നു.

കോവിഡില്ലാ സ്കൂൾകാലത്താണ് ഈ കഥ നടക്കുന്നത്. ഞങ്ങൾ ഏഴാം ക്ലാസ്സിലായിരുന്ന സമയം.

ഞങ്ങളുടെ സ്കൂൾ പരിസരം അതിവിശാലമായ ഒരു ലോകം തന്നെയായിരുന്നല്ലോ. ഞങ്ങളെ വീണ്ടും വീണ്ടും ആലിസുമാരാക്കിയ ഒരു അത്ഭുതലോകം. അതിന്റെ അതിർത്തിപ്രദേശങ്ങളിൽ മിക്കതും ചെറുവനങ്ങളാൽ സമ്പന്നമായിരുന്നു.

ആ കാടുകളൊക്കെയും ഞങ്ങൾക്കു പ്രിയപ്പെട്ടതായിരുന്നു. കൂട്ടത്തിൽ, ഞങ്ങൾക്ക് ഏറ്റവും ഇഷ്ടവും അടുപ്പവുമുള്ള ഒരു കാടുണ്ടായിരുന്നു. പന്നിക്കാട് എന്നാണ് അത് പരക്കെ അറിയപ്പെട്ടിരുന്നത്. കാരണം, അവിടെ കാട്ടുപന്നികൾ വസിച്ചിരുന്നു. പലതരം പക്ഷികളും പാമ്പുകളും മരപ്പട്ടിയും ഷഡ്പദങ്ങളും ഒക്കെ ഉണ്ടായിരുന്നെങ്കിലും, കാട്ടുപന്നി എന്ന അപൂർവവും ഭീകരനുമായ അന്തേവാസിയായിരുന്നു, കാലങ്ങളായി, ആ കാടിന്റെ പ്രതീകം. അതിനാൽ തന്നെ ആരും അങ്ങോട്ട് പോയിരുന്നില്ല. അല്ലെങ്കിലും, പോകാൻ പാടുള്ളതുമല്ല. കാരണം സ്കൂൾ പറമ്പിന്റെ അതിർത്തിയും കടന്നായിരുന്നല്ലോ ആ കാട് നീണ്ടു കിടന്നത്.

കൃത്യം അതിർത്തി വരെ പോയി, അപ്പുറത്തേക്കു നീളുന്ന ഒറ്റയടിപ്പാതയെ കൗതുകപൂർവം ഉറ്റുനോക്കിയിട്ട് തിരിച്ചു പോരുമായിരുന്നു, ഞങ്ങൾ, ചെറിയ ക്ലാസ്സുകളിൽ പഠിക്കുമ്പോൾ. അപ്പുറത്ത്, പന്നിക്കാട്, ഒരു മാന്ത്രിക വനമാണെന്നു ഞങ്ങൾ സങ്കൽപിക്കുമായിരുന്നു. കൂട്ടത്തിൽ, സാഹസികത ഒരു സ്വഭാവ സവിശേഷതയായ കുട്ടി ഞാനായിരുന്നു. അതിനാൽ, ആദ്യമായി, കിട്ടിയ അവസരത്തിൽ ആ കാട്ടിലേക്ക് ഓടിപ്പോയത് ഞാനാണ്. അത് ശരിക്കും മാന്ത്രികമായിരുന്നു. പോകെപ്പോകെ, കാടുകളൊക്കെയും എന്റെയും കൂട്ടുകാരുടെയും വലിയ ഹരമായി മാറി.

പന്നിക്കാട്ടിൽ സദാ അലഞ്ഞുതിരിഞ്ഞ ഞങ്ങൾ, സ്വാഭാവികമായും പല രഹസ്യങ്ങളും കണ്ടെത്തി. ഓരോ രഹസ്യവും വ്യത്യസ്തമായിരുന്നു. ഒരെണ്ണം എനിക്കും മുഫാസയ്ക്കും മാത്രം അറിയാവുന്നതാണെങ്കിൽ, മറ്റൊരെണ്ണം എന്റെയും വിഷ്ണുവിന്റെയും മാത്രമായിരിക്കും. കൂട്ടത്തിലൊരെണ്ണം എന്റെയും മുഫാസയുടെയും ഷിഫയുടെയും മുബഷീറയുടെയും ആയിഷയുടെയു മായിരുന്നു. പന്നിക്കാടിന്റെ ഉള്ളിലുള്ള ഒരു സവിശേഷ സ്ഥലമായിരുന്നു അത്.

വൃത്താകൃതിയിലുള്ള ഒരു തുറസ്സായിരുന്നു അത്. കാടിന്റെ നടുവിൽ, വൃക്ഷങ്ങളാൽ ചുറ്റപ്പെട്ട ഒരു പുൽത്തകിടി. ഞങ്ങൾ അവിടെ ചെന്ന്, വൃക്ഷത്തലപ്പുകൾക്കപ്പുറത്ത് കാണുന്ന ആകാശത്തെ ഉറ്റുനോക്കിക്കൊണ്ട് ഒത്തിരിനേരം മലർന്നുകിടക്കുമായിരുന്നു. പൊതുവേ ബഹളക്കാരായിരുന്ന ഞങ്ങൾ, തികച്ചും ശാന്തരായിരുന്ന അത്യപൂർവസന്ദർഭങ്ങളായിരുന്നു അവ. അന്നേരം ഞങ്ങൾ, കാടിന്റെ പരിശുദ്ധമായ ശാന്തതയുടെ ഒരു ഭാഗമായിരുന്നു. ഞങ്ങൾ അത് ആസ്വദിക്കുകയും ചെയ്യുമായിരുന്നു. കാടിലലിഞ്ഞ്, വനമാലാഖമാരും രാജകുമാരിമാരുമായിത്തീരുന്ന ഞങ്ങൾ, അവിടെ വെച്ച് എല്ലാ കാര്യങ്ങളും തുറന്നു സംസാരിക്കുകയും ആത്മാർത്ഥമായി ചിരിക്കുകയും കരയുകയും ആശ്വസിപ്പിക്കുകയും ചെയ്തിരുന്നു. അവിടെയിരിക്കുമ്പോഴൊക്കെ, ഒരു വിചിത്രമായ അനുഭവം ഞങ്ങൾക്കുണ്ടായി. ഒരു മോട്ടോർ സൈക്കിൾ, ഒരു ബുള്ളറ്റ്, വളരെ വളരെ അകലത്തൂടെ കടന്നുപോകുന്ന പോലൊരു ശബ്ദം ഞങ്ങൾ ഇടയ്ക്കിടെ കേട്ടു. അത് അവിശ്വസനീയമായിരുന്നു. ഒരുപക്ഷേ, അത്തരത്തിലുള്ള ശബ്ദം പുറപ്പെടുവിക്കുന്ന വല്ല ചെറുജീവിയുമായിരുന്നിരിക്കാം അത്. ഏതായാലും, ഞങ്ങൾ ആ അദൃശ്യ കഥാപാത്രത്തിനോട് സംസാരിക്കുകയും അതിനെ സ്നേഹിക്കുകയും ചെയ്തു. ഞങ്ങൾ ആ കഥാപാത്രത്തെയും ആ സ്ഥലത്തെയും ബുള്ളറ്റ് എന്നു വിളിച്ചു. അത് ഞങ്ങളുടെ മാന്ത്രിക രഹസ്യമായിരുന്നു.

അങ്ങനെ ഒരു ദിവസം, സ്കൂളിൽ നിന്നും മെല്ലെ വലിഞ്ഞ്, പതിവുപോലെ ബുള്ളറ്റ് സന്ദർശിക്കാൻ എത്തിയ ഞങ്ങൾ, പതിവിലും വ്യത്യസ്തമായ ഒരു വഴി തെരെഞ്ഞെടുത്തു. അങ്ങനെ, കാടിന്റെ താഴത്തൂടെ നീങ്ങിയ ഞങ്ങൾ, ഒരു ചെങ്കുത്തായ ഇറക്കത്തിന്റെ മുന്നിലെത്തി. അതിറങ്ങിച്ചെന്നപ്പോഴോ, അതിമനോഹരമായ ഒരു ചെറു മൈതാനത്തിലായി ഞങ്ങൾ. ഇളം മഴ കഴിഞ്ഞെത്തിയ സൂര്യന്റെ ലോലകിരണങ്ങളേറ്റ് വെട്ടിത്തിളങ്ങുന്ന, ആ തെളിഞ്ഞ പച്ചപ്പുൽമൈതാനത്തിന്റെ ആദ്യദൃശ്യം ഇപ്പോഴും എന്റെയുള്ളിലുണ്ട്. കാടുവഴി ഇറങ്ങിവന്ന ഞങ്ങൾ ഏറെക്കുറെ അയൽ ഗ്രാമത്തിലെത്തിയിരുന്നു. അവിടത്തെ മൈതാനമായിരുന്നു അത്. അവിടത്തെ കുട്ടികളുടെ മൈതാനം. സ്കൂൾ സമയമായിരുന്നതിനാൽ അവിടെ ആരുമില്ലാത്ത

താണ്. പക്ഷേ, കാട്ടിനുള്ളിൽ നിന്നും പെട്ടെന്നൊരു സായാഹ്നത്തിൽ ഇറങ്ങി വന്ന ഞങ്ങൾക്ക്, അത് സ്വർഗത്തിൽ നിന്നും പൊട്ടിവീണ ഒരു തുണ്ടായി തോന്നി. ഞങ്ങളുടെ മാത്രം കുഞ്ഞുമൈതാനം!

ആരവങ്ങളോടെ ഞങ്ങൾ അവിടെ ഓടിക്കളിച്ചു. ആ അത്ഭുതമൈതാനത്തിന് ഞങ്ങൾ 'സൈസ്കോ' എന്നു പേരു നൽകി. കാസ്രോട് ഭാഷയിലെ ഒരു പദമാണ് സൈസ്കോ. കിറുക്ക് എന്നാണ് ഇതിനർത്ഥം. ഇംഗ്ലീഷിലെ സൈസ്ക്കോയിൽ നിന്നുമാവാം ഈ വാക്കുവന്നത്. പച്ചപ്പുൽമൈതാനത്തിൽ ഒരു ഇടിഞ്ഞു പൊളിഞ്ഞ 'ഗോൾ പോസ്റ്റും' ഒരു കൽബെഞ്ചും ഉണ്ടായിരുന്നു. മൈതാനത്ത് ഞങ്ങളെ നോക്കി നിന്ന ഒരു ഓറഞ്ച് പശുവും കറുമ്പൻ പൂച്ചയുമുണ്ടായിരുന്നു. ഇവരെയെല്ലാം ഞങ്ങൾ തുറന്ന ഹൃദയങ്ങളോടെ, പുതിയ സുഹൃത്തുക്കളായി സ്വീകരിച്ചു. 'ഗോൾ പോസ്റ്റിന്' ഞങ്ങൾ റിയ എന്നു പേരിട്ടു. മൂത്ത സഹോദരിയെ 'ഇത്ത' എന്നാണ് വിളിക്കാറ്. ഇത് ചേർത്ത് ഞങ്ങൾ, റിയയെ 'റിയത്ത' എന്നു വിളിച്ചു. റിയയുടെ അനുജനായിട്ടാണ് ഞങ്ങൾ പശുവിനെ സങ്കൽപിച്ചത്. ഞങ്ങളുടെ സവിശേഷ വാത്സല്യങ്ങൾക്കു പാത്രമായ ആ പശുവിനായി ഒരു സുന്ദരമായ പേര്, ഞങ്ങൾ ഒരുമിച്ച് കൂടിയാലോചിച്ച് കണ്ടെത്തി. അങ്ങനെ, ഞങ്ങൾ ആ പശുവിന് മുഹമ്മദ് റിഫാൻ എന്നു പേരിട്ടു. റിയയുടെയും റിഫാന്റെയും കുഞ്ഞനിയനായിരുന്നു പൂച്ച. അവനെ ഞങ്ങൾ റിനാസ് എന്നു വിളിച്ചു. മൈതാനത്തിന്റെ കോണിൽ പതുങ്ങിയിരുന്നിരുന്ന കൽബെഞ്ചിനെയും ഞങ്ങൾ വെറുതെ വിട്ടില്ല. ആ ബെഞ്ചിന് ഞങ്ങൾ അങ്കബള എന്നു പേരു നൽകി. സൈസ്കോ മൈതാനത്ത് ആദ്യമായി വന്നപ്പോൾ തന്നെ എത്ര പുതിയ ചങ്ങാതിമാരാണ്! റിയ, റിഫാൻ, റിനാസ്, അങ്കബള...

ഞങ്ങൾ അവിടെ ഇഷ്ടം പോലെ കളിച്ചുനടന്നു. ശേഷം, അത്ഭുതകരവും പരമരഹസ്യവുമായ ആ പുത്തൻ കണ്ടുപിടുത്തത്തിന്റെ തുടുപ്പ് മായാത്ത മുഖങ്ങളുമായി, ഞങ്ങൾ സ്കൂളിലേക്ക് മടങ്ങിപ്പോയി.

പിന്നീട്, ഇടയ്ക്കിടെ ഞങ്ങൾ സൈസ്കോ മൈതാനം സന്ദർശിക്കാനെത്തി. ഓരത്തുണ്ടായിരുന്ന പേരമരത്തിൽ നിന്നും ധാരാളം പേരയ്ക്കകളും കഴിച്ചു. ഒരിക്കൽ ഞങ്ങൾ അവിടെ ചെല്ലുമ്പോൾ, മെലിഞ്ഞുണങ്ങിയ ഒരു മധ്യവയസ്ക അവിടെ നിൽക്കുന്നുണ്ടായിരുന്നു. അവർ ഞങ്ങളെ കണ്ട് അമ്പരന്നു. ഞങ്ങൾ ഉത്സാഹപൂർവം അവരുടെ അടുത്തേക്കു ചെന്ന് സ്വയം പരിചയപ്പെടുത്തി. അവരുടെ പേര് പത്മിനി എന്നായിരുന്നു. ഞങ്ങളുടെ സ്കൂളിൽ പണ്ട് പഠിച്ച സച്ചിന്റെ അമ്മയാണ് താനെന്നും അവർ പറഞ്ഞു. അത് ഞങ്ങളെ വിസ്മയിപ്പിച്ചു. ഞങ്ങളുടെ സ്കൂളിൽ കന്നഡ മീഡിയത്തിൽ പഠിച്ചിരുന്ന ഒരു കുട്ടിയായിരുന്നു സച്ചിൻ. ഞങ്ങൾ ചെറിയ ക്ലാസ്സുകളിലായിരുന്ന പ്പോൾ, അവൻ ഞങ്ങളുടെ സ്കൂളിൽ, മുതിർന്ന ക്ലാസ്സുകളിൽ

ഉണ്ടായിരുന്നു. ഞങ്ങൾ വലുതായപ്പോഴേക്കും അവൻ യു പി വിദ്യാഭ്യാസം പൂർത്തിയാക്കി, വേറെ സ്കൂളിലേക്ക് പോയിരുന്നു. ഞങ്ങൾക്ക് അവനെയോ അവന് ഞങ്ങളെയോ തീരെ ഇഷ്ടമായിരുന്നില്ല. ഞങ്ങളെ ഒരു സംഘം പീക്കിരിക്കുട്ടികളായി കണ്ട അവൻ ഒരു വല്ലാത്ത ചട്ടമ്പിയായിരുന്നു. ഇതൊക്കെ ഓർത്താണ് ഞങ്ങൾ ഒരു നിമിഷം ഞെട്ടിയത്. പക്ഷേ, അവന്റെ അമ്മയുമായി ഞങ്ങൾ വളരെ വേഗം സൗഹൃദത്തിലായി. സൗമ്യമായി സംസാരിച്ചിരുന്ന ഒരു പാവം സ്ത്രീയായിരുന്നു അവർ. ഞങ്ങൾ അവരെ പത്മാന്റി എന്നു വിളിച്ചു.

മൈതാനത്തിന്റെ തൊട്ടുതാഴെയാണ് തന്റെ വീടെന്ന് പത്മാന്റി പറഞ്ഞു. ഞങ്ങൾ അവരെ അങ്ങോട്ടേക്ക് അനുഗമിച്ചു. അവിടെ ഒരു കുഞ്ഞുഗ്രാമം തന്നെയുണ്ടെന്ന് ഞങ്ങൾ കണ്ടു. പത്മാന്റിയുടെ വിടിനു തൊട്ടടുത്തുള്ള പശുത്തൊഴുത്തിൽ നിന്നും ഞങ്ങളുടെ പ്രിയപ്പെട്ട റിഫാൻ, ഞങ്ങളെ നോക്കിച്ചിരിച്ചു.

അപ്പോഴാണ് ഞങ്ങൾ ചില ങ്യാവൂ വിളികൾ കേട്ടത്. നോക്കുമ്പോൾ, മൂന്ന് കൊച്ചു പൂച്ചക്കുഞ്ഞുങ്ങൾ! ഇതിൽപ്പരമിനിയെന്തുവേണം? ഞങ്ങൾ ആ പൂച്ചക്കുഞ്ഞുങ്ങളെ വാരിയെടുത്ത് ഓമനിക്കാനാരംഭിച്ചു. തവിട്ടും വെളുപ്പും കലർന്ന പൂച്ചക്കുഞ്ഞിനെ ഞാനും കറുത്ത പൂച്ചക്കുഞ്ഞിനെ മുഫാസയും തവിട്ടു പൂച്ചക്കുഞ്ഞിനെ ഷിഫയും എടുത്തു. ബാക്കിയുള്ളവരും അവയെ ഓമനിച്ചു. ഞങ്ങളുടെ ഈ സ്നേഹം കണ്ടപ്പോൾ, പൂച്ചക്കുഞ്ഞുങ്ങളെ കൊണ്ടുപോകുന്നോ എന്ന് പത്മാന്റി ചോദിച്ചു. ഞങ്ങളുടെ ആഗ്രഹവും അതുതന്നെയായിരുന്നു. പക്ഷേ, അത് അസാധ്യമായിരുന്നു. പൂച്ചക്കുട്ടികളെയും കൊണ്ട് സ്കൂളിലേക്ക് പോയാൽ ആകെ പ്രശ്നമാകും. ഞങ്ങളുടെ വീടുകളിൽ അവയെ സ്വീകരിക്കുകയുമില്ല. ഞങ്ങൾ വിഷമത്തിലായി. പത്മാന്റി തന്നെ പരിഹാരവുമായെത്തി. പൂച്ചക്കുട്ടികൾ ഞങ്ങളുടെ സ്വന്തം തന്നെയാണെന്നും ഞങ്ങൾക്ക് ഇഷ്ടമുള്ളപ്പോഴൊക്കെ വന്ന് അവയെ കാണുകയും പരിചരിക്കുകയും ചെയ്യാവുന്നതാണെന്നും ഞങ്ങളുടെ പൂച്ചക്കുട്ടികളുടെ താമസം പത്മാന്റിയുടെ വീട്ടിലാണെന്നു മാത്രമേയുള്ളൂ എന്നും അവർ പറഞ്ഞു. ഞങ്ങളുടെ മുഖങ്ങളിൽ പൂത്തിരി കത്തി. അങ്ങനെ ആ പൂച്ചക്കുഞ്ഞുങ്ങൾ ഞങ്ങളുടെതായിത്തീർന്നു.

എന്റെ പൂച്ചക്കുട്ടിക്ക് ഞാൻ ജൊവാന എന്നു പേരിട്ടു. ഞങ്ങൾ അവളെ ജൊ എന്നു വിളിച്ചു. തന്റെ പൂച്ചക്കുട്ടിക്ക് മുഫാസ നൽകിയ പേര് ജാസ്മിൻ എന്നായിരുന്നു. അവളെ ഞങ്ങൾ ജാസ് എന്നു വിളിച്ചു. ഷിഫ, തന്റെ പൂച്ചക്കുട്ടിക്ക് ജൊറിൻഡൽ എന്നു പേരുനൽകി. അവനെ ഞങ്ങൾ ജൊറി എന്നാണ് വിളിച്ചിരുന്നത്. ജോയും ജാസും ജൊറിയും ഞങ്ങളുടെ ഓമനകളായി മാറി.

ഓരോ ഒഴിവു നേരത്തും ഞങ്ങൾ സൈസ്കോ മൈതാനത്ത് പറന്നെത്തി. പത്മാന്റിയുടെ വീട്ടിൽ ചെന്ന് പൂച്ചക്കുട്ടികളെയുമെടുത്ത് ഞങ്ങൾ മൈതാനത്തെത്തും.

ഒത്തിരി നേരം ഞങ്ങൾ ആ ചെറുമൈതാനത്ത് പൂച്ചക്കുട്ടികളുടെ ഒപ്പം കളിച്ചിരുന്നു. പിന്നെ പത്മാന്റിയുടെ വീട്ടിൽ പോയി ഞങ്ങൾ പൂച്ചക്കുട്ടികളെ മടിയിൽ കിടത്തിയുറക്കി.

സൈസ്കോ മൈതാനം ഞങ്ങളുടെ ആഘോഷമായിരുന്നു. മഴയത്ത് അവിടം നനഞ്ഞു മിന്നി. വെയിലത്ത് വെട്ടിത്തിളങ്ങി. അവിടെ ഞങ്ങൾ തുള്ളിച്ചാടി നടന്നു.

ദിവസങ്ങളും മാസങ്ങളും കടന്നു പോയി. ഒരു സായാഹ്നത്തിൽ ഞങ്ങൾ സ്കൂളിൽ നിന്നും മുങ്ങി സൈസ്കോയിൽ പൊങ്ങി. ഏതാണ്ട് ഒരാഴ്ച കൂടിയുള്ള സന്ദർശനമാണ്. ഞങ്ങൾ ആദ്യം പേരമരത്തിൽ നിന്ന് ഒന്നുരണ്ടു കനികൾ പറിച്ചു തിന്നു. പിന്നെ മൈതാനത്തു കളിച്ചു. ശേഷം, പത്മാന്റിയുടെ വീട്ടിലേക്കോടി.

'എവിടെ ഞങ്ങളുടെ പൂച്ചക്കുട്ടികൾ?' ഞങ്ങൾ ഉത്സാഹപൂർവ്വം ഉറക്കെ ചോദിച്ചു.

'പൂച്ചക്കുട്ടികളോ? പൂച്ചക്കുട്ടികൾ ചത്തു.' പത്മാന്റി വളരെ സ്വാഭാവികമായ ഒരു സംഗതി എന്ന പോലെ പറഞ്ഞു.

ഞങ്ങൾ ഒരു നടുക്കത്തോടെ നിശ്ചലരായി. ഞങ്ങളുടെ ചുവന്ന മുഖങ്ങളിലെ തിളക്കം അണഞ്ഞു. തൊണ്ടയിൽ എന്തോ തടഞ്ഞു. കണ്ണുകൾ നിറഞ്ഞു.

പത്മാന്റിക്ക് ഞങ്ങളോട് സഹതാപം തോന്നി. അവർ ഞങ്ങളെ ആശ്വസിപ്പിക്കാനായി എന്തൊക്കെയോ പറഞ്ഞു. ഞങ്ങൾ ഒന്നും കേൾക്കുന്നുണ്ടായിരുന്നില്ല. ഒടുവിൽ ഞങ്ങൾ ഇടറുന്ന സ്വരത്തിൽ ചോദിച്ചു 'ഞങ്ങൾക്ക് അവരുടെ കുഴിമാടങ്ങൾ കാണാൻ കഴിയുമോ?' അതു കേട്ട് പത്മാന്റി ഉറക്കെ ചിരിച്ചു. ഞങ്ങൾക്ക് അത് വളരെ ക്രൂരമായി തോന്നി. പൂച്ചക്കുട്ടികൾക്ക് പ്രത്യേകിച്ച് കുഴിമാടങ്ങളൊന്നും ഉണ്ടാക്കിയിട്ടില്ലെന്ന് അവർ പറഞ്ഞു. അപ്പോൾ, അതുമില്ല. ഇനിയും ഞങ്ങൾ എന്തിനിവിടെ നിൽക്കണം? ഞങ്ങൾ സൈസ്കോ മൈതാനത്തേക്ക് ഓടിപ്പോയി.

ഒന്നും മിണ്ടാതെ, ഞങ്ങൾ ആ പച്ചപ്പുല്ലിൽ മുട്ടുകുത്തി ഇരുന്നു. നിമിഷങ്ങൾ കടന്നുപോയി. പൊടുന്നനെ, ആരവങ്ങളോടെ ഒരു സംഘം അങ്ങോട്ടേക്ക് പൊട്ടി വീണു. ഞങ്ങളുടെ ക്ലാസ്സിലെ ആൺകുട്ടികളായിരുന്നു അത്. ഞങ്ങളുടെ രഹസ്യമെല്ലാം കണ്ടു പിടിച്ചെന്നും ഇനി ഞങ്ങൾക്കു രക്ഷയില്ലെന്നും അവർ പാടി. അവർ ഞങ്ങളറിയാതെ ഞങ്ങളെ പിൻതുടർന്നു വന്നതാണ്. ഈ സൈസ്കോ രഹസ്യം അവരിൽ നിന്നും മറച്ചുവെച്ചതിന് അവർ പരിഭവിച്ചു. മറ്റേതൊരു സന്ദർഭത്തിലായിരുന്നെങ്കിലും, ഞങ്ങൾ രണ്ടു തമാശയൊക്കെപ്പറഞ്ഞു ചിരിച്ച് അവരെ സൈസ്കോയെല്ലാം ചുറ്റിക്കാണിക്കുമായിരുന്നു. എന്നാൽ അന്നേരം, ഞങ്ങൾക്ക് അവരുടെ പെരുമാറ്റം അരോചകമായി തോന്നി. അതുവരെ അടക്കിവെച്ച ദേഷ്യവും സങ്കടവും അണപൊട്ടിയൊഴുകി.

'നിങ്ങൾക്ക് ഇനി എന്താടാ വേണ്ടത്, ദുഷ്ടൻമാരേ?' ഞങ്ങൾ അലറി. 'ഞങ്ങളുടെ പൂച്ചക്കുട്ടികൾ മരിച്ചു പോയി. ഞങ്ങളുടെ പാവം ജോയും ജാസും ജൊറിയും മരിച്ചു പോയി... 'ഞങ്ങൾ കരയാൻ തുടങ്ങി. അവർ അൽപനേരം അന്തംവിട്ടുനിന്നു. പിന്നെ, സംഭവം മനസ്സിലാക്കി, ഞങ്ങളെ ആശ്വസിപ്പിച്ചു. തമാശയൊക്കെപ്പറഞ്ഞ് ഞങ്ങളെ ചിരിപ്പിച്ചു. അന്ന് ഞങ്ങളെല്ലാവരും ഒരുമിച്ചാണ് സൈസ്കോ വിട്ട് സ്കൂളിലേക്കു മടങ്ങിയത്.

പിന്നീടൊരാഴ്ചക്കാലം ഞങ്ങൾ സൈസ്കോയിൽ പോയില്ല. പിന്നെ മെല്ലെ മെല്ലെ വീണ്ടും പോയിത്തുടങ്ങി. വീണ്ടും ആ മൈതാനത്ത് ഞങ്ങളുടെ കളിചിരികൾ ഉയർന്നു തുടങ്ങി.

മാർച്ച് 10 ന് ഉച്ചയ്ക്ക് എല്ലാം അവസാനിച്ചു. ഉച്ചഭക്ഷണം കഴിച്ചു കൊണ്ടിരിക്കെയാണ്, കൊവിഡ് കാരണം സ്കൂളുകൾ അടയ്ക്കുകയാണെന്ന് ഞങ്ങൾ അറിഞ്ഞത്. നടുക്കം. മരവിപ്പ്.

ഞങ്ങളുടെ സ്കൂളിലെ അവസാനദിനമാണതെന്ന് ഞങ്ങൾക്ക് മനസ്സിലായി. യു പി സ്കൂളല്ലേ. ഞങ്ങൾ ഏഴാം ക്ലാസ്സിലും.

ഞങ്ങൾ വനത്തിലേക്കോടി. ബുള്ളറ്റ് എന്ന പുൽത്തകിടിയിൽ ഒരിക്കൽ കൂടി മാനം നോക്കിക്കിടന്നു. അന്നേരം, ഞങ്ങൾ കരയുകയായിരുന്നു. ഞങ്ങൾ സൈസ്കോയിൽ പോയി. ഞങ്ങളെ അമ്പരപ്പിച്ചു കൊണ്ട്, അവിടെ സച്ചിൻ ഉണ്ടായിരുന്നു. അവൻ ഒപ്പമുള്ള പട്ടിക്കുട്ടിയെ ഞങ്ങൾക്കുനേരെ അഴിച്ചുവിട്ടു. ഞങ്ങൾ ആദ്യം ഒന്ന് പരിഭ്രമിച്ചു. എന്നാൽ കുരച്ചു ചാടി വന്ന ആ പട്ടിക്കുട്ടിയെ ഞങ്ങൾ വാത്സല്യം കൊണ്ട് എതിരിട്ടു. സച്ചിനെ ഞെട്ടിച്ചുകൊണ്ട് അവന്റെ പട്ടിക്കുട്ടി വാലാട്ടുകയും മൂളുകയും ചെയ്തുകൊണ്ട് ഞങ്ങളുടെമേൽ ഉരുമ്മിനിന്നു. അതോടെ സച്ചിൻ ആ പട്ടിക്കുട്ടിയെയും വലിച്ചുകൊണ്ട് വീട്ടിലേക്കു പോയി.

ഞങ്ങൾ കുറച്ചു നേരം സൈസ്കോയിൽ ചുറ്റിക്കറങ്ങി. പിന്നെ ആ മൈതാനത്തോട് വിട പറഞ്ഞ് മിഴിനീരോടെ മടങ്ങിപ്പോയി.

ഇന്നും ആ മൈതാനം അവിടെത്തന്നെ കിടപ്പുണ്ടാകും. വെയിലും മഴയുമേറ്റ്, സദാ പച്ചപ്പാർന്ന്... ഞങ്ങളുടെ ഹൃദയങ്ങളിലും അത് മായാതെ കിടക്കും. ഒട്ടേറെ അനശ്വരസ്മൃതികൾ ഞങ്ങൾക്കു തന്ന, ഞങ്ങളുടെ അത്ഭുത മൈതാനം.

**സിനാഷ**
ജി.എച്ച്.എസ്.എസ് കാസർകോട്

# അതിജീവനം



തലയില്ലാത്ത കോഴികൾ ചുറ്റും നൃത്തം വെക്കുന്ന സ്വപ്നം കണ്ടാണ് അന്നും ഉണർന്നത്. ശരീരം ആകെ തളർന്നു. വീണ്ടും കട്ടിലിൽ വീണുകിടന്നു. എഴുന്നേൽക്കാൻ വയ്യ. ഒരു ഉറുമ്പിനെ പോലും നോവിക്കാൻ കഴിയാത്ത ഞാൻ. സങ്കടത്തോടെ പുറത്തേക്ക് നോക്കി. കോഴികൾ കൂട്ടിൽ വിശന്ന് നിലവിളിക്കുന്നു.

ജോസേട്ടൻ മരിച്ചതിന്റെ ഏഴാം ദിവസം ജോസേട്ടന്റെ വീട്ടുകാരെല്ലാം ഓരോരോ കാരണങ്ങൾ പറഞ്ഞ് പിരിഞ്ഞ് പോയി. മൂന്ന് പെൺമക്കളുള്ള കുടുംബത്തെ തലയിലെടുത്ത് വക്കാൻ ആർക്കാണ് താല്പര്യം. ജീവിക്കാൻ മാർഗ്ഗം ഉണ്ടാക്കി വച്ചിട്ടാണല്ലോ ജോസേട്ടൻ പോയത്. എല്ലാവർക്കും അവരവരുടേതായ കാരണങ്ങൾ ഉണ്ട്.

“നീ ഇനി സ്വന്തമായി ഓരോന്ന് ചെയ്യാൻ പഠിക്കണം. ഡാനിയയെ നഴ്സിങ്ങിന് കൊണ്ടാക്കാനുള്ള തീയതി നാളെയാണ്. ഞങ്ങളും അങ്ങ് പോവുകയാണ്.” ആകെ ഉള്ള കൂടപ്പിറപ്പും കുടുംബവും കൈകഴുകി. മൂന്ന് ജോഡി കണ്ണുകൾ വിശപ്പിന്റെ ആർത്തനാദം പുറപ്പെടുവിച്ച് തുടങ്ങി.

ജോസേട്ടൻ കോഴിയുടെ തല അറുക്കുമ്പോൾ അത് കാണാൻ കരുത്തില്ലാത്ത ഞാൻ അടുക്കളയുടെ പിന്നാമ്പുറത്ത് പാത്രങ്ങളുടെ ബഹളം കേൾപ്പിച്ച് കഴുകുന്ന തിരക്കിൽപെടുമായിരുന്നു. അവറ്റകളുടെ ജീവനുവേണ്ടിയുള്ള ഓട്ടം പലപ്പോഴും സ്വപ്നങ്ങളിൽ വന്ന് വീർപ്പുമുട്ടിച്ചിരുന്നു. മൂത്തമകൾ പലഹാര പാത്രം പരിശോധിക്കുകയാണ്. “അമ്മേ എനിക്ക് വിശക്കുന്നു”. രണ്ടാമത്തെ ആൾ “എനിക്കും”, തീരെ ചെറിയ കുട്ടി അവൾക്കാവുന്നവിധം “എനിച്ചും” എന്ന് കൊഞ്ചി.

“രണ്ടു കിലോ കോഴി” - ഒരു പരുക്കൻ സ്വരം പുറത്ത് നിന്ന് കേട്ടു. അവൾ മൂർച്ചവച്ച കത്തി എടുത്തു കോഴികളെല്ലാം ഒച്ച വച്ചു. അവൾ അതൊന്നും ശ്രദ്ധിച്ചി

ല്ല. മനസ്സിൽ മക്കളുടെ വിശപ്പ് മാത്രം. തൂക്കം നോക്കി കഴുത്തിൽ പിടിച്ച് മുറിച്ചു. രക്തം ദേഹത്ത് തെറിച്ചു. അസാമാന്യ വൈദഗ്ധ്യമുള്ള ഒരു അറവുകാരിയെപ്പോലെ കോഴിയെ വൃത്തിയാക്കി. 200 രൂപ വാങ്ങി. പണപ്പെട്ടിയിൽ ഇട്ടു. പഴയ തോർത്തെടുത്ത് മുടിയിലും മുഖത്തും പറ്റിയിരുന്ന ചോര തുടച്ചു കളഞ്ഞു. മുറ്റത്ത് നിന്ന് മറ്റൊരു ശബ്ദം "നാലു കിലോ കോഴി".

**അനസി രാജ് പി.എസ്.**
ഗവ. വി&എച്ച്.എസ്.എസ് മണക്കാട്
തിരുവനന്തപുരം



# മടക്ക ടിക്കറ്റ്

നിലാവുള്ള രാത്രി, ദുബായിലെ മനോഹരമായ ഒരു കൊച്ചു പട്ടണം. പുതിയ കാലം ലോകത്തിനു സമ്മാനിച്ച ഭീകരത റോഡുകളെയും നടപ്പാതകളെയും വിജനമാക്കിയിരുന്നു. ഇരുട്ടിൽ അങ്ങകലെയായി ഒരു വെളിച്ചം. അതൊരു ഹോട്ടലായിരുന്നു. ജോലിയിൽ മുഴുകി ഇരിക്കുകയായിരുന്ന മുരളിയുടെ കണ്ണുകൾ നിശബ്ദമാക്കി വച്ചിരുന്ന ഫോണിലുടക്കി.

ഒരു കാൾ വരുന്നുണ്ടല്ലോ. നാട്ടിൽ നിന്നാവും. പറഞ്ഞറിയിക്കാനാവാത്ത സന്തോഷം അയാളിൽ നിറഞ്ഞു. നിമിഷങ്ങൾക്കകം ആ സന്തോഷം അസ്തമിച്ചു. അയാൾ നിശബ്ദനായി. കണ്ണുകൾ നിറഞ്ഞൊഴുകി അയാൾ വിങ്ങിപ്പൊട്ടി.

"എന്താ മുരളി.... എന്തു പറ്റി.... എന്തിനാ കരയുന്നേ?" മുതലാളിയുടെ ശബ്ദം.

"മകന് സുഖമില്ല മുതലാളി എന്റെ മകന് സുഖമില്ല."

"എന്താ... എന്തു പറ്റി?

"അവന് മൗത്ത് ക്യാൻസറാണ്. അടിയന്തിരമായി ഒരു ഓപ്പറേഷൻ വേണം." മുരളിയുടെ വാക്കുകൾ കേട്ട് സ്തബ്ധനായ മുതലാളി അല്പനേരം നിശബ്ദനായ ശേഷം അയാളെ ആശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു.

"മുരളി... ഈ അവസരത്തിൽ നീ നാട്ടിലുണ്ടായിരുക്കുന്നതാണ് നല്ലത്. നീ പുറപ്പെടാൻ തയാറാകൂ...."

"ഞാനുടനെ നാട്ടിലേക്ക് വരുന്നുണ്ട്".

മുരളി ഭാര്യയെ വിളിച്ചറിയിച്ചു..

"നമ്മുടെ പൊന്നുമോന് നല്ല വേദനയുണ്ട്. എനിക്കിത് കണ്ടു നിൽക്കാനാകുന്നില്ല."

"നീ വിഷമിക്കേണ്ട എല്ലാം ശരിയാകും".

സങ്കടം ഉള്ളിലൊതുക്കിക്കൊണ്ട് അയാൾ അവളെ ആശ്വസിപ്പിച്ചു.

"എന്റെ ആർ.ടി.പി.സി.ആർ. റിസൽട്ട് വന്നാലുടൻ ഞാൻ ഇവിടെ നിന്ന് തിരിക്കും".

അടുത്ത ദിവസം ഉച്ചയോടെ റിസൽട്ട് വന്നു. നെഗറ്റീവ്.

സങ്കടം നിറഞ്ഞ മനസ്സിലെവിടെയോ ഇറ്റൊരാശ്വാസം തോന്നി

ഏറെ താമസിയാതെ തന്നെ മുതലാളി കുറച്ച് പണവും മടക്ക ടിക്കറ്റും നൽകി അയാളെ യാത്രയാക്കി.

മകന് വേണ്ട സമ്മാനങ്ങളൊക്കെ വാങ്ങി വൈകുന്നേരത്തെ ഫ്ളൈറ്റിൽ നാട്ടിലേക്ക് തിരിച്ചു.

ലോകത്തെ വലച്ചു കൊണ്ടിരിക്കുന്ന ആ ഭീകരത നമ്മുടെ നാടിനേയും മുറുക്കി വരിഞ്ഞിരുക്കുന്നു. മുരളിക്ക് ഏഴു ദിവസത്തെ ക്വാറന്റൈൻ വേണ്ടി വന്നു. അടക്കാനാവാത്ത വേദനയോടെ അയാൾ ക്വാറന്റൈൻ കേന്ദ്രത്തിലേക്ക് പോയി.

മകന്റെ ഓപ്പറേഷൻ വിജയകരമായി നടന്നു. മകൻ സുഖം പ്രാപിച്ചു വരുന്നതായി അയാൾ അറിഞ്ഞു. തന്റെ പൊന്നു മകനെ അടുത്ത് ചെന്ന് കാണാൻ കഴിയാത്തതിൽ അയാൾ വിഷമിച്ചു.

ക്വാറന്റൈൻ അവസാനിക്കാറായ ദിവസം നേരിയ പനിയും ജലദോഷവും അനുഭവപ്പെട്ടു. വീണ്ടും ടെസ്റ്റ് റിസൽട്ട് വന്നു. മുരളി ആകെ തകർന്നുപോയി. റിസൽട്ട് പോസിറ്റീവ്.

അയാളെ ക്വാറന്റൈൻ കേന്ദ്രത്തിൽ നിന്നും ആശുപത്രിയിലേക്ക് മാറ്റി. ചുമയും ശ്വാസതടസ്സവും കടുത്തു. ആരോഗ്യനില ഒന്നിനൊന്ന് വഷളായിക്കൊണ്ടിരുന്നു. അയാളുടെ നില കണ്ട് ആരോഗ്യപ്രവർത്തകർ പോലും ഭയപ്പെട്ടു. തന്റെ പൊന്നുമോനെയും ഭാര്യയേയും ഒരു നോക്ക് കാണാനാകാതെ മുരളി ഈ ലോകത്തോട് വിട പറഞ്ഞു. വിധി ആ കുടുംബത്തെ അനാഥമാക്കി.

ആകാശത്തിലെ നക്ഷത്രങ്ങൾക്കിടയിൽ എന്നും ആ അമ്മയും മകനും തങ്ങളുടെ പ്രിയപ്പെട്ടവനെ തിരഞ്ഞുകൊണ്ടിരുന്നു. അതിൽ ഒരു നക്ഷത്രത്തിന്റെ തിളക്കം അവരെ അത്ഭുതപ്പെടുത്തി.

**ആദിത്യൻ.എസ്**
ഗവ.എച്ച്. എസ്.എസ് ഇളമ്പ
തിരുവനന്തപുരം

# സ്വപ്നച്ചിറകിന്നടിയിൽ



നീലാകാശം മങ്ങി തുടങ്ങി...., പാടവരമ്പത്തും തെങ്ങിൻ തോപ്പുകളിലുമെല്ലാം ചുവപ്പ് കടന്ന് കയറുന്നു. ഇരുട്ട് പരക്കുന്നതിന് മുൻപ് വീട്ടിൽ എത്തണം. അല്ലെങ്കിൽ അമ്മയുടെ അടി പതിവാണ്. കിളികൾ സ്വയം തന്റെ ചില്ലകളിലേക്ക് ചേക്കേറുന്നു. രാത്രിക്ക് മുൻപ് എല്ലാവരും കൂടണയാനുള്ള തിരക്കിലാണ്.

വീട്ടിൽ എത്തിയിട്ട് വേണം ആ കാര്യം അമ്മയോട് രഹസ്യമായി പറയാൻ..., അച്ഛൻ അറിഞ്ഞാൽ വഴക്ക് ഉറപ്പാണ്. അമ്മ ഇനി സമ്മതിച്ചില്ലെങ്കിലോ?...

'ആ എന്താണെങ്കിലും വീട്ടില് ചെന്നിട്ട് നോക്കാം'.

"അമ്മേ ........ അമ്മേ ........." ഈ അമ്മ ഇത് എവിടെ പോയി കിടക്കുവാ?

"എന്താടാ.. ഇങ്ങനെ കിടന്ന് അലറുന്നത്?"

അമ്മയുടെ ഗാംഭീര്യമുള്ള മറുപടി അവനെ വല്ലാണ്ട് പേടിപ്പെടുത്തി. "നീ ഇത്രയും നേരം എവിടെയായിരുന്നു?"

"ഞാൻ വരമ്പത്ത് കൂട്ടുകാരുടെ കൂടെ ആയിരുന്നു അമ്മേ.."

വീട്ടിൽ ആരൊക്കെയോ ഉണ്ട്.. എന്തിനാണാവോ ഇവരൊക്കെ വന്നത് 'ഇനി എന്റെ എന്തെങ്കിലും കാര്യം പറയുവാനാണോ?' ഞാൻ എന്തിനാ ഇതൊക്കെ ആലോചിക്കുന്നത്... തല്ക്കാലം ഒന്നും മിണ്ടാതെ അകത്തേക്ക് പോകാം. അല്ലെങ്കിൽ നാളത്തെ കാര്യം പറഞ്ഞാലോ? വീട്ടിൽ ആളുകൾ ഉള്ളപ്പോൾ സമ്മതിച്ചാലോ? ഓ സമ്മതിച്ചില്ലെങ്കിൽ അവരൊക്കെ എന്നെ കളിയാക്കും. അവരൊക്കെ പോയിട്ട് പറയാം. ഇപ്പോ അമ്മ വിളിക്കും എന്നെ പരിചയപ്പെടുത്താൻ.

വന്നവർ എല്ലാം മടങ്ങിപ്പോയി..

പുലർച്ച മുതൽ ഒരു കുഴപ്പവും ഇല്ല പ്രകൃതിക്കെങ്കിൽ രാത്രി ഒരു തണുത്ത കാറ്റ് വീശലും ഒപ്പം മഴയും ഇടിയും മിന്നലും ഒക്കെ ഉണ്ടാവും.. "ജനാലയ്ക്ക് അരികിലൂടെ നോക്കുമ്പോഴും മഴ എന്ത് സുന്ദരിയാണ്...!"

എവിടെ നിന്നോ ഭൂമിയിൽ പതിക്കുന്ന ഓരോ മഴത്തുള്ളിക്കും അതിന്റേതായ ഓരോരോ കടമകൾ ഉണ്ട്.. അത് 'വിത്തുകൾക്കിടയിൽ ആണെങ്കിൽ വിത്ത് മുളയ്ക്കുവാൻ ഉള്ള

ജലമായി'. കിണറുകളിലും തോടുകളിലും പുഴകളിലുമാണെങ്കിൽ അങ്ങനെയും മനുഷ്യരുടെയും ജീവജാലങ്ങളുടെയും ജീവൻ രക്ഷിക്കുന്നു. പലരുടേയും ജീവിതമാർഗ്ഗം തന്നെ ജലത്തെ ആശ്രയിച്ചാണ്!' എങ്കിലും.. കുറച്ച് ഏറെ നേരം മഴപെയ്യുകയാണെങ്കിലും കുറച്ച് നാള് മഴ പെയ്തില്ലെങ്കിലും മഴയെ മനുഷ്യർ ശപിക്കുന്നു.

എന്നാൽ ഇവർ എന്തോ മഴയുടെ കർത്തവ്യങ്ങൾ മറക്കുന്നു...

എന്തിന് ഞാൻ പോലും മഴ വരുമ്പോൾ മാത്രമാണ് അതിനെ കുറിച്ച് ഗഹനമായി ചിന്തിക്കുന്നത്.

'നീ ഇതുവരെ ഉറങ്ങിയില്ലേ"? അമ്മയുടെ പതിവ് ചോദ്യം ഇന്നും ആവർത്തിപ്പിക്കാതെ കിടന്ന് ഉറങ്ങട്ടെ...

"അപ്പൂ ..... അപ്പൂ ...... എഴുന്നേക്ക് കുട്ടീ... നേരം എത്ര ആയീന്ന് അറിയാതെ കിടന്ന് ഉറങ്ങും..."

"അയ്യോ ഇന്നല്ലേ പോകേണ്ടത്?" അമ്മയോട് ഒന്നു പറയാം.

എന്തോ എവിടുന്നോ ഇല്ലാത്ത ഒരു നേരിയ ഭയം അവനിൽ ഉറവിട്ടു.

"അല്ലെങ്കിൽ വേണ്ട സമ്മതിച്ചില്ലെങ്കിലോ? പോയിട്ട് പെട്ടന്ന് വരാം... അവർ എന്നെ കാത്തിരിക്കുന്നുണ്ടാവും."

വേഗം അവിടെ എത്തണം.

ആകാശം മുട്ടുന്ന വലിയ ഗോപുരം, ഇരുളടഞ്ഞ് കിടക്കണ ആകാശം കണ്ടാൽ തന്നെ പേടി ആകും.

ഇവിടെ എങ്ങും ആരുമില്ലേ? എന്റെ കൂട്ടുകാരൊക്കെ എവിടെ പോയി. എനിക്കാണെങ്കില് പേടി ആവുണൂ. അവർ ഇവിടെ വരാമെന്ന് തന്നെ ആണോ പറഞ്ഞേ...?

എനിക്കാകെ പേടി ആവുന്നു. അമ്മയോട് പറഞ്ഞിരുന്നെങ്കിൽ അമ്മ ഒരിക്കലും സമ്മതിക്കില്ല. അമ്മയോട് പറഞ്ഞിട്ട് വന്നാൽ മതിയാരുന്നു. അവർ എന്നെ ചതിച്ചതാണോ..? സങ്കടം സഹിക്കാൻ വയ്യ...

തിരിച്ചു പോയാലോ ...... എന്തായാലും തിരിഞ്ഞ് നടക്കാം..

നടക്കുന്ന വഴിയിൽ ഒരു കാലിന്റെ ശബ്ദം

ഇനി അത് അവരാണോ? ഇനി വേറെ ആരെങ്കിലും ആണോ..?

തലകറങ്ങുന്ന പോലെ തോന്നുന്നു. ഈ ഗോപുരത്തിനകത്ത് കണ്ണിന് വിസ്മയകരമായ എന്തൊക്കെയോ വസ്തുക്കൾ ഉണ്ടെന്ന് പറഞ്ഞത് ശരിയാണോ..? പക്ഷേ അമ്മ

പറഞ്ഞത് അവിടെ പേടിപ്പെടുത്തുന്നത് എന്തോ ഉണ്ടെന്ന് അല്ലേ..? 'ഇനി ഈ ശബ്ദം പേടിപ്പെടുത്തിയത് ആണോ.. ഇവിടുന്ന് ഓടി രക്ഷപ്പെട്ടാലോ...'

ഗോപുരത്തിനകത്ത് തീക്കനൽ ഒക്കെ ഉണ്ടെന്നാ പണ്ടുള്ളവർ പറയുന്നത്. ഇനി എന്നെ അതിൽ കൊണ്ട് ഇടുവോ... ഒന്നും മനസ്സിലാകുന്നില്ല. അവർ എന്താ ഇത്രയും നേരം ആയിട്ടും വരാത്തേ...?

എന്റെ പുറകിൽ ആരൊക്കെയോ നില്ക്കുന്നത് പോലെ തോന്നുന്നു. ഇവിടെ നിന്ന് ആരെയെങ്കിലും ശബ്ദം ഉണ്ടാക്കി വിളിച്ചാലോ...

ഇനി എന്റെ ശബ്ദം കേട്ട് ആരെങ്കിലും വന്ന് രക്ഷിച്ചാലോ..

അല്ലെങ്കിൽ വേണ്ട.. ശബ്ദം ഉണ്ടാക്കാതെ ഇരിക്കുന്നതാ നല്ലത്.

കണ്ണിൽ ഇരുട്ട് കേറുന്നതായി തോന്നി. കയ്യും കാലും ഒക്കെ തളരുന്നു ശരീരം ആകെ വിയർക്കുന്നു. ചുറ്റുപാടും കാണാൻ സാധിക്കുന്നില്ല.. ഇപ്പോ ഞാൻ വീഴും...

'അപ്പൂ.......' അമ്മ തട്ടി വിളിച്ചു.

അപ്പു ഉറക്കത്തിൽ നിന്ന് ഞെട്ടി എഴുന്നേറ്റു. 'നിനക്കെന്താ പറ്റിയത്?' അമ്മ ചോദിച്ചു.

അമ്മേ.. ഞാൻ ഒരു വലിയ സ്വപ്നം കണ്ടു എന്ന് പറഞ്ഞുകൊണ്ട് സ്വപ്നത്തിൽ നടന്നത് വിവരിച്ചു.

"കൂട്ടുകാർ ചതിച്ചു. അമ്മ പറഞ്ഞത് അനുസരിക്കാതെ ഇരുന്നതുകൊണ്ടാ ഞാൻ അവിടെ അകപ്പെട്ടത്."

"സാരമില്ല അത് സ്വപ്നമല്ലേ" അമ്മ ആശ്വസിപ്പിച്ചു. "മാത്രമല്ല, നീ എന്നോട് പറയാതെ എങ്ങും പോകില്ലല്ലോ".

സ്വപ്നത്തിൽ അമ്മയോട് പറയാതെ പോയത് ആലോചിച്ച് അപ്പു കുറ്റബോധത്തോടെ തലതാഴ്ത്തി ഇരുന്നു.

**അനാമിക അനീഷ്**
ഗവ.ഹയർ സെക്കന്ററി സ്കൂൾ
അയിരൂർ, പത്തനംതിട്ട

കേരള സർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

എഴുത്തുപച്ച

# ആകാശം

## കുട്ടികളുടെ കവിതകൾ (എൽ.പി വിഭാഗം)

സമഗ്ര ശിക്ഷാ കേരളം

Front Cover Picture



**SANA K**
GUPS Katampazhipuram
Palakkad

Back Cover Picture



**AKHIL DEV**
GHSS Bhoothakulam
Kollam


**Akasam**

Poems (L.P Malayalam)

Writings of Children

First Edition : 2022 March

Illustration : Santhosh.K, Leenus V, Anilkumar M.V,
Sujeer Deth C.V, Athulkumar.T, Nassarudeen T.K

Ezhuthupacha 2022 series Book No $\left(\frac{2}{55}\right)$

Prepared using the SSK Library Grant 2021-22

Published By: State Project Director, Samagra Shiksha, Kerala,
SSA Bhavan, Nandavanam, Thiruvananthapuram -33

General Education Department

Government of Kerala

Not for sale

# എഴുത്തുപച്ച

നക്ഷത്രങ്ങളാണ് കുട്ടികൾ. കാണുന്നതിലേറെയാണ് അവരുടെ തിളക്കം. പൊതുവിദ്യാലയങ്ങളിലെ ഈ നക്ഷത്രങ്ങളുടെ പ്രകാശം സമൂഹത്തിലേക്ക് പരത്താൻ സമഗ്രശിക്ഷാ കേരളം തുടർച്ചയായി പരിശ്രമിച്ചു കൊണ്ടിരിക്കുന്നു.

കുട്ടികളെഴുതിയ കവിതകളും കഥകളും ചേർത്ത് '**എഴുത്തുപച്ച**' എന്ന പുസ്തക പരമ്പര പുറത്തിറക്കുന്നു. ഇതിലെ ഓരോ രചനയും സർഗാത്മകതയെ അടയാളപ്പെടുത്തുന്നുണ്ട്. ഈ പുസ്തകപരമ്പര നമ്മുടെ സ്കൂൾ ലൈബ്രറികളെ കൂടുതൽ സമ്പന്നമാക്കും.

സ്കൂളുകളിൽനിന്ന് ലഭിച്ച രചനകൾ ബി.ആർ.സി-ജില്ല-സംസ്ഥാനതലങ്ങളിൽ പരിശോധിച്ച്, മികച്ച രചനകളും ചിത്രങ്ങളും ചേർത്ത് ആകർഷകമാക്കിയതാണ് എഴുത്തുപച്ച പരമ്പരയിലെ ഓരോ പുസ്തകവും.

എല്ലാ പുസ്തകങ്ങളുടെയും മുഖചിത്രം വരച്ചത് കുട്ടികൾ തന്നെയാണ്.

മാനത്തേക്കു നോക്കുമ്പോൾ നമ്മുടെ ഭാവന മാനത്തോളം വളരാറുണ്ട്. കുട്ടികളുടെ ആകാശക്കാഴ്ചകൾ അവരുടെ ഭാവനാ ലോകത്തിന്റെ കൊച്ചു കൊച്ചുശകലങ്ങളായി ഈ പുസ്തകത്തിൽ സമാഹരിച്ചിരിക്കുന്നു. നിലാവെളിച്ചവും നക്ഷത്രത്തിളക്കവും മഴവിൽവർണ്ണങ്ങളും ഇതിലെ ഒമ്പതു കവിതകളിൽ നിറച്ചുവച്ചിട്ടുണ്ട്. താളത്തിലും ഈണത്തിലും കൂട്ടായി ചൊല്ലി രസിക്കാവുന്ന കവിതകളാണ് പലതും. ഭാഷാക്ലാസുകളിൽ മികച്ച ആസ്വാദനാനുഭവങ്ങൾ സൃഷ്ടിക്കാൻ **ആകാശം** എന്ന ഈ സമാഹാരം ഉപകരിക്കുമെന്ന് കരുതുന്നു.

അധികവായനയ്ക്കും തുടർപ്രവർത്തനങ്ങൾക്കുമായി ക്ലാസ്മുറികളിൽ ഈ പുസ്തകം പ്രയോജനപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡോ.സുപ്രിയ എ.ആർ**
**സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ**
**സമഗ്രശിക്ഷാ കേരളം**

# അകംപുറങ്ങളിൽ


| | | |
|---|---|---|
| ചന്ദ്രനിലേക്ക് | : | 5 |
| പട്ടം | : | 6 |
| അമ്പിളിയമ്മാവൻ | : | 7 |
| നിലാവ് | : | 8 |
| വെള്ളിനിലാവ് | : | 9 |
| നക്ഷത്രക്കുട്ടന്മാർ | : | 10 |
| മഴവില്ലും മാളുട്ടിയും | : | 11 |
| പ്രഭ | : | 12 |
| രാത്രി | : | 13 |
| വർണച്ചിറകുകൾ | : | 14 |
| എന്റെ അമ്മ | : | 15 |
| കുട്ടിയും കുഞ്ഞുമേഘവും | : | 16 |





## ചന്ദ്രനിലേക്ക്

**നി**ന്നെ കാണുന്നേരം തൊട്ടേ
നിന്നിലേക്കെത്താൻ മോഹം
അമ്മതൻ മടിയിൽ കിടന്ന്
മാമുണ്ണും നേരത്ത്
നിന്നെയെൻ കൈകളിൽ
തരുമെന്ന് ചൊല്ലി
ഏറെ കൊതിപ്പിച്ചു
അന്ന് ഞാൻ മോഹിച്ചു
നിന്നിലേയ്ക്കെത്തുവാനായി

***ആശിഷ് അനൂപ്***
***വാകമോളി എ.എൽ.പി.എസ്,***
***കോഴിക്കോട്***



## പട്ടം



ഇല്ലായ്മയിൽ നിന്നുള്ള
വെളിച്ചമായിരിക്കാം
എന്നെ
പറക്കാൻ പ്രേരിപ്പിച്ചത്.
പറക്കാൻ തുടങ്ങുന്ന
എന്നെ
തട്ടി താഴെയിടല്ലേ...
ഈ ആകാശം
ഞാനുമൊന്ന്
കണ്ടോട്ടെ.

*ഷിഫ്ന*
*എ.എം.എൽ.പി.എസ്,*
*പനമ്പാട്‌വെസ്റ്റ്, മലപ്പുറം*



# അമ്പിളിയമ്മാവൻ

തുമ്പപ്പൂവിൻ നിറമുള്ള
പുഞ്ചിരി തൂകും അമ്പിളിയേ
എന്റെ മടിയിലിരിക്കാൻ വാ
എന്നോടൊത്തു കളിക്കാൻ വാ
പകലെത്തുമ്പോൾ മായല്ലേ

എന്നോടൊപ്പം പാടാൻ വാ
ഇന്നലെ നീയൊരു തേങ്ങാപ്പൂള്
നാളെച്ചിലപ്പോൾ വട്ടക്കിണ്ണം
നിന്നെ ഞാനൊന്നു തൊട്ടിടട്ടെ
മെല്ലെയാ കവിളിൽ മുത്തിടട്ടെ



*അശ്വിൻ കെ.പി*
*എ.എം.എൽ.പി.എസ്, കുറ്റിപ്പുറം*
*നോർത്ത്, മലപ്പുറം*



# നിലാവ്

നിലാവിന്റെ ശോഭയിൽ
ഏതു നോവും മാഞ്ഞുപോകുന്ന പോലെ
കണ്ണു ചിമ്മിക്കളിക്കുന്ന താരകം
കണ്ണാരം പൊത്തിക്കളിക്കുന്ന പോലെ
നിലാവിൽ ഒരു മന്ദഹാസമെന്നെ
മാടി മാടി വിളിക്കുന്ന പോലെ
അവന്റെ വെള്ളിത്തേരിൽ
എന്നെയൊരുവട്ടം
കൊണ്ടുപോയെങ്കിലെന്നു
ഞാനുമെന്നും കൊതിക്കുന്ന പോലെ



*ഷഫ്ന ഫാത്തിമ*
*ജി.എച്ച്.എസ്.എസ്, തൃക്കാവ്,*
*മലപ്പുറം*



# വെള്ളിനിലാവ്

**ഇ**ത്തിരി വെട്ടം മുറ്റത്തെത്തി
അമ്പിളിമാമനുമെത്തി!
താരം മേലേ ചിരിച്ചുനിന്നു
എന്നെ നോക്കി മിനുങ്ങീ..!
തണുത്ത കാറ്റും കൂട്ടിനെത്തി
വെള്ളിനിലാവും വന്നു.



*അങ്കിത*
*ജി.എൽ.പി.എസ്, ആനക്കോട്ടൂർ,*
*കൊല്ലം*



## നക്ഷത്രക്കുട്ടന്മാർ

നക്ഷത്രക്കുട്ടന്മാരേ, നിങ്ങൾ
കണ്ണുകൾ ചിമ്മി നിൽപ്പാണോ
അമ്പിളിമാമൻ കൂട്ടുണ്ടല്ലോ
ആടിപ്പാടി രസിക്കുന്നോ
ഞാനും കൂടെ പോന്നോട്ടെ?
മേഘക്കൂട്ടിലൊളിക്കാലോ...
കാറ്റിൻ ചിറകിൽ കയറാലോ,
പാറിപ്പാറി നടക്കാലോ,
നിങ്ങൾക്കൊപ്പം രസിക്കാലോ...

***ഹിത രാജ്***
***എ.എൽ.പി.എസ്, വലമ്പിലിമംഗലം,***
***പാലക്കാട്***





# മഴവില്ലും മാളുട്ടിയും



മയിലുകളെല്ലാം പീലി നിവർത്തി
കളിയാടുന്നൊരു നേരത്ത്
വാർമഴവില്ലിനെ മാടിവിളിച്ചു
കുന്നിൻ ചെരുവിലെ മാളുട്ടി!
മധുരക്കാവടിയേന്തി വരൂ നീ
വാനിൽ നിന്നും മഴവില്ലേ,
ഇത്തിരി നേരം നമ്മൾക്കൊന്നായ്
നൃത്തം വയ്ക്കാം, വന്നാട്ടേ...

*വിസ്മയ. സി.*
*എ.എൽ.പി.എസ്., മുണ്ടക്കുന്ന്,*
*പൊറ്റശ്ശേരി, പാലക്കാട്*



# പ്രഭ



പൊന്നമ്പിളിയെ
കാർമേഘം മൂടിയിരിക്കുന്നു.
ചുറ്റുപാടും
ചെറിയ വെളിച്ചം മാത്രം.
മിന്നൽ ഇടയ്ക്കിടെ
വെളിച്ചം വിതറി പോകുന്നുണ്ട്.
ചെടികളിലെ മഴത്തുള്ളികൾ
അപ്പോൾ തിളങ്ങുന്നു.

*ഫാത്തിമ സന കെ.*
*ജി.എം.എൽ.പി.സ്കൂൾ., കരിങ്കല്ലത്താണി,*
*പാലക്കാട്*



# രാത്രി



**മാ**നം മിന്നും നക്ഷത്രങ്ങൾ
ചിമ്മിചിമ്മിക്കാണുന്നു,
മാമനുദിക്കും ദിക്കിൽ
കൂട്ടം കൂട്ടം നിൽക്കുന്നു.
ചിമ്മിചിമ്മിപ്പാറി നടക്കും
കണ്ണഞ്ചിക്കും താരങ്ങൾ.
ഒപ്പം നിന്നു ചിരിക്കുന്നുണ്ടേ
നമ്മുടെ സ്വന്തം അമ്മാവൻ

*അയ്നൽ അഭിലാഷ്*
*ഹോളി ഗോസ്റ്റ് സി.ജി.എച്ച്.എസ്.എസ്, തോട്ടക്കാട്ടുകര,*
*എറണാകുളം*



# വർണ്ണച്ചിറകുകൾ

**കാ**ണാതെ കാണുമ്പോൾ പൂത്തുവിടർന്നിടും
ആയിരം പുഷ്പങ്ങളെൻ മനസ്സിൽ.
നാളുകളേറെയകന്നു കഴിഞ്ഞല്ലോ
നഷ്ടമായ്പ്പോയല്ലോ സ്കൂൾകാലം.

കൂട്ടരോടൊത്തു കളിച്ചിടും ഞങ്ങൾ,
ഇഷ്ടങ്ങളെല്ലാം പങ്കുവയ്ക്കും.
വിദ്യാലയം തുറക്കുന്നൊരു സുദിനത്തെ
ആയിരം പൂക്കളാൽ വരവേറ്റിടും.

ഉദ്യാനമാക്കുമെൻ വിദ്യാലയാങ്കണം
ഒത്തുചേരുന്നൊരാ രാവിലെകൾ
രാത്രിയിൽ മാനത്ത് മിന്നിത്തിളങ്ങുന്ന
തിങ്കളും താരവുമെന്നപോലെ.

കാത്തിരിക്കുന്നു ഞാൻ വർണപ്പകിട്ടാർന്ന
ചിറകുകൾ വീശി പറന്നീടുവാൻ,
വിദ്യാലയത്തിലെ കൂട്ടുകാരാകുന്ന
ഓരോ മലരിനും ഉമ്മ നൽകാൻ.

*നക്ഷത്ര*
*ഗവ.മോയൻ എൽ.പി.സ്കൂൾ*
*പാലക്കാട്.*



# എന്റെ അമ്മ

ഭൂമിയിലേക്ക്
സ്വാഗതം ചെയ്ത അമ്മ
അമ്മിഞ്ഞപ്പാൽ
പകർന്നുതന്ന അമ്മ
പിച്ചവച്ചു
നടത്തിത്തന്ന അമ്മ
അറിവും സ്നേഹവും
പകർന്നുതന്ന അമ്മ
ജീവന്റെ ജീവൻ
എന്റെ അമ്മ.

*ശിഖ ശങ്കരൻ*
*ജി.യു.പി.സ്കൂൾ, മേപ്പാടി,*
*വയനാട്*



# കുട്ടിയും കുഞ്ഞുമേഘവും

**കു**ഞ്ഞുമേഘമേ കുഞ്ഞുമേഘമേ
എന്തു ചെയ്യുന്നു നീ?
മഴ തരുമോ മഴ തരുമോ
കുഞ്ഞുമേഘമേ നീ?

മഴ തരില്ലാ മഴ തരില്ലാ
വെള്ളമില്ലാ ഞങ്ങളിൽ.
മരമില്ലാത്ത ഭൂമിയിൽ
എന്തിനു പെയ്യണം ഞങ്ങൾ?

ഞങ്ങൾ തൈ നടാം
ഞങ്ങൾ തൈ നടാം
പെയ്യൂ നീ കുഞ്ഞിമേഘമേ,
ഞങ്ങൾ നട്ട തൈകളിലാകെ
പെയ്തിറങ്ങൂ നീ
പെയ്തിറങ്ങൂ നീ

***അർപ്പിത***
***ജി.എൽ.പി.സ്കൂൾ, പാൽവെളിച്ചം,***
***വയനാട്***

കേരള സർക്കാർ

## പൊതുവിദ്യാഭ്യാസ വകുപ്പ്

### എഴുത്തുപച്ച

# ചുറ്റുവട്ടം

## കുട്ടികളുടെ കഥകൾ (എൽ.പി വിഭാഗം)

## സമഗ്ര ശിക്ഷാ കേരളം

Front Cover Picture



GAZAL ZAKARIYA,
NNNMUPS Karalmanna,
Palakkad

Back Cover Picture



SREYAS SUBHASH
GLPS Chengamanad,
Ernakulam

Chuttuvattam
Stories (L.P Malayalam)
Writings of Children
First Edition : 2022 March
Illustration : Santhosh.K, Leenus V, Anilkumar M.V,
Sujeer Deth C.V, Athulkumar.T, Nassarudeen. T.K

Ezhuthupacha 2022 series Book No $\left(\frac{6}{55}\right)$

Prepared using the SSK Library Grant 2021-22

Published By: State Project Director, Samagra Shiksha, Kerala,
SSA Bhavan, Nandavanam, Thiruvananthapuram -33
General Education Department
Government of Kerala
Not for sale

## 'എഴുത്തുപച്ച'

നക്ഷത്രങ്ങളാണ് കുട്ടികൾ. കാണുന്നതിലേറെയാണ് അവരുടെ തിളക്കം. പൊതുവിദ്യാലയങ്ങളിലെ ഈ നക്ഷത്രങ്ങളുടെ പ്രകാശം സമൂഹത്തിലേക്ക് പരത്താൻ സമഗ്രശിക്ഷ കേരളം തുടർച്ചയായി പരിശ്രമിച്ചു കൊണ്ടിരിക്കുന്നു.

കുട്ടികളെഴുതിയ കവിതകളും കഥകളും ചേർത്ത് **'എഴുത്തുപച്ച'** എന്ന പുസ്തക പരമ്പര പുറത്തിറക്കുന്നു. ഇതിലെ ഓരോ രചനയും സർഗ്ഗാത്മകതയെ അടയാളപ്പെടുത്തുന്നുണ്ട്. ഈ പുസ്തകപരമ്പര നമ്മുടെ സ്കൂൾലൈബ്രറി കളെ കൂടുതൽ സമ്പന്നമാക്കും.

സ്കൂളുകളിൽനിന്ന് ലഭിച്ച രചനകൾ ബി.ആർ.സി–ജില്ല–സംസ്ഥാനതല ങ്ങളിൽ പരിശോധിച്ച്, മികച്ച രചനകളും ചിത്രങ്ങളും ചേർത്ത് ആകർഷക മാക്കിയതാണ് എഴുത്തുപച്ച പരമ്പരയിലെ ഓരോ പുസ്തകവും.

എല്ലാ പുസ്തകങ്ങളുടെയും മുഖചിത്രം വരച്ചത് കുട്ടികൾതന്നെയാണ്.

കിളിയും കോഴിയും തത്തയും പൂച്ചയും വവ്വാലും കുരങ്ങും മുല്ലവള്ളിയും മീനും മിന്നാമിനുങ്ങും വേഴാമ്പലും കുട്ടിത്തവളയുമെല്ലാം അടങ്ങിയതാണ് കുട്ടികളുടെ ലോകം. അച്ഛനമ്മമാരോടും ഏട്ടനോടും ചേച്ചിയോടും ടീച്ചറോടു മെല്ലാം ഇടപഴകുന്നതുപോലെ കുട്ടികൾ ജീവികളോടും ചെടികളോടും അടുപ്പത്തോടെ പെരുമാറുന്നു. അവരുടെ സുഖദുഃഖങ്ങളിൽ കൂടെക്കൂടുന്നു. ഒരുപക്ഷേ, മുതിർന്നവർക്ക് ചെന്നെത്താൻ കഴിയാത്ത അത്ഭുതലോകത്തിലെ കാഴ്ചകളാണ് **ചുറ്റുവട്ടം** എന്ന സമാഹാരത്തിൽ നിറഞ്ഞുനിൽക്കുന്നത്. മുതിർന്നവരുടെ ലോകത്തോടു പറയാനുള്ളതെല്ലാം കുട്ടികളും അവരുടെ കൂട്ടു കാരും ചേർന്ന് പറഞ്ഞുവയ്ക്കുന്നുണ്ട്. ഭാവനാലോകത്തിലൂടെയുള്ള സഞ്ചാരം ഈ കഥകൾ വായിക്കുന്ന കുട്ടികളെ അത്ഭുതപ്പെടുത്തുകയും ആനന്ദിപ്പിക്കുകയും ചെയ്യും. ഉറക്കെ വായിച്ചും ഓർത്തു പറഞ്ഞും ചിത്രം വരച്ചുമെല്ലാം കഥകളുടെ കൂടെക്കൂടാൻ ക്ലാസുകളിൽ കുട്ടികൾക്ക് അവസരങ്ങൾ ഉണ്ടാകണം.

അധികവായനയ്ക്കും തുടർപ്രവർത്തനങ്ങൾക്കുമായി ക്ലാസ്മുറികളിൽ ഈ പുസ്തകം പ്രയോജനപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡോ. സുപ്രിയ എ.ആർ**
**സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ**
**സമഗ്രശിക്ഷ കേരളം**

## അകംപുറങ്ങളിൽ


| | | |
|---|---|---|
| 1. കിളിക്കൂട് | : | 5 |
| 2. കണ്ണുനീർ | : | 7 |
| 3. അമ്മക്കിളിയും കുഞ്ഞിക്കിളിയും | : | 8 |
| 4. കുഞ്ഞിക്കോഴിയും കുടയും | : | 9 |
| 5. കുഞ്ഞിത്തത്തയുടെ മോഹം | : | 10 |
| 6. കിട്ടുവിന്റെ നല്ല മനസ്സ് | : | 13 |
| 7. പക്ഷിക്കുഞ്ഞുങ്ങളും മുല്ലവള്ളിയും | : | 14 |
| 8. വെളുത്തമീനും കറുത്തമീനും | : | 16 |
| 9. മിന്നാമിനുങ്ങ് | : | 17 |
| 10. കാത്തിരിപ്പ് | : | 18 |
| 11. കുട്ടിത്തവളകളുടെ മരവണ്ടി | : | 19 |
| 12. സ്വാതന്ത്ര്യം | : | 20 |
| 13. ചിഞ്ചുപ്പൂച്ച | : | 22 |
| 14. ഉണ്ണിയുടെ സങ്കടം | : | 24 |



# കിളിക്കൂട്

"മോളേ മുറ്റത്തു നടക്കുമ്പോൾ സൂക്ഷിക്കണം. വഴുക്കലുണ്ട്. രാത്രി നല്ല മഴ പെയ്തതാ," അമ്മ അടുക്കളയിൽ നിന്ന് വിളിച്ചു പറഞ്ഞു. "ശരി അമ്മേ ഞാൻ ശ്രദ്ധിച്ചോളാം." പതിവുപോലെ ഞാൻ



മുറ്റത്ത് കിളികളുടെ കലപില ശബ്ദങ്ങൾ കേട്ടുകൊണ്ട് നിന്നു. കൊന്നമരത്തിൽ ധാരാളം കിളികളുണ്ട്. എന്താണ് അവർക്കിത്രയും സംസാരിക്കാനുള്ളത്? ഞാൻ ചിന്തിച്ചു. കുറേനേരം ഞാനതു നോക്കി നിന്നു. മഞ്ഞനിറത്തിലുള്ള പൂമ്പാറ്റകൾ അവിടെയൊക്കെ പാറിനടക്കുന്നുണ്ട്.

''മോളേ വേഗം പല്ലു തേയ്ക്ക്. നമുക്ക് വണ്ടി ഒന്ന് കഴുകിയാലോ? ഇന്ന് ഞായറാഴ്ചയല്ലേ.'' ഞാൻ തിരിഞ്ഞു നോക്കി. അച്ഛനാണ്. സ്കൂൾ ഇല്ലാത്ത ദിവസങ്ങളിൽ എപ്പോഴും വണ്ടി കഴുകാൻ അച്ഛനെ സഹായിക്കാറുണ്ട്.

''അച്ഛാ ഞാൻ ഇപ്പോ വരാം'' ഞാൻ വേഗം പല്ലുതേച്ചു വന്നു. ഞാനും അച്ഛനും കൂടി വണ്ടി കഴുകാൻ തുടങ്ങി. പെട്ടെന്ന് നല്ല മഴക്കാറ് വന്നു. ശക്തമായ കാറ്റും വീശിയടിച്ചു. ഞങ്ങൾ വേഗം അകത്തേക്ക് ഓടി. പുറകിൽ എന്തോ വീഴുന്ന ശബ്ദം കേട്ട് തിരിഞ്ഞു നോക്കിയപ്പോൾ ഒരു കിളിക്കൂട്. ഭാഗ്യത്തിന് അത് നിലത്തു വീണില്ല. അടുത്തുള്ള ചെമ്പരത്തിച്ചെടിയുടെ താഴത്തെ ചില്ലയിൽ തങ്ങി നിന്നു. ഞാൻ ഓടിപ്പോയി നോക്കുമ്പോൾ അതിൽ മൂന്ന് മുട്ടകൾ! കണ്ടപ്പോൾ ഭയങ്കര സങ്കടമായി. ഞാൻ അച്ഛനു കാണിച്ചു കൊടുത്തു.

'മോളേ, വിഷമിക്കേണ്ട നമുക്ക് അത് മരത്തിന്റെ കൊമ്പിൽത്തന്നെ വെച്ചു കൊടുക്കാം' അച്ഛൻ വേഗം പോയി ഒരു ഏണി എടുത്തു കൊണ്ടുവന്ന് അതിൽ കയറി കൂട് ഇരുന്ന സ്ഥലത്തുതന്നെ വെച്ചുകൊടുത്തു. കുറച്ചു ദിവസങ്ങൾക്കു ശേഷം ഞാൻ പതിവുപോലെ മുറ്റത്തേക്ക് ഇറങ്ങിയപ്പോൾ കുഞ്ഞുകിളികളുടെ കലപില ശബ്ദം കേട്ടു. ആ കൂടു വെച്ച സ്ഥലത്തേക്ക് നോക്കിയപ്പോൾ അവിടെ അതാ മൂന്ന് കിളി ക്കുഞ്ഞുങ്ങൾ 'ഹായ് എന്തൊരു ഭംഗി'! ഞാൻ സന്തോഷം കൊണ്ട് തുള്ളിച്ചാടി "അച്ഛാ, അമ്മേ, ചേച്ചീ ഓടിവാ" എല്ലാവരും ഓടിവന്നു. ഞങ്ങൾ എല്ലാവരും സന്തോഷത്തോടെ ആ മനോഹരമായ കാഴ്ച കണ്ടുനിന്നു.

**ധ്രുവ**
ജി.വി.എച്ച്.എസ്.എസ് മീഞ്ചന്ത
കോഴിക്കോട്

# കണ്ണുനീർ





വീടിന്റെ വരാന്തയിൽനിന്ന് റോഡിലേക്കുള്ള ഇത്തിരി ഭൂമിയിലേക്ക് കണ്ണോടിച്ചു. മഴപെയ്യുകയാണ്.

“മുരിങ്ങ, പേര, മുത്തശ്ശിമാവ് എന്നിവ തലയാട്ടി നിൽക്കുന്നു. ആകാശത്തിന്റെ കണ്ണീരിനെ ഭുമിയിലേക്ക് വരവേൽക്കുന്നു. പെട്ടെന്നാണ് ഞാനതു കണ്ടത്.

മാവിന്റെ ശോഷിച്ച ഒരു ശിഖരത്തിൽ ഒരു കിളിക്കൂട്. മൂന്ന് കുരുവിക്കുട്ടികളും ഒരമ്മയുമായിരുന്നു. ഇലകൾകൊണ്ടും ചുള്ളിക്കമ്പുകൊണ്ടും കൊട്ടാരം തീർത്ത് തന്റെ മക്കളെ ആ കുഞ്ഞുമാറിനുള്ളിൽ ചേർത്തു പിടിച്ചിരിക്കുന്നു.

മഴയുടെ തണുപ്പിനെ തരണം ചെയ്യാൻ ഓടിയൊളിക്കുന്ന കുഞ്ഞിക്കിളികൾ. പെട്ടെന്നുണ്ടായ കാറ്റ് കൂട്ടിലെ കുഞ്ഞിക്കിളിയെ താഴത്തെ പുൽമേട്ടിലേക്ക് വീഴ്ത്തി.

ഒരു കീരി അതിനെ വായിൽ തൂക്കിക്കൊണ്ടോടുന്നത് എനിക്ക് നോക്കി നിൽക്കാനേ കഴിഞ്ഞുള്ളൂ.

**കാവേരി. കെ.എം**
ജി.എച്ച്.എസ്.എസ്. പൊറ്റശ്ശേരി
പാലക്കാട്

# അമ്മക്കിളിയും കുഞ്ഞിക്കിളിയും



ഒരു മരത്തിൽ അമ്മക്കിളിയും കുഞ്ഞിക്കിളിയും ഉണ്ടായിരുന്നു. ആ മരത്തിനടുത്ത് അപ്പു എന്നും രാവിലെ പോകാറുണ്ട്.

ഒരു ദിവസം അവൻ നോക്കിയപ്പോൾ ആ കൂട്ടിൽ കുഞ്ഞിക്കിളി മാത്രമേയുള്ളൂ. അമ്മക്കിളി എവിടെ പോയതായിരിക്കും?

അമ്മക്കിളി കുഞ്ഞിക്കിളിക്ക് തീറ്റതേടി പോയതായിരിക്കും അവൻ വിചാരിച്ചു. കുഞ്ഞിക്കിളിയെ നോക്കി കുറേ നേരം അവിടെത്തന്നെ നിന്നു.

രാത്രിയായപ്പോൾ അവന് വിഷമമായി. പാവം കുഞ്ഞിക്കിളിയുടെ അമ്മ വന്നിട്ടുണ്ടാകുമോ? അതോ കുഞ്ഞിക്കിളി ഒറ്റയ്ക്കാണോ?

അവൻ ആകാംക്ഷയോടെ കൂടിനരികിലേക്കു പോയി. അപ്പോൾ അമ്മക്കിളി തന്റെ ചിറകിനടിയിൽ കുഞ്ഞിക്കിളിയെ കിടത്തിയുറക്കിയിരിക്കുന്നു. അത് കണ്ടപ്പോൾ അവന് സന്തോഷമായി.

അപ്പു സമാധാനത്തോടെ ഉറങ്ങാൻ പോയി.



**നീരജ്. എസ്.**
എ.എൽ.പി.എസ് പാടൂർ
പാലക്കാട്

# കുഞ്ഞിക്കോഴിയും കുടയും



താരയും വിമലയും കമലയും കൂട്ടുകാരായിരുന്നു. അവർ താരയുടെ കുഞ്ഞിക്കോഴിയുമൊത്തു നടന്നു.

അവർ മല കണ്ടു. മല നിറയെ മരം കണ്ടു.

പുഴ കണ്ടു. പുഴ നിറയെ മീൻ കണ്ടു.

അപ്പോൾ പരുന്ത് അതു വഴി വന്നു.

"പടപട! പടപട!...." വിമല പുള്ളിക്കുടയിൽ കുഞ്ഞിക്കോഴിയെ ഒളിപ്പിച്ചു. മഴ വന്നു. വലിയ മഴ. അവർ പുള്ളിക്കുട ചൂടി വീട്ടിലെത്തി.



**ഫദ്‌വ**
ഗവ: മോയൻ എൽ.പി.എസ്.
പാലക്കാട്

# കുഞ്ഞിത്തത്തയുടെ മോഹം



മാവിൻകൊമ്പിൽ ഒരു അമ്മത്തത്തയും ദിവസങ്ങൾ മാത്രം പ്രായം വന്ന കുഞ്ഞിത്തത്തയും താമസിച്ചിരുന്നു. പകൽ സമയത്ത് കുഞ്ഞിനു തീറ്റതേടി അമ്മത്തത്ത കൂട്ടിൽ നിന്നും പുറത്തു പോകുമായിരുന്നു. അമ്മത്തത്ത ചിറകുകൾ വീശി കൂട്ടിൽ നിന്നും പറന്നുയരുന്നത് കുഞ്ഞിത്തത്ത മിഴിവെട്ടാതെ നോക്കി നിൽക്കും. തീറ്റയുമായി അമ്മ തിരിച്ചു വന്നപ്പോൾ കുഞ്ഞിത്തത്ത പറഞ്ഞു.

"അമ്മേ... അമ്മ ചിറകടിച്ചു പറന്നുപൊങ്ങുന്നത് കാണാൻ എന്തൊരു ഭംഗിയാണ്. എനിക്കും അമ്മയുടെകൂടെ പറക്കാൻ കൊതിയാവുന്നു. നാളെ അമ്മ തീറ്റതേടി പോകുമ്പോൾ എനിക്കും അമ്മയുടെകൂടെ പറക്കണം."

"അയ്യോ... വേണ്ടമോളെ.... അമ്മേടെ കുഞ്ഞു പറക്കാനൊന്നും ആയിട്ടില്ല. ഇപ്പൊ പറക്കാൻ ശ്രമിച്ചാൽ മോള് താഴെവീണുപോകും. പറക്കാനുള്ള ശക്തി മോളുടെ ചിറകുകൾക്ക് ആയിട്ടില്ല. ഒരാഴ്ചകൂടി കഴിഞ്ഞോട്ടെ എന്നിട്ട് അമ്മ മോളെ പറക്കാൻ പഠിപ്പിക്കാം."

"മ്..." നിരാശയോടെ കുഞ്ഞിത്തത്ത തലയാട്ടി.

അങ്ങനെ പിറ്റേദിവസവും അമ്മത്തത്ത തീറ്റതേടി പുറപ്പെടുമ്പോൾ കുഞ്ഞിത്തത്തയോട് പറഞ്ഞു, "മോളേ, കതകടച്ച് അകത്തിരുന്നോ. അമ്മ തീറ്റയുമായി ഇപ്പോ തിരിച്ചുവരാം". കുഞ്ഞിത്തത്ത തലയാട്ടി. അമ്മ ചിറകുകൾ വിടർത്തി പറന്നുയരുന്നത് കുഞ്ഞിത്തത്ത നോക്കിയിരുന്നു. അമ്മ പറക്കുന്നത് കാണാൻ എന്തൊരു രസമാ! എനിക്കും ചിറകുകൾ ഉണ്ടല്ലോ... ഒന്ന് പറന്നു നോക്കിയാലോ... ഇപ്പോൾതന്നെ പുറപ്പെട്ടാൽ എനിക്ക് അമ്മയുടെ കൂടെ പറക്കാം.... അങ്ങനെ കുഞ്ഞിത്തത്ത അമ്മയെപ്പോലെ ചിറകുകൾ വിടർത്തി പറക്കാൻ ശ്രമിച്ചു. ചിറകുകൾ



വീശി കൂട്ടിൽനിന്നും പുറത്തുകടന്നതും കുഞ്ഞിത്തത്ത താഴെവീണതും ഒരുമിച്ചായിരുന്നു. ഭാഗ്യത്തിന് അവൾക്കൊന്നും പറ്റിയില്ല. കുഞ്ഞിത്തത്തയുടെ മോഹം നടന്നില്ല. അതിന്റെ വിഷമത്തിൽ അവൾ താഴെ കിടന്നു പിടഞ്ഞു.

കുഞ്ഞിത്തത്തയുടെ ചിറകടി ശബ്ദംകേട്ട് അതുവഴി വന്ന കണ്ടൻപൂച്ച അവളെ കണ്ടു. "ഹേ, ഹേ... കോളടിച്ചല്ലോ...." വിശന്നു വലഞ്ഞ പൂച്ചക്ക് ആർത്തിമൂത്തു. ഇവളെപ്പോലെ രണ്ടെണ്ണത്തിനെ കിട്ടിയാലും എന്റെ വിശപ്പ് തീരില്ല. എന്നാലും തൽക്കാലം ഇതുകൊണ്ട് വിശപ്പടക്കാം. കണ്ടൻപൂച്ച കുഞ്ഞിത്തത്തയുടെ നേർക്ക് പതുങ്ങിപ്പതുങ്ങിചെന്നു. ആ സമയത്താണ് അമ്മയുടെ സുഹൃത്തായ മറ്റൊരു സുന്ദരിത്തത്ത അവിടേക്ക് വന്നത്. "അയ്യോ...കുഞ്ഞിത്തത്തയല്ലേ താഴെക്കിടക്കുന്നത്... ആ കണ്ടൻ പൂച്ച കുഞ്ഞിത്തത്തയുടെ നേർക്കുചെല്ലുന്നു... ഹയ്യോ! കുഞ്ഞിത്തത്തയെ ആ കണ്ടനിന്ന് കടിച്ചുകീറുമല്ലോ...

"ദേ.....കുഞ്ഞിത്തത്തയെ കൊണ്ടുപോകാൻ നിന്നെ ഞാൻ സമ്മതിക്കില്ലെടാ..." എന്നു പറഞ്ഞുകൊണ്ട് സുന്ദരിത്തത്ത പറന്നുചെന്ന് കണ്ടൻപൂച്ചയെ ആഞ്ഞൊരു കൊത്ത്. വേദനകൊണ്ടു പുളഞ്ഞ കണ്ടൻ അവിടെനിന്നും ഓടി രക്ഷപ്പെട്ടു.

ആ സമയം അമ്മത്തത്തയും അവിടേക്കെത്തി. ‘‘അയ്യോ മോളെങ്ങനെ താഴെയെത്തി....?” “ഹ്.. ഹ്...അമ്മ പുറത്തിറങ്ങിയ നേരം ഞാനും അമ്മയുടെ കൂടെ പറക്കാൻ ശ്രമിച്ചു.” കരഞ്ഞുകൊണ്ട് അവൾ പറഞ്ഞു. “ഈ സുന്ദരിത്തത്തയാ എന്നെ രക്ഷിച്ചത്.” “ശരിയാണ് ഞാനിപ്പോൾ ഇവിടേക്ക് വന്നില്ലായിരുന്നെങ്കിൽ ആ കണ്ടൻ കുഞ്ഞിനെ അകത്താക്കുമായിരുന്നു. ഭാഗ്യത്തിനാ രക്ഷപ്പെട്ടത് ...”

“നീയാണ് ശരിക്കും കൂട്ടുകാരി...” അവർ കെട്ടിപ്പിടിച്ചു.

**ഫാത്തിമ നഷ്വ. സി**
ജി.എച്ച്.എസ് മീനടത്തൂർ
മലപ്പുറം

# കിട്ടുവിന്റെ മനസ്സ്



വീട്ടുമുറ്റത്ത് മരച്ചുവട്ടിൽ കളിച്ചുകൊണ്ടിരിക്കുമ്പോഴാണ് കിട്ടു ഒരു കാഴ്ച കണ്ടത്. ഒരു തത്ത ശരീരം തളർന്ന് ആകെ ക്ഷീണിച്ച് മരച്ചുവട്ടിൽ വീണുകിടക്കുന്നു. അവൻ വേഗം ഓടിച്ചെന്ന് അതിനെ കൈയിൽ എടുത്തു. അപ്പോൾ അത് പേടിച്ചു വിറച്ച് അതിന്റെ കണ്ണിൽ നിന്ന് വെള്ളം വരുന്നതുകണ്ടു. അവൻ പറഞ്ഞു.



"പേടിക്കണ്ട ഞാൻ നിന്നെ ഒന്നുംചെയ്യില്ല." അവൻ തത്തയ്ക്ക് വയറുനിറയെ ഭക്ഷണംകൊടുത്തു. തത്തയെ അവൻ 'മിട്ടു' എന്ന് വിളിച്ചു. മിട്ടുവിന്റെ ക്ഷീണമെല്ലാം മാറി. അവർ കൂട്ടുകാരായി. അപ്പോഴാണ് കിട്ടുവിന്റെ അനിയത്തി പറഞ്ഞത്. "നമുക്ക് തത്തയെ കൂട്ടിലാക്കാം."

അതുകേട്ടപ്പോൾ മിട്ടുവിന് പേടിയായി. അവൾ കരയാൻതുടങ്ങി.

"വേണ്ട അവരെയൊന്നും കൂട്ടിൽ പിടിച്ചിടാൻ പാടില്ല. അവർ പറന്ന് കളിക്കട്ടെ അവളെ കാണാഞ്ഞാൽ അവളുടെ അച്ഛനും അമ്മയുമൊക്കെ വിഷമിക്കില്ലേ" ഇതുകേട്ടപ്പോൾ മിട്ടുവിന് സന്തോഷമായി അവൾ കിട്ടുവിനോടു നന്ദി പറഞ്ഞു. മരത്തിലേക്ക് പറന്നുപോയി .

**മുഹമ്മദ് ഫാദിൽ എ**
എ.എൽ.പി.എസ്.
ഇരിങ്ങാവൂർ നോർത്ത്, മലപ്പുറം

# പക്ഷിക്കുഞ്ഞുങ്ങളും മുല്ലവള്ളിയും





കാട്ടിൽ ഒരു വൃക്ഷത്തിൽ അമ്മപ്പക്ഷിയും കുഞ്ഞുങ്ങളും താമസിച്ചിരുന്നു. ഒരുദിവസം തീറ്റതേടിപ്പോയ അമ്മപ്പക്ഷി കൂട്ടിലേക്ക് വന്നപ്പോൾ അവർ താമസിച്ചി രുന്ന വൃക്ഷത്തിൽ മുല്ലവള്ളി ചുറ്റിക്കയറി ഇരിക്കുന്നത് കണ്ടു.

അപ്പോൾ പക്ഷിക്കുഞ്ഞുങ്ങളോട് പക്ഷിയമ്മ പറഞ്ഞു "മക്കളേ ഒരു മുല്ലവള്ളി നമ്മുടെ വൃക്ഷത്തിൽ കയറുന്നുണ്ട്. അത് നമ്മുടെ കൂടിനെ നശിപ്പിക്കും. അതിനെ പറിച്ചു കളയണം."

"അതു പറ്റില്ല അമ്മേ! അതിനെ നശിപ്പിക്കരുത്. ഞങ്ങൾ മുല്ലവള്ളിയോട് സംസാരിക്കാം." പക്ഷിക്കുഞ്ഞുങ്ങൾ പറഞ്ഞു. പക്ഷിക്കുഞ്ഞുങ്ങൾ മുല്ലവള്ളിയുടെ അടുത്ത് പോയി "മുല്ലവള്ളീ മുല്ലവള്ളീ, ഈ വൃക്ഷത്തിൽ നിന്ന് മറ്റൊരു വൃക്ഷത്തിലേക്ക് പോകുമോ, "അല്ലെങ്കിൽ ഞങ്ങളുടെ കൂട് നശിക്കും." പക്ഷിക്കുഞ്ഞുങ്ങൾ മുല്ലവള്ളിയോട് അപേക്ഷിച്ചു.

"അതിനെന്താ ഞാൻ നിങ്ങളുടെ കൂടിന്റെ കാര്യമോർത്തില്ല. എന്നാലും നിങ്ങൾ എന്റെ വള്ളി നശിപ്പിച്ചില്ലല്ലോ? ഞാൻ അടുത്ത വൃക്ഷത്തിലേക്ക് പടർന്നു കയറിക്കൊള്ളാം. നിങ്ങളുടെ നല്ല മനസ്സിന് നന്ദി." മുല്ലവള്ളി പക്ഷിക്കുഞ്ഞുങ്ങളോട് പറഞ്ഞു.

അമ്മപ്പക്ഷിക്ക് തന്റെ മക്കളുടെ നല്ല പ്രവൃത്തി കണ്ട് അഭിമാനം തോന്നി. മുല്ലവള്ളിയും പക്ഷിക്കുഞ്ഞുങ്ങളും നല്ല കൂട്ടുകാരായി മാറുകയും സന്തോഷത്തോടെ ജീവിക്കുകയും ചെയ്തു.

**അശ്വിൻകൃഷ്ണ**
ജി.എൽ.പി.എസ് പുറങ്ങ്
മലപ്പുറം

# വെളുത്തമീനും കറുത്തമീനും





ഒരു കുളത്തിൽ ഒരു കറുത്ത മീനും വെളുത്ത മീനും ഉണ്ടായിരുന്നു. വെളുത്തമീൻ എപ്പോഴും കറുത്ത മീനിനെ കളിയാക്കും. വെളുത്ത മീനിന് അവന്റെ വെളുപ്പുനിറത്തിൽ നല്ല അഹങ്കാരമുണ്ടായിരുന്നു. എന്നാൽ കറുത്തമീൻ ഒന്നും പറയാറില്ല ഒരുദിവസം ഒരു മീൻപിടുത്തക്കാരൻ കുളത്തിൽ മീൻപിടിക്കാനായി വന്നു. കറുത്ത മീൻ വേഗം കുളത്തിലെ ചെളിയിൽ ഒളിച്ചിരുന്നു വെളുത്ത മീൻ ഒളിച്ചെങ്കിലും മീൻപിടുത്തക്കാരൻ കണ്ടുപിടിച്ചു. അവന്റെ വെളുപ്പ് നിറംകൊണ്ടാണ് എളുപ്പം കാണാനായത്. പക്ഷേ വെളുത്ത മീൻ ഒരുവിധം രക്ഷപ്പെട്ടു. വെളുത്ത മീനിന് തെറ്റു മനസ്സിലായി. കറുത്ത മീനിന്റെ അടുത്തുചെന്ന് മാപ്പു പറഞ്ഞു. ഇനിയൊരിക്കലും ആരേയും പരിഹസിക്കില്ലെന്ന് വെളുത്തമീൻ പറഞ്ഞു. പിന്നീടവർ കൂട്ടുകാരായി ജീവിച്ചു.

**ശ്രീവിനായക് എം**
ജി.എൽ.പി.എസ്.പരിയാപുരം
മലപ്പുറം

# മിന്നാമിനുങ്ങ്





നല്ല ഇടിയും മഴയും ഉള്ള ഒരു രാത്രി. ഞാൻ ഹോംവർക്ക് ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്ന് കറണ്ടു പോയി. ഞാൻ പേടിച്ചു. ഒരു മഞ്ഞ വെളിച്ചം അടുത്തേക്കു വരുന്നതുപോലെ എനിക്കു തോന്നി. ഞാൻ പേടിച്ച് മേശയുടെ അടിയിൽ ഒളിച്ചിരുന്നു. പിന്നെയാണ് മനസ്സിലായത്, അത് ഒരു മിന്നാമിനുങ്ങാണെന്ന്. ഞാൻ മെല്ലെ കസേരയിലേക്ക് കയറിയിരുന്നു. അപ്പോൾ ആ മിന്നാമിനുങ്ങ് എന്റെ കൈയിൽ വന്നിരുന്നു. ആ മുറിയിൽ മുഴുവൻ വെളിച്ചം നിറഞ്ഞു.

**ദേവനന്ദ**
വി.പി.എ.യു.പി.എസ് വിളയിൽപറപ്പൂർ,
മലപ്പുറം



# കാത്തിരിപ്പ്

ഒരിടത്ത് ഒരു അമ്മവേഴാമ്പലും കുഞ്ഞുവേഴാമ്പലും ഉണ്ടായിരുന്നു. വേഴാമ്പൽ മഴവെള്ളമാണല്ലോ കുടിക്കുന്നത്. അങ്ങനെയിരിക്കെ ഒരു ദിവസം അമ്മവേഴാമ്പലിനോട് കുഞ്ഞുവേഴാമ്പൽ വാശിപിടിച്ചു.

“എന്തുകൊണ്ട് നമുക്കുമാത്രം മഴവെള്ളത്തിനായി കാത്തിരിക്കണം? നമുക്കു ചുറ്റും ധാരാളം വെള്ളം ഉണ്ടല്ലോ. മറ്റുള്ളവരെപോലെ നമുക്കും അതു കുടിച്ചാൽ പോരേ? ഇത്രയും ദാഹിച്ചു നിൽക്കണോ?” കുഞ്ഞുവേഴാമ്പൽ അമ്മയോടു ദേഷ്യപ്പെട്ടു. അപ്പോൾ അമ്മവേഴാമ്പൽ പറഞ്ഞു, “കുഞ്ഞേ നീ ദേഷ്യപ്പെടല്ലേ, നമ്മൾ കാത്തിരിക്കണം.” ഇതു കേൾക്കാതെ കുഞ്ഞുവേഴാമ്പൽ അമ്മയോട് വഴക്കിട്ട് പറന്ന് ദൂരെ ഒരു മരക്കൊമ്പിൽ ചെന്നിരുന്നു. അപ്പോഴാണ് ഒരു കുഞ്ഞുകാക്കയും അമ്മക്കാക്കയും സംസാരിക്കുന്നത് കേട്ടത്. അമ്മക്കാക്കയോട് കുഞ്ഞുകാക്ക ദേഷ്യപ്പെടുകയാണ്.



അപ്പോൾ അമ്മക്കാക്ക കുഞ്ഞുകാക്കയോടു പറഞ്ഞു. “മകനേ, നീ ദേഷ്യപ്പെടുന്നത് നല്ലതല്ല. നീ വേഴാമ്പലിനെ കണ്ടിട്ടില്ലേ, അവരുടെ കാത്തിരിപ്പ് കണ്ടിട്ടില്ലേ. നമുക്കു ചുറ്റും എന്തു മാത്രം വെള്ളം വെറുതെ കിടക്കുന്നു? എന്നിട്ടും അവർ അത് കുടിക്കാറില്ല. അവർ ക്ഷമയോടെ കാത്തിരിക്കും മഴവെള്ളത്തിനായി. അതുപോലെ നമ്മൾ എപ്പോഴും ക്ഷമയോടെ കാത്തിരിക്കണം. അതിന് വേഴാമ്പൽ തന്നെയാണ് ഏറ്റവും നല്ല ഉദാഹരണം.” ഇതു കേട്ട കുഞ്ഞുവേഴാമ്പലിന് തെറ്റ് മനസ്സിലായി.

**ആബേൽ ആന്റണി**
സെന്റ്. ജോസഫ്സ് എൽ.പി.എസ് വാടേൽ
എറണാകുളം



# കുട്ടിത്തവളകളുടെ മരവണ്ടി

കുന്നിന്റെ താഴ്വരയിലുള്ള അരുവിയിൽ മണ്ടന്മാരായ നാലു തവള ക്കുട്ടികളുണ്ടായിരുന്നു. മുത്തു, ജിത്തു, കിട്ടു, കുട്ടു എന്നിവരാ യിരുന്നു അവർ. ഒരു ദിവസം മഴയത്ത് പാട്ടുപാടി നടന്നുതളർന്ന അവർ അമ്മയോട് പറഞ്ഞു.

"അമ്മേ വിശക്കുന്നുണ്ട് വല്ലതും തരണേ.." അതുകേട്ട് അമ്മത്തവള പറഞ്ഞു. അതിനെന്താ, തരാമല്ലോ." പക്ഷേ, അമ്മത്തവള കൊടുത്തതൊന്നും ആർത്തിക്കാരായ മക്കൾക്ക് മതിയായില്ല. അവർ അമ്മയോട് വീണ്ടും ഭക്ഷണം ചോദിച്ചു. അതുകേട്ട് ദേഷ്യം വന്ന അമ്മ പറഞ്ഞു. "എന്നെക്കാൾ വളർന്ന നിങ്ങളെ തീറ്റിപ്പോറ്റാൻ എന്നെക്കൊണ്ട് വയ്യ." അതുകേട്ട് നാലു തവളക്കുട്ടൻമാർക്കും സങ്കടമായി. അവർ അമ്മയോട് പിണങ്ങി. അവർ മൂത്ത തവളക്കുട്ടന്റെ നേതൃത്വത്തിൽ നാടുവിടാൻ തീരുമാനിച്ചു. അപ്പോൾ ഒഴുകിവരുന്ന ഒരു മരക്കഷണത്തെ മൂത്തവനായ മുത്തു കണ്ടു. അവൻ പറഞ്ഞു. "അനിയന്മാരെ....അതിൽ കയറി നമുക്ക് അക്കരെ എത്താം."



''അതു കൊള്ളാം... അനിയന്മാർ പറഞ്ഞു. "അവിടെ നമുക്ക് അമ്മയുടെ ശകാരം കേൾക്കാതെ സുഖമായി ജീവിക്കാം.'' രണ്ടാമൻ ജിത്തു പറഞ്ഞു. അവർ മരക്കഷണത്തിൽ ചാടിക്കയറി. പാട്ടു പാടി സന്തോഷ ത്തോടെ ഒഴുകിപ്പോയി. ഒത്തിരി നേരം കഴിഞ്ഞു. തവളകൾക്ക് വിശക്കാൻ തുടങ്ങി. അവർ അമ്മയെ കാണണമെന്ന് പറഞ്ഞു കരയാൻ തുടങ്ങി. അനിയന്മാരുടെ കരച്ചിൽ കണ്ട മുത്തു "നമ്മൾ ഒരുപാട് ദൂരത്ത് എത്തി ഇനി നമുക്ക് ഒരിക്കലും അമ്മയെ കാണാൻ പറ്റില്ല" എന്നു പറഞ്ഞു കരച്ചിലായി. അപ്പോഴതാ മരക്കഷണ ത്തിന്റെ അടിയിൽ ഒരു തല പൊന്തിവരുന്നു. അമ്മത്തവളയും അച്ഛൻ തവളയും. അവർ ആശ്ചര്യത്തോടെ ചോദിച്ചു. "മണ്ടന്മാരെ നിങ്ങൾ ദൂരെപ്പോയെങ്കിലും നിങ്ങൾ ഉറങ്ങിയപ്പോൾ കാറ്റടിച്ച് മരക്കഷണം ഇങ്ങോട്ടുതന്നെ ഒഴുകിയെത്തി." അതുകേട്ട് തവളക്കുട്ടികൾക്ക് സന്തോഷമായി. അവൾ പറഞ്ഞു. "സ്വന്തമായി ഇര പിടിക്ക്..ഞങ്ങൾ സഹായിക്കാം." അങ്ങനെ തവളകൾ എല്ലാം ഇര പിടിക്കാൻ തുടങ്ങി. അച്ഛനുമമ്മയും അവരെ സഹായിച്ചു. അങ്ങനെ ഇരപിടിക്കാൻ മിടുക്കന്മാരായി മാറിയ തവളക്കുട്ടന്മാർ അച്ഛനും അമ്മയ്ക്കും ഒപ്പം സന്തോഷത്തോടെ ജീവിച്ചു.

**ആഷ്നിക. വി**
എ.എൽ.പി.എസ് തായംപൊയിൽ
കണ്ണൂർ

# സ്വാതന്ത്ര്യം



ഇന്ന് കുറെയധികം കിളികളുണ്ടല്ലോ! ചിന്നുക്കുട്ടി മരക്കൊമ്പുകളിലേക്ക് സൂക്ഷ്മതയോടെ നോക്കിക്കൊണ്ട് വരാന്തയിൽ നിന്നു. "ഇത്രയധികം കിളികൾ ഈ പറമ്പിലൊക്കെ വരാറുണ്ടായിരുന്നോ? മുമ്പൊന്നും ഇവയെ കണ്ടിട്ടില്ലല്ലോ."
ചിന്നു അതിശയത്തോടെ ഓർത്തു. ഇപ്പോൾ കുറച്ചു ദിവസമായി ഇതാണ് ചിന്നുവിന്റെ പരിപാടി. "ചിന്നു നീയിതെവിടെയാ? എന്തെടുക്കുവാ?" അമ്മ അടുക്കളയിൽ നിന്ന് വിളിച്ചു ചോദിച്ചു. "അമ്മയല്ലേ പറഞ്ഞത്. ടി.വി. അധികനേരം കാണണ്ടായെന്ന്... അതുകൊണ്ട് ഞാൻ ഈ മുറ്റത്തുകൂടിയും പറമ്പിൽകൂടിയുമൊക്കെ നടക്കുവാ... ഞാൻ പിന്നെയെന്തു ചെയ്യാനാ... എനിക്ക് കളിക്കാനും ആരും കൂട്ടില്ല." വരാന്തയിൽ നിന്നും മുറ്റത്തേക്കിറങ്ങിക്കൊണ്ട് ചിന്നു വിളിച്ചു പറഞ്ഞു, നടക്കുന്നതിനിടയിൽ അമ്മുവിന്റെ വീട്ടിലേക്ക് എത്തിനോക്കി. അമ്മുവും ചേച്ചിയും എന്തോ കളിക്കുന്നുണ്ട്. "ഈ നശിച്ച കൊറോണ കാരണം സ്കൂളിലും പോകാൻ പറ്റുന്നില്ല." ചിന്നു പിറുപിറുത്തു.



ഇന്നലെ കാണാത്ത ഒരാളുകൂടി ഇന്നുണ്ടല്ലോ. ഈ കിളിയുടെ പേരെന്താണാവോ? ആരോടാ ചോദിക്കുക? അമ്മയെ വിളിച്ചാൽ വരില്ല. പണികൾ തീരാനുണ്ടെന്നു പറയും. ങാ, ഒരു വഴിയുണ്ട്.

വൈകിട്ട് അപ്പുമാമന്റെ മോൻ വിളിച്ചപ്പോൾ അന്നു കണ്ട കിളികളെക്കുറിച്ചെല്ലാം ചിന്നു വാതോരാതെ സംസാരിച്ചു. അതു കേട്ടപ്പോൾ ഉണ്ണിക്കും കിളികളെ കാണാനാഗ്രഹം. പിറ്റേന്നു തന്നെ അച്ഛന്റെ ഒപ്പം ഉണ്ണി ചിന്നുവിന്റെ വീട്ടിലെത്തി. തൊടിയിലെ മരങ്ങളിൽ കൂടി പറന്നുനടക്കുന്ന തത്തയേയും മൈനയേയും ഇരട്ടവാലൻ കിളിയേയും ഒക്കെ കണ്ടപ്പോൾ അവയെ പിടിക്കാൻ അതിയായ ആഗ്രഹം. പക്ഷേ ചിന്നു സമ്മതിച്ചില്ല.

ചിന്നുവിന്റെ കണ്ണുവെട്ടിച്ച് അച്ഛന്റെ സഹായത്തോടെ ഉണ്ണി ഒരു തത്തക്കുഞ്ഞിനെ പിടിച്ചു. ഉണ്ണിയുടെ കൈയിലിരുന്ന് തത്തക്കുഞ്ഞ് കരയുന്ന സ്വരം കേട്ടാണ് ചിന്നു ഓടിവന്നത്. അവൾക്കാകെ സങ്കടമായി. പാവം തത്തക്കുഞ്ഞ്! അവൾ പിന്നിലൂടെ പതുങ്ങിച്ചെന്ന് ഉണ്ണിയുടെ കൈക്കിട്ട് ഒറ്റത്തട്ടു കൊടുത്തു. ഉണ്ണിയുടെ പിടി അയഞ്ഞപ്പോൾ തത്തക്കുഞ്ഞ് പൊങ്ങിപ്പറന്നുപോയി. പുറകെ ഓടാനാഞ്ഞ ഉണ്ണിയെ തടഞ്ഞുകൊണ്ട് ചിന്നു പറഞ്ഞു, “വേണ്ട ഉണ്ണിച്ചേട്ടാ, അത് പൊയ്ക്കോട്ടെ.”

അവർ രണ്ടുപേരും സന്തോഷത്തോടെ തത്തക്കുഞ്ഞ് പറന്നു പോകുന്നത് നോക്കിനിന്നു.

**എയ്ഞ്ചലിൻ പ്രശാന്ത്**
എസ്.എം.എൽ.പി.എസ്.കാളിയാർ,
ഇടുക്കി

# ചിഞ്ചുപ്പൂച്ച



ഒരിക്കൽ ചിഞ്ചു എന്ന പൂച്ച നടക്കാനിറങ്ങി. കാടും മേടും താണ്ടി നടന്ന് മടുത്തു. വിശ്രമിക്കാനായി അവൾ ഒരു മരത്തിന്റെ ചുവട്ടിൽ ഇരുന്നു. പാവം ചിഞ്ചു. ക്ഷീണത്താൽ പെട്ടെന്ന് ഉറങ്ങിപ്പോയി മരക്കൊമ്പിൽ ഒരു കഴുകൻ പതിയിരുപ്പുണ്ടായിരുന്നു. ആഹാരം കിട്ടാതെ വിഷമിച്ചിരുന്നപ്പോഴാണ് ചിഞ്ചുവിനെ കണ്ടത്. ചിഞ്ചുപ്പൂച്ച ഇരുന്ന മരത്തിനു സമീപം ഒരു ചെറിയ കുളമുണ്ടായിരുന്നു.



കഴുകനെ കണ്ടാൽ ചിഞ്ചുപ്പൂച്ച ഉറപ്പായും ഭയപ്പെടും. അതുകൊണ്ട് കഴുകൻ ഒരു ബുദ്ധി പ്രയോഗിച്ചു.

“പൂച്ചേ, പൂച്ചേ, നീ വേഗം എഴുന്നേൽക്ക്” ചിഞ്ചുപ്പൂച്ച ചാടിയെണീറ്റു. “നീ എന്നെ ഭയക്കണ്ട ഞാൻ നിന്നെ രക്ഷിക്കാൻ വന്നതാണ്. ഈ കുളത്തിൽ നിറയെ മുതലകളാണ്. അവ നിന്നെ കണ്ടാൽ കഥ കഴിക്കും. ഇവിടുന്ന് വേഗം പൊയ്ക്കോ”

"അയ്യോ! ഞാനാകെ ക്ഷീണിച്ചിരിക്കുകയാണ് ഒരടി നടക്കാൻ വയ്യ." ചിഞ്ചുപൂച്ച പറഞ്ഞു.

"ഞാൻ നിന്നെ എന്റെ പുറത്തിരുത്തിക്കൊളളാം."

ഇതു കേട്ടയുടൻ പൂച്ച കഴുകന്റെ പുറത്തു കയറി. കഴുകൻ പൂച്ചയെയും കൊണ്ട് വലിയ ഗുഹക്കുളളിലേക്ക് പറന്നു. അപായസൂചന മനസ്സിലാക്കിയ ചിഞ്ചു ആകെ വിഷമിച്ചു. അവൾ ഉറക്കെ കരയാൻ ശ്രമിച്ചു. എന്നാൽ ശബ്ദം പുറത്തേക്ക് വന്നില്ല.

ഗുഹയ്ക്കുളളിൽ കയറിയതും ഒരു വലിയ പാമ്പ് കഴുകനു നേരെ വന്നു. കഴുകൻ പേടിച്ചു വിറച്ചു. അവിടെ നിന്നും വീണ്ടും പറന്നു. അങ്ങനെ ഒരു വലിയ മരക്കൊമ്പിൽ ചെന്നിരുന്നു.

ആ മരത്തിലാകട്ടെ നിറയെ ഉറുമ്പുണ്ടായിരുന്നു. ഉറുമ്പിന്റെ കടിയേറ്റ് കഴുകൻ ആകെ പിടഞ്ഞു. ചിഞ്ചുപ്പൂച്ചയെ വിട്ട് കഴുകൻ പറന്നു രക്ഷപ്പെട്ടു.

ഒരു വിധത്തിൽ മരത്തിൽ നിന്നും ഇറങ്ങി വന്ന ചിഞ്ചുപ്പൂച്ച സ്ഥലമേതെന്നറിയാതെ നിന്നു. അപ്പോഴതാ അവളുടെ കൂട്ടുകാരിയായ അമ്മുപ്പൂച്ച ഒരു തോണി തുഴഞ്ഞ് പുഴയിൽ കൂടി വരുന്നു. "അമ്മൂ! അമ്മൂ!" ചിഞ്ചുപ്പൂച്ച ഉറക്കെ വിളിച്ചു. അങ്ങനെ അമ്മുപ്പൂച്ചയുടെ തോണിയിൽ കയറി ചിഞ്ചുപ്പൂച്ച വീട്ടിലെത്തി.

**അക്ഷയ് രാഹുൽ**
ജി.യു.പി.എസ്.പെരുവന്താനം
ഇടുക്കി

# ഉണ്ണിയുടെ സങ്കടം



**ഉ**ണ്ണിക്ക് മീനുകളെ വല്ല്യ ഇഷ്ടമാണ്. അവന്റെ ഇഷ്ടം മനസ്സിലാക്കിയ അമ്മ മീൻകുഞ്ഞുങ്ങളെ സമ്മാനമായി നൽകി. മുറ്റത്തൊരു കുഞ്ഞുകുളം ഉണ്ടാക്കി ഉണ്ണി മീൻകുഞ്ഞുങ്ങളെ അതിലിട്ടു. ഉണ്ണി എണീറ്റയുടൻ മീനുകളെ കാണാൻ പോകും അവയെ തലോടും സംസാരിക്കും. അങ്ങനെയിരിക്കെ ഒരു ദിവസം കുളത്തിൽ കുറേ



കുഞ്ഞുമീനുകൾ. ഉണ്ണി സന്തോഷം കൊണ്ട് തുള്ളിച്ചാടി. കൂട്ടത്തിൽ ഏറ്റവും ചെറിയവനായ പൊടിക്കുട്ടനെയാണ് ഉണ്ണിക്ക് ഇഷ്ടം രണ്ടുനാൾ തുടർച്ചയായി മഴ പെയ്തു. പതിവുപോലെ ഉണ്ണി മീനിനെ കാണാൻ പോയി.. വെള്ളത്തിന് അനക്കമില്ല. പായലുകൾക്കിടയിലൂടെ നോക്കിയ ഉണ്ണിയുടെ കണ്ണുകൾ നിറഞ്ഞു.

ഒരു മീൻ അനങ്ങാതെ കിടക്കുന്നു. ചുറ്റും കണ്ണോടിച്ചപ്പോൾ തന്റെ പൊടിക്കുട്ടൻ ഉൾപ്പെടെ എല്ലാം നിശ്ചലമാണ്. സങ്കടം സഹിക്കാനാവുന്നില്ല. ഉണ്ണി കരഞ്ഞു. അമ്മ അവനെ സമാധാനിപ്പിച്ചു.

**ദേവാനന്ദ് വി.സി**
ജി.എൽ.പി.എസ് ഡാലുംമുഖം,
തിരുവനന്തപുരം

കേരള സർക്കാർ

പൊതുവിദ്യാഭ്യാസ വകുപ്പ്

എഴുത്തുപച്ച

# കഥക്കൂട്ട്

## കുട്ടികളുടെ കഥകൾ (എൽ.പി വിഭാഗം)

സമഗ്ര ശിക്ഷാ കേരളം

Front Cover Picture



**Hamna A.P.**
GHSS Kodumunda,
Palakkad

Back Cover Picture



**AMEYA N.P**
St. Joseph's HSS
Mathilakam, Thrissur

Kathakoottu
Stories (L.P Malayalam)
Writings of Children
First Edition : 2022 March
Illustration : Santhosh.K, Leenus V, Anilkumar M.V, Sujeer Deth C.V, Athulkumar.T, Nassarudeen. T.K

Ezhuthupacha 2022 series Book No $\left(\frac{7}{55}\right)$

Prepared using the SSK, Library Grant 2021-22

Published By: State Project Director, Samagra Shiksha, Kerala,
SSA Bhavan, Nandavanam, Thiruvananthapuram -33
General Education Department
Government of Kerala
Not for sale

# എഴുത്തുപച്ച

നക്ഷത്രങ്ങളാണ് കുട്ടികൾ. കാണുന്നതിലേറെയാണ് അവരുടെ തിളക്കം. പൊതുവിദ്യാലയങ്ങളിലെ ഈ നക്ഷത്രങ്ങളുടെ പ്രകാശം സമൂഹത്തിലേക്ക് പരത്താൻ സമഗ്രശിക്ഷ കേരളം തുടർച്ചയായി പരിശ്രമിച്ചു കൊണ്ടിരിക്കുന്നു.

കുട്ടികളെഴുതിയ കവിതകളും കഥകളും ചേർത്ത് **'എഴുത്തുപച്ച'** എന്ന പുസ്തക പരമ്പര പുറത്തിറക്കുന്നു. ഇതിലെ ഓരോ രചനയും സർഗാത്മകതയെ അടയാളപ്പെടുത്തുന്നുണ്ട്. ഈ പുസ്തക പരമ്പര നമ്മുടെ സ്കൂൾ ലൈബ്രറികളെ കൂടുതൽ സമ്പന്നമാക്കും.

സ്കൂളുകളിൽനിന്ന് ലഭിച്ച രചനകൾ ബി.ആർ.സി-ജില്ല-സംസ്ഥാനതലങ്ങളിൽ പരിശോധിച്ച്, മികച്ച രചനകളും ചിത്രങ്ങളും ചേർത്ത് ആകർഷകമാക്കിയതാണ് എഴുത്തുപച്ച പരമ്പരയിലെ ഓരോ പുസ്തകവും. എല്ലാ പുസ്തകങ്ങളുടെയും മുഖചിത്രം വരച്ചത് കുട്ടികൾതന്നെയാണ്.

എഴുത്തുപച്ച പുസ്തകപരമ്പരയിൽ എൽ.പി.വിഭാഗം കുട്ടികൾക്കുള്ള പത്ത് കഥകളാണ് **കഥക്കൂട്ട്.** ഇതിലെ ഓരോ കഥയും കുട്ടികളുടേതായ ലോകത്തിന്റെ പല ഭാഗത്തുനിന്നുമുള്ള കാഴ്ചകളാണ്. കുട്ടികൾ അവരുടെ സന്തോഷവും സങ്കടവും കഥയിലൂടെ പങ്കിടുന്നുണ്ട്. കഥ പറയുന്ന രീതിയിൽ വലിയ മാറ്റങ്ങൾ വരുത്താൻ കഴിയുന്നില്ലെങ്കിലും പ്രമേയസ്വീകരണത്തിൽ വൈവിധ്യം കാണാം. ഇവയുടെ വായനയും ചർച്ചയും സമാനമായ നിരവധി കഥാസന്ദർഭങ്ങളിലേക്ക് കുട്ടികളെ നയിക്കാൻ സഹായകമാണ്.

അധികവായനയ്ക്കും തുടർപ്രവർത്തനങ്ങൾക്കുമായി ക്ലാസ്മുറികളിൽ ഈ പുസ്തകം പ്രയോജനപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡോ. സുപ്രിയ എ.ആർ**
**സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ**
**സമഗ്രശിക്ഷ കേരളം**

## അകംപുറങ്ങളിൽ


| | | |
|---|---|---|
| 1. കൂട്ടുകാരി | : | 5 |
| 2. രാത്രി | : | 6 |
| 3. നല്ല സുഹൃത്ത് | : | 7 |
| 4. കിച്ചു | : | 8 |
| 5. ആമ്പൽപ്പൂക്കൾ | : | 9 |
| 6. സുന്ദരിപ്പശുവും മാൻകുട്ടിയും | : | 11 |
| 7. ആത്മാർത്ഥ സുഹൃത്തുക്കൾ | : | 13 |
| 8. ചങ്ങാതിമാരായ ശില്പികൾ | : | 15 |
| 9. കള്ളന്റെ വിനോദയാത്ര | : | 17 |
| 10. അപ്പുവിന്റെ യാത്ര | : | 19 |

# കൂട്ടുകാരി



സൈക്കിളാണ് എന്റെ പ്രിയകൂട്ടുകാരി.

ഒരു വർഷമായി അവൾ കൂടെ കൂടിയിട്ട്.

'ണിം ണിം' എന്ന ശബ്ദത്തോടെ എന്റെകൂടെ കളിക്കും.

ചുവപ്പും കറുപ്പും ഇടകലർന്നതാണ് അവളുടെനിറം. നല്ല സുന്ദരിയാണ്. എങ്ങോട്ട് വേണമെങ്കിലും അവൾ എന്നെ കൊണ്ടുപോകും. അതിനവൾക്ക് ഒരു മടിയും ഇല്ല.

അവളുടെ പുറത്തുകയറിപ്പോവാൻ നല്ല രസമാണ്. ആരും എന്നെ കളിക്കാൻ കൂട്ടിയില്ലെങ്കിലും അവൾ എന്റെകൂടെ കളിക്കും. സൈക്കിൾമത്സരം നടക്കുമ്പോൾ അവൾ എന്നെ ഒന്നാമതാക്കാൻ പരമാവധി ശ്രമിക്കും.

ഇടയ്ക്കിടെ അവൾക്ക് ചെറിയ പരിക്ക് പറ്റാറുണ്ട്. ആണിയോ മൊട്ടുസൂചിയോ അവളുടെ കാലിൽ തുളച്ചുകയറിയാൽ പിന്നെ അനങ്ങാൻ പറ്റില്ല. അപ്പോൾ എനിക്ക് ഭയങ്കര സങ്കടമാണ്. അതുകൊണ്ട് ഞാൻ വളരെ ശ്രദ്ധിച്ചേ എങ്ങോട്ടും കൊണ്ടു പോവാറുള്ളൂ.

അവൾ എന്നോട് പിണങ്ങിയിട്ടേയില്ല. എന്റെ കൂട്ടുകാരിൽ വെച്ച് പിണങ്ങാത്ത തായി അവൾ മാത്രമേയുള്ളൂ.

എന്നും അവൾ എനിക്ക് പ്രിയപ്പെട്ടവളായിരിക്കും.



**ദേവനന്ദ എം ആർ**
എ.എൽ.പി.എസ്. പെരുമാങ്ങോട്, പാലക്കാട്



# രാത്രി



സ്വർണ്ണപ്പന്ത് കടലിന്റെ ആഴങ്ങളിലേക്ക് ഒറ്റച്ചാട്ടം. വെള്ളിക്കിണ്ണം സ്വർണ്ണപ്പന്തിനെ പിടിച്ചു കേറ്റാൻ ശ്രമിച്ചെങ്കിലും അതിനായില്ല.

സ്വർണ്ണപ്പന്ത് വെള്ളിക്കിണ്ണത്തിന് പ്രകാശം നൽകി ആകാശത്തേക്ക് വിട്ടു. അതാ മിന്നിമിന്നി താരകങ്ങൾ വെള്ളിക്കിണ്ണത്തിൻ സഖിമാരായി നിൽക്കുന്നു.

**നന്ദിത.എം.എൻ.**
ജി.എൽ.പി.എസ്.വെള്ളിനേഴി
പാലക്കാട്

# നല്ല സുഹൃത്ത്



ഒരിടത്തൊരിടത്ത് രണ്ട് ചങ്ങാതിമാർ ഉണ്ടായിരുന്നു. ചന്തുവും നന്ദുവും എന്നായിരുന്നു അവരുടെ പേര്. നല്ല സുഹൃത്തുക്കളായ അവർ എപ്പോഴും ഒരുമിച്ചേ നടക്കാറുള്ളു. സ്ക്കൂളിലേക്ക് പോവുന്നതും വരുന്നതും ഒരുമിച്ചായിരുന്നു. പഠിക്കാൻ നല്ല മിടുക്കരായിരുന്നു. അതുകൊണ്ടുതന്നെ അധ്യാപകർക്കെല്ലാം അവരെ വളരെ ഇഷ്ടമായിരുന്നു.



നന്നായി പഠിച്ച് എന്നും ഒന്നാമനാവുക എന്നത് രണ്ടുപേരുടെയും മോഹമാണ്. ക്ലാസിലെ സൗമ്യടീച്ചറെ അവർക്ക് ഏറെ ഇഷ്ടമാണ്. നല്ല മാർക്ക് മേടിക്കുന്ന കുട്ടികൾക്ക് ടീച്ചർ സമ്മാനങ്ങൾ കൊടുക്കും.

ഒരു ദിവസം കണക്ക്പരീക്ഷയിൽ നന്ദുവിന് ഒരു മാർക്ക് കുറഞ്ഞുപോയി. നന്ദുവിന് ഏറെ വിഷമമായി. ടീച്ചർ ഒരു വലിയ ചോക്ലേറ്റ് മിഠായി എടുത്ത് ചന്തുവിന് കൊടുത്തു. അപ്പോഴാണ് ചന്തു മറ്റു കുട്ടികളേയും ഓർത്തത്.

അവരുടെ മുഖത്തെല്ലാം വിഷമമുണ്ട്. പ്രിയ സുഹൃത്തിന്റെ വിഷമം കണ്ടപ്പോഴാണ് ക്ലാസിലെ മറ്റു കുട്ടികളെക്കുറിച്ച് ചന്തു ചിന്തിച്ചത്.

പരീക്ഷയിൽ മാർക്ക് കുറയുമ്പോൾ അവർക്കുമുണ്ടാവില്ലേ ഇതേ വിഷമം. അവനാ മിഠായി പൊട്ടിച്ച് തുല്ല്യമായി വീതിച്ച് പ്രിയ കൂട്ടുകാരനും ക്ലാസിലെ എല്ലാ കുട്ടികൾക്കും നൽകി. എന്നിട്ട് ടീച്ചറോട് ഇങ്ങനെ പറഞ്ഞു

"ടീച്ചറേ, അടുത്ത പരീക്ഷയിൽ ഒരാൾക്ക് മാത്രമല്ല ഞങ്ങൾക്കെല്ലാവർക്കും സമ്മാനം തരേണ്ടി വരും. ഇനിമുതൽ ഞങ്ങൾ ഒറ്റക്കല്ല പഠിക്കുന്നത്. ഞങ്ങളെല്ലാം ഒരുമിച്ച് ഒറ്റക്കെട്ടായ് പഠിച്ചു മുന്നേറും."

ടീച്ചർ ചന്തുവിനെ ചേർത്തുപിടിച്ചു

**ആദിദേവ്.ടി.എസ്**
എ.എൽ.പി.എസ് മുണ്ടക്കോട്ടുക്കുറുശ്ശി
പാലക്കാട്



# കിച്ചു

ഒരു പൂച്ചക്കുട്ടിയുമായാണ് അച്ഛൻ വീട്ടിലെത്തിയത്.

“വഴിയിൽ നിന്നും കരഞ്ഞുകൊണ്ട് ഒപ്പം കൂടിയതാ. വിളിച്ചപ്പോൾ കൂടെപ്പോന്നു. ഏതോ വീട്ടിൽ വളർന്നതാണെന്ന് തോന്നുന്നു.” അച്ഛൻ അമ്മയോട് പറഞ്ഞു.

“നല്ല ഇണക്കമുണ്ട്. ഇവിടെയെവിടെയെങ്കിലും കൊണ്ടുവന്ന് ഒഴിവാക്കിയതാവും. നീ അല്പം ചോറെടുക്ക്...”

അച്ഛന്റെ സംസാരവും പൂച്ചയുടെ കരച്ചിലുംകേട്ട് ഉണ്ണിക്കുട്ടൻ ഉമ്മറത്തേക്കോടിയെത്തി. അമ്മ കൊടുത്ത ചോറും മീനും തിന്നുകയാണ് പൂച്ച.



ഉണ്ണിക്കുട്ടന് സന്തോഷമായി.അവൻ പൂച്ചക്കൊരു പേരിട്ടു. കിച്ചു. ഉണ്ണിക്കുട്ടനും കിച്ചുവും നല്ല കൂട്ടുകാരായി. “കിച്ചൂ...” എന്ന് നീട്ടി വിളിച്ചാൽ എവിടെയാണെങ്കിലും അവനോടിയെത്തും.

ഇതിനിടയിൽ നാട്ടിൽ കൊറോണ പടർന്നുപിടിക്കാൻ തുടങ്ങി. ലോക്ക്ഡൗണായി, കുറേ ദിവസം മീനൊന്നും കിട്ടാതെയായപ്പോൾ ദോശയും, ചപ്പാത്തിയും, ചോറും മാത്രമായി കിച്ചുവിന്റെ ഭക്ഷണം. കിച്ചു വീട്ടിലെ ഒരംഗമായി മാറിയിരുന്നു.

മാസങ്ങൾ കഴിഞ്ഞു. ഒരു ദിവസം രാവിലെ കിച്ചുവിനെ കണ്ടില്ല. ദിവസങ്ങൾ കടന്നുപോയി കിച്ചു വന്നില്ല. വീടിനു തൊട്ടടുത്തുള്ള റെയിൽപ്പാളത്തിലേക്ക് നോക്കി അച്ഛൻ പറഞ്ഞു.

“ഇനി ട്രെയിനിനടീലെങ്ങാനും പെട്ടോ, ആവോ... പാവം!”

ഉണ്ണിക്കുട്ടന് സങ്കടമായി. അവൻ ദിവസവും രാവിലെ എഴുന്നേറ്റാൽ പ്രതീക്ഷയോടെയാണ് മുറ്റത്തേക്കിറങ്ങുന്നത്.

കിച്ചു തിരിച്ചുവരും. അവൻ കാത്തിരിപ്പ് തുടരുന്നു.

**യാസീൻ മുബാരക്ക്**
ഓർഫനേജ്. എ.എൽ.പി.എസ്.
വല്ലപ്പുഴ, പാലക്കാട്

# ആമ്പൽപ്പൂക്കൾ



"നാളെയല്ലേ ആമിക്ക് സ്കൂൾ തുറക്കുന്നത്?"

"അതെ, ഞാനെന്റെ പുതിയ കുടയും ബാഗും ഒക്കെയായി പോകും."

"ആമി ക്ലാസ്സിലെത്തിയാൽ കരയോ?"

"അതെന്തിനാ അമ്മൂമ്മേ കരയുന്നത്?"

"അത് ഒന്നുമില്ല മോളേ.. അമ്മൂമ്മ വെറുതെ ചോദിച്ചതാ"

എന്നാലും എന്തിനായിരിക്കും കുട്ടികൾ കരയുന്നുണ്ടാവുക?

ഞാൻ എത്ര ആലോചിച്ചിട്ടും പിടികിട്ടിയില്ല.

ഒരുപാട് സന്തോഷത്തോടെ ഞാൻ സ്കൂളിലേക്ക് പോയി എന്നെ ബെഞ്ചിലിരുത്തി അച്ഛൻ വരാന്തയിൽ നിന്നു. മറ്റു കുട്ടികൾ ഉറക്കേ ഉറക്കേ കരയുന്നുണ്ട്. "ച്ച് ന്റമ്മേന്റടുത്ത് പോകണം.."

എന്റെ അടുത്തിരുന്ന കുട്ടി ബഹളംവെച്ചു. ഞങ്ങൾ കരയാതിരിക്കാൻ മാഷ് കളിപ്പാട്ടങ്ങളൊക്കെ തന്നിട്ടുണ്ട്. ആരും അതൊന്നും ശ്രദ്ധിക്കുന്നതേയില്ല. എനിക്കൊരു പാവക്കുട്ടിയെയാണ് കിട്ടിയത്. കണ്ണടച്ച്തുറക്കുന്ന പാവക്കുട്ടി. ഇതിനെ വീട്ടിൽ കൊണ്ടുപോവാൻ പറ്റോ? ഞാൻ ഓർത്തു.

ദിവസങ്ങളങ്ങനെ കഴിഞ്ഞു. എനിക്ക് ഒരുകൂട്ടുകാരനെ കിട്ടി ''സഞ്ചു'' എന്നാണവന്റെ പേര്. വളരെ മുഷിഞ്ഞ വസ്ത്രം ധരിച്ചാണ് അവനെന്നും വരുന്നത്. എന്റെ പോലെ ബാഗില്ല. പുസ്തകമിടുന്നത് പ്ലാസ്റ്റിക്ക് കവറിലാണ്.

ഒരു ദിവസം ഞാൻ ചോദിച്ചു "നീ എന്താ പുതിയ ബാഗും കുടയും കൊണ്ടു വരാത്തത്?"

"അത്, എന്റെ അമ്മ ഒരു വീട്ടിൽ ജോലിക്ക് പോകുന്നുണ്ട്. അവിടന്നു പൈസ കിട്ടിയാ ഉടനെ വാങ്ങിത്തരാന്ന് പറഞ്ഞിട്ടുണ്ട്.'' അന്ന് മുഴുവൻ ഞാനവനെ കുറിച്ചോർത്തു. എന്റെ വീട്ടിൽ അച്ഛനാണല്ലോ ജോലിക്ക് പോകുന്നത്. അവന്റെ അച്ഛൻ എന്തായിരിക്കും ജോലിക്ക് പോകാത്തത്? നാളെയാവട്ടെ അവനോട് ചോദിക്കാം. അടുത്ത ദിവസം



ക്ലാസ്സിലെത്തിയപ്പോൾ അവനെനിക്ക് ഒരു സമ്മാനം കൊണ്ടുവന്നു. എന്താണെന്നറിയാൻ എനിക്കൊരുപാട് ആകാംക്ഷയായി "ആമി, കണ്ണൊന്ന് ഇറുക്കിയടച്ചേ" സഞ്ചു പറഞ്ഞു

ഒരു പിടി ആമ്പൽപൂക്കൾ

"ഹായ് എന്ത് രസം..."ഞാൻ തുള്ളിച്ചാടി

"ഞാൻ ഇതുവരെ ഈ പൂക്കൾ കണ്ടിട്ടില്ല. നല്ല മണമുണ്ടല്ലോ... നിനക്കെവിടെന്നാ ഇത്രയും പൂക്കൾ?"

"എന്റെ വീടിനടുത്ത് ഒരു കുളമുണ്ട് അതിൽ നിറയെ ആമ്പൽപൂക്കളാ"

"ആണോ എന്നാ നിക്കും കാണണം."

"ആമീനെ ഞാനൊരൂസം കൊണ്ടോവാം." അവന്റെ ചെരിപ്പില്ലാത്ത കാലും ദ്വാരം നിറഞ്ഞ പാന്റും ചെളിയിൽ മുങ്ങിപ്പോയിരുന്നു. "നാളെ ഞാൻ വരുമ്പോൾ ആമിക്ക് ഇതിലും കൂടുതൽ പൂക്കൾ കൊണ്ടുതരാം കേട്ടോ..."

എനിക്കൊരുപാട് സന്തോഷമായി.

അടുത്ത ദിവസം പതിവിലും നേരത്തെ ഞാൻ കുളിച്ചു മിടുക്കിയായി.

ക്ലാസ്സിൽ കുട്ടികളെല്ലാവരും കളിച്ചുകൊണ്ടിരിക്കുമ്പോൾ ടീച്ചർ വന്നു. സഞ്ചു മാത്രം അന്ന് വന്നില്ല. ക്ലാസെടുക്കുന്നതിനിടയിൽ പ്യൂൺ വന്ന് ടീച്ചറോടെന്തോ പറഞ്ഞു

ഇന്ന് ക്ലാസ്സുണ്ടാവില്ലത്രേ... എല്ലാവരോടും വീട്ടിൽ പൊയ്ക്കോളാൻ പറഞ്ഞു. അച്ഛന്റെ കൈപിടിച്ച് തുള്ളിച്ചാടി ഞാൻ വീട്ടിലേക്ക് പോയി. ഭക്ഷണം കഴിക്കുന്നതിനിടയിൽ അച്ഛൻ അമ്മയോട് പറയുന്നത് കേട്ടു "ക്ലാസ്സിലെ ഒരു കുട്ടി വെള്ളത്തിൽ വീണു മരിച്ചു."

**മിസ്‌വ. എ**
എ.എം.എൽ.പി.എസ്,
പനമ്പാട് വെസ്റ്റ്, മലപ്പുറം

# സുന്ദരിപ്പശുവും മാൻകുട്ടിയും



ഒരു ഗ്രാമത്തിൽ അപ്പു എന്ന ഒരു കുട്ടി ഉണ്ടായിരുന്നു. അവന് ഒരു പശുക്കുട്ടിയും ഉണ്ടായിരുന്നു. 'സുന്ദരി' എന്നായിരുന്നു അതിന്റെ പേര്. എന്നും രാവിലെ അപ്പുവും സുന്ദരിയും പുല്ലുമേയാൻ പോവുമായിരുന്നു. ഒരുദിവസം പുല്ലുമേയുന്നതിനിടെ ഒരു മാൻകുട്ടിയെ കണ്ടു. പിന്നീട് പല പ്രാവശ്യം കണ്ടപ്പോൾ അവർ ചങ്ങാതിമാരായി.

ഒരുദിവസം മാൻകുട്ടി ചോദിച്ചു "സുന്ദരീ സുന്ദരീ എന്റെ കൂടെ കാട്ടിലേക്ക് പോരുന്നോ? അവിടെ ധാരാളം പഴങ്ങളും, നല്ലനല്ല പൂക്കളും, പുല്ലും എല്ലാം ഉണ്ട്.



നിനക്ക് വേണ്ടതൊക്കെ തരാം.'' പല പ്രാവശ്യം വിളിച്ചപ്പോൾ സുന്ദരി മാൻകുട്ടിയോടൊപ്പം കാട്ടിലേക്ക് പോയി.

കാട്ടിലെത്തിയപ്പോൾ സുന്ദരി പറഞ്ഞു "ഹായ്! ഹായ്! കാടിനെന്തൊരു ഭംഗി! എത്ര എത്ര പൂക്കൾ! എത്ര എത്ര പഴങ്ങൾ! ഇളം പുല്ല്." സുന്ദരി കളിച്ചും രസിച്ചും നിൽക്കുമ്പോഴാണ് പെട്ടന്ന് ഒരു ശബ്ദം കേട്ടത്.

"ഗർർ...ഗർ.." സുന്ദരി പേടിച്ചുപോയി. സുന്ദരി ചോദിച്ചു "മാൻകുട്ടീ എന്താണ് ആ ശബ്ദം? മൃഗങ്ങളൊക്കെ പേടിച്ച് ഓടുന്നുണ്ടല്ലോ?" മാൻകുട്ടി ഓടാൻ തുടങ്ങി ഓട്ടത്തിനിടയിൽ മാൻകുട്ടി പറഞ്ഞു.

"സുന്ദരീ ഓടിക്കോ കാട്ടിലെ രാജാവ് സിംഹം വരുന്നുണ്ട്.." സുന്ദരി പേടിച്ച് ഓടി. ഓട്ടത്തിനിടയിൽ സുന്ദരി ചോദിച്ചു.

''നീ കാടിന്റെ ഭംഗിയെകുറിച്ച് പറയുമ്പോൾ കാടിന്റെ അപകടങ്ങളെ കുറിച്ചൊന്നും പറഞ്ഞില്ലല്ലോ അതെന്തേ? എനിക്ക് ഒരു കാര്യം മനസ്സിലായി പരിചയമില്ലാത്ത കൂട്ടുകാരെ പെട്ടെന്ന് വിശ്വസിക്കരുത്." ഇതും പറഞ്ഞ് സുന്ദരി വീട്ടിലേക്ക് ഓടിപ്പോയി. പാവം അപ്പു സുന്ദരിയേയും കാത്ത് വീടിന്റെ പടിയിൽ നിൽപ്പുണ്ടായിരുന്നു. സുന്ദരി വന്നപ്പോൾ അപ്പുവിന് സന്തോഷമായി. പിന്നീട് ഒരിക്കലും സുന്ദരി കാട്ടിലേക്ക് പോയതേയില്ല.

**നസ്വ ഫാത്തിമ സി.എം**
എ.എം.എൽ.പി.എസ് പരിച്ചകം,
മലപ്പുറം

# ആത്മാർത്ഥസുഹൃത്തുകൾ



ഒരു ഗ്രാമത്തിൽ രാമു, രാജു എന്നീ കുട്ടികൾ താമസിച്ചിരുന്നു. അവർ ഉറ്റ ചങ്ങാതിമാരായിരുന്നു. അങ്ങനെയിരിക്കെ അവർ രണ്ടുപേരും തോണി തുഴയാൻ പോയി.



കടലിൽ വെയിലും തിരയും ആസ്വദിച്ച് പലതും സംസാരിച്ചു കൊണ്ട് തീരത്തു നിന്നും വളരെ അകലത്തേക്ക് അവർ തുഴഞ്ഞുപോയി. കുറച്ചു ദൂരം പോയിക്കഴിഞ്ഞപ്പോൾ രാമു പറഞ്ഞു. "നമുക്ക് മടങ്ങാം." രാജു സമ്മതിച്ചു. രണ്ടു കൂട്ടുകാരും ധൃതിയിൽ തീരം ലക്ഷ്യമാക്കി തോണി തുഴഞ്ഞു.

പെട്ടെന്ന് ആകാശം ഇരുണ്ടു. ശക്തമായ കാറ്റും മഴയും കൂറ്റൻ തിരമാലകളും വഞ്ചിയിൽ ആഞ്ഞടിച്ചു. തോണി തകർന്നു പോയി. ഒരു വഴിയും ഇല്ലാതെ സുഹൃത്തുകൾ രണ്ടുപേരും കടലിലേക്ക് ചാടി. അപ്പോൾ ഒരു മരപ്പലക ഒഴുകി അവർക്ക് അരികിലേക്ക് വരുന്നതു കണ്ടു. അവർ അതിൽ അള്ളിപ്പിടിച്ചു. പക്ഷെ രണ്ടു പേരുടെയും ഭാരം താങ്ങുവാൻ ആ പലകക്കഷണത്തിന് കഴിയുമായിരുന്നില്ല. ഒരാൾക്ക് മാത്രമേ അതിൽ കയറി രക്ഷപ്പെടാൻ കഴിയുമായിരുന്നുള്ളൂ.

രാമു പറഞ്ഞു. "രാജു നീ രക്ഷപ്പെട്ടോളൂ ..... നീ വിവാഹിതനും ഒരു കുടുംബനാഥനുമാണ്." അപ്പോൾ രാജു പറഞ്ഞു "നിനക്ക് വൃദ്ധയായ അമ്മയും സഹോദരിയും ഉണ്ട്."

രാമു പറഞ്ഞു. "ഞാൻ മരിച്ചാൽ നിനക്ക് എന്റെ കുടുംബത്തെ നോക്കാൻ കഴിയും പക്ഷേ നീ മരിച്ചാൽ നിന്റെ ഭാര്യയെ ഞാൻ സംരക്ഷിക്കുന്നത് ശരിയല്ല." ഇതു പറഞ്ഞ് രാമു പലകയിൽ നിന്നും കൈവിട്ടു.

കടലിലെ തിരമാലകൾ അയാളെ അകലേയ്ക്ക് കൊണ്ടുപോയി. രാജു രക്ഷപ്പെട്ടു. അയാൾ വീട്ടിൽ എത്തി എന്നിട്ട് രാമുവിന്റെ അമ്മയേയും സഹോദരിയെയും സ്വന്തം എന്ന പോലെ സംരക്ഷിക്കുകയും ചെയ്തു.

**അഭിനവ് രാജീവ്**
സെന്റ്.അഗസ്റ്റിൻ എൽ.പി.എസ് പ്രവിത്താനം,
കോട്ടയം

# ചങ്ങാതിമാരായ ശില്പികൾ





ഉദയപുരം നാട്ടിലെ ശില്പികളായിരുന്നു ചങ്ങാതിമാരായ ആര്യനും സൂര്യനും ഗീതയും ശാന്തിയും ആയിരുന്നു അവരുടെ ഭാര്യമാർ. ആര്യന്റെയും സൂര്യന്റെയും ചങ്ങാത്തവും ശില്പനിർമ്മാണവും കണ്ട നാട്ടുരാജാവ് അവരെ ഒന്ന് പരീക്ഷിക്കാൻ തീരുമാനിച്ചു.

രാജകൊട്ടാരത്തിന്റെ സമീപത്തുള്ള പറമ്പിൽ നിന്നും ശില്പമുണ്ടാക്കാനുള്ള മണ്ണ് എടുത്തുകൊള്ളാൻ രാജാവ് ശില്പികളോട് പറഞ്ഞു. അതു കേട്ടപ്പോൾത്തന്നെ ആര്യനും ഭാര്യ ഗീതയും മണ്ണെടുക്കാൻ പോയി. മണ്ണെടുത്തു കൊണ്ടിരുന്നപ്പോൾ ഒരു പെട്ടി കണ്ടു. അതു തുറന്നു നോക്കിയപ്പോൾ നിറയെ സ്വർണ്ണം!

സ്വർണ്ണം കിട്ടിയ കാര്യം സൂര്യനോട് പോയി പറയാമെന്ന് ആര്യൻ പറഞ്ഞു. അതുകേട്ടപ്പോൾ അത്യാഗ്രഹിയായ ഭാര്യ അത് സമ്മതിച്ചില്ല. ഈ സ്വർണ്ണം കൊണ്ട് നല്ല ഒരു വീടുംവച്ച് ഇനിയുള്ള കാലം സുഖമായി ജീവിക്കാമെന്ന് ആര്യനും ഗീതയുംകൂടി തീരുമാനിച്ചു.

അടുത്ത ദിവസം സൂര്യനും ശാന്തിയും കൂടി മണ്ണെടുക്കാൻ പോയി അവർക്കും ആര്യനു ലഭിച്ച പോലെ ഒരു നിധി കിട്ടി. സത്യസന്ധനായ സൂര്യൻ അത് രാജാവിനെ തിരിച്ചേൽപ്പിച്ചു. സത്യസന്ധത കാണിച്ചതു കൊണ്ട് ആ നിധി രാജാവ് സൂര്യന് സമ്മാനിച്ചു. അപ്പോഴാണ് കൊട്ടാരത്തിലെ നിധി മോഷ്ടിച്ചതിന് ആര്യനെ രാജാവ് തടങ്കലിൽ വച്ചിരിക്കുന്നത് കണ്ടത്. നിധിയൊന്നും തനിക്ക് വേണ്ട തന്റെ കൂട്ടുകാരനെ വെറുതെ വിട്ടാൽ മതി എന്ന് സൂര്യൻ രാജാവിനോട് ആവശ്യപ്പെട്ടു. ചങ്ങാതിയോടുള്ള സ്നേഹം കണ്ട രാജാവ് ആര്യനെ തടവിൽ നിന്ന് മോചിപ്പിക്കുകയും നിധി അവർക്ക് നൽകുകയും ചെയ്തു. നിധി ലഭിച്ച ശില്പികൾ പിന്നീട് സുഖമായി ജിവിച്ചു.

**നേത്ര സുധീഷ്**
സെന്റ് മേരീസ് എൽ.പി.എസ്, തീക്കോയി,
കോട്ടയം

# കള്ളന്റെ വിനോദയാത്ര



ഒരു ദിവസം ഒരു കള്ളനും കൂട്ടുകാരുംകൂടി മലകയറുകയായിരുന്നു. കൂട്ടുകാർ കള്ളനെ കസേരയിലിരുത്തിയായിരുന്നു യാത്ര. കള്ളൻ പറഞ്ഞു "ധൈര്യശാലികളുടെ ഇഷ്ടവിനോദമാണ് മലകയറ്റം."



പറഞ്ഞുകഴിയും മുമ്പേ ഒരു കൂട്ടുകാരൻ പാറ തട്ടി തടഞ്ഞുവീണു. കള്ളൻ മലയുടെ മുകളിൽനിന്ന് ഉരുണ്ടുരുണ്ടു താഴേക്ക് പോയി. കൂടെ ഒരു പാറകൂടി വീണു. മലയുടെ താഴെ ഒരു കാളയും ഒരു പുലിയും ഉണ്ടായിരുന്നു. പാറ ആദ്യം ചെന്ന് കാളയുടെ തലയ്ക്ക് വീണു. "പ്ഠും" പിന്നെ ഉറങ്ങുകയായിരുന്ന പുലിയുടെ തലയ്ക്ക് വീണു. "പ്ഠും" പുലി ഞെട്ടിയുണർന്നു. വെറുതെ ഇരിക്കുമ്പോൾ തലയിൽ കല്ല് വീണാൽ ഒരു ജീവിയും ക്ഷമിക്കുകയില്ലല്ലോ? ദേഷ്യം വന്ന് കാള കള്ളനെ കുത്താൻ

മുകളിലേക്ക് ഓടി. "ഞാൻ ഒന്നും ചെയ്തില്ലല്ലോ" എന്ന് കള്ളൻ കാളയോട് പറഞ്ഞു തീരും മുമ്പേ കാള കള്ളനെ ഒരുകുത്ത്. കള്ളൻ ഒരു മരക്കൊമ്പിലേക്ക് തെറിച്ചു വീണു. അവിടെ കുടുങ്ങിക്കിടന്നു. കൺമുന്നിൽ വന്ന ഇരയെ ഭക്ഷണമാക്കാൻ വിചാരിച്ച പുലി അത് കളഞ്ഞ് കാളയെ അക്രമിക്കാൻ ചെന്നു. പുലിയുടെ ആരോഗ്യം മോശമായിരുന്നു. പുലി അക്രമിക്കാൻ വരുന്നത് കണ്ട കാള പുലിയെ ആക്രമിച്ചു. പുലിയും കാളയും തമ്മിൽ അടിപിടിയായി. കള്ളൻ തക്ക സമയം എന്ന് കരുതി രക്ഷപ്പെട്ടു. കള്ളന്റെ കൂട്ടുകാർ അത് കണ്ട് "ങേ.. പുലിയെ കള്ളൻ കല്ലെറിഞ്ഞു വീഴ്ത്തിയെന്ന്" പറഞ്ഞു. കള്ളനെ പൊക്കികൊണ്ട് തുള്ളിച്ചാടി ആഹ്ലാദിച്ചു കൊണ്ടിരുന്നു. "പുലിയെ കല്ലെറിഞ്ഞു വീഴ്ത്തിയ കള്ളൻ കീ ജയ്" എന്ന് ഉറക്കെ വിളിച്ചു പറഞ്ഞു. കള്ളൻ ഒന്നും മനസ്സിലാകാതെ വായുംപൊളിച്ചിരുന്നു.

**ദീപക് ഭാസ്കർ**
ജി.എൽ.പി.എസ്, തിരുവാക്കോലി,
കാസർഗോഡ്

# അപ്പുവിന്റെ യാത്ര



"നാളെയാണ് നമ്മൾ പോകുന്നത്. രാത്രിതന്നെ എല്ലാം റെഡിയാക്കി വെയ്ക്കണം" അച്ഛൻ അമ്മയോട് പറയുന്നത് അപ്പു കേട്ടു.

ബാംഗ്ളൂരിൽ നിന്നും അവൻ ആദ്യമായി നാട്ടിലേക്ക് പോവുകയാണ്. അപ്പു ജനിച്ചത് ബാംഗ്ളൂരിലാണ്. ഇപ്പോൾ അവന് അഞ്ചുവയസ്സുണ്ട്. അവൻ ആദ്യമായിട്ടാണ് നാട്ടിലേക്ക് പോകുന്നത്. മുത്തച്ഛനോടും മുത്തശ്ശിയോടും വീഡിയോ കോളിൽ സംസാരിച്ചതല്ലാതെ അവിടുത്തെ വീടും പരിസരവും കാഴ്ചകളും അവന് അറിയില്ല. രാത്രിയിൽ അപ്പുവിന് തീരെ ഉറക്കംവന്നില്ല. എങ്ങനെയായിരിക്കും, ഓരോന്നോർത്ത് അവൻ കിടന്നു.

അപ്പു ഭക്ഷണം കുറച്ച് കഴിച്ചിട്ട് ഡ്രസ്സ് ചെയ്ത് മിടുക്കനായി. അച്ഛൻ ബാഗെല്ലാമെടുത്ത് ഉമ്മറത്ത് വെച്ചു. ഓട്ടോ വന്നു നിൽക്കുന്ന ശബ്ദം കേട്ട് അപ്പു ജനലിലൂടെ നോക്കി.

'ഏട്ടാ, രണ്ടു മിനിറ്റ്... ഞാൻ മുടിയൊന്ന് കെട്ടട്ടെ' അമ്മ പറഞ്ഞു.

അപ്പു ഓടി ഓട്ടോറിക്ഷയിൽ കയറി. പിന്നാലെ അമ്മയും അച്ഛനും. പത്ത് മിനിറ്റുകൊണ്ട് റെയിൽവേ സ്റ്റേഷനിലെത്തി. അച്ഛൻ ടിക്കറ്റെടുക്കാൻ വരിയിൽ നിന്നു. അമ്മയും അപ്പുവും പ്ലാറ്റ്ഫോമിലേക്ക് നടന്നു. കുറച്ച് കഴിഞ്ഞപ്പോൾ ട്രെയിൻ ചൂളമടിക്കുന്ന ശബ്ദം കേട്ടു. പതുക്കെപ്പതുക്കെ ട്രെയിൻ വന്നുനിന്നു. അമ്മ അപ്പുവിനെ എടുത്ത് ട്രെയിനിൽ കയറ്റി. അവർ ഒരുമിച്ച് ഒരു സീറ്റിലിരുന്നു. അപ്പു ജനലിന്റെ അടുത്തിരുന്ന് പുറത്തേക്ക് നോക്കി. പതുക്കെപ്പതുക്കെ ട്രെയിൻ നീങ്ങാൻ തുടങ്ങി. അപ്പു പുറത്തെ കാഴ്ചകൾ കണ്ടിരുന്ന് ഉറങ്ങിപ്പോയി.

'ചായ, ചായ.... കാപ്പി, കാപ്പി....' എന്ന ശബ്ദം കേട്ട് അവൻ ഉണർന്നു.

'അമ്മേ എനിക്ക് ചായ വേണം" അപ്പു പറഞ്ഞു.

'വാ . ഇറങ്ങാറായി.' അച്ഛൻ ബാഗ് എടുത്തു കൊണ്ട് പറഞ്ഞു. ട്രെയിൻ പതുക്കെ നിന്നു. അവർ ട്രെയിനിൽ നിന്നിറങ്ങി. ടാക്സി സ്റ്റാൻഡിലേക്ക് നടന്നു. ഒരു ടാക്സിയിൽ കയറി. 'അയ്യപ്പൻകാവ്' അച്ഛൻ ടാക്സിഡ്രൈവറോട് പറഞ്ഞു.

"അമ്മേ, 'അയ്യപ്പൻ കാവ്' എന്ന് പറഞ്ഞാൽ എന്താണ്?" ആകാംക്ഷയോടെ അപ്പു ചോദിച്ചു.



'മോനേ, അത് നമ്മുടെ സ്ഥലപ്പേരാണ്'.

അപ്പു അമ്മയെ നോക്കി ചിരിച്ചു. ടാക്സി ഓടുന്നതിനിടയിൽ അപ്പു പുറത്തേക്ക് നോക്കി. മലകളെ ഇത്രയും അടുത്ത് അവൻ കണ്ടിട്ടില്ല. റബർത്തോട്ടങ്ങളും പുഴയും തോടും എല്ലാം അവന് പുതിയ കാഴ്ചയായിരുന്നു. കുറെ കുട്ടികൾ പുഴയിലേക്ക് ചാടിക്കളിക്കുന്നു. അവൻ ആകാംക്ഷയോടെ നോക്കിയിരുന്നു.

അപ്പോഴേക്കും ടാക്സി തിരിഞ്ഞ് വീട്ടുമുറ്റത്ത് ചെന്നു നിന്നു. മുത്തശ്ശനും മുത്തശ്ശിയും ഉമ്മറത്തുതന്നെ നിൽപ്പുണ്ടായിരുന്നു. അപ്പു ടാക്സിയിൽ നിന്നിറങ്ങി അവിടെയെല്ലാം ഓടി നടന്നു. അവൻ നല്ല സന്തോഷത്തിലായിരുന്നു.

'നീ എത്ര ദിവസത്തേക്കാ" മുത്തശ്ശൻ ചോദിച്ചു. "രണ്ടു ദിവസം" – അച്ഛൻ പറഞ്ഞു. അപ്പു അച്ഛന്റെ മുഖത്ത് വിഷമത്തോടെ നോക്കി.

**എം.വി. ഡാനിയൽ**
ജി.എൽ.പി.എസ്. എളമ്പുലാശ്ശേരി
പാലക്കാട്

കേരള സർക്കാർ

പൊതുവിദ്യാഭ്യാസവകുപ്പ്

എഴുത്തുപച്ച

# കൗതുകം

## കുട്ടികളുടെ കവിതകൾ (എൽ.പി വിഭാഗം)

സമഗ്ര ശിക്ഷാ കേരളം

Front Cover Picture



**NEERAV GANESH**
GHSS Kottayam (Malabar)
Kannur

Back Cover Picture



**JILSHA KRISHNA**
HSS Sreekrishnapuram,
Palakkad


**Kauthukam**

Poems (L.P Malayalam)

Writings of Children

First Edition : 2022 March

Illustration : Santhosh.K, Leenus V, Anilkumar M.V, Sujeer Deth C.V, Athulkumar.T, Nassarudeen T K

Ezhuthupacha 2022 series Book No $\left(\frac{1}{55}\right)$

Prepared using the SSK Library Grant 2021-22

Published By: State Project Director, Samagra Shiksha, Kerala, SSA Bhavan, Nandavanam, Thiruvananthapuram -33

General Education Department

Government of Kerala

Not for sale

# എഴുത്തുപച്ച

നക്ഷത്രങ്ങളാണ് കുട്ടികൾ. കാണുന്നതിലേറെയാണ് അവരുടെ തിളക്കം. പൊതുവിദ്യാലയങ്ങളിലെ ഈ നക്ഷത്രങ്ങളുടെ പ്രകാശം സമൂഹത്തിലേക്ക് പരത്താൻ സമഗ്രശിക്ഷാ കേരളം തുടർച്ചയായി പരിശ്രമിച്ചു കൊണ്ടിരിക്കുന്നു.

കുട്ടികളെഴുതിയ കവിതകളും കഥകളും ചേർത്ത് '**എഴുത്തുപച്ച**' എന്ന പുസ്തക പരമ്പര പുറത്തിറക്കുന്നു. ഇതിലെ ഓരോ രചനയും സർഗാത്മകതയെ അടയാളപ്പെടുത്തുന്നുണ്ട്. ഈ പുസ്തകപരമ്പര നമ്മുടെ സ്കൂൾ ലൈബ്രറികളെ കൂടുതൽ സമ്പന്നമാക്കും.

സ്കൂളുകളിൽനിന്ന് ലഭിച്ച രചനകൾ ബി.ആർ.സി-ജില്ല-സംസ്ഥാനതലങ്ങളിൽ പരിശോധിച്ച്, മികച്ച രചനകളും ചിത്രങ്ങളും ചേർത്ത് ആകർഷകമാക്കിയതാണ് എഴുത്തുപച്ച പരമ്പരയിലെ ഓരോ പുസ്തകവും.

എല്ലാ പുസ്തകങ്ങളുടെയും മുഖചിത്രം വരച്ചത് കുട്ടികൾതന്നെയാണ്.

പൂച്ചെടികളും പൂക്കളും പൂമ്പാറ്റകളും പക്ഷികളും ഓമനമൃഗങ്ങളുമെല്ലാം നിറഞ്ഞ ഒരു അത്ഭുതലോകം കുട്ടികൾക്കുണ്ട്. അവിടെയുള്ള കൗതുകങ്ങൾ അവർക്ക് പറഞ്ഞാൽ തീരില്ല. കുട്ടികൾ അവർക്ക് പ്രിയമുള്ള സചേതന, അചേതന വസ്തുക്കളോടു പ്രകടിപ്പിക്കുന്ന സൗഹൃദത്തിന്റെ വർണചിത്രങ്ങളാണ് **"കൗതുകം"** എന്ന ഈ പുസ്തകത്തിലെ പതിമൂന്ന് കവിതകളിൽ തെളിയുന്നത്. ഭാഷാപരവും പരിസ്ഥിതി പരവുമായ ഉൾക്കാഴ്ച വളർത്താൻ ഈ കവിതകളുടെ വായനയും ആസ്വാദനവും സഹായിക്കും.

അധികവായനയ്ക്കും തുടർപ്രവർത്തനങ്ങൾക്കുമായി ക്ലാസ്മുറികളിൽ ഈ പുസ്തകം പ്രയോജനപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡോ.സുപ്രിയ.എ.ആർ**<br>
**സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ**<br>
**സമഗ്രശിക്ഷ കേരളം**

# അകംപുറങ്ങളിൽ


| | | |
|---|---|---|
| വർണശലഭം | : | 5 |
| കുഞ്ഞാറ്റ | : | 6 |
| കൂട്ടുകാർ | : | 7 |
| നന്ദി | : | 8 |
| തത്തപ്പെണ്ണ് | : | 9 |
| സുന്ദരി തത്തമ്മ | : | 10 |
| വിസ്മയം | : | 11 |
| മിന്നാമിനുങ്ങ് | : | 12 |
| കുരങ്ങച്ചൻ | : | 13 |
| മിന്നാമിന്നി | : | 14 |
| തത്തക്കുഞ്ഞ് | : | 15 |
| പകൽക്കാഴ്ച | : | 16 |
| ഉറുമ്പ് | : | 17 |
| പൊന്നനിയൻ | : | 18 |
| വേനൽമഴ | : | 19 |
| മണ്ണും മഴയും | : | 20 |

# വർണശലഭം



ഏഴു നിറങ്ങൾ ചാലിച്ചെഴുതിയ
പൂഞ്ചിറകുള്ളൊരു പൂമ്പാറ്റ
പൂവുകൾ തോറും പാറി നടക്കും
പൂവഴകുള്ളൊരു പൂമ്പാറ്റ
വാനിൽ നീളെയുയർന്നെന്നാലും
വാർമഴവില്ലായ് നിന്നഴക്
ചിറകു വിടർത്തി കുളിരല തിങ്ങി
പലകുറി നീയിങ്ങണയുമ്പോൾ
ശലഭോദ്യാനം മാടിവിളിപ്പൂ
നിൻ ഹൃദയത്തെ തൊട്ടിടുവാൻ

*ഡയാന ഡിനോയ്*
*എസ്.എം.എൽ.പി.എസ്.കാളിയാർ*
*ഇടുക്കി*





# കുഞ്ഞാറ്റ

**കു**ഞ്ഞിപ്പൂച്ചേ കുഞ്ഞാറ്റേ
പാലുകുടിക്കും കുഞ്ഞാറ്റേ
വെള്ളനിറമുള്ള കുഞ്ഞാറ്റേ
മ്യാവൂ മ്യാവൂ മ്യാവൂ...

***ആനന്ദ്കൃഷ്ണ.കെ.ആർ***
***ജി.യു.പി.എസ് കോണത്തുകുന്ന്,***
***തൃശ്ശൂർ***





# കൂട്ടുകാർ

പശുവിനു പുള്ളിയുടുപ്പാണേ
കൊക്കിനു വെള്ളയുടുപ്പാണേ
പശുവിന്നിഷ്ടം പുല്ലാണേ
കൊക്കിന്നിഷ്ടം ചെള്ളാണേ
പശുവും കൊക്കും കൂട്ടാണേ
പാടത്തൂടെ നടപ്പാണേ

*വൈഗ സുധീർ*
*ഗവ.എച്ച്.എസ്.എൽ.പി.എസ്, പേരൂർക്കട*
*തിരുവനന്തപുരം*





# നന്ദി

**കാ**വലായ് വീടിനെന്നും നീ
കളിക്കൂട്ടുകാരനായ് എനിക്കു നീ
തേടിവരും കളിപ്പറമ്പുകളിൽ
കൂട്ടുവരും കൂടെ എന്നാളും
ഞാനൊന്നു വീണുപോയാൽ
ഓടിയെത്തി നക്കിത്തുവർത്തിടും
ഞാൻ നിന്നെ മറന്നാലും
നീ എന്നെ മറക്കാത്തതെന്തേ?



വേദനകളേറെ നിനക്കേകിയിട്ടും
എന്തേ നീ വെറുത്തീലാ?
അടിക്കുന്നു തൊഴിക്കുന്നു
കെട്ടി വലിച്ചീടുന്നു വണ്ടിമേൽ
പിന്നെയും കണ്ടിടുമ്പോൾ
വാലാട്ടി ഓടിയെത്തുന്നതെന്തേ നീ?

*വൈഖ ജിനേഷ്*
*എ.എം.എൽ.പി.എസ്, പനമ്പാട് വെസ്റ്റ്*
*മലപ്പുറം*



# തത്തപ്പെണ്ണ്

തത്തേ തത്തേ പച്ചത്തത്തേ
ചെഞ്ചുണ്ടുള്ളൊരു തത്തപ്പെണ്ണേ
നെൽക്കതിർ കൊത്താൻ വന്നാട്ടെ
വയറു നിറച്ചു കഴിച്ചാട്ടെ
വയറു നിറച്ചു കഴിച്ചിട്ട്
പാടത്തൂടെ പറന്നാട്ടെ...



*മുഹമ്മദ്സിനാൻ.പി*
*ജി.എൽ.പി.എസ്.ചെറുകുളം,*
*മലപ്പുറം*



# സുന്ദരി തത്തമ്മ

പച്ച നിറമുള്ള തത്തമ്മ
ചെഞ്ചുണ്ടുള്ളൊരു തത്തമ്മ
സുന്ദരിയായ തത്തമ്മ
സുന്ദരമായൊരു കൂട്ടിൽ
മുട്ടകളിട്ടു മൂന്നെണ്ണം
മുട്ടകൾ വിരിഞ്ഞു മൂന്നെണ്ണം
കൂട്ടിൽ ഹയ്യാ! കുഞ്ഞുങ്ങൾ
കാണാനെത്തി എല്ലാരും...
സുന്ദരിമാരാം കുഞ്ഞുങ്ങൾ
അമ്മ കണക്കേ കുഞ്ഞുങ്ങൾ



ഫാത്തിമഹിബ. കെ
പനക്കത്തായം എൽ.പി.എസ്. കൊടിഞ്ഞി,
മലപ്പുറം

# വിസ്മയം



**മി**ന്നിത്തിളങ്ങുന്ന മിന്നാമിനുങ്ങേ
ഇത്തിരിവെട്ടം തരുമോ നീ?
ഇരുളിൽ തെളിയുന്ന പൊന്നിൻ വെളിച്ചം
ഇത്തിരി എനിക്കു പകർന്നു തരൂ
ഇത്തിരിവെട്ടം നീ പകരുമ്പോൾ
ഒത്തിരി വെട്ടം തെളിയുന്നുള്ളിൽ
മിന്നും മിന്നും മിന്നാമിനുങ്ങേ
ഇത്തിരി വെട്ടം തരുമോ നീ?
മിന്നിത്തിളങ്ങുന്ന മിന്നാമിനുങ്ങേ
ഇത്തിരിവെട്ടം നീ തരുമോ?
ഇരുളിൽ വിസ്മയം തീർക്കും നീയും
പോരുമോ കൂടെ ചെറുവെട്ടമായ്?



*ലിന മറിയം. സി*
*ജി.എൽ.പി.എസ്, പരിയാപുരം,*
*മലപ്പുറം*



## മിന്നാമിനുങ്ങ്

**മി**ന്നി മിന്നി പോകുന്ന മിന്നാമിനുങ്ങേ
നിന്നെ പറഞ്ഞുവിട്ടതാരാണ്?
ആകാശത്തിലെ നക്ഷത്രങ്ങളോ
അമ്പിളിയോ?
നിനക്കു കിട്ടിയ കുഞ്ഞുവെളിച്ചം
അമ്പിളിമാമൻ വിതറിയതോ?



*മാധവ്.എൻ.പി*
*ഗവ.വെൽഫയർ സ്കൂൾ പെരിനാട്,*
*കൊല്ലം*



# കുരങ്ങച്ചൻ

**ചാ**ടിച്ചാടി പായും കുരങ്ങച്ചൻ
മരത്തുമ്മക്കേറി
മരത്തുമ്മക്കേറി
ഊഞ്ഞാലാടും കുരങ്ങച്ചൻ
ആ മരത്തുമ്മക്കേറി
ഈ മരത്തുമ്മക്കേറി
തുള്ളിത്തുള്ളി തുള്ളിത്തുള്ളി
കുരങ്ങച്ചൻ കുരങ്ങച്ചൻ.

*ദർശൻ റെജി*
*ജി.എച്ച്.എസ്.എസ്. തൃക്കൈപ്പറ്റ*
*വയനാട്*



# മിന്നാമിന്നി





മിന്നാമിന്നീ മിന്നാമിന്നീ
എങ്ങോട്ടാ നീ പോകുന്നേ?

പോകുന്നു ഞാൻ പോകുന്നു
വെട്ടവുമായിപ്പോകുന്നു

രാത്രിയിലാണോ സഞ്ചാരം?
നിന്നുടെ കൈയിൽ
ടോർച്ചുണ്ടോ?

എന്നുടെ കൈയിൽ ടോർച്ചില്ലാ
എന്നുടെ മേനിയിൽ ടോർച്ചുണ്ട്.
നിന്നുടെ കൂട്ടുകാർ ആരെല്ലാം?
ഞാനും കൂട്ടരെ കണ്ടോട്ടേ....

അമ്പിളിമാമനും താരങ്ങളും
എന്റെ കൂട്ടുകാരാണല്ലോ.
ഒത്തൊരുമിച്ചു പോയീടാം
നമ്മൾക്കൊത്തു കളിച്ചീടാം

*അദ്വയ സി.എസ്.*
*എ.എൽ.പി.എസ്.മണ്ണമ്പറ്റ,*
*പാലക്കാട്*

# തത്തക്കുഞ്ഞ്



കൂട്ടിലിരിക്കും തത്തമ്മേ,
പാട്ടുകൾ പാടാമോ?
തത്തിതത്തി നടന്നിട്ട്
കഥകൾ ചൊല്ലാമോ?
കൂട്ടിന്നുള്ളിൽ സുഖമാണോ?
പുറത്തിറങ്ങാൻ കൊതിയുണ്ടോ?

തത്തക്കൂടു തുറന്നപ്പോൾ
തത്തക്കുഞ്ഞു പറന്നല്ലോ
പാറിപ്പാറി പോയല്ലോ
ചുണ്ടിൽ പുഞ്ചിരി വിടർന്നല്ലോ.



*വൈഗ സി.*
*എസ്.വി.എ.എൽ.പി.എസ്.കുലിക്കിലിയാട്*
*പാലക്കാട്*

# പകൽക്കാഴ്ച



പൂച്ചക്കുഞ്ഞുങ്ങൾ
വീടിനു മുന്നിലെ
ചെറിയ മാവിന്റെ മുകളിലേക്ക്
കയറുന്നു, ഇറങ്ങുന്നു, കളിക്കുന്നു.
മണ്ണിൽ കിടന്നുരുളുന്നു.
ഒരാൾ മറ്റൊരാളുടെ
പുറത്തുകയറുന്നു
മാന്തിയും കടിച്ചും രസിക്കുന്നു.
ഈ കളി കണ്ട് അവിടെത്തന്നെ
ഒട്ടുനേരം നിൽക്കാതെങ്ങനെ
നമ്മൾ മടങ്ങും?



***ഷാസിയ***
***ജി.എം.എൽ.പി.സ്കൂൾ, കരിങ്കല്ലത്താണി,***
***പാലക്കാട്***



# ഉറുമ്പ്

**നി**രനിരയായി പോകുന്നതു കണ്ടോ?
വരിവരിയായി വരുന്നതുകണ്ടോ?
മധുരം തേടി പോണതു കണ്ടോ?
ചൊകചൊകന്നൊരു ചോണനുറുമ്പ്
കറുകറുത്തൊരു കട്ടുറുമ്പ്
പുളിയുള്ളൊരു പുളിയുറുമ്പ്
കട്ടുകൊഴുക്കും കട്ടുറുമ്പ്.

*നീരജ് എം.*
*സെന്റ് ജെർമെയിൻസ് സിയോൺ എൽ.പി.എസ്.*
*നോർത്ത് പറവൂർ, എറണാകുളം*





# പൊന്നനിയൻ

വീട്ടിൽ പിറന്നു പൊന്നനിയൻ
പവൻ എന്നു വിളിച്ചു പൊന്നച്ഛൻ
പൊന്നരഞ്ഞാണം കെട്ടി മുത്തച്ഛൻ
വിശന്നാൽ കരയും പൊന്നനിയന്
അമ്മ കൊടുക്കും അമ്മിഞ്ഞ
സ്വപ്നം കണ്ടാൽ ഉറക്കത്തിൽ ഞെട്ടി
കരയും എന്നുടെ പൊന്നനിയൻ
ആ നേരം ഞാനെന്റെ പൊൻമുത്തിനെ
വാരിയെടുത്തു പുണരുമല്ലോ...



*മാളവിക എ.പി.*
*എൻ.എസ്.യു.പി.എസ്.ചേറൂർ,*
*തൃശ്ശൂർ*



# വേനൽമഴ

മനമുരുകുന്നൊരു വേനൽച്ചൂടിൽ
കുളിരേകാനൊരു മഴയെത്തീ.
മാനം ആകെ ശ്യാമളമായി
മാരുതനെത്തീ കുളിരോടെ.
തുരുതുരെ മാരിയുതിർന്നൂ
മണ്ണിൻ ഗന്ധം പരന്നൂ
വരിയായ് നിരയായ് കൊറ്റികളെത്തീ
കൂട്ടിന്നരുമക്കിളികളുമെത്തീ
ആടിയുലഞ്ഞൂ ഇലയും പൂവും
മരവും വള്ളിച്ചെടികളുമെല്ലാം.
മണ്ണിൻ മണവും തണുത്ത കാറ്റും
മനമോ സുഗന്ധപൂരിതമായ്



*ശ്രേയ വി.പി.*
*സൗത്ത് എ.എൽ.പി.സ്കൂൾ, പയ്യന്നൂർ,*
*കണ്ണൂർ*



## മണ്ണും മഴയും

മഴയോട് ചേരും ഞാൻ
മഴയിൽ കുളിർന്നു നിൽക്കും ഞാൻ
പുഴയോടു ചേരും ഞാൻ
പുഴയിൽ നീന്തി കളിക്കും ഞാൻ
മണ്ണിനോടു ചേരും ഞാൻ
മണ്ണിൽ അലിഞ്ഞു ചേരും ഞാൻ
എന്തോരം പൂക്കൾ വിടർന്നു മണ്ണിൽ
എന്തോരം മീനുകൾ നീന്തി പുഴയിൽ
കുട്ടികൾ ഓടിക്കളിച്ചു.
പൂമ്പാറ്റകൾ പാറിക്കളിച്ചു
എന്റെ മുറ്റം മഴ നിറഞ്ഞു.
പൂവിന്റെ മണവും മണ്ണിന്റെ മണവും
എല്ലാ മണങ്ങളും പുറത്തിറങ്ങി.



*ജഹനാര ആർ.എസ്.*
*ശ്രീശാരദാദേവി ശിശുവിഹാർ യു.പി.സ്കൂൾ, വഴുതക്കാട്,*
*തിരുവനന്തപുരം.*

കേരള സർക്കാർ

## പൊതുവിദ്യാഭ്യാസ വകുപ്പ്

എഴുത്തുപച്ച

# മഴവിൽപ്പൂവുകൾ

## കുട്ടികളുടെ കഥകൾ (എച്ച്.എസ് വിഭാഗം)

സമഗ്ര ശിക്ഷാ കേരളം

Front Cover Picture



**CINASHA**
GHSS Kasaragod,
Kasaragod

Back Cover Picture



**BHADRA A.S**
GVHSS Vattiyoorkkav
lThiruvananthapuram


Mazhavilpoovukal
Story (HS Malayalam)
Writings of Children
First Edition : 2022 March
Illustration : Santhosh.K, Leenus V, Anilkumar M.V,
Sujeer Deth C.V, Athulkumar.T, Nassarudeen. T.K

Ezhuthupacha 2022 series Book No $\left(\frac{33}{55}\right)$

Prepared using the SSK Library Grant 2021-22

Published By: State Project Director, Samagra Shiksha, Kerala,
SSA Bhavan, Nandavanam, Thiruvananthapuram -33
General Education Department
Government of Kerala
Not for sale

## എഴുത്തുപച്ച

നക്ഷത്രങ്ങളാണ് കുട്ടികൾ. കാണുന്നതിലേറെയാണ് അവരുടെ തിളക്കം. പൊതുവിദ്യാലയങ്ങളിലെ ഈ നക്ഷത്രങ്ങളുടെ പ്രകാശം സമൂഹത്തിലേക്ക് പരത്താൻ സമഗ്രശിക്ഷ കേരളം തുടർച്ചയായി പരിശ്രമിച്ചു കൊണ്ടിരിക്കുന്നു.

കുട്ടികളെഴുതിയ കവിതകളും കഥകളും ചേർത്ത് **'എഴുത്തുപച്ച'** എന്ന പുസ്തക പരമ്പര പുറത്തിറക്കുന്നു. ഇതിലെ ഓരോ രചനയും സർഗാത്മകതയെ അടയാളപ്പെടുത്തുന്നുണ്ട്. ഈ പുസ്തക പരമ്പര നമ്മുടെ സ്കൂൾ ലൈബ്രറി കളെ കൂടുതൽ സമ്പന്നമാക്കും.

സ്കൂളുകളിൽനിന്ന് ലഭിച്ച രചനകൾ ബി.ആർ.സി-ജില്ല-സംസ്ഥാന തലങ്ങളിൽ പരിശോധിച്ച്, മികച്ച രചനകളും ചിത്രങ്ങളും ചേർത്ത് ആകർഷക മാക്കിയതാണ് എഴുത്തുപച്ച പരമ്പരയിലെ ഓരോ പുസ്തകവും. എല്ലാ പുസ്തക ങ്ങളുടെയും മുഖചിത്രം വരച്ചത് കുട്ടികൾതന്നെയാണ്.

അമ്മയുടെ ഉള്ളിൽനിന്ന് ഭൂമിലേക്ക് പിറന്നുവീണ കുഞ്ഞിന്റെ ആദ്യരാത്രി യെയും മണ്ണിന്റെ നഷ്ടമായ ഫലസമൃദ്ധിയെ അധ്വാനം കൊണ്ട് തിരിച്ചു പിടിക്കുന്ന സൗഹൃദത്തെയും അശരണമായ ജീവിതത്തെ മുന്നോട്ടു കൊണ്ടു പോകുന്ന കൈത്താങ്ങിനെയും പുതിയ തലമുറയ്ക്കു വേണ്ടിയുള്ള കരുതലിനെയുമെല്ലാം ആവിഷ്കരിക്കുന്ന ഒൻപത് രചനകളാണ് **മഴവിൽപ്പൂവുകൾ** എന്ന ഈ കഥാസമാഹാരത്തിന്റെ ഉള്ളടക്കം. മഴവില്ലിന്റെ അഴകും പൂക്കളുടെ സുഗന്ധവും പരത്തുന്ന ഈ കഥകളുടെ വായന ഭാഷാ പഠനത്തെ കൂടുതൽ സർഗാത്മകമാക്കും.

അധികവായനയ്ക്കും തുടർപ്രവർത്തനങ്ങൾക്കുമായി ക്ലാസ്മുറികളിൽ ഈ പുസ്തകം പ്രയോജനപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡോ. സുപ്രിയ എ.ആർ**
**സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ**
**സമഗ്രശിക്ഷാ കേരളം**

## അകംപുറങ്ങളിൽ


| | | |
|---|---|---|
| 1. മഴ | : | 5 |
| 2. ഒളിച്ചുകളി | : | 8 |
| 3. മാതംഗി വൃക്ഷം | : | 12 |
| 4. ഒരു കൈത്താങ്ങ് | : | 15 |
| 5. ആദ്യരാത്രി | : | 20 |
| 6. തിരമാല | : | 22 |
| 7. സൗഹൃദം | : | 23 |
| 8. മഴവിൽപൂവുകൾ | : | 28 |
| 9. തിരിച്ചറിവിന്റെ യാത്രകൾ | : | 30 |



## മഴ

നേരം വെളുത്തു കഴിഞ്ഞതിനു ശേഷമാണ് രാമു എഴുന്നേറ്റത്. ഏകദേശം ഏഴരയായിയായിക്കാണും. അമ്മയുടെ വിളി സൂര്യൻ ഉദിക്കുന്നതിനു മുൻപേ എത്തി ക്കഴിഞ്ഞിരുന്നു. അടുത്ത വിളിയിൽ വെള്ളമാണ് എത്തുന്നതെന്ന് മുൻപത്തെ ദിവസം രാമു അറിഞ്ഞിരുന്നു. ഇന്നലെ രാവിലെ ട്യൂഷനുണ്ടായിരുന്നു. ട്യൂഷനു പോകാൻ വേണ്ടി അമ്മ ഇന്നലെ അവനോട് പറഞ്ഞിരുന്നു. ഏഴ് മണിക്കാണ് ട്യൂഷൻ. അതു കൊണ്ട് ആറ് മണിക്കെങ്കിലും എഴുന്നേൽക്കണം എന്ന് പറഞ്ഞു..... എന്നാൽ രാമു ചെയ്തതോ രാത്രിയായപ്പോൾ അപ്പുറത്തെ കടയിൽ നിന്നും ചൂട് നെയ്യപ്പവും എടുത്ത് പുതിയ മോഹൻലാലിന്റെ സിനിമ കണ്ടുകൊണ്ടിരുന്നു. സമയം പത്തു കഴിഞ്ഞത് അറിഞ്ഞില്ല. മുത്തശ്ശി അവനെ വഴക്ക് പറഞ്ഞ് പറഞ്ഞു കിടത്തി. മനസ്സിൽ നെയ്യപ്പ ത്തിന്റെ ചിന്ത. വായിൽ വെള്ളമൂറി....... അവൻ അങ്ങനെ പതിയെ പതിയെ ഉറക്കത്തി ലേക്ക് വീണു. നേരം വെളുത്തു.... അമ്മ രാവിലെ എഴുന്നേറ്റ് അവനു വേണ്ട കാപ്പിയും പലഹാരവുമൊക്കെ ഉണ്ടാക്കി. വിളിക്കാൻ രാമുവിന്റെ അമ്മ അവന്റെയടുത്തേക്ക് പോയി. എന്നാൽ  രാമുവിനെ വിളിച്ചിട്ട് എഴുന്നേൽക്കുന്നുമില്ല.

അമ്മ "രാമു എഴുന്നേൽക്ക്" ഒരു തവണ വിളിച്ചു രണ്ടു തവണ വിളിച്ചു എന്നിട്ടും അവൻ എഴുന്നേൽക്കുന്നില്ല. അവസാനം അമ്മ ഒരു പാത്രം വെള്ളമെടുത്ത് അവന്റെ തലയിൽ കൂടി ഒഴിച്ചു. പാവം രാമു ഞെട്ടി എഴുന്നേറ്റു. ഇതാ ഇന്നലെ സംഭവിച്ചത്. അതുകൊണ്ടാണ് അവൻ അടുത്ത വിളിക്ക് മുമ്പേ എഴുന്നേറ്റത്.

ഹാവൂ !  എന്താ തണുപ്പ് .......

അപ്പുറത്ത് അമ്മയുടെ വിളി ..... "രാമൂ എഴുന്നേൽക്ക് സമയം എട്ടായി സ്കൂളിൽ പോകുന്നില്ലേ?

"ങാ ! ഞാനെഴുന്നേറ്റു അമ്മേ......."

ഇന്നലെ നല്ല മഴ പെയ്തു എന്ന് തോന്നുന്നു.......... ദേ, തളിരിലകളിൽ മഴത്തുള്ളി കൾ............. എന്തു രസമാ കുയിലുകൾ പാടുന്നത് കേൾക്കാൻ..............

“ഓ....... നീയിവിടെ പ്രകൃതിയെ നിരീക്ഷിച്ചിരുന്നോ...... ചിഞ്ചുവും മീനുവും സ്കൂളിൽ പോകാൻ തയ്യാറായി. നീ ഇവിടെ ഇരുന്നോ?”

“ഓ.... അമ്മേ ഞാനിപ്പോ റെഡിയാവും എനിക്കല്പ്പം സമയം തരൂ അമ്മേ...”

“ങാ! നിനക്ക് ഞാൻ സമയം തരാം പക്ഷേ നിന്റെ ഹാജർ നിന്നെ നോക്കി നിൽക്കില്ല.”

“ശരിയാ! ദേ ഞാൻ റെഡിയായി അമ്മേ ......”

“ഇന്ന് പരീക്ഷയല്ലേ? വല്ലതും പഠിച്ചായിരുന്നോ?”

ങ്ങാ ! പഠിച്ചു അമ്മേ ....”

“രണ്ടു ഇഡ്ഡലി കൂടി എടുത്ത് കഴിക്കു രാമൂ .... ഉച്ചക്കല്ലേ നീ ഇനിവരികയു ള്ളൂ... പരീക്ഷയല്ലേ? ടെൻഷൻ അടിക്കണ്ടാട്ടോ .... മോനേ നല്ല മഴ വരുന്നുണ്ട് കുട കൂടി എടുത്തോളൂട്ടോ.........”

ചിഞ്ചുവും മീനുവും എത്തിക്കഴിഞ്ഞിരുന്നു. രാമുവും അവരോടൊപ്പം കൂടി, “രാമൂ നീയറിഞ്ഞോ ഇന്നലെ രാത്രിയിൽ ഭയങ്കര മഴയായിരുന്നു. പല സ്ഥലങ്ങളിലും വെള്ളം കയറി ...... ശ്ശൊ ! എന്തു ചെയ്യുമോ ആവോ?”

എന്തു രസമാ മഴ പെയ്യുന്നത് കാണാൻ ........ വെള്ളത്തുള്ളികൾ മുത്തുപോലെ വീഴുന്നു .... അവ മണ്ണിനോടും ഭൂമിയോടും കൂടെ ഒത്തു ചേരുന്നു...... അവൻ എപ്പോഴും മഴയെ നിരീക്ഷിച്ചുകൊണ്ടിരിക്കും മഴയിൽ നിന്നും അവൻ ആനന്ദം കണ്ടെത്തിയിരുന്നു.

പക്ഷേ മഴ ഇപ്പോൾ എല്ലാവരുടെയും ശത്രുവായി മാറിയിരിക്കുന്നു. ഇങ്ങനെയൊക്കെ പറഞ്ഞുകൊണ്ടിരുന്നപ്പോൾ നേരിൽ കാണുന്ന മലയിൽ നിന്നും ഗർജിച്ചുകൊണ്ട് വെള്ളവും, കല്ലും രാമുവിന്റെ നേർക്ക് വരുന്നു. ചിഞ്ചുവും മീനുവും അലറി കരയു ന്നു. രാമു എന്തുചെയ്യുമെന്നറിയാതെ നിശ്ചലമായി നില്ക്കുന്നു. അവന്റെ കണ്ണുകൾ ചുവന്നു തലകറങ്ങുന്നതുപോലെ തോന്നി. കണ്ണുകൾ നിറഞ്ഞു. കണ്ണിൽ നിന്നു കണ്ണുനീർ നീരുറവയായി കവിളിലേക്ക് ഒഴുകിക്കൊണ്ടിരുന്നു. വെള്ളം അവന്റെയടുത്ത് എത്താറായി രാമുവിന് അവന്റെ അമ്മയെ കാണാൻ തോന്നി. പെട്ടെന്ന് വെള്ളത്തിനു ള്ളിലേക്ക് ..... അമ്മേ .....!

“എന്താ മോനേ? എന്തുപറ്റി? ഓ സ്വപ്നമായിരുന്നോ? ശ്ശൊ ! നിന്റെയൊരു സ്വപ്നം ബാക്കിയുള്ളവരെ കൂടി നീ പേടിപ്പിക്കുമല്ലോ? നീ ഉറങ്ങിക്കോ, നേരം വെളുത്തിട്ടില്ല.”

ആ സ്വപ്നം വല്ലാതെ അലട്ടി..... ആ സ്വപ്നം മനസ്സിൽ  എന്തൊക്കെയോ ചിന്തകൾ കടത്തിവിട്ടു. അപ്പോഴാണ് അച്ഛൻ പറയുന്നത് കേട്ടത് നാളെ സ്കൂളിൽ പോകണ്ട...... നല്ല മഴ, ഗവൺമെന്റ് അവധി പ്രഖ്യാപിച്ചു കഴിഞ്ഞിരുന്നു.

അയ്യോ! കണ്ടത് സത്യമായല്ലോ .....

മുറിയിലെ ജനാല പതുക്കെ തുറന്നു. നല്ല നിലാവ്, കാർമേഘങ്ങളുടെ കൂട്ടം. നല്ല മഴക്കോളുണ്ടെന്ന് തോന്നുന്നു. മരച്ചില്ലകളിൽ നനഞ്ഞ്  കുതിർന്ന് ഏതൊക്കെയോ പക്ഷികൾ ..... രാത്രിയായതുകൊണ്ട് ഒന്നും കാണാൻ കഴിഞ്ഞില്ലായിരുന്നു..... പുറത്ത് ഏതൊക്കെയോ കിളികൾ മഴയത്ത് നനഞ്ഞിരിക്കുന്നുണ്ട്. ഏതൊക്കെയാണെന്ന് വ്യക്തമല്ല...



തവളകളുടെ "പേക്രോം" മെസ്സേജ്, ചീവിടുകളുടെ രാഗസംഗമം, തുമ്പികളുടെ "ജെറ്റ് ലാൻഡിങ്", മഴത്തുള്ളികളുടെ "രാഗസംഗമം", കുറേ കഴിഞ്ഞപ്പോൾ മേഘ ങ്ങളുടെ കൂട്ടക്കരച്ചിൽ  ചറപറ, ചറപറ, .... ഒരു നറുമണത്തോടെ മണ്ണിന്റെ ഈറൻ ഗന്ധം.   തലതോർത്തി എഴുന്നേറ്റു നില്ക്കുന്ന മരച്ചില്ലകൾ..... ഇതെല്ലാം കണ്ടും കേട്ടും കഴിഞ്ഞപ്പോഴെക്കും അവൻ ഉറങ്ങിയിരുന്നു.

**ആദിത്യ എസ്.എം**
ജി.എച്ച്.എസ്.എസ്.
കുളത്തുമ്മൽ, തിരുവനന്തപുരം

# ഒളിച്ചുകളി



മഴ അശാന്തമായി കോരിച്ചൊരിഞ്ഞുകൊണ്ടിരുന്നു. കടലിന്റെ അലകൾ ഓരോ നിമിഷവും മുൻപത്തേക്കാൾ ഇരട്ടിശക്തിയോടെ കരയിലേക്ക് ആഞ്ഞടിച്ചു. സമയം ഉച്ചകഴിഞ്ഞിരുന്നു. ഞാൻ അപ്പാർട്ട്മെന്റിൽ മഴയും നോക്കി നിന്നു. വൈകുന്നേരം കുറച്ച് തിരക്കുണ്ടായിരുന്നു. മാറിപ്പോകൂ തിരക്കുകളേ, മഴ ആസ്വദിക്കാനുള്ളതാണ് എന്ന് ഞാനാരോടും തർക്കിക്കും നിസ്സംശയം. ഇരുളടഞ്ഞ അപ്പാർട്ട്മെന്റിന്റെ ഒരു മൂലയിൽ കൈയിൽ ചായയും പിടിച്ച് കിളിവാതിലിലൂടെ പുറത്തേയ്ക്ക് നോക്കിയിരിക്കുന്നതിൽ കിട്ടുന്ന ആനന്ദം... ഹാ..... മഴ നല്ലതാണ് അല്ലേ. പക്ഷേ എന്തിന്റെയോ ഒരു കുറവ് ഈ മുറിയാകെ, എന്റെ മനസ്സാകെ വ്യാപിച്ചിരുന്നു. ഹാ.... എന്റെസഹോദരി...



ഏകാന്തത എനിക്കിഷ്ടമായിരുന്നു, ലോകം ബാല്യം പകരും സുഖമുള്ള സ്വർഗ്ഗം അല്ല എന്ന തിരിച്ചറിവ് ഉണ്ടായ കാലംമുതൽ എനിക്ക് ഏകാന്തത വളരെ പ്രിയമായിരുന്നു. പക്ഷേ ഏകാന്തതയിലും അവളെന്നോടൊപ്പം ഉണ്ടായിരുന്നില്ലേ എന്റെ സന്തതസഹചാരി. മാസങ്ങൾക്കു മുൻപ് വരെ ഇവിടെയും അവളുണ്ടായിരുന്നു. എന്നോടൊപ്പമിരുന്ന് മഴയുടെ സൗന്ദര്യം നുകരാൻ, പിന്നെ അവൾക്ക് ഞാനൊരു ഭാരമായി.....

വീട്ടിൽ നിന്നും ഇത്രയും ദൂരം എന്നെ ഒറ്റയ്ക്കാക്കി അവൾ സ്വന്തമായി ഒരു ലോകം തേടി പോകുമെന്ന് ഞാനറിഞ്ഞിരുന്നില്ല. ഇരട്ടസഹോദരി കൂടെയെപ്പോഴും ഉള്ളത് അവളുടെ സുഹൃത്തുക്കൾക്ക് വിചിത്രമായി തോന്നിയിരുന്നുവെന്ന് അറിഞ്ഞിരുന്നില്ല. ഞാൻ ഒരുപാട് പറഞ്ഞുനോക്കി, പിന്നെ കാത്തിരുന്നു.

പണ്ട് ഒളിച്ചുകളിക്കുമ്പോൾ അവൾ പലപ്പോഴും എന്നെ കണ്ടുപിടിക്കാൻ വരുമായിരുന്നില്ല. ഞാൻ കാത്തിരിക്കും ഒടുവിൽ അവൾ വരില്ല എന്ന തിരിച്ചറിവുണ്ടാകുമ്പോൾ അവളെത്തേടി പോകും..... കാരണം അവൾ എന്നിൽ പൂർണമായി ആശ്രയിച്ചിരുന്നില്ലെങ്കിലും ഞാൻ അവളിൽ ആശ്രിതയായിരുന്നു. അതെനിക്ക് മാറ്റണമെന്നുമില്ലായിരുന്നു.

നമുക്കിടയിൽ ഒരിക്കലും വാക്കുതർക്കങ്ങൾ ഉണ്ടായിട്ടില്ല. പക്ഷേ അന്ന്.....അവൾ തന്റെ സാധനസാമഗ്രികളെല്ലാം മാറ്റുകയായിരുന്നു. എന്നോടൊരു വാക്ക് മാത്രം പറഞ്ഞു "സോഫിയ, എനിക്ക്കുറച്ച് നാൾ തനിച്ചുതാമസിക്കണം, ഒരുഅപ്പാർട്ട്മെന്റ് കണ്ടുവച്ചിട്ടുണ്ട്." തീരെ അപ്രതീക്ഷിതമായിരുന്നു അത് ആദ്യം ആശയക്കുഴപ്പത്തിലായിരുന്നു. പിന്നെ എന്താണ് സംഭവിക്കുന്നതെന്ന് എനിക്ക് മനസ്സിലായി.

"പക്ഷേ നീ..... അതെങ്ങനെ ശരിയാകും, ഞാനില്ലാതെ..... ഒഫീലിയ, കുട്ടിക്കളി നിർത്തൂ, ഞാൻ പറഞ്ഞിരുന്നു."

"എപ്പോഴും എന്നോടൊപ്പം ഒരു ബാഗുപോലെ നിന്നെ കൊണ്ടുനടന്ന് മടുത്തു. ഞാൻ കൂടുതൽ സ്വതന്ത്രയാകാൻ ആഗ്രഹിക്കുന്നു. നിന്നെപ്പോലെ എന്നും ജോലി, വീട്, യൂണിവേഴ്സിറ്റി, ..... നോക്ക് സോഫീ, എനിക്കതിനാകില്ല. ഇത്രയും വർഷം ഞാൻ നിന്നോടൊപ്പമുണ്ടായിരുന്നില്ലേ? എന്നെ ആശ്രയിച്ച് ജീവിക്കുന്നത് ഒരിക്കലെങ്കിലും നിർത്തൂ." ആ വാക്കുകൾ ഇന്നും കർണ്ണങ്ങളിൽ പ്രതിധ്വനിക്കുന്നു.

ഞാനൊന്നും മിണ്ടിയില്ല. എനിക്കും മാറ്റം വേണമായിരുന്നു. അവളിൽ ഞാൻ ആശ്രിതയല്ല എന്ന് തെളിയിക്കണമെന്ന ദൃഢനിശ്ചയത്തിലായിരുന്നു. അവൾ യാത്ര പറഞ്ഞുകൊണ്ട് അവിടെ നിന്ന് ഇറങ്ങി.

ഏകാന്തതയുടെ കയ്പ്പ് അന്നുമുതൽ അറിയുകയാണ്. ഒരു കടലിലേയ്ക്കും എത്തിച്ചേരാത്ത പുഴയായി അന്നുമുതൽ ഞാൻ വർത്തിക്കുന്നു.

എന്നും ഞാൻ യൂണിവേഴ്സിറ്റിയിൽ വച്ച് കാണാറുണ്ട് എന്റെ പകുതിയായിരുന്ന സഹോദരിയെ. ഇന്ന് അവൾ എനിക്ക് ആരും അല്ലാതായിരിക്കുന്നു. പക്ഷേ അവൾ

സന്തുഷ്ടയാണെന്ന ഒരേയൊരു കാര്യം എന്നെ സന്തോഷപ്പെടുത്തി, അവളുടെ വേവലാതിക്ക് ഞാൻ കാരണമല്ലല്ലോ എന്ന ആശ്വാസം.

സമയം മെല്ലെ നീങ്ങുന്നതും നോക്കിയിരുന്ന എന്റെ മരവിച്ച കൈകളിലിരുന്ന് ചായ തണുത്ത് പോയിരുന്നു. ഫോണിന്റെ ശബ്ദം വീണ്ടും എന്നെ വർത്തമാന കാലത്തിലേക്ക് തിരികെ കൊണ്ടുവന്നു. അത് ഒഫീലിയായാണെന്ന് കണ്ട് ചാടി എഴുന്നേറ്റു. ഒടുവിൽ അവൾ എന്നിലും ആശ്രിതയാണ്, താൻ ചെയ്തത് തെറ്റായിരുന്നു എന്ന് അറിഞ്ഞുകാണും. മാപ്പപേക്ഷിക്കാനായാകും എന്നെ വിളിക്കുന്നത്.

അത് ഒഫീലിയയായിരുന്നില്ല, പക്ഷേ ആ ശബ്ദം എനിക്ക് പരിചിതമായിരുന്നു. അവളുടെ സുഹൃത്ത്, എന്റെ ഹൃദയമിടിപ്പ് അവരുടെ ഓരോ വാക്കിലും ശക്തി പ്രാപിച്ചു. മഴയുടെ ശക്തിയും കടലിന്റെ ഇരമ്പലും എന്റെ തുടിക്കുന്ന ഹൃദയത്തിന്റെയത്രയും ശക്തമല്ല എന്നെനിക്കുതോന്നി.

അവൾ സംസാരിച്ചുകഴിയുന്നതിനു മുൻപേ ഞാൻ പായുകയായിരുന്നു. ആ മഴയിൽ കുതിർന്ന വസ്ത്രത്തോടെ, കാറിലേക്ക് ചിന്തകളെല്ലാം അഴിക്കാനാകാത്ത കുരുക്കുകളായിരുന്നു. എല്ലാം അവ്യക്തം.

ആശുപത്രിയുടെ മുൻപിലെത്തിയതും ഞാൻ അവിടെ നിന്നും ഓടി സഹോദരിയുടെ അടുത്തെത്തുന്നതുവരെ നിന്നില്ല. അവൾ സമാധാനത്തോടെ ആശുപത്രിക്കിടക്കയിൽ കിടക്കുന്നത് കണ്ടതും കണ്ണുനീർ കണ്ണുകളിൽ നിറഞ്ഞു കവിയുന്നത് ഞാനറിഞ്ഞു.

ആഹാരമില്ലായ്മ, അമിതമായ ഉറക്കഗുളികയുടെ ഉപയോഗം, ഉറക്കമില്ലായ്മ, ഒടുവിൽ ഇവിടെ ആശുപത്രിക്കിടക്കയിൽ. അതാണ് എല്ലാവരും എന്നോട് പറഞ്ഞത്. ഇത് അവളെ ഇത്രയും ദുർബലമാക്കുമെന്ന്... പക്ഷേ ഞാൻ അവളെപ്പറ്റി ഒന്നും അന്വേഷിക്കാറുണ്ടായിരുന്നില്ലേ. എന്നും അവളെ കാണാറുണ്ടായിരുന്നില്ലേ. അതോ ഞാനും അവളെപ്പോലെ മറന്നു പോയിരുന്നോ?

ഒരു പക്ഷേ അവളിലെ വളരെ ശ്രദ്ധേയമായ മാറ്റങ്ങൾ എന്നെപ്പോലെ യാകാതിരിക്കാൻ വരുത്തിത്തീർത്തതാണെന്ന് വിചാരിച്ചിരിക്കുന്നത് തെറ്റായിരുന്നി രിക്കാം, ഭാരത്തിലെ വ്യത്യാസവും അവൾ സ്വന്തം മുടി വെട്ടിയതു പോലെ അവളുടെ മറ്റൊരു തന്ത്രമാണെന്ന് ഞാൻ വിചാരിച്ചത് സത്യമായിരുന്നിരിക്കാം.

ഇത്തവണ സഹോദരി എന്നെ കണ്ടുപിടിക്കാതെ ഒളിച്ചുകളി നിർത്തി പോയപ്പോൾ അവളെത്തേടി പോകാത്തതിന് കിട്ടിയ ശിക്ഷയാകാം ഇത്. ഞാനല്ലേ ഇതിനുത്തരവാദി, കുറ്റബോധം എന്റെ കണ്ണുകളെ ഇരുട്ടിച്ചു. അവളെ കാണാത്തതായി നടിക്കരുതായിരുന്നു. ഒരു പക്ഷേ എല്ലാം കാണേണ്ടത് ഞാനായിരുന്നിരിക്കാം ഇനി ഇത് ഒരിക്കലും സംഭവിക്കില്ല.

''എന്നോട് ക്ഷമിക്കൂ സോഫിയ, ഞാൻ ഒരിക്കലും അവിടെ നിന്നും മാററുതായിരുന്നു. പക്ഷേ, ഞാൻ നിന്നെ കാത്തിരിക്കുകയായിരുന്നു, ഞാൻ കരുതി...ഒരു പക്ഷേ;" ഞാൻ അവളുടെ കിടക്കയ്ക്കരികിൽ ഇരിക്കുകയായിരുന്നു. അവളുടെ രണ്ട് കരങ്ങളും മുറുകെ പിടിച്ചിരുന്നു. ഞാനൊന്നും പറഞ്ഞില്ല.

"പുറത്ത് മഴയുണ്ടോ" അവളെന്നോട് ചോദിച്ചു ഞാൻ മെല്ലെ പുഞ്ചിരി തൂകി തലയൊന്നാട്ടി.

"നമുക്ക് വീട്ടിൽ പോയി കോഫി കുടിക്കണം" അവൾ പറഞ്ഞു. ഞാൻ നെറ്റി ചുളിച്ചു എന്നിട്ട് ചിരിക്കാനാരംഭിച്ചു.

എന്റെ മനസ്സിലെ ഏകാന്തത മറയാൻ തുടങ്ങിയിരുന്നു. സഹോദര സ്നേഹം ഒരു ഉത്തരവാദിത്തമോ, ആശ്രയമോ അല്ല എന്ന് അവൾ മനസ്സിലാക്കി എന്ന് എനിക്കിപ്പോൾ തോന്നി. പുറത്ത് അപ്പോഴും മഴ പെയ്തുകൊണ്ടിരുന്നു. ശാന്തമായി.

**ദേവനന്ദ പി ആർ**
ഫോർട്ട് ഗേൾസ് മിഷൻ ഹൈസ്കൂൾ,
തിരുവനന്തപുരം

# മാതംഗി വൃക്ഷം



സായ അവളുടെ അമ്മയെ അടുക്കളയിൽ സഹായിക്കുകയായിരുന്നു. അപ്പോൾ അവരുടെ അച്ഛൻ ജോലി കഴിഞ്ഞ് ക്ഷീണിച്ച് വരുന്നു. കൈയ്യിൽ ഒരു കൂടുമുണ്ട് അച്ഛൻ വരുന്നതു കണ്ടിട്ട് സച്ചു പറഞ്ഞു.

'സായേച്ചി ഓടിവാ ദേ അച്ഛൻ വന്നു'. പറഞ്ഞു തീരുന്നതിന് മുൻപേ സായ സച്ചുവിനോടൊപ്പം അച്ഛന്റെ അരികിലേക്ക് ഓടി. എന്നിട്ടു ചോദിച്ചു.

'അച്ഛാ ഇതെന്താ ഈ കൂടിനകത്ത്'.

അച്ഛൻ, "ഒരിത്തിരി മാമ്പഴമാണ്. വരുന്നവഴി കടയിലൊന്നു കേറി." കേട്ടതും സായയും സച്ചുവും കൂട് തട്ടിപ്പറിച്ചുകൊണ്ടോടി കണ്ടുനിന്ന അമ്മ പറഞ്ഞു.

'രണ്ടു മാമ്പഴം ഇങ്ങുതാ പിള്ളേരേ. നാളെ പുഡ്ഡിങ്ങ് ഉണ്ടാക്കിത്തരാം" "പുഡ്ഡിങ്ങ് വേണ്ട മാമ്പഴം മതി. അമ്മേ ഇത് ശുദ്ധമാണ്. മാത്രമല്ല. മാമ്പഴം അതിന്റെ യഥാർത്ഥ രൂപത്തിൽ കഴിച്ചാലാണ് കൂടുതൽ രുചി." സായ പറഞ്ഞു.



മുത്തശ്ശി പറഞ്ഞു "മക്കളിങ്ങുവാ, മാമ്പഴം കഴിക്കുന്നതോടൊപ്പം മുത്തശ്ശി ഒരു കഥ കൂടി പറഞ്ഞു തരാം." അപ്പോഴേക്കും സായക്കും, സച്ചുവിനും കഥ കേൾക്കാൻ ധൃതിയായി ഇരുവരും പറഞ്ഞു. "എന്റെ പൊന്നുമുത്തശ്ശി വേഗം പറ കേൾക്കാൻ കൊതിയായി. അപ്പോൾ സച്ചുവിന് ഒരു സംശയം,! "അല്ല മുത്തശ്ശി ഏത് കഥയാ? ആരേക്കുറിച്ചുള്ള കഥയാ പറയാൻ പോകുന്നേ?"

"മുത്തശ്ശി ഇന്നൊരു മാവിന്റെയും ഒരു കൊച്ചുമിടുക്കിയുടേയുടേയും കഥയാ പറയാൻ പോകുന്നേ." മുത്തശ്ശി തുടർന്ന്.

"പണ്ട് പണ്ട് കൃഷ്ണഗിരി എന്ന ഗ്രാമത്തിൽ ഒരു കുട്ടി അവളുടെ മുത്തശ്ശി യോടൊപ്പം താമസിച്ചിരുന്നു. അവളുടെ പേര് സ്യമന്തിക എന്നായിരുന്നു. അവരുടെ വീട്ടിൽ ഒരു തേന്മാവ് ഉണ്ടായിരുന്നു. തേൻമാവിലെ മാമ്പഴത്തിന് നല്ല സ്വാദായിരു ന്നു. ഒരിക്കൽ സ്യമന്തിക കളിക്കുകയായിരുന്നു. അപ്പോൾ പെട്ടെന്ന് കാറ്റോട് കൂടി മഴ പെയ്തു. അവൾക്ക് കൂടുതൽ സന്തോഷമായി. പട്ടണത്തിൽ അമ്മ മഴ നനയാൻ അനുവദിക്കാറില്ല. അതുകൊണ്ട് അവൾ മഴ ആസ്വദിച്ചുകൊണ്ട് അവിടെ നൃത്തം ചെയ്തു. പെട്ടെന്ന് മുത്തശ്ശി വിളിച്ചു. "സ്യമന്തിമോളേ മഴ നനയാതെ കേറി വാ മുത്തശ്ശി വാവയ്ക്ക് ചൂട് പായസമുണ്ടാക്കിത്തരാം." സ്യമന്തിക പറഞ്ഞു. 'മുത്തശ്ശി ഒരിത്തിരി നേരം കൂടി ക്ഷമിക്കൂ ഞാൻ ഇപ്പൊ വരാം'. അങ്ങനെ പറഞ്ഞ് അവൾ അവിടെത്തന്നെ കളിച്ചു കൊണ്ടിരുന്നു. പെട്ടെന്ന് ഇടിയും മിന്നലും വന്നു. സ്യമന്തിക പേടിച്ചുപോയി അപ്പോൾ തന്നെ "മുത്തശ്ശീ' എന്നു വിളിച്ച് കരഞ്ഞുകൊണ്ടോടി. മുത്തശ്ശി അവളെ ചേർത്തു നിർത്തി. എന്നിട്ട് തലയൊക്കെ തോർത്തിച്ച ശേഷം പായസവും നൽകി. എന്നിട്ടു ചോദിച്ചു. 'വാവേ എന്തിനാ മഴയത്ത് നനഞ്ഞത്? അവധി കഴിഞ്ഞ് അച്ഛനും അമ്മയും കൂട്ടിക്കൊണ്ടുപോവാൻ വരുമ്പോൾ നിനക്ക് അസുഖം പിടിച്ചെന്നറിഞ്ഞാൽ വേവലാതിപ്പെടില്ലേ'?

കുറച്ചു നേരം കഴിഞ്ഞ് മഴയെല്ലാം പോയ ശേഷം അവൾ വീണ്ടും മുറ്റത്ത് കളിക്കാനിറങ്ങി. അപ്പോൾ അവൾക്കൊരു മാങ്ങ കിട്ടി. ചെറുതൊന്നുമല്ല. അതിന് ഒരു ഓമക്കായുടെ വലുപ്പം ഉണ്ടാവും. അത് എടുത്തിട്ട് മുത്തശ്ശിയുടെ അരികിലേക്ക് ഓടി! "മുത്തശ്ശി ദേ ഇതു കണ്ടോ മുറ്റത്തെ മാവിൽ നിന്നും ഒരു മാങ്ങ കിട്ടി. നോക്കൂ എന്തൊരു വലുപ്പം ആണെന്ന്."

"ആ... ആ... കാറ്റത്ത് വീണതാവും അത് മുത്തശ്ശി വാവക്ക് പൂളിത്തരട്ടെ നല്ല തേന്മധുരം ഉള്ള മാമ്പഴമാ."

എന്റെ മുത്തശ്ശീ വേഗം താ, ദേ എന്റെ വായിൽ കപ്പലോടുന്നു.

'ഇതാ കഴിച്ചോ...'

കുറച്ചു നേരം കഴിഞ്ഞ് മുത്തശ്ശി സ്യമന്തികയെ നോക്കീട്ട് കണ്ടില്ല. അന്വേഷിച്ച്

നടന്നപ്പോ അതാ മാവിൻ ചുവട്ടിൽ എന്തോ കാര്യമായി ആലോചിച്ച് ഇരിക്കുന്നു. ഇത്തിരി ഗൗരവത്തിലാണ്. മുത്തശ്ശി സ്യമന്തികയോട് തിരക്കി. 'എന്താ വാവേ തനിച്ച് ഇവിടെ ഇരിക്കുന്നേ'.

'അതോ മുത്തശ്ശി എനിക്ക് ഈ മാവിന് ഒരു പേര് ഇടണം എന്തുപേരാ ഇപ്പൊ ഇടുന്നേ മുത്തശ്ശി'? നമുക്ക് 'മാതംഗി' എന്ന് ഇട്ടാലോ ഇതിലെ മാമ്പഴത്തിന് ഒത്തിരി വലുപ്പക്കൂടുതലല്ലേ. ജീവികളിൽ വലുപ്പം ആനയ്ക്കല്ലേ. അപ്പോ ഈ പേര് ചേരില്ലേ മുത്തശ്ശീ....?

"മിടുക്കി നല്ല പേരാണ് കണ്ടെത്തിയത്. ഇന്ന് വാവേ കൊണ്ടുപോവാൻ അച്ഛനും അമ്മയും വരുന്നുണ്ട്. മുത്തശ്ശി പറഞ്ഞു"സ്യമന്തിക മനസ്സില്ലാ മനസ്സോടെ സമ്മതിച്ചു. കുറച്ചുനേരം കഴിഞ്ഞപ്പോ അച്ഛനും അമ്മയും അവിടെ എത്തി. അവർ കുശലം പറഞ്ഞിരുന്നപ്പോ വീണ്ടും അതാ മലയിടിയുന്നതുപോലെ ഒരു വലിയ ശബ്ദം അച്ഛനും അമ്മയും ഇരുന്നിടത്തൂന്ന് ചാടി എഴുന്നേറ്റു. സ്യമന്തിക മുത്തശ്ശിയുടെ സാരിത്തുമ്പിൽ മുറുക്കിപ്പിടിച്ചു. പേടിച്ചരണ്ടു നിൽക്കുന്നു. ചെന്നു നോക്കിയപ്പോൾ അതാ മാമ്പഴം താഴെ. സ്യമന്തികയ്ക്ക് കാര്യം പിടികിട്ടി. അച്ഛൻ വണ്ടി മാവിൻ ചുവട്ടിൽ ആണ് ഇട്ടിരുന്നത്. മാങ്ങ വണ്ടിയുടെ മേലെ വീണ ശബ്ദമായിരുന്നു അത്. എല്ലാവരും പൊട്ടിച്ചിരിച്ചു. കുറച്ചുനേരം കഴിഞ്ഞപ്പോൾ കുട്ടിക്ക് വീട്ടിൽ പോവാൻ സമയമായി. അവൾ വണ്ടിയിൽ നിന്നും തല പുറത്തേക്കിട്ട് മുത്തശ്ശിയെത്തന്നെ നോക്കിക്കൊണ്ടിരുന്നു. മുത്തശ്ശിയും അതുപോലെ നോക്കി നിന്നു. അവൾ നെടുവീർപ്പോടെ മുത്തശ്ശിയുടെ വീട്ടിൽ നിന്നും യാത്ര തിരിച്ചു.

"കഥ ഇഷ്ടപ്പെട്ടോ എന്റെ പൊന്നു മക്കൾക്കു?" മുത്തശ്ശി സായയോടും സച്ചുവിനോടും ചോദിച്ചു. അപ്പോഴേക്കും അവർ ഉറങ്ങിക്കഴിഞ്ഞിരുന്നു...

രാവിലെ സായ മുത്തശ്ശിയുടെ അടുത്തുചെന്നു ചോദിച്ചു. മുത്തശ്ശി ഉറങ്ങിപ്പോയതിനാൽ അവസാനത്തെ ഭാഗം കേട്ടില്ല. ഒന്ന് പറയുമോ മുത്തശ്ശീ? അതിനെന്താ പറയാല്ലോ. വീട്ടിലേക്കു പോവാൻനേരം അവളുടെ കൈയ്യിൽ എന്തോ ഉണ്ടായിരുന്നു. അത് ആ മാമ്പഴത്തിനുള്ളിൽ നിന്നും അവൾ മാറ്റിവെച്ച മാങ്ങാണ്ടിയായിരുന്നു. പുതിയ തലമുറയ്ക്കുവേണ്ടിയുള്ള ഒരു നിധിയെന്നപോൽ അവൾ അതിനെ ഭദ്രമായി കൈവെള്ളയിൽ ഒതുക്കി.

**ദേവനന്ദ കെ.എസ്**
എൻ.എസ്.എസ്.എച്ച്.എസ്.എസ് കിടങ്ങൂർ
കോട്ടയം

# ഒരു കൈത്താങ്ങ്




ഇന്ന് കൃത്യസമയത്ത് അദ്ദേഹം കുളിച്ചൊരുങ്ങി. സാധാരണ പ്രാർത്ഥന ഇന്നല്പം നീണ്ടു. സമയം കൃത്യം 6.45. അദ്ദേഹം തന്റെ പഴയ വാച്ച് നോക്കി. എന്നിട്ട് ആ വാച്ച് തന്റെ കറുത്ത രോമങ്ങൾ നിറഞ്ഞ കൈയ്യിൽ അണിഞ്ഞു.

"പട്ടാഭി... പട്ടാഭി.' ന്നാ..... ചായ റെഡി"

"ന്റെ പൊന്നു വാസു അണ്ണാ......ന്റെ പേര് പട്ടാഭിരാമയ്യരെന്നാണെന്ന് നിങ്ങടടുത്ത് എത്ര തവണ പറഞ്ഞിട്ടുണ്ട്. എന്നെ രാമാന്നൊ രാമൂന്നൊക്കെ വിളിക്കാൻ..."

"ഓ ശരി..... അങ്ങനാവട്ടെ രാമ......."

നെറ്റിയിൽ ചന്ദനമണിഞ്ഞ് ചെവിയിൽ തുളസിയിലയും മുല്ലപ്പൂവും തിരുകിയ ആ പൊക്കം കുറഞ്ഞ ലുങ്കിക്കാരൻ ഒരാക്കിയ ചിരി ചിരിച്ചു.

"ഇതെന്താ മധുരം കുറച്ച് കുറവ്?" പട്ടാഭി ദേഷ്യസ്വരത്തിൽ ചോദിച്ചു.

"അതിപ്പഴത്തെ ദേഷ്യത്തിന്റെയായിരിക്കും" വാസു അണ്ണൻ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു.

പട്ടാഭിയുടെ വീടിനു മുമ്പിലാണ് വാസു അണ്ണന്റെ തട്ടുകട. ഞായറാഴ്ചയൊഴികെ എന്നും രാവിലെ കുളിച്ചൊരുങ്ങി അദ്ദേഹം കട തുറക്കും. തുറന്നാൽ ആദ്യ ചായ പട്ടാഭിക്ക്. അവിടുന്നാണ് അദ്ദേഹത്തിന്റെ ദിനചര്യയുടെ തുടക്കം. പട്ടാഭി തന്റെ വീട്ടിൽ ഒറ്റയ്ക്കാണ്. പത്തുപതിനഞ്ച് കൊല്ലംമുമ്പ് വീടിന്റെ നാഥനായ പട്ടാഭി, നാലു കൊല്ലം മുമ്പ് അനാഥനായി. ഒറ്റ മോനാണ്.

യൗവനത്തിന്റെ പാതിവഴിയെത്തിയ പട്ടാഭിക്ക് നര മുടിയിൽ ബാധിച്ചത് ചെറുതാണെങ്കിലും മനസ്സ് അതിന്റെ കീഴിലാണ്. ചായകുടി കഴിഞ്ഞു. വീട്ടുപടിക്കൽ എറിഞ്ഞ ദിനപത്രത്തെ വാരിയെടുത്ത് ചാരുകസേരയിലിരുന്ന് ആ വട്ടക്കണ്ണട മുഖത്ത് വെച്ച് സൂക്ഷ്മതയോടെ പത്രം വായിക്കുന്നു. ഓരോ വാർത്തയിലും അതിന്റേതായ മുഖഭാവം പട്ടാഭിയിൽ വന്നുപോവുന്നു.

സമയം 8.30. നീളൻ കുടയും, വട്ടക്കണ്ണടയും, പഴഞ്ചൻ വാച്ചും കോട്ടൺ പാന്റ്സും വരയൻ ഷർട്ടും നീണ്ട ചന്ദനക്കുറിയുമണിഞ്ഞ് ഗ്രാമത്തിന്റെ കോൺക്രീറ്റ് റോഡിലൂടെ അദ്ദേഹം ശരാശരി വേഗത്തിൽ നടന്നു നീങ്ങുന്നു. റോഡിന് അലങ്കാരമായി ചില വീടുകളിൽ കോലം ഇടുന്നു.

പട്ടാഭിയുടെ അമ്മ തഞ്ചാവൂരിലെയാണെങ്കിലും അച്ഛൻ പാലക്കാട് ഒറ്റപ്പാലത്തെയാണ്. കൂടാതെ അച്ഛനൊരു മലയാളാധ്യാപകനും. പട്ടാഭി ബി.എ. മലയാളവുമാണ്. ഇതുകൊണ്ടൊക്കെയായിരിക്കാം തമിഴിൽ അത്ര പ്രാവീണ്യം ലഭിക്കാതിരുന്നത്.

നടന്നു നീങ്ങുമ്പോഴാണ് അങ്ങകലെ നിന്ന് വെള്ളയിൽ കറുത്ത പുള്ളിയുള്ള പാവാട ധരിച്ച വെള്ളാരംകല്ല് പോലുള്ള ഒരു പെൺകുട്ടിയും ഒരുതരം ചാരനിറ ട്രൗസർ അണിഞ്ഞ ആൺകുട്ടിയും ഓടിവരുന്നത് പട്ടാഭി കണ്ടത്. കറുപ്പ് ബാധിച്ച ആ ചുണ്ടിൽ ചെറുപുഞ്ചിരി വിടർന്നു.

ആ കുട്ടികൾ അദ്ദേഹത്തിന്റെ അടുത്തെത്തി. “പട്ടാഭി....” എന്നൊരു നീണ്ട വിളി യോടുകൂടി അവർ ദൂരെയുള്ള വീടുകൾക്കിടയിലേക്ക് മറയുകയും ചെയ്തു. എന്തോ പട്ടാഭിക്ക് ദേഷ്യം വന്നില്ല. അയാളുടെ പുഞ്ചിരിയുടെ വലുപ്പം വലുതായി. വീണ്ടും പട്ടാഭി തന്റെ പാതയിലേക്ക് തിരിച്ചു വന്നു. അപ്പോഴാണയാൾ പാട്ടിയെ കണ്ടത്.

“ഗുഡ് മോണിങ്ങ് പാട്ടി.”

“ആ രാമാ... ഗുഡ് മോണിങ്ങ്...” പല്ലുകളുടെ ഭംഗി ചുണ്ണാമ്പും വെറ്റിലയുമെല്ലാം കവർന്നെടുത്ത ആ വൃദ്ധ മന്ദഹസിച്ചു.

“എന്ന രാമാ, സാപ്പിട്ടാ......?”

“ഇല്ല പാട്ടി.....ഓഫീസിൽ പോയിട്ട് കഴിക്കാം...”

“രാമാ അത് യാര്?”

“എന്താ പാട്ടി..... ആരാ?’

“അങ്ക പാറ് കണ്ണാ...” കാഴ്ച മങ്ങിപ്പോയ ആ വൃദ്ധ തന്റെ കണ്ണുകൾ ഇറുക്കിപ്പിടിച്ചു നോക്കുന്നു.

“ഓ അത്....അത് അബ്ദു... നസ്റാണി പെങ്കൊച്ചിനെ കല്യാണം കഴിച്ചത്.... ഇപ്പോ രണ്ട് കുട്ടികളുമുണ്ട്.”

പാട്ടി മനസ്സിലാവാത്ത മട്ടിൽ മുഖഭാവം കാണിച്ചു. ഇതു മനസ്സിലാക്കിയ പട്ടാഭി ഒന്നുകൂടെ വിസ്താരിച്ചു പറഞ്ഞു.

“നമ്മുടെ വീരാനിക്കേടെ വീടിനപ്പുറത്തുള്ള വീട്ടുകാര്, മനസ്സിലായാ?”

“ആ അബ്ദു.” പാട്ടി മനസ്സിലായപോലെ പറഞ്ഞു.

“ശരി..., ഓഫീസിൽ പോവാൻ സമയമായി.. ഞാൻ പോട്ടെ.”

“സെരി കണ്ണാ പോയിട്ട് വാ...”

പാട്ടിയുടെ മുറുക്കിത്തുപ്പിയ തമിഴ് ചിലനേരം മനസ്സിലാക്കാൻ പട്ടാഭി അല്പം പാടുപെടാറുണ്ട്. പാട്ടിയോട് യാത്ര പറഞ്ഞ് അയാൾ ഓഫീസിലേക്ക് തിരിഞ്ഞു. ഓഫീസിൽ പിടിപ്പത്പണിയുണ്ടായിരുന്നു അതുകൊണ്ടുതന്നെ പട്ടാഭി പ്രാതൽ ഉപേക്ഷിച്ചു. ഉച്ചയ്ക്ക് വയർ അനുസരണക്കേട് കാണിച്ചത് കൊണ്ടാണ് അല്പം അന്നം ഭക്ഷിച്ചത്. വൈകുന്നേരം ആറുമണിക്ക്, എല്ലാവരും പോയിക്കഴിഞ്ഞ്, പട്ടാഭി കണ്ണൊന്നുതിരുമ്മി, പുറപ്പെടാൻ തീരുമാനിച്ചു

വീട്എത്തിയതും കിടക്കയിലേക്ക് ചാഞ്ഞു.



വെയിലിന്റെ വെളിച്ചം മുറി നിറയെ. പട്ടാഭി കണ്ണുകൾ മെല്ലെ തിരുമ്മി കാലുകൾ പതുക്കെ നിലത്തുവെച്ച് പഴഞ്ചൻ വാച്ച് നോക്കി.

സമയം എട്ടുമണി. ദൈവമേ! എന്നലറിവിളിച്ചു പട്ടാഭിനെട്ടോട്ടംഓടി. കുളിയും പ്രാർത്ഥനയും ശരവേഗത്തിൽ പൂർത്തിയായി.

വാസു അണ്ണന്റെ ചായ മുമ്പിലെ മേശപ്പുറത്ത് സമാധാനമായി ചൂടാറിയിരിക്കുന്നു. അതെല്ലാം ഉപേക്ഷിച്ച് പട്ടാഭി വേഗത്തിൽ തന്റെ നീളൻ കുടയെടുത്ത് നടക്കാൻ തുടങ്ങി.

അപ്പോഴാണ് ഓർത്തത്, ഇന്ന് അമ്പലത്തിലെ പൂരത്തിന്റെ തലേദിവസമാണ്. ഗ്രാമവഴിയിൽ നല്ല തിരക്ക് ഉണ്ടാവും. അതോടെ പട്ടാഭി ദിശമാറ്റി. ടൗൺ വഴി ചുറ്റി

പോവാം എന്ന് തീരുമാനിച്ചു. ചീറിപ്പാഞ്ഞു വരുന്ന വണ്ടികളുടെ തിരക്കിന്റെ ലോകത്തിൽ അയാൾ അകലം പാലിച്ച് നടന്നു നീങ്ങി.

കാലിൽ ചെരുപ്പ് ധരിക്കാതെ പന്ത് തട്ടുന്ന കുട്ടികളെ കണ്ട പട്ടാഭിക്ക് അവർ ഭൂമിയുടെ തണുപ്പ് അറിയുകയാണ് എന്നാണ് തോന്നിയത്. കുറച്ച് അകലെ ചീറിപ്പാഞ്ഞു വരുന്ന നീല ഉടുപ്പിട്ട 'ജനി ജെറ്റ്' എന്ന ബസ്സിൽ കയറാൻ വേണ്ടി അതിലും വേഗത്തിൽ ഓടി വരുന്ന സ്ത്രീകളെയും പട്ടാഭി കണ്ടു. ചിലപ്പോൾ ഇതെല്ലാമായിരിക്കും പട്ടാഭിയുടെ നടത്തത്തിന്റെ വേഗത കുറച്ചത്.

ബസ്സ്റ്റോപ്പിൽ കീറിപ്പറിഞ്ഞ വസ്ത്രങ്ങളോടു കൂടി ഏകദേശം എട്ട് വയസ്സ് പ്രായം തോന്നിക്കുന്ന പെൺകുട്ടി ജനങ്ങളോട് ഭിക്ഷ ചോദിക്കുന്നു. ആരും കണ്ട ഭാവം നടിക്കുന്നില്ല. കുട്ടി അടുത്തുവന്നാൽ മാറിപ്പോകുന്നു. ദുഃഖം പാറുന്ന ആ കണ്ണുകളിൽ പട്ടാഭി ദയനീയമായി നോക്കി.

അവൾ പട്ടാഭിയോടും വിണ്ടുകീറിയ ശബ്ദത്തിൽ ചോദിച്ചു.

"സാറേ എന്തേലും തര്വോ ? രണ്ട് ദിവസമായി ഭക്ഷണം കയിച്ചിട്ട്...."

പട്ടാഭി തന്റെ പാന്റ് പോക്കറ്റ് തപ്പി. എന്നിട്ട് വേണ്ടാന്നു വെച്ചു. അവളുടെ കയ്യിലെ ഭിക്ഷപ്പാത്രം അയാൾ വലിച്ചെറിഞ്ഞു. മൃദുത്വം നഷ്ടപ്പെടാത്ത കൈകളിലയാൾ അമർത്തിപ്പിടിച്ച് അടുത്തുള്ള ഹോട്ടലിൽ ചെന്നു.

"നിനക്കെന്താ വേണ്ടെ?" പട്ടാഭി താഴ്ന്ന സ്വരത്തിൽ ചോദിച്ചു. അവൾ മിണ്ടിയില്ല. ഒടുവിൽ പട്ടാഭി തന്നെ ഒരു ബിരിയാണി ഓഡർ ചെയ്തു. അവളുടെ കണ്ണ് തള്ളി.

"കൈച്ചൊ..." അയാൾ പറഞ്ഞു. ആ കണ്ണുകളിൽ നിന്ന് കണ്ണുനീർ തോരാമഴയായി പെയ്തു.

ഭക്ഷണം കഴിച്ചു. പട്ടാഭി ബിൽ കൊടുത്തു. ആ കുരുന്ന് പട്ടാഭിക്കുമേൽ നിന്ന് കണ്ണു കൾ മാറ്റിയില്ല. പട്ടാഭി അവളെയും കൊണ്ട് ഏകദേശം ഒരു കിലോമീറ്റർ നടന്ന് ഒരു അനാഥാലയത്തിന്റെ പടിക്കൽ നിന്നു.

"ലിറ്റിൽ ഫ്ളവേഴ്സ് ഓർഫണേജ്."

പട്ടാഭി അനാഥാലയത്തിന്റെ പേര് അവൾ കേൾക്കത്തക്ക രീതിയിൽ വായിച്ചു. പടി തുറന്ന് കെട്ടിടത്തിനുള്ളിൽ കയറുമ്പോഴേക്കും രണ്ടു കന്യാസ്ത്രീകൾ മുമ്പിൽ പ്രത്യക്ഷപ്പെട്ടു.

'ആരാ....? ആ കന്യാസ്ത്രീകളിൽ ഒരാൾ ചോദിച്ചു.'

'ഈ കുട്ടിയെ ഇവിടെയാക്കാൻ വന്നതാ പട്ടാഭി കാര്യം പറഞ്ഞു.'

'ഓ....ഞാൻ സിസ്റ്ററെ വിളിക്കാം....'

"സിസ്റ്റർ മേരി..." രണ്ടാമത്തെ കന്യാസ്ത്രീ പറഞ്ഞു. വൈകാതെ സിസ്റ്റർ മേരി നടന്നുവന്നു.

"പുതിയ കുട്ടിയായിരിക്കും, ല്ലേ?"

"അതെ..., തെരുവിന്റെ മകളായിരുന്നു ഇവൾ. ഇനി അവളെ ആതെരുവിലേക്ക് വിട്ടയയ്ക്കാൻ എനിക്ക് തോന്നുന്നില്ല." പട്ടാഭി താഴ്ന്ന സ്വരത്തിൽ പറഞ്ഞു.

"ഇല്ല, ഇവളിനി മാതാവിന്റെ മടിത്തട്ടിൽ വളരും, ഒരു കുറവും ഇവൾ അനുഭവിക്കില്ല." സിസ്റ്റർ മേരി പറഞ്ഞു.

അനാഥാലയത്തിന്റെ പടിക്കൽ നിന്ന് പട്ടാഭി തിരിഞ്ഞുനോക്കി. സിസ്റ്റർ മേരിയുടെ കൈപിടിച്ച് അവൾ മറഞ്ഞു.

ആ മനുഷ്യൻ തിരക്കുകുറഞ്ഞ റോഡിലൂടെ ഒരു കൈത്താങ്ങിന്റെ പുഞ്ചിരിയുമായി നടന്നു നീങ്ങി.

**ഗൗതം കൃഷ്ണ സി. എസ്.**
ജി.എച്ച്.എസ്.എസ്. കോട്ടായി
പാലക്കാട്

# ആദ്യരാത്രി



നേരം സന്ധ്യയാവാറായി.

ഇവിടേക്ക് എത്തിയിട്ട് കുറച്ചു സമയം ആയതേയുള്ളൂ. തീർത്തും അപരിചിതമായൊരിടം. ചുറ്റും പരിചയമില്ലാത്ത കൂറേ മുഖങ്ങൾ. എല്ലാവരുടെയും ശ്രദ്ധ എന്നിലേക്ക് മാത്രം. കാണാനെന്നോണം അടുത്തുവന്നവർ ശരീരത്തിലങ്ങിങ്ങായി തൊടുന്നു. ഇതൊന്നും എനിക്കത്രക്കങ്ങ് പിടിക്കുന്നില്ല. എന്തു ചെയ്യാം? സഹിച്ചല്ലേ പറ്റൂ! പ്രതികരിക്കണമെന്നുണ്ട്, പക്ഷെ എങ്ങനെ?

വേണ്ട, തല്ക്കാലം മിണ്ടാതിരിക്കുന്നതാണ് നല്ലത്. ഇന്നലെ വരെ എന്ത് സുഖമായിരുന്നു എനിക്കവിടെ. ഒന്നും അറിയേണ്ട, വിശന്നാലും ഇല്ലെങ്കിലും ഒക്കെ സമയാസമയത്തിന് ആഹാരം. ഇഷ്ടംപോലെ കഴിക്കാം, കളിക്കാം, കിടന്നുറങ്ങാം... ആരും ചോദിക്കാനില്ല.

ഇനിയതൊക്കെ നടക്കുമോ എന്തോ ? ഓർക്കുമ്പോൾ തന്നെ സങ്കടം വരുന്നു. രാത്രി ആവാറായി. ആകെപ്പാടെ എന്തോ ഒരു തരം വീർപ്പുമുട്ടൽ, വിശന്നിട്ടാണെങ്കിൽ വയ്യ. ഞാൻ തേടുന്ന മുഖം പക്ഷെ കാണുന്നേയില്ല. ഇവിടെ എത്തിയപ്പോൾ തൊട്ട് നോക്കുന്നതാണ്. ആ മുഖമെങ്കിലും ഒന്ന് കണ്ടെങ്കിൽ ചെറിയൊരാശ്വാസം കിട്ടിയേനേ...



വീണ്ടും ആരൊക്കെയോ അടുത്തു വരുന്നുണ്ട്. എന്തൊക്കെയോ പറയുന്നുമുണ്ട്. എന്നെക്കുറിച്ച് തന്നെയാണ് ചർച്ച മുഴുവനും, ഞാൻ അതിലൊന്നും താല്പര്യം കാണിച്ചില്ല.

വിശപ്പ് അസഹ്യമായി തുടങ്ങി. ഇനി രക്ഷയില്ല. കരഞ്ഞു നോക്കാം. പെട്ടെന്നാണ് രണ്ടു കൈകൾ എന്നെ താങ്ങിയെടുത്തത്. എനിക്ക് നല്ല പരിചയമുള്ള രണ്ടു കൈകളായിരുന്നു അത്. എനിക്ക് ഏറ്റവും സുരക്ഷിതമെന്ന് തോന്നിയ രണ്ടു കൈകൾ. ആ മുഖത്തേക്കൊന്നു നോക്കിയതും എന്റെ എല്ലാ സങ്കടങ്ങളും മാറുന്നത് ഞാനറിഞ്ഞു.

അതേ! ഞാനിത്ര നേരം തേടിയ ആ മുഖം, എന്റെ അമ്മ!

കുറച്ചു സമയങ്ങൾക്ക് മുമ്പാണ് അമ്മയുടെ വയറ്റിൽ നിന്നും ഞാൻ പുറത്തേക്കു വന്നത്. ഞാൻ പുറത്തേക്കു വരുമ്പോൾ അമ്മ വല്ലാതെ കരയുന്നുണ്ടായിരുന്നു. പാവം അമ്മക്ക് വല്ലാതെ വേദനിച്ചെന്ന് തോന്നുന്നു. അത് കണ്ടപ്പോൾ എനിക്കും സഹിച്ചില്ല. ഞാനും ഉറക്കെ കരഞ്ഞു.

അമ്മ ഇപ്പോഴും കരയുന്നുണ്ടോ? ഇപ്പോഴും വേദന ഉണ്ടാവുമോ അമ്മക്ക്? ഇല്ല! ആ മുഖത്തിപ്പോൾ സന്തോഷം മാത്രേ ഉള്ളൂ. എന്നെ മാറോടടുക്കി പിടിച്ച് മുത്തങ്ങൾ കൊണ്ട് മൂടുകയാണമ്മയിപ്പോൾ. എന്തെന്നില്ലാത്ത സന്തോഷം തോന്നി. കുഞ്ഞിച്ചുണ്ടുകൾക്കിടയിൽ അമ്മിഞ്ഞപ്പാലിന്റെ മധുരം ഞാനറിഞ്ഞു. അത് ആവോളം ആസ്വദിച്ച് അമ്മയുടെ തലോടലും ഏറ്റ് മെല്ലെമെല്ലെ ഞാനുറങ്ങി.

ഭൂമിയിലെ എന്റെ ആദ്യരാത്രി. ഏറ്റവും സുരക്ഷിതമായ അമ്മയുടെ വയറ്റിൽ നിന്നും, ഇപ്പോൾ അമ്മയുടെ നെഞ്ചിലെ ചൂടും പറ്റി സുരക്ഷിതമായി.....

**അനുദീപ്**
ജി.വി.എച്ച്.എസ്.എസ് ചെർപ്പുളശ്ശേരി
പാലക്കാട്

# തിരമാല



അച്ഛൻ തികഞ്ഞ മദ്യപാനിയാണ് എങ്കിലും അമ്മയെയും ഞങ്ങളെയും നന്നായി നോക്കും.

ഞങ്ങളുടെ വീട്ടിൽ വല്ലപ്പോഴും വരുന്ന അതിഥിയാണ് കല്യാണിക്കുട്ടിയമ്മ. നട്ടെല്ല് വളഞ്ഞ് വില്ലുപോലെയായ ആ വൃദ്ധ വീട്ടിലേക്ക് വരുന്നത് ഞാൻ അതിശയത്തോടെ നോക്കിക്കാണാറുണ്ട്. വന്നു കഴിഞ്ഞാൽ ഒരു ചായ ഉറപ്പാണ്. അതു കഴിഞ്ഞാൽ ഉച്ചക്കത്തെ ഊണും വൈകിട്ടത്തെ കാപ്പിയും കുടിച്ചാണ് പോകാറ്.

താഴ്ന്ന സമുദായത്തിൽപ്പെട്ട ഞങ്ങളുടെ വീട്ടിൽ നിന്നും ഭക്ഷണം കഴിക്കുന്ന ഏക മുന്തിയ സമുദായക്കാരിയും അവരാണ്.

ഇന്ന് അവർ വന്ന് ചായ കുടിച്ചു കൊണ്ടിരിക്കുമ്പോൾ എന്തെല്ലാമൊക്കെയോ എണ്ണിപ്പെറുക്കി പറയുകയും കരയുകയും ചെയ്യുന്നുണ്ട്. ഇതെല്ലാം കേട്ട് അമ്മ വിഷമത്തോടെ അടുത്ത് നിൽക്കുന്നു. ഞാൻ അവരുടെ അടുത്ത് ചെന്ന് കാര്യം തിരക്കിയപ്പോൾ അമ്മ കണ്ണുകൾ കൊണ്ട് ആഗ്യം കാണിച്ചു; പിന്നെ പറഞ്ഞു തരാമെന്ന ഭാവത്തിൽ.

പിന്നെ ഉച്ചക്ക് ഊണ് കഴിക്കുമ്പോൾ അവരുടെ കൺതടങ്ങളിലെ നനവ് കറിയിലെ എരിവ് കൊണ്ടല്ലെന്ന് എനിക്ക് മനസിലായി.

വൈകീട്ട് അവർ പോയ്ക്കഴിഞ്ഞ് കിടക്കാൻ നേരമാണ് അമ്മ അവരുടെ കഥ പറഞ്ഞുതന്നത്. അവർക്ക് എട്ടു മക്കളും ധാരാളം പേരക്കുട്ടികളും ഉണ്ട്. അകാലത്തിൽ ഭർത്താവ് മരിച്ച അവർ മക്കളെ വളർത്തിയെടുക്കാൻ നന്നേ പാടുപെട്ടിട്ടുണ്ട്. എന്നാൽ ഈ വാർദ്ധക്യത്തിൽ സ്നേഹത്തോടെ അവരെ പരിപാലിക്കാനോ ഭക്ഷണം കൊടുക്കാനോ ആരും തന്നെയില്ല. ഇന്നലെ മുപ്പത്തിയാറു വയസുള്ള പേരക്കുട്ടി എൺപത്തിയേഴു വയസുള്ള അവരെ മർദ്ദിക്കുകയും തള്ളിയിടുകയും ചെയ്തത്രേ അതിന്റെ പാടുകളും മുറിവുകളുമാണ് അമ്മയെ കാണിച്ചത്.

ഒരു നേരത്തെ സ്നേഹത്തോടെയുള്ള ഭക്ഷണം കഴിക്കാനും മനസ്സുതുറന്ന് സംസാരിക്കാനും വേണ്ടിയാണ് അവർ ഞങ്ങളുടെ വീട്ടിൽ വരുന്നത്. മനസിലെ വിഷമം കാരണം വളരെ വൈകിയാണ് ഉറങ്ങാൻ കഴിഞ്ഞത്. പ്രായമായ അച്ഛനേയും അമ്മയേയും പൊന്നോമനകളെപ്പോലെ താലോലിക്കുന്ന മുതിർന്ന എന്നെത്തന്നെയാണ് ഞാൻ സ്വപ്നത്തിൽ കണ്ടത്.

**ആശിഷ്.സി.പി**
ടി.എച്ച്.എസ്.എസ്. ഷൊർണ്ണൂർ
പാലക്കാട്

# സൗഹൃദം



ചെമ്പകനാട് എന്ന കൊച്ചു ഗ്രാമം. അരുവികളും, തോടും, പുഴയും, വയലുകളും എല്ലാം കൊണ്ട് മനോഹരമാണ് ഈ ഗ്രാമം. കൃഷി ചെയ്യാൻ താൽപര്യമുള്ളവരാണ് പലരും. ഇവിടത്തെ അറിയപ്പെടുന്ന ഒരു കർഷകനാണ് വാസു.
അയാൾ ചെറുപ്പം മുതൽ കൃഷിചെയ്യാൻ തുടങ്ങിയതാണ്. കവുങ്ങ് കൃഷിയാണ് കൂടുതലുള്ളത്. ഏതൊക്കെ സമയത്ത് കൃഷി ഇറക്കണമെന്ന് വാസുവിന് കൃത്യമായറിയാം.

പള്ളിക്കൂടത്തിൽ അധികം പോയില്ലെങ്കിലും കൃഷിയുമായി ബന്ധപ്പെട്ട എന്തു ചോദിച്ചാലും വാസു പറഞ്ഞുതരും. അയാൾക്ക് കർഷകശ്രീ അവാർഡ് ലഭിച്ചിട്ടുണ്ട്. വാസുവിന് ഒരു മകനുണ്ട്. ജഗൻ എന്നാണ് പേര്. അയാൾക്ക് ഭാര്യയും രണ്ടു മക്കളുമുണ്ട്. ജഗന് കൃഷിയിൽ വലിയ പിടിത്തമൊന്നുമില്ല. അങ്ങനെ ഒരു ദിവസം ഹൃദയാഘാതംമൂലം വാസു മരിച്ചു. അതോടെ കൃഷിയും കുഴങ്ങി. മകനാണെങ്കിൽ എന്ത് ചെയ്യണമെന്ന് പോലും അറിഞ്ഞുകൂടാ. വയലിലെ പച്ചക്കറി കൃഷിയും പറമ്പിലെ കവുങ്ങ് കൃഷിയും എല്ലാം നശിച്ചു. അങ്ങനെ ഒരു ദിവസം

"ജഗാ. . . . ജഗാ . . . ." ആരോ നീട്ടി വിളിച്ചു. ആരാണാവോ? എവിടെയോ കേട്ടു മറന്ന ശബ്ദം ജഗൻ മനസ്സിൽ മന്ത്രിച്ചു.

ഒരാൾ നിൽക്കുന്നു. കൈയിൽ ഒരു കായസഞ്ചിയുണ്ട്. താടിയും മുടിയും നീട്ടി വളർത്തിരിക്കുന്നു. മുഷിഞ്ഞ വസ്ത്രം ധരിച്ചിരിക്കുന്നു.

'എവിടെയോ കണ്ടുമറന്ന മുഖം. ശ്ശെ! ആരാ ഇത്?' ജഗൻ വീണ്ടും മനസ്സിൽ പറഞ്ഞു.

'ആരാ' ജഗൻ ചോദിച്ചു.

"എന്നെ നിനക്ക് മനസ്സിലായില്ലെ?" അയാൾ ചോദിച്ചു.

"എവിടെയോ കണ്ടു മറന്നതുപോലെ. ആരാണെന്ന് കൃത്യമായി അങ്ങോട്ട് മനസ്സിലാകുന്നില്ല" ജഗൻ പറഞ്ഞു.

"ഏടാ ഇത് ഞാൻ നിന്റെ രഘു" അയാൾ പറഞ്ഞു.

"രഘു! നീയോ? നിന്നെ കണ്ടിട്ട് എനിക്ക് മനസ്സിലായതേയില്ല. എന്താ നിന്റെ കോലം.

ആകെ വൃത്തികേട് പോലെ" ജഗൻ പറഞ്ഞു.
രഘു ഒന്ന് പുഞ്ചിരിച്ചു.

"അതൊക്കെ പോട്ടെ. നീ എങ്ങനെയാ ഇങ്ങോട്ട് വന്നത്?" ജഗൻ ചോദിച്ചു.
"അതൊക്കെ വന്നു." അയാൾ പറഞ്ഞു.
"വാടാ കേറിയിരിക്ക്" ജഗൻ അയാളെ വിളിച്ചു.
"വാസു ഏട്ടൻ എവിടെ? കാണുന്നില്ലല്ലോ" രഘു ചോദിച്ചു.
"അച്ഛൻ മരിച്ചിട്ട് ഇന്നേക്ക് ഒരു വർഷമായി" ജഗൻ ശബ്ദം താഴ്ത്തി പറഞ്ഞു.
"ഹേ വാസു ഏട്ടൻ മരിച്ചോ!! ഞാൻ അറിഞ്ഞതേയില്ല" രഘു പറഞ്ഞു.
വാതിലിന്റെ പിന്നിൽ നിന്ന് ജഗന്റെ ഭാര്യ ഒന്ന് എത്തി നോക്കി. കൂടെ മക്കളും.
"ആരാ നിന്റെ ഭാര്യയാണോ?" രഘു ചോദിച്ചു. "ആ. പേര് വിലാസിനി. ഇത് എന്റെ മക്കളാ". ജഗൻ പറഞ്ഞു.
ജഗന്റെ ഭാര്യയെ നോക്കി രഘു ചിരിച്ചു. പക്ഷേ അവൾ കണ്ട ഭാവംനടിച്ചില്ല. കുട്ടികളെ നോക്കിയും രഘു പുഞ്ചിരിച്ചു. ഇതുകണ്ട് കുട്ടികൾ രഘുവിനെ നോക്കി ചിരിച്ചു.

"വാ ജഗാ. നമുക്ക് നിന്റെ പറമ്പിലേക്ക് പോകാം" രഘു പറഞ്ഞു.
"ആ. അച്ഛൻ പോയതോടെ ഇവിടത്തെ പറമ്പും ഇല്ലാതായി".



അങ്ങനെ അവർ സംസാരിച്ച് പറമ്പിൽ എത്തി. ജഗന്റെ പറമ്പ് ആദ്യമായിട്ടാണ് ഇങ്ങനെയൊരു അവസ്ഥയിൽ രഘു കാണുന്നത്.
"എടാ നീ പോയി കൈക്കോട്ട് എടുത്തിട്ട് വന്നേ". രഘു പറഞ്ഞു.
''ഇതാ കൈക്കോട്ട്. നീ എന്തു ചെയ്യാനാ പോകുന്നെ"? ജഗൻ ചോദിച്ചു.

"നമുക്ക് നിന്റെ കൃഷിയിടം പഴയ രീതിയിൽ തന്നെയാക്കാം". രഘു പറഞ്ഞു.
"ഈ കാടുകൾ ഒക്കെ വെട്ടീട്ട് വൃത്തിയാക്കുമ്പോഴേക്കും കുറേ നാളുകൾ എടുക്കും. നിനക്ക് വേറെ പണിയില്ലെ?" ജഗൻ ചോദിച്ചു.
"വേറെ പണിയില്ലാത്തതു കൊണ്ടല്ലേ ഞാൻ ഇതു ചെയ്യാൻ പോകുന്നത്. നീ ഒന്നും ചെയ്യണ്ട. ഇവിടെ വെറുതെ നിന്നാൽ മതി." രഘു ചെറിയ ചിരിയോടെ പറഞ്ഞു.
ഒരു ദിവസം കൊണ്ട് രഘു ആ പഴയ പറമ്പാക്കി മാറ്റി.
"വാടാ നമുക്ക് ആഹാരം കഴിക്കാം" ജഗൻ അവനെ വിളിച്ചു.

വിലാസിനി ഭക്ഷണം കൊണ്ട് വന്നു. പെട്ടെന്ന് തിരിച്ചു പോയി. അവർ ഭക്ഷണം മുഴുവൻ കഴിച്ച് കൊച്ചുവർത്തമാനങ്ങൾ പറഞ്ഞ് കൊണ്ട് വീടിന്റെ തിണ്ണയിൽ ഇരുന്നു. പെട്ടെന്ന് വിലാസിനി ജഗനെ അകത്തേക്ക് വിളിച്ചു.

"ഇയാളെ ഇന്ന് ഇവിടെ നിർത്താനാണോ വിചാരിക്കുന്നത്? അങ്ങനെയാണെങ്കിൽ ഞാനും എന്റെ മക്കളും ഇവിടെ നിന്ന് പോകും. ഒരു വൃത്തിയില്ലാത്ത മനുഷ്യൻ. കുളിക്കാറില്ലായെന്ന് തോന്നുന്നു." വിലാസിനി ദേഷ്യത്തോടെ പറഞ്ഞു. വിലാസിനിയുടെ വർത്തമാനങ്ങൾ പുറത്തുനിന്നു രഘു കേൾക്കുന്നുണ്ടായിരുന്നു.

"എടീ നീ പോയ്ക്കോള്ളൂ. രാവിലെ തുടങ്ങിയതാ നീ. രഘുവിനെ ഞാൻ എവിടേക്കും വിടുന്നില്ല. അത്രയുംപറഞ്ഞ് ജഗൻ പറത്തേക്കു വന്നു. അവിടെ രഘുവിനെ കണ്ടില്ല. ഉണങ്ങിയ കവുങ്ങിന്റെ ഇടയിലൂടെ ഒരു മിന്നായം പോലെ രഘു പോകുന്നതു കണ്ടു. ഒരുപാട് വിളിച്ചു. കേൾക്കാത്ത ഭാവത്തിൽ രഘു പോയി.

'നിനക്ക് ഇപ്പോൾ സമാധാനമായിക്കാണും അല്ലേ?' കുടുതലൊന്നും പറയാതെ ജഗൻ മുറിയിൽ കയറി വേഗത്തിൽ വാതിലടച്ചു.

അങ്ങനെ ഒരുപാട് നാളുകൾ അവൻ വിലാസിനിയോട് മിണ്ടിയില്ല.

രണ്ടു മാസത്തിനുശേഷം ഒരു ദിവസം.

"ഞാൻ മാർക്കറ്റിൽ പോകുന്നുണ്ട്. എന്തെല്ലാമാണ് വേണ്ടത് എന്ന് എഴുതി താ" ജഗൻ പറഞ്ഞു.

"ഇതാ ഇതിലുള്ള മുഴുവനും വാങ്ങിക്കോ." വിലാസിനി പേപ്പർ നീട്ടി. അതും വാങ്ങി അവൻ മാർക്കറ്റിലേക്ക് നടന്നു. പോകുന്ന വഴിയിൽ കള്ള് ചെത്തുകാരൻ രാഘവനെ കണ്ടു.

"നീ എവിടെയാ പോകുന്നത് ജഗാ?" രാഘവൻ ചോദിച്ചു.

"ഞാൻ മാർക്കറ്റിൽ പോകുന്നതാ. പച്ചക്കറികളൊക്കെ തീർന്നു." ജഗൻ പറഞ്ഞു.

"വാസു ഏട്ടൻ ഉണ്ടായപ്പോൾ പച്ചക്കറി വാങ്ങേണ്ട ആവശ്യമുണ്ടായിരുന്നില്ല. എല്ലാം സ്വന്തമായി വിളയിച്ചെടുക്കും." രാഘവൻ പറഞ്ഞു.

"ആ. ഞാൻ പോകുന്നു." ജഗൻ പറഞ്ഞു. പോകുന്ന വഴിയിൽ അവന്റെ ഒരു കൂട്ടുകാരനായ ബാബുവിനെ കണ്ടു. അവന് വസ്ത്രങ്ങളുടെ കടയാണ്.

"എടാ ജഗാ നിന്നെ കണ്ടിട്ട് കുറെ ആയല്ലോ? ഇങ്ങോട്ട് ഒന്നും വരാറില്ലേ നീ?" ബാബു ഒച്ചത്തിൽ ചോദിച്ചു.

"കുറെയായി ഇങ്ങോട്ടൊക്കെ വന്നിട്ട്" ജഗൻ പറഞ്ഞു.

ആൾ ശബ്ദത്തിന്റെയും വാഹനങ്ങളുടെയും ബഹളത്തിൽ ജഗൻ പറഞ്ഞത്

ബാബുവിന് ഒന്നും തന്നെ കേട്ടില്ല. ജഗൻ പറഞ്ഞത് എന്താണെന്നറിയാതെ ബാബു തലയാട്ടി. ജഗൻ പച്ചക്കറി കടയിൽ എത്തി.

“ഏട്ടാ ഈ പേപ്പറിലുള്ളതെല്ലാം എടുത്തേക്ക്.” ജഗൻ കടക്കാരനോട് പറഞ്ഞുകൊണ്ട് പേപ്പർ നീട്ടി.

“ആളുകൾ വളരെ കൂടുതലാണല്ലോ?” ജഗൻ കടക്കാരനോട് പറഞ്ഞു.

“ആ. ഇന്ന് കുറച്ചാൾക്കാരുണ്ട്.” അയാൾ മറുപടി പറഞ്ഞു.

“ഇതാ നാനൂറ്റി തൊണ്ണൂറ് രൂപ.” കടക്കാരൻ പറഞ്ഞു.

ജഗൻ അഞ്ഞൂറ് രൂപ കടക്കാരന് കൊടുത്തിട്ട് പത്തു രൂപ തിരിച്ചു വാങ്ങി.

'ഒരുപാട് ഉണ്ടല്ലോ?' എന്താ വിശേഷം?' ബാബു ചോദിച്ചു.

ജഗൻ ഒന്നു തിരിഞ്ഞുനോക്കി.

“പ്രത്യേകിച്ച് വിശേഷമൊന്നുമില്ല. രണ്ടാഴ്ചക്കുള്ളത് വാങ്ങി. ശരി ഞാൻ വരട്ടെ.” ജഗൻ പറഞ്ഞു.

പെട്ടെന്ന് റോഡ് മുറിച്ചു കടക്കുന്നതിനിടയിൽ അവനെ അതിവേഗത്തിൽ വന്ന ഒരു കാർതട്ടി, ഒരു ചെരുപ്പുകടയുടെ മുന്നിൽ തെറിച്ചു വീണു. പച്ചക്കറികൾ ചിതറി കിടക്കുന്നു. തലപൊട്ടി ചോര വരുന്നു. അവനെ ആരും ആശുപത്രിയിൽ എത്തിച്ചില്ല. ചെറുപ്പക്കാർ മൊബൈലിൽ വീഡിയോ എടുക്കുന്നു. കുറച്ചു പേർ ചിതറി തെറിച്ച പച്ചക്കറികൾ വാരിയെടുത്ത് കൊണ്ടുപോകുന്നു. അതുവഴി ജഗന്റെ ഭാര്യയുടെ അനിയൻ കടന്നുപോകുന്നത് ഒരു മിന്നായം പോലെ ജഗൻ കണ്ടു. എല്ലാവരും എത്തി നോക്കി പോകുന്നതുപോലെ ഭാര്യയുടെ അനിയനും എത്തിനോക്കിയിട്ട് പരിചയമില്ലാത്തതുപോലെ പോയി. അതുവഴി രഘു വന്നു. ജഗനെ കണ്ടതും അവൻ ആളുകളെ തള്ളിമാറ്റി അവന്റെ അടുത്തേക്ക് പോയി. അവനെ വാരിയെടുത്ത് വീഡിയോ എടുക്കുന്ന പിള്ളേരെ തള്ളിയിട്ട് ആശുപത്രിയിലേക്ക് ഓടി. “കുറച്ചുകൂടി വൈകിയിരുന്നെങ്കിൽ അദ്ദേഹത്തെ തിരിച്ചു കിട്ടില്ലായിരുന്നു. ശരീരത്തിൽ നിന്ന് ഒരുപാട് രക്തം പോയിരുന്നു. ഇപ്പോൾ ഒരു കുഴപ്പവുമില്ല. റൂമിലേക്ക് മാറ്റാം.” ഡോക്ടർ രഘുവിനോട് പറഞ്ഞു. “നന്ദിയുണ്ട് ഡോക്ടർ” രഘു കരഞ്ഞുകൊണ്ട് പറഞ്ഞു.

ജഗനെ റൂമിലേക്ക് മാറ്റി. വിലാസിനി കരഞ്ഞു നിലവിളിച്ചുകൊണ്ട് വന്നു. റൂമിലേക്ക് വരുമ്പോഴേക്കും ജഗന്റെ കൂടെ രഘുവുമുണ്ടായിരുന്നു. രഘുവിനെ കണ്ടതും വിലാസിനിയുടെ മുഖം മാറി.

“ഇയാളെന്താ ഇവിടെ? പുറത്തു പോകൂ.” വിലാസിനി ദേഷ്യത്തോടെ പറഞ്ഞു.

രഘു പുറത്തേക്കു പോകാൻ എഴുന്നേറ്റു. പെട്ടെന്ന് ജഗൻ അവന്റെ കൈകളിൽ പിടിച്ച് അവനെ അവിടെ നിർത്തി. "നീ എവിടേക്കും പോകണ്ട. നീ ഇവിടെ എന്റെ അടുത്ത് നിന്നാൽ മതി. ഇവിടെ നിൽക്കാൻ പറ്റാത്തവർ പുറത്ത് പോകട്ടെ." ജഗൻ പറഞ്ഞു.

"ഹൊ എന്നെക്കാളും ഇഷ്ടം ഈ വൃത്തിയില്ലാത്ത മനുഷ്യനോടാണോ?" ഒട്ടും കുറയ്ക്കാതെ വിലാസിനി പറഞ്ഞു.

"നിനക്ക് ഇവൻ വൃത്തികെട്ടതാണെങ്കിൽ എനിക്കിവൻ ദൈവമാ." ജഗൻ കരഞ്ഞു കൊണ്ടു പറഞ്ഞു. "ദൈവമോ? ഇയാളോ" വിലാസിനി പുച്ഛത്തോടെ പറഞ്ഞു.

"അതെ ഇവനാണ് എന്റെ ദൈവം. ഞാൻ വാഹനമിടിച്ച് അവിടെ കിടന്നപ്പോൾ ഒരാളുപോലും എന്നെ ആശുപത്രിയിൽ എത്തിച്ചില്ല. നിന്റെ അനിയൻ പോലും. പലർക്കും വീഡിയോകൾ എടുക്കാനായിരുന്നു സമയം. പക്ഷേ ഈ രഘു വന്ന് എന്നെ വാരിയെടുത്ത് ഇവിടെ എത്തിച്ചു. അല്ലെങ്കിൽ ഞാൻ മരിച്ചേനേ." ജഗൻ വിങ്ങിപൊട്ടി പറഞ്ഞു.

വിലാസിനിയുടെ കണ്ണുകളിൽ നിന്ന് കണ്ണീർ ഒഴുകി. ''നീ എന്തിനാ കരയുന്നത്?"

''ഞാൻ ഇങ്ങനെയൊന്നും പറയാൻ പാടില്ലായിരുന്നു.'' വിലാസിനി കരഞ്ഞുകൊണ്ട് രഘുവിനോട് മാപ്പ് പറഞ്ഞു.

"അയ്യോ മാപ്പൊന്നും പറയേണ്ട." രഘു ചിരിച്ചു കൊണ്ടുപറഞ്ഞു.

"കണ്ടോ നീ അന്ന് ഇവനെ എന്തെല്ലാമാ പറഞ്ഞത്." എന്നിട്ട് അവന് നിന്നോട് ദേഷ്യമില്ല. അവൻ പണ്ടേ ഇങ്ങനെ തന്നെ." ജഗൻ പറഞ്ഞു.

ഇവരുടെ സൗഹൃദത്തിന്റെ ആഴം കണ്ട് വിലാസിനിയുടെ കണ്ണുകൾ ഈറനണിഞ്ഞു.

ജഗന്റെ കൃഷിസ്ഥലങ്ങൾ അവർ വീണ്ടും വൃത്തിയാക്കി. പലതരത്തിലുള്ള വിളകൾ ആ മണ്ണിൽ പുനർജനിച്ചു. വളരെ സന്തോഷത്തോടെ അവർ ജീവിച്ചു. രഘുവും അവരോടൊപ്പം ചേർന്നു. കൃഷികൾ തഴച്ചു വളർന്നു. ഒപ്പം അവരുടെ സൗഹൃദവും.

**ശ്രീനന്ദന കെ**
ദുർഗ്ഗ ഹയർസെക്കണ്ടരി സ്കൂൾ, കാഞ്ഞങ്ങാട്
കാസർഗോഡ്



# മഴവിൽപ്പൂവുകൾ

അകാലത്തിൽ നഷ്ടപ്പെട്ട അവളുടെ സൗഹൃദം അവളെ എത്തിച്ചത് ഇവിടെയാണ്....... ഇരുട്ട് കട്ട പിടിച്ച, അട്ടഹാസങ്ങളും അലർച്ചകളും നിറഞ്ഞ ആ ആശുപത്രിമുറിയിൽ ഭ്രാന്താശുപത്രിയുടെ നീണ്ട ഇടനാഴിയിൽ തലയിടിച്ച് അവൾ തേടുന്നത് മരണത്തെ ആണ്. മരണം വേർതിരിച്ച സൗഹൃദം അവളുടെ ഓർമകളിൽ ഇന്നത്തെ മുപ്പതുകാരിയില്ല. പതിനഞ്ചു വയസ്സാണ്. നരച്ച തലമുടിയും കുപ്പായങ്ങളും വർഷങ്ങളായി ചങ്ങലകൾ തീർത്ത ദുർഗന്ധം നിറഞ്ഞ കാലിലെ വ്രണങ്ങളും അവൾക്കു അറിയില്ല. അവളുടെ പ്രിയപ്പെട്ട സുഹൃത്ത് ഈ ലോകത്തിൽ ഓർമ്മയായ ദുഃഖത്തിൽ മറ്റു ബന്ധങ്ങളും അവൾക്കോർമ്മയില്ല. ആകെ ഓർമ്മയുള്ളത് സൗഹൃദത്തിന്റെ നീണ്ട പതിനഞ്ചു വർഷങ്ങൾ ആണ്. മഴയുടെ സംഗീതവും അന്നയുടെ പൊട്ടിച്ചിരികളും അജുവിന്റെ സ്നേഹം നിറഞ്ഞ കൊച്ചുകുസൃതികളും നിറഞ്ഞ ആ കുഞ്ഞുകാലം.

അജുവും അന്നയും അവളും ചേർന്ന ആ കുട്ടിക്കാലം. അതിൽ നിന്ന് ഒരു ബൈക്ക് ആക്സിഡന്റ് തുടച്ചു നീക്കിയ അവളുടെ അജുവിനെ അവൾ കണ്ടില്ല. ഒരുതവണ പോലും അവളുടെ കണ്ണുകൾ നിറഞ്ഞില്ല. എല്ലാരും ഭ്രാന്തി എന്നു വിളിച്ചപ്പോൾ ആ കട്ടിത്തോടിനുള്ളിലേക്ക് അവൾ ഒതുങ്ങി. ഭ്രാന്തിന്റെ കോലം ഇല്ലാതെ......അലർച്ചയും അട്ടഹാസങ്ങളും ഇല്ലാതെ ആരെയും ഒന്ന് പേടിപ്പിക്കുക പോലും ചെയ്യാതെ അജുവിനെ മാത്രം ആലോചിച്ചു കൊണ്ട് അവനുമായുള്ള സൗഹൃദം മാത്രം കിനാവ് കണ്ട് അവൾ ഉറങ്ങുകയും ഉണരുകയും ചെയ്തു.

പിന്നെ ഒരു ദിവസം ആശുപത്രിയിലേക്ക് വന്ന ഡോക്ടറിൽ അവൾ സൗഹൃദത്തിന്റെ സാമീപ്യം അറിഞ്ഞു. വീണ്ടും പിച്ചവെക്കാൻ അവളെ പഠിപ്പിച്ചു. അവൾ അറിഞ്ഞുതുടങ്ങി, പുലരികളും സന്ധ്യകളും. ചെറിയ കളിചിരികളിലൂടെ ജീവിതത്തിലേക്ക് പിച്ചവെച്ചു. വസന്തത്തിന്റെ നാളുകൾ പിന്നെ വന്ന പുലരികളും സന്ധ്യകളും മനോഹരങ്ങൾ ആയിരുന്നു. പിന്നെ പിന്നെ ആ ഓർമകളിൽ അവൾ തിരിച്ചറിഞ്ഞു, അവളുടെ നഷ്ടപ്പെട്ട കാലങ്ങളും സൗഹൃദവും.

ഒരു പകലിൽ ഡോക്ടറോടൊപ്പം വന്ന ചെറിയ പൂമ്പാറ്റക്കുഞ്ഞിന് ചെറിയ അന്നയുടെ രൂപം ഉണ്ടായിരുന്നു. അതെ അത് അവളാണ്. എന്റെ അന്ന എന്റെ അജുവിന്റെ പിറക്കാതെപോയ മകൾ. ഭ്രാന്തനോർമകളിൽ നിന്നു തിരിച്ചുകൊണ്ടുവരാൻ അന്നയും ആ കൊച്ചു പൂമ്പാറ്റയും അവളുടെ പ്രസരിപ്പും കുഞ്ഞുകുസൃതികളും മതിയായിരുന്നു.

നാളെ ഞാൻ യാത്ര തിരിക്കുകയാണ്. ഒന്നര പതിറ്റാണ്ടുകാലത്തെ ഏകാന്തവാസം അവസാനിപ്പിച്ച്! എന്റെ വിഷമങ്ങൾ അവന്റെ ആത്മാവിനെ പോലും മുറിപ്പെടുത്തുമെന്ന് എനിക്കറിയാം. അവന്റെ ഓർമ്മകൾ തന്നെ ചെറിയ ചിറകുവെച്ചു പറക്കാൻ തുടങ്ങുന്നു. എല്ലാവരെയും കാണണം. ഓടിക്കളിച്ച സ്കൂൾ മുറികൾ, ഓടിക്കളിച്ച മുറ്റം. പിന്നെ അവന്റെ അനിയമ്മയെയും. ഞങ്ങൾ ഒരു ദീർഘയാത്ര പോകും. ഞാനും അനിയമ്മയും പിന്നെ കുറച്ചു നല്ല സൗഹൃദവും....... കുറച്ചു പഴയ ഓർമ്മകളുമായി...... അവനു ഏറ്റവും ഇഷ്ടമുള്ള മഴയെ തിരഞ്ഞ്....... മഴ കഴിഞ്ഞു വിരിയുന്ന മഴവില്ലിനെ തിരഞ്ഞ്........ ചങ്ങലകളും മരുന്നും ദുർബലമാക്കിയ ശരീരം ഒഴിവാക്കി നിന്റെ അടുത്തേക്ക് ഓടിയെത്താൻ കഴിഞ്ഞെങ്കിൽ! മനസ്സിൽ ഭ്രാന്തമായ ആവേശം ആണ് എന്ന് കാലം തെളിയിച്ചു. സ്നേഹത്തിനും മരണത്തിനും അപ്പുറത്തേക്ക് സഞ്ചരിക്കാൻ ആകും നല്ല സൗഹൃദത്തിന്.



**അഞ്ജുഡീന ജോർജ്ജ്**
എസ്.വി.ജി.വി.എച്ച്.എസ്.എസ്, കിടങ്ങന്നൂർ
പത്തനംതിട്ട

# തിരിച്ചറിവിന്റെ യാത്രകൾ



യാത്ര തുടങ്ങിയിട്ട് അരമണിക്കൂറിൽ ഏറെയായി. പട്ടണത്തിന്റെ രുചി മാറിയിട്ടില്ല. വണ്ടിയിൽ അകപ്പെട്ടുപോയ ഒരു ചെറുപ്രാണിയെ പുറന്തള്ളാനുള്ള തത്രപ്പാടിലാണ് അച്ഛനും അമ്മയും. ഗ്രാമത്തിന്റെ നിഴൽ വീണു തുടങ്ങിയപ്പോഴേക്കും പകൽ അസ്തമിച്ചിരുന്നു. നീണ്ട ഇടവേള അവരെ പതിവിലേറെ വഴക്കിലേക്ക് നയിക്കാൻ കാരണമായി. എനിക്ക് അത് പരിചിതമായിരുന്നു. ഇങ്ങനെയൊരു യാത്രയോടുള്ള താല്പര്യ കുറവ് കൊണ്ടാകാം ഞാൻ പുറത്തെ പച്ചപ്പിലേക്ക് കണ്ണ് പായിച്ചത്. പൊതുവേ മൗനത്തിലേക്ക് നീങ്ങാനുള്ള സ്വാഭാവിക സ്വഭാവം കൊണ്ടായിരിക്കണം, അമ്മ എന്നോട് ഒന്നുംതന്നെ ചോദിക്കാതിരുന്നത്. ഈ യാത്ര തുടങ്ങി അവസാനിക്കുന്നതുവരെ മനസ്സിൽ ഒരു ചോദ്യം മാത്രമേ ഉണ്ടായിരുന്നുള്ളു.

“എനിക്കവിടം വെറുപ്പാണ്” എന്നാവർത്തിച്ച് പറയുന്ന അമ്മ എന്തിനാണ് എന്നെ അവിടേക്കു കൊണ്ടുപോകുന്നത്?

നന്നായി ഉറങ്ങി ഉണരുമ്പോൾ കാർ ആ പഴയ തറവാട്ടിൽ എത്തിയിരുന്നു. വീടിന്റെ ഇടതുഭാഗത്തായി ഒരു ഞാവൽമരം തലകുനിച്ച് നിൽപ്പുണ്ടായിരുന്നു. ഓട് പാകിയ മേൽക്കൂരയിൽ ഞാവൽ പഴങ്ങൾ ചിതറിക്കിടന്നു. ഉണർന്നു എന്ന തിരിച്ചറിവ് ഉണ്ടായപ്പോൾ ഞാൻ മൊബൈൽ ഫോണിനായി പരതാൻ തുടങ്ങി. ഉറക്കത്തിനിടയിൽ അത് അമ്മയുടെ ജ്യൂട്ട് ഹാന്റ് ബാഗിലേക്ക് വഴുതി വീണതായി ഓർമ്മയിൽ പെട്ടു. വീട്ടിനുള്ളിലെ നിശ്ശബ്ദത കാതിനെ ശല്യപ്പെടുത്തി. അടുത്തുള്ള മുറിയിൽ നിന്ന് കട്ടിലിന്റെ കരച്ചിൽ കേട്ടുകൊണ്ട് മുറിക്കകത്ത് കടന്നപ്പോൾ മുന്നിൽ ഒരു വെളുത്ത തല പ്രത്യക്ഷപ്പെട്ടു. അമ്മയുടെ പഴയ ആൽബങ്ങളിൽ കണ്ട അതേ മുഖം. അതിൽ വെളുത്തു തുടുത്തു നിന്ന കവിളുകൾ അനുഭവങ്ങളായി തൂങ്ങിക്കിടക്കുന്നു. അവരുടെ മുഖത്തെ പാടുകൾക്ക് ഒരുപാട് കഥകൾ പറയാനുണ്ട്. പല്ലുകൾ പൊഴിഞ്ഞു പോയ ഒരു ചിരിയോടെ അമ്മാമ്മ എന്നെ നോക്കിനിന്നു.

നാരായണിയാണ് അവർക്കാകെയുള്ള കൂട്ട്. വൈകുന്നേരത്തെ കൂലിയോടുള്ള കൂറ് അവർ കാണിച്ചിരുന്നു. ഞങ്ങൾ അധികം സംസാരിച്ചിരുന്നില്ല. ഒരു പ്രായമുള്ള ആളോട് സംസാരിക്കാനുള്ള പരിചയക്കുറവ് കൊണ്ടായിരിക്കാം. നാരായണിയുടെ കൂടെ

വയലുകാണാൻ പോയി മടങ്ങി വരുന്നതും കാത്ത് അമ്മാമ മൂന്ന് കപ്പ് ചായയുമായി വരാന്തയിൽ കാത്തുനിന്നു. ചായയുടെ കൂടെ എന്നെക്കുറിച്ചുള്ള അന്വേഷണമായി.

"നീ എന്തിനാ വന്നേ...." അമ്മാമ ചോദിച്ചു.

"പാലക്കാട് ഒരു കല്ല്യാണമുണ്ട് അവരൊക്കെ പോയി മൂന്നു ദിവസം കഴിഞ്ഞേ വരൂ"

"നീ പോയില്ലേ"

"ഇല്ല"

"എന്തേ"

"തോന്നിയില്ല"

ഇത്രയും അറിഞ്ഞാൽ മതിയായിരുന്നു. പക്ഷേ ഇടയ്ക്കിടക്ക് ഓർമ്മിപ്പിക്കണം എന്നുമാത്രം.

അടുക്കളയിൽ കലപിലകൂട്ടുന്ന അമ്മാമ്മയുടെ പാത്രങ്ങളുടെ ശബ്ദം കേട്ട് അങ്ങോട്ട് ചെന്നതാണ്. അവിടെ അടുക്കളവാതിലിന്റെ പിറകിലായി മൂന്ന് പൂച്ചക്കുഞ്ഞുങ്ങളും അവരുടെ തള്ളയും പമ്മിയിരിക്കുന്നുണ്ടായിരുന്നു. പിന്നെ അവരെക്കുറിച്ചുള്ള സംശയങ്ങളായി. ഞാൻ ചോദിച്ചു.

"ഈ കുഞ്ഞുപൂച്ചകൾ എന്നാണ് തള്ളപ്പൂച്ചയെ വിട്ടുപോകുക."

അമ്മാമ്മ എന്ന നോക്കി ഒന്നു പുഞ്ചിരിച്ചു.

"അതു തനിയെ ജീവിക്കാറാവുമ്പോഴാണോ?"



അമ്മാമ്മ ഒന്നു മൂളി. ഞാൻ തൃപ്തയായില്ല

"അവൻ എന്തിനാണ് തള്ളപ്പൂച്ചയെ വിട്ടുപോകുന്നത്" ഞാൻ വീണ്ടും ചോദിച്ചു.

"ആഗ്രഹങ്ങൾ നേടാനായി കുട്ടികൾ ഉയർന്നുയർന്നു ആകാശം മുട്ടിനിൽക്കുമ്പോൾ എന്നും ഒരു താങ്ങും തണലുമായി അമ്മക്കിളികൾ അവരുടെ ചുറ്റും തണൽ വിരിച്ച് പറക്കുന്നുണ്ടാകും".

അമ്മാമ്മയുടെ ആ വാക്കുകളിൽ എല്ലാം വ്യക്തമായിരുന്നു ഒരു കുഞ്ഞു അടപ്പു പാത്രത്തിൽ മീൻമുള്ളുമായി അമ്മാമ്മ പൂച്ചകളുടെ അടുത്തുചെന്ന് അവരെ തടവാൻ

തുടങ്ങി. അമ്മാമ്മ അവരോട് കാണിക്കുന്ന സ്നേഹം കണ്ട് എനിക്ക് കൊതി തോന്നി. അന്ന് കിടക്കാൻ നേരം ഞാൻ അമ്മാമ്മയോടായി ചോദിച്ചു.

"അമ്മാമ്മയ്ക്ക് അമ്മയെ കാണാൻ തോന്നിയിട്ടില്ലേ?"

അമ്മാമ്മ ഉറങ്ങുന്നതായി അഭിനയിച്ചു. തലയണയുടെ ഒരറ്റം നനവാർന്നു വരുന്നത് ഞാൻ അറിഞ്ഞു. ഇവിടെ എത്തിയയുടൻ തിരികെ പോകാൻ തിടുക്കം കാട്ടിയ അമ്മയോടെനിക്ക് വെറുപ്പ് തോന്നി. എഴുപത്തിയഞ്ച് വയസ്സുള്ള ഒരു സ്ത്രീ ഇങ്ങ് ദൂരെ ഇരുന്നുകൊണ്ട് എന്തുചെയ്യാൻ?

ഞാൻ മറുത്തൊന്നും ചോദിക്കാൻ പോയില്ല. അവിടെ ഉണ്ടായിരുന്ന മൂന്നു ദിവസങ്ങൾ ഒരിക്കലും മറക്കാനാകില്ല. നാലാം ദിവസം ഉണരരണമെന്നേ ഉണ്ടായിരുന്നില്ല. പുതപ്പ് മാറ്റി കണ്ണുതിരുമ്മി ഉണർന്നപ്പോൾ ഫ്ളാറ്റിലെ ഇരുണ്ട മുറികളാണ് എന്നെ സ്വാഗതം ചെയ്തത്. ആ കുറച്ച് ദിവസങ്ങളിലൂടെ അമ്മാമ്മയെ പോലുള്ളവരുടെ മനസ്സിലെ പരിഭവങ്ങൾ എനിക്ക് കാണാൻ സാധിച്ചു.

ആ തിരിച്ചറിവാണ് ഇന്ന് എന്റെ ബാങ്ക് അക്കൗണ്ടിൽ നിന്ന് പോകുന്ന ഓൾഡേജ് ഹോമിലെ ബില്ലുകൾ.

**അലിയ പ്രവീൺ**
ജി.എച്ച്.എസ്.എസ്, പള്ളിക്കൽ
തിരുവനന്തപുരം

കേരള സർക്കാർ

പൊതുവിദ്യാഭ്യാസവകുപ്പ്

എഴുത്തുപച്ച

# നിറങ്ങൾ

## കുട്ടികളുടെ കവിതകൾ (എൽ.പി വിഭാഗം)

സമഗ്ര ശിക്ഷാ കേരളം

Front Cover Picture



**JEEVAN V**
GHSS Iriyanni
Kasaragod

Back Cover Picture



**BHAVYA GOPAL**
HSS Sreekrishnapuram
Palakkad

**Nirangal**
Poems (L.P Malayalam)
Writings of Children
First Edition : 2022 March
Ezhuthupacha 2022 series Book No $\left(\frac{4}{55}\right)$
Prepared using the SSK Library Grant 2021-22
Published By: State Project Director, Samagra Shiksha, Kerala,
SSA Bhavan, Nandavanam, Thiruvananthapuram -33
General Education Department
Government of Kerala
Not for sale

# എഴുത്തുപച്ച

നക്ഷത്രങ്ങളാണ് കുട്ടികൾ. കാണുന്നതിലേറെയാണ് അവരുടെ തിളക്കം. പൊതുവിദ്യാലയങ്ങളിലെ ഈ നക്ഷത്രങ്ങളുടെ പ്രകാശം സമൂഹത്തിലേക്ക് പരത്താൻ സമഗ്രശിക്ഷാ കേരളം തുടർച്ചയായി പരിശ്രമിച്ചു കൊണ്ടിരിക്കുന്നു.

കുട്ടികളെഴുതിയ കവിതകളും കഥകളും ചേർത്ത് '**എഴുത്തുപച്ച**' എന്ന പുസ്തക പരമ്പര പുറത്തിറക്കുന്നു. ഇതിലെ ഓരോ രചനയും സർഗാത്മകതയെ അടയാളപ്പെടുത്തുന്നുണ്ട്. ഈ പുസ്തകപരമ്പര നമ്മുടെ സ്കൂൾ ലൈബ്രറികളെ കൂടുതൽ സമ്പന്നമാക്കും.

സ്കൂളുകളിൽനിന്ന് ലഭിച്ച രചനകൾ ബി.ആർ.സി-ജില്ല-സംസ്ഥാനതലങ്ങളിൽ പരിശോധിച്ച്, മികച്ച രചനകളും ചിത്രങ്ങളും ചേർത്ത് ആകർഷകമാക്കിയതാണ് എഴുത്തുപച്ച പരമ്പരയിലെ ഓരോ പുസ്തകവും.

എല്ലാ പുസ്തകങ്ങളുടെയും മുഖചിത്രം വരച്ചത് കുട്ടികൾതന്നെയാണ്.

എഴുത്തുപച്ച പുസ്തകപരമ്പരയിലെ എൽ.പി വിഭാഗത്തിനു നിർദേശിച്ചിട്ടുള്ള കവിതാസമാഹാരങ്ങളിൽ കൂടുതൽ രചനകളുള്ള സമാഹാരമാണ് **"നിറങ്ങൾ".** പ്ലാവിലത്തൊപ്പി, കൗതുകം എന്നീ സമാഹാരങ്ങളെപ്പോലെതന്നെ ചുറ്റുമുള്ള കാഴ്ചകളെ മനസ്സിൽത്തട്ടുന്ന അനുഭവങ്ങളായി ആവിഷ്കരിക്കാനുള്ള പരിശ്രമങ്ങളാണ് ഈ കവിതകൾ. അതോടൊപ്പം നിറമില്ലാത്ത മനുഷ്യരില്ലെന്നും മരവും ജലവും വരങ്ങളാണെന്നും പിണങ്ങുമ്പോഴും പൂക്കാലം തരുന്ന ചെടികളുണ്ടെന്നുമെല്ലാം കുട്ടികൾ നിരീക്ഷിക്കുന്നു. ചുറ്റും നോക്കാനും മനസിലുദിക്കുന്ന ഭാവം വാക്കുകളിൽ പകർത്താനും ഈ രചനകൾ കുട്ടികളെ പ്രേരിപ്പിക്കും.

അധികവായനയ്ക്കും തുടർപ്രവർത്തനങ്ങൾക്കുമായി ക്ലാസ്മുറികളിൽ ഈ പുസ്തകം പ്രയോജനപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡോ.സുപ്രിയ എ.ആർ**
**സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ**
**സമഗ്രശിക്ഷാ കേരളം**

# അകംപുറങ്ങളിൽ


| | | |
|---|---|---|
| കാഴ്ചകൾ | : | 5 |
| പുലരിതൻ സമ്മാനം | : | 6 |
| ദാഹജലം | : | 7 |
| ചാറ്റൽമഴ | : | 8 |
| മാമ്പഴം | : | 9 |
| ജീവജലം | : | 10 |
| എന്തുരസം! | : | 11 |
| പുഴ | : | 12 |
| വരം | : | 13 |
| നിറം | : | 14 |
| എന്റെ പ്രഭാതം | : | 15 |
| പൂമരക്കൊമ്പ് | : | 16-17 |
| തൊട്ടാവാടി | : | 18 |
| എന്റെ കേരളം | : | 19 |
| എന്റെ കാഴ്ചകൾ | : | 20 |



# കാഴ്ചകൾ

മഴ മഴ മഴ മഴ പെയ്യുന്നു.
വർണക്കുടകൾ നിവരുന്നു.
മഴവെള്ളത്തിൽ കുഞ്ഞിക്കാലുകൾ
മുങ്ങിപ്പൊങ്ങിപ്പോകുന്നു.
ചെളിവെള്ളത്തിൽ കാലുകളെല്ലാം
വെള്ളച്ചില്ല് പൊളിക്കുന്നു.
കാടിനു കൂട്ടായ് പുഴയ്ക്ക് കൂട്ടായ്
പൂവിന് കൂട്ടായ് മഴ വന്നു.
കാടിനു കൂട്ടായ് പുഴയ്ക്ക് കൂട്ടായ്
പൂവിന് കൂട്ടായ് വെയിൽ വന്നു.

*മിത്ര എം.കെ.*
*പി.കെ.എം.എ.യു.പി.എസ്. ചിറ്റിലഞ്ചേരി,*
*പാലക്കാട്*



# പുലരിതൻ സമ്മാനം



പുലരിയിലരുമയായ് തഴുകിയുണർത്തുന്ന
കുഞ്ഞിളം കാറ്റിനെന്തുഭംഗി!
പൂവിൻ നെറുകയിൽ കളഭമായി ചാർത്തിയ
തൂമഞ്ഞിൻ തുള്ളികൾക്കെന്തുഭംഗി!
പൂക്കളെ തേടുന്ന പൂത്തുമ്പിക്കുഞ്ഞുങ്ങൾ
പൂമ്പൊടിയുണ്ണുന്ന പൂമ്പാറ്റകൾ
പൂമണം വിതറുന്ന കൊച്ചുപൂവാടിയിൽ
എത്തി നോക്കീടുന്നു പൊൻകിരണം
പുഴയൊഴുകീടുന്ന കളകളം പാടി
പൂങ്കുയിൽ പാടുന്നു പുതുഗാനങ്ങൾ



*മാനുവൽ ജോൺ*
*സെന്റ് മേരീസ് എൽ.പി.എസ്*
*തീക്കോയി, കോട്ടയം*

# ദാഹജലം



എന്താ പൂവേ നീയിങ്ങനെ
വാടിത്തളർന്നു നിൽക്കുന്നു?
നോക്കൂ കുഞ്ഞേ മാനത്ത്
സൂര്യൻ കത്തി ജ്വലിക്കുന്നു.
കൈമറയാൽ മുകളിൽ നോക്കി
എന്നാൽ എന്തു ചെയ്യും പൂവേ
കുഞ്ഞേ നിനക്കിത്തിരി ദാഹജലം
പകരാൻ മനസ്സുണ്ടോ?

നോക്കൂ പൂവേ, ദാഹജലം
ഇനിയിതെൻ കടമയല്ലോ.
പകരം കുഞ്ഞേ നിൻ
പുഞ്ചിരിക്കായി ഞാനെന്തുവേണം?
എന്റെ കുഞ്ഞുമുറ്റത്തിനലങ്കാരമായി
എന്നും പൂത്തു തളിർത്തീടാമോ?

*ധ്യാൻ തീർത്ഥ് പി എസ്*
*ജി.എൽ.പി.എസ് പരിയാപുരം, മലപ്പുറം*





# ചാറ്റൽ മഴ

മേഘക്കീറായ് മാനത്തു തെളിഞ്ഞു നീ
ഒരുപാട് ദൂരം ഓടിക്കിതച്ചു നീ
ഒടുവിൽ നീ പെയ്യുമ്പോൾ
നനയാൻ ഒരു പിടി മഴത്തുള്ളികൾ....
മഴ നനഞ്ഞ പുസ്തകത്താളുകളുണ്ട് ഓർമ്മകളിൽ ...
ഒഴുക്കിവിട്ട കളിത്തോണികളുണ്ടീ മനസ്സിൽ....
കൂട്ടുകാർക്കൊപ്പം തട്ടിത്തെറിപ്പിച്ച
മഴവെള്ളവും ഇന്ന് മൂകസാക്ഷിയായ്....
കാത്തിരിക്കാനായ്, ഒരുപാട് പേരുണ്ട്....
നീയെനിക്കെന്നും
സുഖമുള്ള മണമുള്ള നനവുള്ള ചങ്ങാതി....
നീ വരുമ്പോൾ ഞാൻ അറിയാതെയറിയുന്നു
നിന്റെ സൗന്ദര്യവും എന്റെ പ്രതീക്ഷയും..

***റിഷാൻ ഇബ്രാഹിം ടി.എ.***
***ജി.യു.പി.സ്കൂൾ, പുതിയങ്കം, പാലക്കാട്.***

# മാമ്പഴം



എന്റെ വീട്ടിലെ മാവിൻ കൊമ്പിൽ
തുടുതുടുത്തൊരു മാമ്പഴം
ഇങ്ങേ കൊമ്പിലും മാമ്പഴം
പഴുപഴുത്തൊരു മാമ്പഴം
തുടുതുടുത്തൊരു മാമ്പഴം
എനിക്കേറെ ജീവനായ
എനിക്കേറെയിഷ്ടമായ
തുടുതുടുത്തൊരു മാമ്പഴം
മധുരമധുര മാമ്പഴം
പാറിക്കളിക്കണ പറവകളേ
മാമ്പഴം താഴെയിട്ടു തരൂ
ചക്കരമാമ്പഴം ഇട്ടു തരൂ

*ജസ്ന ഫബി പി*
*എ.എം.എൽ.പി.എസ്., ഇരിങ്ങാവൂർ നോർത്ത്,*
*മലപ്പുറം*





# ജീവജലം

**തോ**ടും കുളവും കിണറുകളും
ജലമേകുന്നു നമ്മൾക്ക്
മഴയും പുഴയും കാട്ടാറും
ജലമേകുന്നു നമ്മൾക്ക്
ജലാശയങ്ങൾ വറ്റാതെ
കാത്തീടേണം നാമെന്നും
ജലാശയങ്ങൾ മൂടാതെ
സൂക്ഷിക്കേണം നാമെന്നും
ജലമില്ലാതൊരു ജീവിക്കും
കഴിയാനാവില്ലീമണ്ണിൽ
ജലത്തെ നന്നായ് സൂക്ഷിക്കാം
ജലമിതു നാടിൻ സമ്പത്ത്

*അസ ഫാത്തിമ*
*എ എംഎൽ പി എസ് പരിച്ചകം*
*മലപ്പുറം*





# എന്തുരസം!

പച്ചപ്പട്ടു വിരിച്ച് പുഞ്ചിരി തൂകി
നിൽക്കുന്നൊരു പുഞ്ചപ്പാടം കാണാൻ
എന്തുരസം എന്തുരസം! എന്തുരസം!
പാടവരമ്പത്തൂടെയോടിക്കളിക്കുമ്പോളീ-
യിളം കാറ്റു കൊള്ളാനെന്തുരസം!
നെൽക്കതിർ കൊത്തിക്കൊറിക്കാനെത്തും
തത്തയെ കാണാനെന്തു രസം!
കൂട്ടരുമൊത്തു തുള്ളിച്ചാടി രസിക്കും നേരം
എന്തൊരു ചന്തം പാടം കാണാൻ
തെന്നൽ കാതിൽ മൊഴിയുന്നു.

*അനന്തിത ഇ*
*ജി.എൽ.പി.എസ്.തെയ്യങ്ങാട്,*
*മലപ്പുറം*



## പുഴ

**നീ**ലനിലാവിൽ
നിന്നെക്കാണാൻ
എന്തൊരു ഭംഗി
സുന്ദരീ നീ
നിന്നെ നോക്കി
കരയിലിരുന്നാൽ
രാവുവെളുക്കുവതറിയില്ല

*മാനസ്*
*ന്യൂ എൽ.പി.എസ്, പൊന്നാനി,*
*മലപ്പുറം*



# വരം



മരം ഒരു വരം
തരുമൊരു സുഖം
തണലേകിടും വിസ്മയം
ജലം ഒരു വരം
തരുമൊരു സുഖം
നനവേകിടും സുന്ദരം

*മുർഷിദ.കെ*
*ജി.എൽ.പി.എസ്, കടവനാട്,*
*മലപ്പുറം*



# നിറം

**നി**റമില്ലാത്ത  ഭൂമിയില്ല
നിറമില്ലാത്ത ജലവുമില്ല
നിറമില്ലാത്ത മനുഷ്യരില്ല
നിറമില്ലാത്തൊരു ജീവിയുമില്ല.

*ഗയ കൃഷ്ണ*
*ഗവ.ടൗൺ എൽ.പി.എസ്, കടയ്ക്കൽ,*
*കൊല്ലം*





# എന്റെ പ്രഭാതം

**കോ**ഴികൾ കൂവീ കൊക്കരക്കോ!
കലപില ശബ്ദം കൂട്ടീ കിളികൾ
പുഞ്ചിരി തൂകീ പൊൻപൂക്കൾ
രാവിലെ സൂര്യനുദിച്ചല്ലോ.

പൂവിൽനിന്നും പാറിയെണീറ്റൂ
പല നിറമുള്ളൊരു പൂമ്പാറ്റ
പെട്ടന്നയ്യാ! വന്നുപതിച്ചൂ
എന്റെ മുഖത്തായ് ഒരു കിരണം.

പൂങ്കാറ്റെന്നെ തഴുകിക്കൊണ്ട്
ചെറുതായ് മൂളീ "എഴുന്നേൽക്കൂ"

***അരുണിമ സി,***
***ടൗൺ എൽ പി എസ്, കരുനാഗപ്പള്ളി***
***കൊല്ലം***





# പൂമരക്കൊമ്പ്



**പൂ**ത്തും തളിർത്തും കായ്കളിട്ടും
നിൽക്കും മരം കാണാനെന്തു ചേല്
പൊള്ളും വെയിലത്ത് പൂന്തണലായ്
മഴനനയാത്തൊരു പൂക്കുടയായി

അണ്ണാറക്കണ്ണനും പക്ഷികളും
ചിലുചിലെ ചിലയ്ക്കുന്നതെവിടെയാണ്
മുറ്റത്തെ പൂമരക്കൊമ്പിലാണ്
അയ്യയ്യ! കേൾക്കുവാനെന്തുരസം

ഓണത്തിനൂഞ്ഞാലു കെട്ടുന്നതോ
മുറ്റത്തെ മാവിന്റെ കൊമ്പിൽത്തന്നെ
തേനൂറും മാമ്പഴം നൽകുന്നതോ
തൊടിയിലെ മൂവാണ്ടൻ മാവു തന്നെ

മരങ്ങളും ചെടികളും തിങ്ങി നിന്നാൽ
എന്തു കുളിർമയാണെന്തു സുഖം!
ശുദ്ധമാം വായു നമുക്കു നൽകും
മരമൊരു വരമല്ലേ കൂട്ടുകാരേ?

*അൽഫോൻസാ ജോസഫ്*
*സെന്റ് മേരീസ് എൽ.പി.എസ്, തീക്കോയി,*
*കോട്ടയം*



# തൊട്ടാവാടി

കുഞ്ഞുനാളിൽ പിച്ചവച്ചപ്പോൾ
കൂട്ടുകൂടി തൊട്ടപ്പോൾ
മൂടിപ്പുതച്ചില്ലേ നീ?
ഞാൻ പിണങ്ങിയപ്പോൾ
നീ എനിക്ക് തന്നത് ഒരു പൂക്കാലം
എന്നിട്ടും എന്തേ നിന്നെ എല്ലാരും
പൂന്തോട്ടത്തിൽ നിന്നും വേരോടെ പിഴുതത്?
നിന്റെ കാന്തി കാണാൻ
കാലമിപ്പോഴും പാകമായിട്ടില്ലേ?



*വൈഗ.കെ.റൈബൻ*
*ജി.യു.പി.എസ് വല്ലച്ചിറ,*
*തൃശ്ശൂർ*



# എന്റെ കേരളം

പച്ചവിരിച്ച മണൽത്തട്ടിൽ
നമ്മളെല്ലാം വസിപ്പൂ
കതിരുമായ് നിൽക്കുന്ന പാടങ്ങൾ
ആടിയുലയാൻ തുടങ്ങി
മഴ പെയ്യാൻ തുടങ്ങി
മയിലുകൾ ആടിക്കളിക്കാൻ തുടങ്ങി
പുഴയോ ചിലങ്കയായ്
പാടുന്ന കേട്ടു
മതിൽക്കെട്ടു പോലെ ഞാൻ
മലകളും കണ്ടു
പലതരം പൂക്കൾ വിരിഞ്ഞതും കണ്ടു.
തിങ്ങിനിറഞ്ഞ കൊടുംകാടുകളും കണ്ടു
ചാടിക്കളിക്കുന്ന പുള്ളിമാനും
പാട്ടിൽ മുഴുകിയ കുയിലമ്മയും
കായലും അരുവിയും, ഭാരതപ്പുഴയും
ഒഴുകിക്കളിക്കുന്നതാണെന്റെ കേരളം

*ശ്രീനന്ദന വി.എസ്*
*ജി.എച്ച്.എസ്, മച്ചാട്,*
*തൃശ്ശൂർ*





# എന്റെ കാഴ്ചകൾ

**രാ**വിലെ മുറ്റത്ത് നിന്നപ്പോൾ,
പൂക്കൾ വിരിഞ്ഞത് കണ്ടല്ലോ
വെള്ള, ചോപ്പ്, മഞ്ഞ, നീല
നിറമുള്ള പൂക്കൾ വിരിഞ്ഞല്ലോ
കുഞ്ഞിളം കാറ്റിൽ ആടിക്കളിക്കുന്ന
നല്ല നിറമുള്ള കുഞ്ഞുപൂക്കൾ
പൂക്കളിൽ നിന്നും പൂക്കളിലേക്ക്
പാറിവന്നല്ലോ പൂമ്പാറ്റകൾ!
ഇന്നലെ പെയ്ത മഴയുടെ തുള്ളികൾ
തങ്ങിനിൽക്കുന്നു ചെടികളിലായ്
പിന്നെ ഞാനാ കിളികൾ തൻപാട്ടുകൾ
കേൾക്കുന്നുണ്ടല്ലോ അങ്ങിങ്ങായി.
അങ്ങനെയെത്രയോ കാഴ്ചകൾ കാഴ്ചകൾ!
കണ്ടു നിന്നല്ലോ സുന്ദരമായ്!

*പല്ലവി വിനോദ്*
*എൽ.പി.എസ്. കൊയ്പ്പള്ളികാരാഴ്മ,*
*ആലപ്പുഴ*



കേരള സർക്കാർ

പൊതുവിദ്യാഭ്യാസവകുപ്പ്

എഴുത്തുപച്ച

# പ്ലാവിലത്തൊപ്പി

## കുട്ടികളുടെ കവിതകൾ (എൽ.പി വിഭാഗം)

സമഗ്ര ശിക്ഷാ, കേരളം

Front Cover Picture



**ATHIRA M.K.**
GHSS Mezhathur
Palakkad

Back Cover Picture



**ALLAN BIJUMON**
NSS HSS Kaviyoor
Pathanamthitta

**Plavilathoppi**
Poems (L.P Malayalam)
Writings of Children
First Edition : 2022 March
Illustration : Santhosh.K, Leenus V, Anilkumar M.V, Sujeer Deth C.V, Athulkumar.T, Nassarudeen T.K

Ezhuthupacha 2022 series Book No $\left(\frac{3}{55}\right)$

Prepared using the SSK Library Grant 2021-22

Published By: State Project Director, Samagra Shiksha, Kerala, SSA Bhavan, Nandavanam, Thiruvananthapuram -33
General Education Department
Government of Kerala
Not for sale

## എഴുത്തുപച്ച

നക്ഷത്രങ്ങളാണ് കുട്ടികൾ. കാണുന്നതിലേറെയാണ് അവരുടെ തിളക്കം. പൊതുവിദ്യാലയങ്ങളിലെ ഈ നക്ഷത്രങ്ങളുടെ പ്രകാശം സമൂഹത്തിലേക്ക് പരത്താൻ സമഗ്രശിക്ഷാ കേരളം തുടർച്ചയായി പരിശ്രമിച്ചു കൊണ്ടിരിക്കുന്നു.

കുട്ടികളെഴുതിയ കവിതകളും കഥകളും ചേർത്ത് '**എഴുത്തുപച്ച**' എന്ന പുസ്തക പരമ്പര പുറത്തിറക്കുന്നു. ഇതിലെ ഓരോ രചനയും സർഗാത്മകതയെ അടയാളപ്പെടുത്തുന്നുണ്ട്. ഈ പുസ്തകപരമ്പര നമ്മുടെ സ്കൂൾ ലൈബ്രറികളെ കൂടുതൽ സമ്പന്നമാക്കും.

സ്കൂളുകളിൽനിന്ന് ലഭിച്ച രചനകൾ ബി.ആർ.സി–ജില്ല–സംസ്ഥാനതലങ്ങളിൽ പരിശോധിച്ച്, മികച്ച രചനകളും ചിത്രങ്ങളും ചേർത്ത് ആകർഷകമാക്കിയതാണ് എഴുത്തുപച്ച പരമ്പരയിലെ ഓരോ പുസ്തകവും.

എല്ലാ പുസ്തകങ്ങളുടെയും മുഖചിത്രം വരച്ചത് കുട്ടികൾതന്നെയാണ്.

ഒന്നര വർഷത്തെ വീട്ടിലിരിപ്പ് കുട്ടികളിൽ സങ്കടവും നിരാശയുമൊക്കെ സൃഷ്ടിച്ചിട്ടുണ്ട്. ആ വേവലാതികളും അപ്പോഴും അവർ കാത്തുസൂക്ഷിച്ച പ്രതീക്ഷകളും മോഹങ്ങളും കവിതകളായും കഥകളായും രൂപമെടുത്തു. അങ്ങനെയുള്ള ഏതാനും കൊച്ചു കവിതകളാണ് '**പ്ലാവിലത്തൊപ്പി** 'എന്ന ഈ സമാഹാരത്തിലുള്ളത്. മുറ്റത്തും തൊടിയിലും വീണുകിടക്കുന്ന പ്ലാവിലകൾ തുന്നിച്ചേർത്ത് കളിത്തൊപ്പികൾ ഉണ്ടാക്കുന്നതുപോലെ വാക്കുകൾ തുന്നിച്ചേർത്ത് മെനയുന്ന ഈ കവിതകൾ വായിക്കുമ്പോൾ കുഞ്ഞുമനസ്സുകളിലെ അതിശയലോകം തുറന്നുകിട്ടും.

അധികവായനയ്ക്കും തുടർപ്രവർത്തനങ്ങൾക്കുമായി ക്ലാസ്മുറികളിൽ ഈ പുസ്തകം പ്രയോജനപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡോ.സുപ്രിയ എ.ആർ**
**സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ**
**സമഗ്രശിക്ഷാ, കേരളം**

# അകംപുറങ്ങളിൽ

| | | |
|---|---|---|
| എന്റെ വിദ്യാലയം | : | 5 |
| കാലം സാക്ഷി | : | 6 |
| വിദ്യാലയം | : | 7 |
| ഓർമ്മയിൽ എന്റെ വിദ്യാലയം | : | 8 |
| കാത്തിരിപ്പ് | : | 9 |
| എന്റെ മോഹം | : | 10 |
| കിനാവ് കൊതിച്ചവൻ | : | 11 |
| കൊറോണ | : | 12 |
| അനിയത്തി കുറുമ്പി | : | 13 |
| ആശകൾ | : | 14 |
| സഹനം | : | 15 |
| ഒരു താരാട്ട് | : | 16 |



# എന്റെ വിദ്യാലയം

ഓർമ്മയിലുള്ളൊരു വിദ്യാലയം
പ്രിയമേറുന്നൊരു വിദ്യാലയം
ഏറെ പ്രിയരാം അധ്യാപകരു-
മതിലേറെ പ്രിയരാം കൂട്ടുകാരു-
മിന്നോർമ്മകളിൽ മാത്രമായല്ലോ! സഖി

ഉച്ചക്കിത്തിരി നേരം സൊറ പറഞ്ഞതും
പാത്തു കഴിച്ച നെല്ലിക്കതൻ കയ്പ്പും
പുളിപ്പും മധുരവുമെല്ലാം ഇന്നുമെൻ
നാവിൻ തുമ്പിൽ രസിക്കുന്നു.

***അമൃത എം മധു***
***എസ്.എസ്.എച്ച്.എസ്.എസ്.വഴിത്തല,***
***ഇടുക്കി***





# കാലം സാക്ഷി

**ഓ**ർക്കുമ്പോൾ നെഞ്ചകം തേങ്ങുന്നു
ഓടിക്കളിക്കുവാൻ കൂട്ടരില്ല
മണിനാദം കേൾക്കുമ്പോൾ
ഓടിയെത്തീടാൻ
പള്ളിക്കൂടവുമില്ല
തിങ്ങിയിരുന്നീടാൻ ബഞ്ചുമില്ല
കഥ കേൾപ്പിച്ചീടാൻ മാഷുമില്ല
ഓർക്കുമ്പോൾ നെഞ്ചകം തേങ്ങിടുന്നു
കൊതിക്കുന്നു ഞാനാ കാലമത്രയും
കാത്തിരിക്കുന്നു പുതിയ കാലത്തിനായ്...

*മുഹമ്മദ്അവാദ്*
*എ.എം.എൽ.പി.എസ്, പനമ്പാട്വെസ്റ്റ്*
*മലപ്പുറം*



# വിദ്യാലയം



**വി**ദ്യാലയമൊരു പൂവാടി
വിജ്ഞാനത്തിൻ പൂവാടി
വിരുന്നിനെത്തുക നന്മ നിറഞ്ഞൊരു
പൂന്തേനുണ്ടു രസിച്ചീടാം
ഗുരുവിൻ മൊഴികൾ കേട്ടീടാം
ഗുരുത്വമെന്നതു നേടീടാം
വിദ്യാലയമാം പൂവാടിയിലെ
കൂട്ടരുമൊത്ത് കളിച്ചീടാം
വിനയം കൈമുതലാക്കീടാം
വിജയത്തിൻ പടവേറീടാം

വർണം നിറയും പൂവാടിയിലെ
നറുമണമെങ്ങും പരത്തീടാം
പാരിനു വെട്ടമതായീടാം
പാതയൊരുക്കാം ഭാവിക്കായി
വിദ്യാലയമൊരു കെടാവിളക്കായ്
പാരിതിലെങ്ങും വിളങ്ങട്ടെ.



*ജുവൽ ജോസ്*
*സെന്റ് മേരീസ് എൽ.പി.എസ് തീക്കോയി*
*കോട്ടയം*



# ഓർമ്മയിൽ എന്റെ വിദ്യാലയം

**കൊ**റോണയെന്നൊരു മഹാമാരി
ഈ ലോകത്തെ പിടികൂടി
പിന്നീട് എന്റെ വിദ്യാലയം
കൺകുളിർക്കെ കണ്ടിട്ടില്ല
എങ്കിലുമുള്ളിൽ വിദ്യാലയമണി ഉണരുന്നു
വിദ്യാലയമുറ്റത്തെത്താൻ
എൻമനമെന്നും കൊതിക്കുന്നു
നിന്നരികിൽ ഞാനെത്തീടും
എൻ പ്രിയ വിദ്യാലയമേ
പൊരുതീടാം നമുക്ക് പൊരുതീടാം
അതിജീവിക്കും നാമതിനെ

*കൃഷ്ണപ്രിയ കെ*
*ജി.എം.എച്ച്.എസ്.എസ് അമ്പലപ്പുഴ*
*ആലപ്പുഴ*





# കാത്തിരിപ്പ്

ആരോരുമില്ലാതെ എന്റെ വിദ്യാലയം
അങ്കലാപ്പില്ലാതെ കാത്തിരിക്കുന്നുണ്ടാകാം
അക്ഷരദീപം തെളിച്ച് തിളങ്ങി
സൗഹൃദത്തണലിൽ തണുപ്പ് പകർന്ന്
എത്രയോ കാലമായി മണിമുറ്റം പലവട്ടം
കാണാൻ കൊതിച്ചു ഞാൻ
വിദ്യാലയത്തിൽ നിന്നെന്നെയകറ്റി
കൊറോണക്കളികളിൽ ലോകം വിറച്ചു.
വഴികളടച്ച്, സുരക്ഷയൊരുക്കി
പാരാകെ മാനുഷർ
ഈ കൊച്ചുകുടിലിൽ ഞാനും
പാഴ്സ്മൃതികൾ
നെയ്തുകൂട്ടീടുന്നു.

*ശിവന്യ.പി.എസ്*
*ജി.യു.പി.എസ്, കരിച്ചേരി,*
*കാസർഗോഡ്*



# എന്റെ മോഹം

**വെ**റുതെ പുറത്തൊന്നിറങ്ങുവാൻ പാടില്ല
കൂട്ടുകാരോടൊത്തൊന്നു കൂടുവാനും
അയൽ വീട്ടീലേക്കൊന്നു പോവാനും പാടില്ല
ബന്ധുവീട്ടിലോ പോവാൻ പാടില്ലത്രേ

ഒത്തിരി മോഹമുണ്ടെന്റെ മനസ്സിൽ
സ്കൂളിലേക്കൊന്നു പോകുവാനും
പങ്കുവെച്ചീടുവാൻ കാര്യമുണ്ടേറെ
കൂട്ടുകാരോടും പിന്നെ ടീച്ചറോടും

സ്കൂൾ വരാന്തയിൽ കൈകൂപ്പി നിന്നിട്ട്
പ്രാർത്ഥന ചൊല്ലുവാൻ മോഹം തന്നെ
കൂട്ടുകാരോടൊപ്പം ആടാനും പാടാനും
കളിക്കുവാൻ കഴിക്കുവാൻ മോഹം തന്നെ

*അമൃത പി,*
*ജി.എൽ.പി.എസ് കട്ടിപ്പാറ,*
*കാസർഗോഡ്*



# കിനാവ് കൊതിച്ചവർ

**കാ**ത്തിരിപ്പൂ നല്ല നാളുകൾക്കായ്
കാണാൻ കൊതിച്ച കിനാവുകൾക്കായ്

കൂട്ടിലടച്ച കിളികളെപ്പോൽ
വീട്ടുതടങ്കലിലായി നമ്മൾ
ഉല്ലാസയാത്രകൾ ഓർമ്മയായി
വല്ലായ്മകൾ മാത്രം ബാക്കിയായി

ജീവശ്വാസത്തിനായ് കേണിടുന്നു
ആവതില്ലൊന്നുമേ ചെയ്‌വതിനായ്
ആശയുണ്ടെന്റെ വിദ്യാലയത്തിൽ
ആ മരച്ചോട്ടിൽ ചെന്നൊന്നിരിക്കാൻ

കൂട്ടുകാരോടൊത്ത് വിശേഷങ്ങളും
പാട്ടും കളിയുമായുല്ലസിക്കാൻ
കാത്തുവെയ്ക്കാം നന്മ മാനസത്തിൽ
കാത്തിരിപ്പിൻ കാലമെന്നു തീരും?

***ആര്യനന്ദ കെ കർത്താ***
***എസ്.എസ്.എച്ച്.എസ്.എസ്, വഴിത്തല***
***ഇടുക്കി***



# കൊറോണ



ചൈനയിൽ നിന്നും വന്നൊരു വൈറസ്
നാടിനെയാകെ വിറപ്പിച്ചു
ഭീതി വിതച്ചു പോരാടുന്നു
കൊറോണയെന്നൊരു വൈറസ്
സ്കൂളുകളാകെ പൂട്ടിച്ചു
കൊറോണയെന്ന വൈറസ്
കളിയാടീടാൻ കഴിയാതെ
നാളുകളായി കഴിയുന്നു
കാത്തിരിക്കാം കാതോർക്കാം
നല്ലൊരു നാളിൻ ഭാവിക്കായ്
കൊറോണയില്ലാ ദിനങ്ങൾക്കായ്
ചെവിയോർക്കുന്നു നാടാകെ

*ഐറിൻ മേരി സിബി*
*സി.എം.എസ്.എൽ.പി.എസ്, മുണ്ടക്കയം,*
*കോട്ടയം*



## അനിയത്തി കുറുമ്പി

**കു**റുമ്പിയാണവൾ
കുസൃതിയാണവൾ
വികൃതിയാണവൾ
അച്ഛന്റെ പൊന്നുംകുടം!
അമ്മയ്ക്കോ തങ്കക്കട്ടി
അച്ഛച്ഛനും അച്ഛമ്മയ്ക്കും സുന്ദരിമോൾ
അവൾ കാട്ടും വികൃതികൾക്ക് പൊന്നുമ്മകൾ
ഞാൻ കാട്ടും വികൃതികൾക്കോ ഈർക്കിൽ ഉമ്മകൾ
ദേഷ്യം കൊണ്ടവളെ തല്ലാൻ തോന്നും
'കുഞ്ഞോാപ്പോളെ'... എന്ന വിളിയിൽ
അലിഞ്ഞുപോകും ദേഷ്യമെല്ലാം
അവൾക്കെന്നോടുള്ള സ്നേഹമറിയാൻ
അവൾതൻ കുഞ്ഞുമ്മ മാത്രം മതി.

*ശ്രിത.കെ.ടി*
*ജി.എൽ.പി.സ്കൂൾ, കടവനാട്,*
*മലപ്പുറം*



# ആശകൾ

**കൂ**ടി പഠിക്കുവാൻ ആശയുണ്ടൊത്തിരി
കൂടെ കളിക്കുവാൻ ആശയുണ്ട്
വർണ്ണക്കുട ചൂടി കൂട്ടരൊത്ത്
മഴ നനഞ്ഞീടുവാൻ ആശയുണ്ട്.
പട്ടം പറത്തുവാൻ വട്ടം കറങ്ങുവാൻ
ആഞ്ഞിലിക്കൊമ്പത്തൊരൂഞ്ഞാലു കെട്ടുവാൻ
പൂമ്പാറ്റ പോലൊന്ന് പാറിപ്പറക്കുവാൻ
തോട്ടിലൊഴുകുന്ന ഇത്തിരിവെള്ളത്തിൽ
ചൂണ്ടയിട്ടൊത്തിരി മീൻ പിടിക്കാൻ
ആശയുണ്ടൊത്തിരി ആശയുണ്ടെങ്കിലും
ആശകളെല്ലാം മടക്കിവച്ച്
ആശയോടങ്ങനെ കാത്തിരിപ്പൂ ഞാൻ
ആശയോടങ്ങനെ കാത്തിരിപ്പൂ

*അതുൽ കൃഷ്ണ.പി*
*ജി.എം.എൽ.പി.എസ്.വെട്ടം, പള്ളിപ്പുറം,*
*മലപ്പുറം*



# സഹനം

**പി**ച്ചവെച്ച കാലംതൊട്ടേ
എന്നെ നീ സേവിച്ചില്ലേ?
'കീ...കീ...' എന്നു കരഞ്ഞപ്പോൾ
രസമായ് കേട്ടു ചിരിച്ചില്ലേ?



വേദന താങ്ങാതായപ്പോൾ
നിന്നെ വീഴ്ത്തിയതല്ലേ ഞാൻ?
എത്ര ഭാരം താങ്ങീട്ടും
ഒടുവിൽ ദൂരെ കളഞ്ഞില്ലേ?

*സായ് വേദ കെ.എ.*
*ജി.എൽ.പി.എസ്.വട്ടേനാട്*
*പാലക്കാട്*

# ഒരു താരാട്ട്



**വെ**യിലുമുറങ്ങി
കാറ്റുമുറങ്ങി
താഴെത്തൊടിയിലെ
പൂവുമുറങ്ങി
കിളികളുറങ്ങി
തുമ്പിയുറങ്ങി
പാറിനടക്കും
പൂമ്പാറ്റയുറങ്ങി

മാനത്തമ്പിളി മാമനുദിച്ചു
കുഞ്ഞിത്താരകളേറെയുദിച്ചു
കുഞ്ഞിക്കണ്ണുകൾ
പൂട്ടീ നീയിനി
അമ്മ മടിയിൽ ചായുറങ്ങ്
വാവോ, വാവോ
ചായുറങ്ങ്.

***നിഹാരിക എം.***
***എ.യു.പി.എസ്. ആര്യഞ്ചിറ, ഷൊർണൂർ,***
***പാലക്കാട്***



കേരള സർക്കാർ

പൊതുവിദ്യാഭ്യാസ വകുപ്പ്

എഴുത്തുപച്ച

# തണൽവഴികൾ

## കുട്ടികളുടെ കഥകൾ (എച്ച്.എസ് വിഭാഗം)

സമഗ്ര ശിക്ഷാ കേരളം

Front Cover Picture



**SAVYA SURESH**
AKNM-MAM HSS
Kattukulam, Palakkad

Back Cover Picture



**ANJALY BAIJU**
MGMNSS HSS
Lakkattoor, Kottayam

Thanalvazhikal

Stories (HS Malayalam)
Writings of Children
First Edition : 2022 March

Ezhuthupacha 2022 series Book No $\left(\frac{34}{55}\right)$

Prepared using the SSK, Library Grant 2021-22

Published By: State Project Director, Samagra Shiksha, Kerala,
SSA Bhavan, Nandavanam, Thiruvananthapuram -33
General Education Department
Government of Kerala
Not for sale

# എഴുത്തുപച്ച

നക്ഷത്രങ്ങളാണ് കുട്ടികൾ. കാണുന്നതിലേറെയാണ് അവരുടെ തിളക്കം. പൊതുവിദ്യാലയങ്ങളിലെ ഈ നക്ഷത്രങ്ങളുടെ പ്രകാശം സമൂഹത്തിലേക്ക് പരത്താൻ സമഗ്രശിക്ഷ കേരളം തുടർച്ചയായി പരിശ്രമിച്ചു കൊണ്ടിരിക്കുന്നു.

കുട്ടികളെഴുതിയ കവിതകളും കഥകളും ചേർത്ത് **'എഴുത്തുപച്ച'** എന്ന പുസ്തക പരമ്പര പുറത്തിറക്കുന്നു. ഇതിലെ ഓരോ രചനയും സർഗാത്മകതയെ അടയാളപ്പെടുത്തുന്നുണ്ട്. ഈ പുസ്തക പരമ്പര നമ്മുടെ സ്കൂൾ ലൈബ്രറികളെ കൂടുതൽ സമ്പന്നമാക്കും.

സ്കൂളുകളിൽനിന്ന് ലഭിച്ച രചനകൾ ബി.ആർ.സി-ജില്ല-സംസ്ഥാനതലങ്ങളിൽ പരിശോധിച്ച്, മികച്ച രചനകളും ചിത്രങ്ങളും ചേർത്ത് ആകർഷകമാക്കിയതാണ് എഴുത്തുപച്ച പരമ്പരയിലെ ഓരോ പുസ്തകവും.

എല്ലാ പുസ്തകങ്ങളുടെയും മുഖചിത്രം വരച്ചത് കുട്ടികൾതന്നെയാണ്.

സുവ്യക്തമായ ആശയരേഖകളിലൂടെ ചുറ്റുമുള്ള സമൂഹത്തിന്റെ നേർച്ചിത്രം വരയ്ക്കാൻ കഴിവുള്ളവരാണ് കുട്ടികൾ. അവരുടെ സ്വപ്നങ്ങളും നൊമ്പരങ്ങളും നന്മകളും കുസൃതികളുമെല്ലാം ചേർന്ന നല്ല വായനാനുഭവമാണ് **തണൽവഴികൾ** എന്ന ഈ സമാഹാരത്തിലെ കഥകൾ നൽകുന്നത്. യാഥാർത്ഥ്യത്തിന്റെ ഗന്ധവും നേരിന്റെ നനവുമുള്ള നിരീക്ഷണങ്ങൾ കഥകളിൽ കാണാം. നടന്നു തീർത്ത ദുരന്തകാലത്തെയും ഇനിയും നടന്നുതീർക്കാനുള്ള കാലത്തെയും ആവിഷ്കരിക്കുന്ന കഥകളുടെ വായന സർഗാത്മകചിന്തയിലേക്കും എഴുത്തിലേക്കും വഴി തുറക്കാൻ സഹായിക്കും.

അധികവായനയ്ക്കും തുടർപ്രവർത്തനങ്ങൾക്കുമായി ക്ലാസ്മുറികളിൽ ഈ പുസ്തകം പ്രയോജനപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡോ. സുപ്രിയ എ.ആർ**
**സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ**
**സമഗ്രശിക്ഷാ കേരളം**

## അകംപുറങ്ങളിൽ


| | | |
|---|---|---|
| 1. സ്ത്രീ ശാക്തീകരണം | : | 5 |
| 2. മനുഷ്യൻ | : | 6 |
| 3. രാക്കിനാവ് | : | 10 |
| 4. പരിധികൾക്കപ്പുറം | : | 12 |
| 5. സ്വപ്നത്തെ വിഴുങ്ങിയ കുട്ടി | : | 14 |
| 6. ഫോട്ടോ | : | 17 |
| 7. പിന്നിലൊരാൾ | : | 20 |
| 8. പൈൻ മരക്കാടുകളിലെവസന്തം | : | 23 |
| 9. ആത്മാവിന്റെ ഗദ്ഗദം | : | 25 |
| 10. അണയാത്ത മൺവിളക്ക് | : | 27 |

# സ്ത്രീ ശാക്തീകരണം



ഞാൻ ഒരു സാമൂഹ്യപ്രവർത്തകൻ ആണ്. സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങളെ ഞാൻ ശക്തമായി എതിർക്കും, പ്രതികരിക്കും. അതെന്റെ ശീലമാണ്.

ഇപ്പോഴും, ഈ കോവിഡ് കാലത്തും ഓൺലൈനായി ദിവസവും നാലു പരിപാടികൾ എങ്കിലും കാണും.

ഇന്നത്തെ ദിവസം തന്നെ നോക്കാം, രാവിലെ എട്ടു മണിക്ക് “സ്ത്രീകൾക്കെതിരെയുള്ള ഗാർഹിക പീഡനങ്ങൾ വർദ്ധിക്കാൻ കാരണമെന്ത്?” എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് ചർച്ച. പത്തരയോടെ “സ്ത്രീകളുടെ ആത്മഹത്യാനിരക്ക് കൂടുന്നത് എന്തുകൊണ്ട്?” എന്ന വെബിനാർ. ഉച്ചതിരിഞ്ഞ് അഞ്ചുമണി മുതൽ “സ്ത്രീധനം കൊടുക്കൽ അവസാനിപ്പിക്കണം” എന്ന പ്രസംഗം. രാത്രി ഏഴോടെ സ്ത്രീശാക്തീ കരണവുമായി ബന്ധപ്പെട്ട ഓൺലൈൻ ക്ലാസ്സ്.

ഇതെല്ലാം കഴിഞ്ഞ് ക്ഷീണിച്ച് വീട്ടിലെത്തി സ്വസ്ഥമായി ടി.വി. കാണാൻ ഇരുന്നപ്പോൾ ഭാര്യ വിളിക്കുകയാണ് തേങ്ങ പൊതിക്കാൻ; നാളത്തെ ചമ്മന്തിക്കാണു പോലും!

ഇത്രയും നേരം പരിപാടികളിൽ നാവിട്ടലച്ച ഞാൻ ഇനി തേങ്ങ പൊതിക്കണമെന്ന്.... പറഞ്ഞിട്ടും കാര്യമില്ല; പന്ത്രണ്ടാം ക്ലാസ് തോറ്റ, സ്ത്രീധനത്തുക മുഴുവൻ തരാത്ത, ഇവൾക്കുണ്ടോ അറിയുന്നു സ്ത്രീശാക്തീകരണവും മറ്റും...?

**അദ്വൈത് രമേഷ്**
ജി.എം.യു.പി.എസ്. മണ്ണാർക്കാട്
പാലക്കാട്



# മനുഷ്യൻ

അനന്തസുന്ദരവും ശാന്തവുമായ ആ രാത്രിയിൽ ഞാൻ ഒറ്റക്ക് നടന്നു. എന്തിനെന്നോ എവിടേക്കെന്നോ അറിയാതെ ജീവിതത്തെ എപ്പോഴും ഞാൻ വഴിയുമായി ഉപമിക്കുമായിരുന്നു. ചില വഴികൾ സുഗമമായിരിക്കും. അതിലൂടെ നടക്കാൻ എല്ലാവർക്കും താൽപര്യമാണ്. ചില വഴികളാകട്ടെ ഇടുങ്ങിയതും പ്രയാസമേറിയതുമാവുന്നു. അതിലൂടെ സഞ്ചരിക്കാൻ പലർക്കും താല്പര്യമില്ല. വഴിയുടെ അവസാനം ഒരാൾ ഒരു കല്ലിന്റെ മുകളിൽ ഇരിക്കുന്നതു കണ്ടു. രാത്രിയായതിനാൽ എനിക്ക് അയാളുടെ മുഖം കാണുവാൻ സാധിച്ചില്ല. പക്ഷേ നിലാവ് ഉണ്ടായിരുന്നു. അയാളെ ഞാൻ നിരീക്ഷിച്ചു. കീറിപ്പറിഞ്ഞ ലളിതവും പക്ഷേ വൃത്തിയുള്ളതുമായ വസ്ത്രധാരണം. മുടി നീട്ടി വളർത്തിയിരിക്കുന്നു. കാലുകൾ ചെരുപ്പിനെ എന്നന്നേക്കുമായി ഉപേക്ഷിച്ചിരുന്നു. ഞാൻ അയാളോടു സംസാരിക്കുവാൻ തീരുമാനിച്ചു. 'താങ്കൾ എന്താണിവിടെ ഒറ്റക്കിരിക്കുന്നത്?' മാനത്ത് കണ്ണുനട്ടിരിക്കുന്ന അയാൾ എന്നെ നോക്കി എന്നിട്ട് പറഞ്ഞു...

'നീ ഈ രാത്രിയിൽ എന്തിന് ഒറ്റക്ക് സഞ്ചരിച്ചോ അതേ ലക്ഷ്യംകൊണ്ടു തന്നെ ഞാനും ഇവിടെ ഈ കല്ലിൽ ഒറ്റയായി ഇരിക്കുന്നു.'

ആഴക്കടലിന്റെ ആഴത്തിലുള്ള ശബ്ദത്തിൽ അയാൾ പതുക്കെ പറഞ്ഞു. ശാന്തതയുടെ ഒരു വലയം ഞാൻ അയാളിൽ ദർശിച്ചു.

പക്ഷെ അയാൾ പറഞ്ഞ വാക്കുകൾ എന്നെ ഞെട്ടിച്ചു. ഞാൻ പറഞ്ഞു.

"അതിന് ഞാൻ നടന്നത് എനിക്കിഷ്ടമുള്ളതുകൊണ്ടുമാത്രമാണ്. മറ്റൊരുദ്ദേശ്യവും എനിക്കില്ലായിരുന്നു."

"എന്തിനെന്നോ എവിടേക്കെന്നോ എനിക്കറിയില്ലായിരുന്നു."

എനിക്കയാളിൽ ഒരു സുരക്ഷിതത്വം തോന്നിത്തുടങ്ങിയിരുന്നു.

"അതാണ് ഞാനും നീയും തമ്മിലുള്ള അന്തരം. ഞാൻ നടന്നുവന്നത് ഈ ഭീക രാന്തരീക്ഷത്തിൽ ജ്വലിച്ചു നിൽക്കുന്ന സൂര്യനെ കാണുവാനാണ്. പക്ഷേ നീ നട ക്കുന്നത് എന്തിനാണെന്ന് നിനക്കറിയില്ല!"

ഞാൻ ഞെട്ടി. മാനത്തു നോക്കുന്നത് സൂര്യനെ കാണാനാണ്! ഈ രാത്രിയിൽ? ഇയാൾ ഭ്രാന്തനാണോ? എന്റെ മനസ്സു വായിച്ചെന്നോണം അയാൾ ശാന്തമായി പറഞ്ഞു. അതെ, ഞാൻ ഭ്രാന്തനാണ് രാത്രി സൂര്യന്റെ ശോഭ ദർശിക്കാൻ കഴിവുള്ള വൻ.

ഞാൻ പറഞ്ഞു. "ക്ഷമിക്കണം നിങ്ങൾ പറയുന്നതിന്റെ പൊരുൾ മനസ്സിലാക്കാ നുള്ളവണ്ണം എന്റെ തലയിൽ ഒന്നും ഇല്ല!"

അയാൾ ചിരിക്കുമെന്ന് ഞാൻ കരുതി പക്ഷേ അയാളുടെ മുഖം വാടി.

പിന്നെ പറഞ്ഞു.

"യാദൃച്ഛികമായി നീ ഇവിടെ വന്നുപെട്ടതെന്തുകൊണ്ട്?"

ഞാൻ മൗനം പാലിച്ചു.

"പാതകൾ നീ ജീവിതവുമായി ബന്ധപ്പെടുത്തുന്നു. പക്ഷേ ആ പാതയിലൂടെ നീ എന്തിനു നടക്കുന്നു എന്ന് എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ?"

അയാൾ എന്നെ അത്ഭുതപ്പെടുത്തി.

"ഇല്ല" ഞാൻ മറുപടി നൽകി.

"ശരി ഈ പാതയിലൂടെ നീ വന്നതെന്തുകൊണ്ട്?" ഈ പാത തെറ്റോ ശരിയോ എന്ന് നിനക്കറിവില്ലായിരുന്നു. പാതകളിൽ ഇടിഞ്ഞു വീഴാവുന്ന കരിങ്കല്ലുകൾ ഒളി ഞ്ഞിരിപ്പുണ്ടെന്ന് നീ മറന്നുവോ?"

ഞാൻ തലതാഴ്ത്തി

"അവസാനത്തെ ചോദ്യം!" അയാൾ തുടർന്നു. "നീ ആരാണെന്ന് നിനക്കറിയുമോ?"

ആ ചോദ്യം എന്നെ നടുക്കിക്കളഞ്ഞു. ആ ചോദ്യത്തിന്റെ ശക്തി ഞാൻ മനസ്സി ലാക്കി.

"ഞാൻ ഒരു മനുഷ്യൻ" ഞാൻ പറഞ്ഞു.

"മനുഷ്യൻ? മനുഷ്യരുടെ ലോകം പൊയ്പ്പോയി. ഇപ്പോൾ ഭൂമുഖം ഭരിക്കുന്നത് മനുഷ്യരുടെ ശരീരമണിഞ്ഞു നിൽക്കുന്ന മൃഗങ്ങളാണ്. അതിനിടയിൽ ഒരു യഥാർ ത്ഥ മനുഷ്യന് മനുഷ്യനായി ജീവിക്കുക അസാധ്യം നീ മനുഷ്യനല്ല, നീ നീയാണ്!"

സൂര്യൻ തലയുയർത്താൻ തയ്യാറെടുത്തു നിൽക്കുകയായിരുന്നു.

അദ്ദേഹം പറഞ്ഞു.

"എനിക്കു പോകുന്നതിനുള്ള സമയം അടുത്തു. നീ ഈ വഴി തിരികെ നടക്കൂ. പിന്നേയും ഇവിടെത്തന്നെ വരിക. അപ്പോൾ നീ നിന്നെത്തന്നെ മനസ്സിലാക്കും."

അയാൾ പോകാൻ തിടുക്കപ്പെട്ടു.

ചിന്തയിൽ മുഴുകിയിരുന്ന ഞാൻ ചോദിച്ചു.

'താങ്കൾ ശരിക്കും ആരാണ്? താങ്കളുടെ പേര്?'

അദ്ദേഹം ഗൗരവപൂർവ്വം പറഞ്ഞു. "ഞാൻ മനുഷ്യൻ"

പിന്നെ ഞാനവിടെ നിന്നില്ല. തിരികെ നടക്കുവാൻ തുടങ്ങി. ഒന്നു തിരിഞ്ഞു നോക്കിയപ്പോൾ അയാൾ പൊയ്ക്കഴിഞ്ഞിരുന്നു. ഞാൻ നടക്കുന്നത് തുടർന്നു. പെ ട്ടെന്ന് ഞാൻ ഒരു അടി കിട്ടിയതു പോലെ നിന്നു. തിരികെ ഓടി! അയാൾ ഇരുന്നിരു ന്ന കല്ലിൽ ചെന്നു നിന്നു. എന്നിട്ട് ഉച്ചത്തിൽ പറഞ്ഞു.

"ഹെ! ഭ്രാന്തനായ മനുഷ്യാ! നിങ്ങൾ പറഞ്ഞതിന്റെ പൊരുൾ എന്താണെന്ന് എനിക്ക് മനസ്സിലായിരിക്കുന്നു. നീ നീയാണ്. നിന്റെ സൂര്യൻ നീയാണ്. നിന്റെ ചന്ദ്രനും നീ. നീ നിന്നെത്തന്നെ അറിഞ്ഞു. അതിലൂടെ നീ നിന്റെ ലോകത്തെ നിരീക്ഷിക്കുന്നു. നീ മനുഷ്യനാണെന്ന് ലോകത്തോടു പറഞ്ഞപ്പോൾ അവർക്കത് ദഹിച്ചില്ല. അതുകൊണ്ട വർ നിനക്ക് പേരിട്ടു. ഭ്രാന്തൻ! എന്നോടു പൊറുക്കുക. ഞാൻ ഞാനാണെന്നും ഒരു മനുഷ്യന്റെ സ്ഥാനം ഞാനർഹിക്കുന്നില്ലെന്നും എനിക്കറിയില്ലായിരുന്നു. ഞാൻ പാ തകൾ താണ്ടിയതെന്തിനെന്ന് നീ ചോദിച്ചപ്പോൾ പാതകളെ നീ എന്റെ ലക്ഷ്യമായി ഉപമിച്ചെന്ന കാര്യം എനിക്കറിയുകയില്ലായിരുന്നു. ഞാൻ എന്നെത്തന്നെ ആരാധിക്കണ മെന്ന് നീ എനിക്ക് മനസ്സിലാക്കിത്തന്നു. നാം ഒരേ ലക്ഷ്യമുള്ളവരാണ്. ജീവിതത്തെ

ജീവിച്ചിരിക്കുന്നതുപോലെ ജീവിച്ചുതീർക്കണമെന്ന്. പക്ഷേ എന്റെ ജീവിതം ഞാൻ ജീവിച്ചിരുന്നില്ല. ഇനി ഞാൻ ജീവിക്കുവാൻ തുടങ്ങും. എല്ലാത്തിനും നന്ദി, പ്രിയപ്പെട്ട മനുഷ്യാ!"

ആ വഴി വന്ന ചിലർ പരസ്പരം പറഞ്ഞു. 'അയാൾ ഭ്രാന്തനാണ്!'

**ദേവിക എം.എസ്**
ജി.കെ.വി.എച്ച്.എസ്.എസ് എറിയാട്
തൃശ്ശൂർ

# രാക്കിനാവ്



എന്തോ ഒരു ശബ്ദം കേട്ട് അവൾ ഉറക്കത്തിൽ നിന്നും ഞെട്ടിയുണർന്നു. നിലാവിന്റെ അരണ്ട വെളിച്ചത്തിൽ അവൾ ആ ശബ്ദം ലക്ഷ്യമാക്കി ഓടി. ഒരു വണ്ടിയുടെ ഹോൺ മുഴങ്ങുന്ന ശബ്ദമായിരുന്നു അത്. ആ കാട്ടിൽ നിന്നും തന്നെ രക്ഷിക്കാൻ ആരോ വന്നെന്ന് അവൾ കരുതി. എന്നാൽ അവൾ എത്തുന്നതിനു മുൻപേ ആ ശബ്ദം നിലച്ചു. അവൾക്കവിടെ ഒരു വാഹനവും കാണാനായി സാധിച്ചില്ല. അവളുടെ ഹൃദയത്തിൽ കാർമേഘം ഇരുണ്ടുകൂടി. ആ കാർമേഘം മഴയായി കണ്ണുകളിലൂടെ പെയ്തിറങ്ങി.

കഴിഞ്ഞ ദിവസം ഒന്നും തന്നെ കഴിച്ചിട്ടില്ല. തനിക്ക് എന്നും വയറുനിറയെ ഭക്ഷണം തന്നിരുന്ന ഓർഫനേജിലെ സിസ്റ്ററമ്മയെ ഓർത്തു. ആ രാത്രി എവിടെ തലചായ്ക്കണമെന്ന് പോലും അവൾക്കറിയില്ലായിരുന്നു. കുറച്ചുനേരം അങ്ങനെ തന്നെ ഇരുന്ന അവൾ അവിടെ നിന്നും എഴുന്നേറ്റ് ആദ്യം കിടന്നിരുന്ന ആൽമരത്തിന്റെ ചുവട്ടിലേക്ക് തന്നെ പോയി. ആകാശത്തിലെ നക്ഷത്രങ്ങളെ നോക്കിക്കൊണ്ട് അവിടെ കിടന്നു. ആ നക്ഷത്രങ്ങളിലൊന്ന് അവളുടെ അമ്മയാണ് എന്ന് സിസ്റ്ററമ്മ പറഞ്ഞുകൊടുത്തിരുന്നു. അമ്മയോട് കുറെ നേരം സംസാരിക്കണം എന്നാഗ്രഹിച്ചെങ്കിലും അവളുടെ ക്ഷീണം അതിനനുവദിച്ചില്ല. അവൾ നിദ്രയിലേക്ക് ആഴ്ന്നിറങ്ങി. കാറ്റ് ഉറക്കത്തെ ശല്യപ്പെടുത്താതെ മൗനമായി തലോടിക്കൊണ്ടിരുന്നു.

ഇടതൂർന്ന് വളർന്നു നിൽക്കുന്ന മരങ്ങൾക്കിടയിലൂടെ പതിച്ച സൂര്യപ്രകാശമേറ്റാണ് രാവിലെ ഉണർന്നത്. മുഖം കഴുകുന്നതിനായി പുഴ അന്വേഷിച്ചുകൊണ്ട് നടന്നു. തന്റെ ലക്ഷ്യസ്ഥാനത്തെത്തിയ അവൾ ആകെ അത്ഭുതപ്പെട്ടു. പളുങ്കുപോലെ തെളിഞ്ഞ അരുവിയായിരുന്നു അത്. ആ തണുത്ത വെള്ളത്തിൽ മുഖം കഴുകിയ ശേഷം ദാഹം ശമിക്കുവോളം കോരിക്കുടിച്ചു. അരുവിക്കടുത്തുള്ള ഒരു മാവിൽ നിറയെ മാങ്ങകൾ കായ്ച്ചു നിൽക്കുന്നത് കണ്ടു. നല്ല പഴുത്ത മാങ്ങകളായിരുന്നു. പക്ഷേ, അത് അവളെക്കാൾ ഉയരത്തിലായിരുന്നു. വിശന്നു വലഞ്ഞ അവൾ താഴെക്കിടന്നിരുന്ന കുറച്ച് കല്ലുകൾ പെറുക്കി ആ മാങ്ങകളെ ലക്ഷ്യമാക്കി എറിഞ്ഞു. എന്നാൽ ആ കല്ലുകളൊന്നും ലക്ഷ്യസ്ഥാനത്തേക്ക് എത്തിയില്ല. അവൾ ആകെ നിരാശപ്പെട്ടു.

അപ്പോഴാണ് ആ കാഴ്ച കണ്ടത്. ഒരു അണ്ണാൻകുഞ്ഞ് ആ മാവിൽ നിന്നും ഒരു പഴുത്ത മാങ്ങ അവൾക്കായി താഴേക്ക് ഇട്ടുകൊടുത്തു. അവൾ അത് കൃത്യമായി പിടിച്ചു. ഒരുപാട് സന്തോഷം തോന്നി. സന്തോഷം കൊണ്ട് തുള്ളിച്ചാടി. ശേഷം അതാസ്വദിച്ച ു
കഴിച്ചു. ആ മാങ്ങയോളം രുചിയുള്ള ഒന്നും ഇതുവരെ കഴിച്ചിട്ടില്ല എന്നു തോന്നി. വിശപ്പ് സഹിച്ചപ്പോൾ തന്നെ സഹായിച്ച അണ്ണാൻ കുഞ്ഞിനെ അന്വേഷിച്ചെങ്കിലും കണ്ടെത്താൻ സാധിച്ചില്ല. അവൾ എങ്ങോട്ടെന്നില്ലാതെ യാത്ര തുടർന്നു. പടർന്നു പന്തലിച്ചു നിൽക്കുന്ന മരങ്ങൾക്കിടയിലൂടെ നടന്നു. മരച്ചില്ലകളിലിരുന്ന് കിന്നരിക്കുന്ന പക്ഷികളെ കണ്ടു. സിറ്റിയിൽ വളർന്ന അവൾക്ക് ആ കാഴ്ചകളൊക്കെ കൗതുകം നിറഞ്ഞതായിരുന്നു. എവിടെ നിന്നോ പാറി വന്ന ഇളം കാറ്റ് തഴുകിക്കൊണ്ടേയിരുന്നു.

പൂക്കൾ നിറഞ്ഞു നിൽക്കുന്ന ഒരു താഴ്വരയിലേക്ക് എത്തി. അവിടെ ചുവപ്പും മഞ്ഞയും നീലയും അങ്ങനെയങ്ങനെ പല നിറത്തിലുള്ള പൂക്കളുണ്ടായിരുന്നു.
ആ പൂക്കൾക്കു ചുറ്റും വട്ടമിട്ടു പറക്കുന്ന വണ്ടുകളെയും പൂമ്പാറ്റകളെയും കണ്ടു. ആ താഴ്വര ഒരുപാട് ഇഷ്ടപ്പെട്ടു. അവിടെ ഒരു കൊച്ചുവീട് വച്ചു താമസിക്കാൻ ആഗ്രഹിച്ചു. ഒരു നീലശലഭം അവളെ വല്ലാതെ ആകർഷിച്ചു. അവൾക്കതിനോട് എന്തെന്നില്ലാത്ത ഒരിഷ്ടം തോന്നി. അവൾ ആ ശലഭത്തിനു പിന്നാലെ പോയിക്കൊണ്ടിരുന്നു. അത് ഒരു പനിനീർപൂവിൽ ചെന്നിരുന്നു. നീല ശലഭത്തെ എത്തിപ്പിടിക്കാൻ ശ്രമിച്ച അവളെ പുറകിൽ നിന്നും ആരോ വിളിച്ചു.

"അപർണ്ണാ................"

നീല ശലഭം ദൂരേക്കു പറന്നുപോയി.

പെട്ടെന്നുള്ള വിളികേട്ട ഞെട്ടലോടെ പുറകിലേക്കു നോക്കി.

"അപർണ്ണാ................' എഴുന്നേൽക്ക് മോളേ......

'സ്കൂളിലേക്ക് പോകണ്ടേ ........ സമയം ഒരുപാടായി....'

സിസ്റ്ററമ്മയുടെ വിളികേട്ട് ഉറക്കത്തിൽ നിന്നും എഴുന്നേറ്റു. താൻ ഇതുവരെ കണ്ടത് സ്വപ്നമായിരുന്നെന്ന് വിശ്വസിക്കാനായില്ല. വെറും സ്വപ്നമായിരുന്നെങ്കിലും ആ രാക്കിനാവ് ഒരുപാട് ആസ്വദിച്ചിരുന്നു.ആ സ്വപ്നം യാഥാർത്ഥ്യമായിരുന്നെങ്കിലെന്ന് അവൾ ആഗ്രഹിച്ചു.

**സാദിയ പി എസ്**
ജി.എച്ച്.എസ്.എസ്, മണത്തല
തൃശൂർ

# പരിധികൾക്കപ്പുറം



നേരം ഒരുപാടു വൈകിയിരുന്നു. മണൽത്തരികളും മേഘങ്ങളും എന്നത്തേയും പോലെ ഒരുമിച്ച് സന്ധ്യയെ വരവേറ്റു. കടപ്പുറത്ത് കളിച്ചുകൊണ്ടിരുന്ന കുട്ടികളെ കണ്ടിട്ടെന്നോണം സൂര്യനും കടലിൽ മുങ്ങാംകുഴിയിടാൻ പുറപ്പെട്ടു. അത്രയും നേരം ആർത്തലച്ച് പാറക്കൂട്ടത്തോട് എന്തിനെന്നില്ലാതെ പകതീർത്ത തിരമാല അതോ, അവളുടെ മൗനം അവരിലേക്ക് പടർന്നതോ?

ചിത്രകാരൻ വലിച്ചെറിഞ്ഞ കാൻവാസ്പോലെ വികൃതമായിരുന്നു മനസ്സ്. തീരത്ത് തണുത്ത കാറ്റ് വീശുമ്പോഴും കറുത്ത പർദയ്ക്കുള്ളിൽ ചൂട് അസഹ്യമായി തോന്നി. അത്രനേരം ശാന്തമായിരുന്ന ഹൃദയം പള്ളിയിൽ നിന്നും ഉയർന്ന ബാങ്ക് വിളിയിൽ അസ്വസ്ഥമായി. ബാഗിൽ നിന്നും ഫോണെടുത്ത് ഒന്നുകൂടി അവനെ വിളിച്ചു. ഇല്ല, പരിധിക്ക് പുറത്താണത്രേ! കസ്റ്റമർ കെയറിലെ പെൺകുട്ടിയുടെ ശബ്ദം ചെവികളിൽ ഇടിത്തീ പോലെ പതിച്ചു.

ഒരു വർഷത്തെ കഠിന പ്രണയത്തിന്റെ അവസാന രംഗമാണിവിടെ നടക്കാൻ പോകുന്നത് എന്നവൾക്ക് അറിയാമായിരുന്നു. വീട് അവൾക്ക് നല്ല ഒരനുഭവമായിരുന്നില്ല. ചിട്ടകൾ, ശാസനകൾ, ദു:ഖങ്ങൾ... ഒരു ചില്ലുകൂട്ടിലടയ്ക്കപ്പെട്ട അവൾ അതേ ചില്ലുകൂട്ടിലിരുന്ന് ഇതുവരെ കാണാത്ത, കേൾക്കാത്ത അറിയാത്ത ഒരുവനെ പ്രണയിച്ചു. അവന്റെ കൈകോർത്തു പിടിച്ച് എല്ലാ തടസ്സങ്ങളേയും മറികടന്ന് സമൂഹം നിശ്ചയിച്ച എല്ലാ പരിധികൾക്കും അപ്പുറം ചെല്ലുവാനും ജീവിതത്തിന്റെ മധുരം നുണയാനും ആഗ്രഹിച്ചു. സ്വപ്നം കണ്ടു, പക്ഷേ ഇന്ന് സ്വപ്നങ്ങൾ ഭയത്തിലേക്ക് വഴിമാറിയ അവസ്ഥ.. നിശ്ശബ്ദമായ് അവൾ നിന്നു.

പെട്ടെന്ന് ഒരു ഇന്നോവ കാർ റോഡരികിൽ നിർത്തുന്നത് കണ്ടു. ആ വണ്ടി തിരിച്ചറിഞ്ഞു. കാറിൽ നിന്നും ഒരു സ്ത്രീ പുറത്തേക്കിറങ്ങി. അവളുടെ ഉമ്മയാണ് എന്ത് ചെയ്യണം? എങ്ങോട്ടെങ്കിലും മാറണോ? അതോ കാലിൽ വീണ് കരയണോ? അനങ്ങാപ്പാറയായി അവൾ നിന്നു. ഉമ്മ അടുത്തേക്ക് വന്നു. നിറഞ്ഞ കണ്ണുകളുമായി അവൾ നോക്കി. ഒരു പക്ഷേ ആ ദൃശ്യം അവളൊരിക്കലും ഓർക്കാൻ ആഗ്രഹിച്ചിട്ടുണ്ടാവില്ല.

'ചതിയാണ് മോളേ ചതിയാണ്....' വാക്കുകൾക്കായി ഒരുപാട് തിരഞ്ഞശേഷം അവർ പറഞ്ഞു. 'അവൻ വരില്ല! മോള് ഇങ്ങുപോര്' ഒരു നനുത്ത തുള്ളി കണ്ണിൽ നിന്നും പൊഴിഞ്ഞ് മണൽത്തരികളെ ചുംബിച്ചു. തിരിഞ്ഞുനോക്കാതെ നടന്നു.; വരണ്ട ഹൃദയത്തിൽ പുരണ്ട കറകളുമായി.

കാറിലൊരു കൂമനെപ്പോലെ അവൾ പതുങ്ങിയിരുന്ന് ചിന്തകളിൽ മുഴുകി. മടങ്ങും വഴി റോഡിൽ ഒരു ആക്സിഡന്റ്, കൂടിനിന്ന ആളുകളുടെ സംസാരം അവളുടെ ചെവിയിലും എത്തി.

"ഇപ്പോഴത്തെ പിള്ളേരല്ലേ ...."

"ഹെൽമറ്റില്ലായിരുന്നുത്രേ...."

അവൾ അതൊന്നും ശ്രദ്ധിച്ചില്ല. കഷ്ടപ്പെട്ടിട്ടാണെങ്കിലും ഡ്രൈവർ വണ്ടി മുന്നോട്ടെടുത്തു. വീട്ടിലെത്തി മുറിയിൽ ഒറ്റയ്ക്കായപ്പോൾ അവൾ തീരുമാനിച്ചു. ഇനി തന്റെ ജീവിതത്തിൽ അവൻ വേണ്ട. പക്ഷേ അപ്പോഴും അവളുടെ മനസ്സ് ഒരു രണ്ടരവയസ്സുകാരിയെപ്പോലെ വാശിപിടിച്ചു. ഒരിക്കൽ കൂടി, ഒരേയൊരു തവണമാത്രം.. വിറയോടെയെങ്കിലും അവൾ ഫോൺ എടുത്തു. അവനെ വിളിച്ചു.

'താങ്കൾ വിളിക്കുന്ന സബ്സ്ക്രൈബർ പരിധിക്ക് പുറത്താണ് ദയവായി...'

ഇനിയില്ല വെറുത്തുപോയിരിക്കുന്നു. മഞ്ഞുതുള്ളികളെ കുടുക്കുന്ന പ്രകൃതിയിലെ ഒരു ചിലന്തിവലയായിരുന്നു അവൻ. മറക്കാനാഗ്രഹിക്കുന്നു. എന്നെന്നേക്കുമായി.

വെറുക്കുമായിരുന്നില്ല. റോഡരികിലേക്ക് അവൾ ഒന്നു നോക്കിയിരുന്നെങ്കിൽ വെറുക്കുമായിരുന്നില്ല, അവൻ മനുഷ്യനിർമ്മിതമായ എല്ലാ പരിധികൾക്കും അപ്പുറത്തേക്കാണ് പോയത് എന്നറിഞ്ഞിരുന്നെങ്കിൽ.

**അനഘ ജോസഫ്**
എൻ.എച്ച്.എസ്.എസ്.പെരഡാല
കാസർഗോഡ്

# സ്വപ്നത്തെ വിഴുങ്ങിയ കുട്ടി



ഇരുട്ടിന്റെ മറവിൽ അവൾ ഒറ്റയ്ക്കായിരുന്നു. എങ്ങോട്ടു പോകണം എന്നറിയാതെ അലഞ്ഞു തിരിയാൻ തുടങ്ങി. പേടിച്ച് അലറിവിളിച്ചു. പെട്ടെന്നാണ് ഒരു ഭീകരജീവി മുന്നിൽ പ്രത്യക്ഷപ്പെട്ടത്. അവൾ മരണഭയത്താൽ ഓടാൻ തുടങ്ങി. ആ ഒറ്റപ്പെട്ട സ്ഥലത്ത് അവളുടെ കാലൊച്ചയല്ലാതെ മറ്റൊന്നും കേൾക്കാനില്ലായിരുന്നു. ഓടുന്നതിനിടെ ഒരു കല്ലിൽ തട്ടി താഴെ വീണു. ഭീകരജീവി മീൻ കണ്ട പൂച്ചയെപ്പോലെ ആർത്തിയോടെ വരാൻ തുടങ്ങി. കണ്ണുകളടച്ച് ദൈവത്തോടു പ്രാർത്ഥിച്ചു. പെട്ടെന്ന് ഒരു അശരീരി കേട്ടു. "ഇസാ... ഇസാ...." അവൾ കണ്ണുതുറന്നു നോക്കുമ്പോൾ അടുത്ത് കിടന്നിരുന്ന അമ്മയെ ആയിരുന്നു കണ്ടത്. സമയം അപ്പോഴേക്കും രാത്രി 2 മണി പിന്നിട്ടിരുന്നു. "എന്തു പറ്റി? നീ വീണ്ടും വല്ല സ്വപ്നവും കണ്ടോ?" അമ്മ ചോദിച്ചു. "അതെ!! അവിടെ..." ഇസബെല്ല സ്വപ്നം വിശദീകരിക്കാൻ തുടങ്ങുമ്പോഴേക്കും അമ്മ തടഞ്ഞു. "നീ ഇപ്പോൾ ഉറങ്ങൂ കഥ നാളെ പറയാം." എന്നു പറഞ്ഞ് അമ്മ ഇസബെല്ലയെ കെട്ടിപ്പിടിച്ച് കണ്ണുകളടച്ചു. ആ തണുപ്പുള്ള രാത്രിയിൽ ഇസബെല്ല അമ്മയുടെ ചൂടേറ്റ് കിടന്നുറങ്ങി.

വെറും ഒൻപതു വയസ്സ് പ്രായമുള്ള സുന്ദരിയായ പെൺകുട്ടിയായിരുന്നു ഇസബെല്ല. പക്ഷേ ഒൻപതു വയസ്സുകാരിയുടെ ബുദ്ധിയല്ലായിരുന്നു അവൾക്കുണ്ടായിരുന്നത്. നിഗൂഢതകൾ നിറഞ്ഞതായിരുന്നു അവളുടെ ജീവിതം. ഒരു സുഹൃത്ത് പോലുമുണ്ടായിരുന്നില്ല. ഒറ്റപ്പെട്ട വീട്ടിലായിരുന്നു അവളും അമ്മയും താമസിച്ചിരുന്നത്. നാല് തലമുറയ്ക്ക് ഇരുന്നു തിന്നാനുള്ള സമ്പത്ത് കുടുംബത്തിന് ഉണ്ടായിരുന്നു. ഇസബെല്ല ഏകദേശം എല്ലാ രാത്രികളിലും ദു:സ്വപ്നങ്ങൾ കാണും. കാണുന്ന സമയത്ത് മാത്രമായിരുന്നു അവൾ ആ സ്വപ്നങ്ങളെ ഭയന്നത്. പിന്നീട് അത് അത്ര കാര്യമാക്കിയില്ല. കാരണം ഇസയ്ക്ക് ദു:സ്വപ്നങ്ങൾ കണ്ട് നല്ല ശീലമുണ്ടായിരുന്നു. അവൾക്ക് വിചിത്രമായ കാര്യങ്ങൾ കാണുവാൻ കഴിയുമായിരുന്നു. ഉണർന്നിരിക്കുമ്പോൾ പോലും.

ഒരു ദിവസം ഇസബെല്ല സ്കൂളിലേക്ക് നടന്ന് നീങ്ങുകയായിരുന്നു. അമ്മയായ നാൻസി അവളോട് സ്കൂളിൽ നിന്ന് കൂട്ടുകാരെ കണ്ടെത്താൻ ആവശ്യപ്പെട്ടിരുന്നു.

പക്ഷേ ഇസയ്ക്ക് അതിൽ വലിയ താൽപ്പര്യമുണ്ടായിരുന്നില്ല. ദുഃസ്വപ്നങ്ങൾക്കു കാരണം അവളുടെ ഒറ്റപ്പെട്ട ജീവിതമാണെന്ന് നാൻസി വിശ്വസിച്ചിരുന്നു. ഇസബെല്ല സ്കൂളിൽ പോകുന്ന വഴിയരികിൽ ഒരു ശ്മശാനം ഉണ്ട്. അവൾ അതിലൂടെ പോകും വഴി ആരോടൊക്കെയോ സംസാരിക്കുമായിരുന്നു. ഇതറിഞ്ഞ നാൻസി അവളെ ഒരു ആശുപത്രിയിൽ കൊണ്ടുപോയി. ഡോക്ടർ അവൾക്ക് മാനസികമായി ചില പ്രശ്ന ങ്ങളുണ്ടെന്ന് പറഞ്ഞു. പക്ഷേ ഇസബെല്ല പറഞ്ഞത് അവിടെ സംസാരിക്കുന്ന ഒരു നായക്കുട്ടി ഉണ്ടെന്നാണ്. അവൾ പറഞ്ഞത് ആരും വിശ്വസിച്ചില്ല. ഇതൊക്കെകൊണ്ട് തന്നെയാണ് അവൾക്ക് കൂട്ടുകാരൊന്നും ഉണ്ടാവാതിരുന്നത്. സംസാരിക്കുന്ന ആ നായ ക്കുട്ടി വിരൂപി ആയിരുന്നു.

സ്കൂളിലെത്തി ക്ലാസ്സ്മുറിയിൽ ഇരുന്നു. കൂടെ പഠിക്കുന്ന കുട്ടികൾ അവളെ എന്നും കളിയാക്കുമായിരുന്നു. ആ ദിവസവും അവർ കളിയാക്കാൻ തുടങ്ങി. പക്ഷെ ഇസയ്ക്ക് ദേഷ്യം അടക്കാൻ സാധിച്ചില്ല. അവൾ എണീറ്റ് സ്കൂളിലെ പൂന്തോട്ടത്തിൽ പോയി ഒളിച്ചിരുന്ന് കരയാൻ തുടങ്ങി. അപ്പോൾ എന്നും സംസാരിച്ചിരുന്ന ആ നായ ക്കുട്ടി അവിടെ പ്രത്യക്ഷപ്പെട്ടു. അവളുടെ അടുത്തിരുന്നു. അന്നേരം ഇസയുടെ ക്ലാസ്സ് ടീച്ചർ വന്ന് അവളെ ക്ലാസ്സിലേക്ക് വിളിച്ചു. അവൾ ക്ലാസ്സിലേക്ക് പോകാൻ തയ്യാറായില്ല. ടീച്ചർ വീണ്ടും നിർബന്ധിക്കാൻ തുടങ്ങി. സഹികെട്ട് ഇസ പറഞ്ഞു. "ടീച്ചർ പോയ്ക്കോളൂ...ഞാൻ വന്നോളാം". ടീച്ചർ വന്ന സമയത്ത് നായക്കുട്ടി പേടിച്ചോ ടി. ടീച്ചർ തിരിച്ചു പോകുന്ന സമയത്ത് വേറൊരു ടീച്ചർ വന്ന് ക്ലാസ് ടീച്ചറോട് കാര്യം അന്വേഷിച്ചു. "തലയ്ക്ക് സുഖമില്ലാത്ത കുട്ടിയാ! കുടുംബത്തിനെത്ര സമ്പത്തുണ്ടാ യിട്ടെന്താ?" ടീച്ചർ മറുപടി പറഞ്ഞു. അത് കേട്ട് ഇസയ്ക്ക് സഹിക്കാൻ കഴിഞ്ഞില്ല. അവൾ പൊട്ടിക്കരയാൻ തുടങ്ങി.

അന്നേരം അടുത്തുണ്ടായിരുന്ന റോസാപ്പൂവിൽ നിന്ന് ഒരു ശബ്ദം പുറപ്പെട്ടു. "ആരാ അവിടെ എന്റെ ഉറക്കത്തിന് തടസ്സമുണ്ടാക്കുന്നത്?" ഇസ ഞെട്ടിപ്പോയി. അവൾ ഇടറിയ ശബ്ദത്തിൽ ചോദിച്ചു. "ആരാ?" ആ പൂവിൽ നിന്നും ഒരു പ്രകാശം വന്നു. ഇസയ്ക്ക് മാത്രമേ അതു കാണാൻ കഴിഞ്ഞുള്ളൂ. ആ പ്രകാശത്തിൽ നിന്ന് ചിറ കുകളുള്ള ഒരു ചെറിയ മനുഷ്യരൂപം പ്രത്യക്ഷമായി. ഇസബെല്ലയുടെ മുത്തശ്ശിയുടെ പ്രായം ആ രൂപത്തിന് തോന്നിക്കുമായിരുന്നു. "ഞാൻ ഈ പൂന്തോട്ടത്തെ കാത്തു സൂക്ഷിക്കുന്ന ദേവത"

"കഥകളിലെ സിൻഡ്രല്ലയെ രക്ഷിച്ചതു പോലുള്ള ദേവതയാണോ?" ഇസ ആവേ ശത്തോടെ ചോദിച്ചു. അവളുടെ മനസ്സിൽ പ്രതീക്ഷ മൊട്ടിട്ടു. ഇസയുടെ ചോദ്യം

കേട്ട് ദേവത ചെറുചിരിയോടെ ചോദിച്ചു. "ആട്ടെ, ഈ കൊച്ചുമിടുക്കിയുടെ പേരെന്താ?" ഞാൻ ഫ്ളോറ"

"എന്റെ പേര് ഇസ. ഇസബെല്ല". ഇസ മറുപടി പറഞ്ഞു.

"മോളെന്തിനാ കരഞ്ഞത്" "ഫ്ളോറ തിരിച്ച് ചോദിച്ചു. അന്നേരം ഇസയുടെ നിഷ്ക്കളങ്കമായ കണ്ണുകളിൽ കണ്ണുനീർ നിറയാൻ തുടങ്ങി."

"ഞാൻ മറ്റാർക്കും കാണാൻ പറ്റാത്ത ജീവികളെയും മറ്റും കാണുന്നു." അതു കൊണ്ട് എന്റെ കൂടെ ആരും കൂട്ടു കൂടുന്നില്ല. ഞാനും അമ്മയും ഒറ്റയ്ക്കാണ് താമസം. ദുഃസ്വപ്നങ്ങൾ കാരണം എന്നും രാത്രി ഞെട്ടി ഉണരുന്നു. എനിക്കും മറ്റു കുട്ടികളെപോലെ ഒളിച്ച് കളിയും കണ്ണു പൊത്തിക്കളിയുമൊക്കെ കളിക്കണം". ബെല്ല മറുപടി പറഞ്ഞു. അതു പോലെ തന്നെ തനിക്ക് ദുഃസ്വപ്നങ്ങൾ കാണണ്ട എന്നും അതു മാറ്റിത്തരാനും ഇസ ആവശ്യപ്പെട്ടു. "ഇസമോളെ, മോളുടെ അടുത്ത് എപ്പോഴും വരുന്ന നായക്കുട്ടിയെ മോള് ശ്രദ്ധിച്ചിട്ടുണ്ടോ? അത് വിരൂപിയാണ്. കൂടാതെ മരണപ്പെട്ടിട്ട് അഞ്ചു വർഷങ്ങളായി. പക്ഷെ അതെന്ത് സന്തോഷത്തോടെയാണ് കഴിയുന്നതെന്ന് മോള് നോക്കൂ. അതിനെ ആൾക്കാർക്ക് ഇപ്പോഴും കാണാൻ പറ്റുമായിരുന്നെങ്കിൽ അവർ അതിനെ ഉപദ്രവിച്ചേനെ. അതുകൊണ്ട് മരിച്ചത് അതിന്റെ ഭാഗ്യമാണ്. ആ നായക്കുട്ടി മരിച്ചത് കൊണ്ട് അതിനെ സന്തോഷത്തോടെ കാണാൻ കഴിയുന്നു. അതുപോലെ തന്നെയാണ് നമ്മളും. നമ്മുടെ കുറവുകൾ ഒരു അനുഗ്രഹമായി കണ്ടാൽ നമുക്കും സന്തോഷജീവിതം നയിക്കാൻ കഴിയും. നോക്കൂ ഇവിടെ കരഞ്ഞുകൊണ്ട് വന്നില്ലായിരുന്നുവെങ്കിൽ എന്നെ കാണാൻ പററുമായിരുന്നോ?" ഫ്ളോറ മുത്തശ്ശിയുടെ വാക്കുകൾ ഇസയുടെ മനസ്സിൽ ആഴ്ന്നിറങ്ങി. "അപ്പോൾ ദുഃസ്വപ്നമോ" ഇസ ചോദിച്ചു.

"പൂച്ച പാമ്പിനെ സ്വയരക്ഷയ്ക്കു വേണ്ടി കഴിക്കുന്നു എന്ന് കേട്ടിട്ടുണ്ടോ? അതു പോലെ തന്നെ നീ കണ്ട സ്വപ്നത്തെ അപ്പോൾ തന്നെ നീ വിഴുങ്ങിയാൽ മതി". ഫ്ളോറ പറഞ്ഞു. ഇസ ഫ്ളോറയ്ക്ക് നന്ദി പറഞ്ഞു.

"ഇനി പറ ഞാൻ നിന്റെ അനുഗ്രഹങ്ങളെ മായ്ക്കണോ?" ഫ്ളോറ ചോദിച്ചു. ഇസ പുഞ്ചിരിച്ചു.

**റിദ ഫാത്തിമ**
ജി.എച്ച്.എസ്.എസ്. ഉദുമ
കാസർഗോഡ്

# ഫോട്ടോ



നേരം സന്ധ്യ കഴിഞ്ഞു. വിനോദ് വരാന്തയിൽ ഇരിക്കുകയായിരുന്നു. അവന്റെ അമ്മ മരിച്ചിട്ട് ഇന്നേക്ക് രണ്ടാം ദിവസം. വിനോദിന്റെ ചെറുപ്പത്തിൽ അമ്മ ഗീത അവനെ വളർത്താൻ വളരെയധികം കഷ്ടതകൾ സഹിച്ചിരുന്നു. ഒരു നിമിഷം അമ്മയെ ആലോചിച്ചുകൊണ്ട് അമ്മയുടെ മുറിയിലേക്ക് നടന്നു. മുറിയിൽ മേശയിൽ ഒരു കൂട്ടം മരുന്നു കുപ്പികൾ അവൻ അവിടേക്കു നോക്കി. അമ്മയുടെ കട്ടിലിൽ ഇരുന്നു. അപ്പോൾ അമ്മയുടെ പഴയ ട്രങ്ക് കണ്ടു. ആ പെട്ടിയെടുത്ത് കട്ടിലിൽ വച്ചു തുറന്നു. അതിൽ പഴയ രണ്ടു ഫോട്ടോകൾ വിനോദിന് കിട്ടി. ആ ഫോട്ടോകൾക്ക് ഒരു കഥ പറയാനുണ്ടായിറുന്നു.

വർഷങ്ങൾക്ക് മുൻപ്. ഇടവഴിയിലൂടെ വിനോദ് ഓടുന്നു. കൈയിൽ പഴയ റബ്ബർ ചെരുപ്പുകൾ ചക്രങ്ങളാക്കിയ വണ്ടിയുണ്ടായിരുന്നു. ഇടവഴിയിൽ നിന്ന് കളിസ്ഥലത്തേക്കാണ് ചെന്നത്. അവിടെ കൂട്ടുകാരായ മാർട്ടിയും സിജോയും ഉണ്ടായിരുന്നു. സിജോയുടെ കൈയിലിരിക്കുന്ന കളിപ്പാട്ടം കണ്ട് വിനോദ് ആശ്ചര്യപ്പെട്ടു, അതൊരു കാർ ആയിരുന്നു, വിനോദിനെ കണ്ട അവർ കാർ ഓടിക്കാൻ തീരുമാനിച്ചു. സിജോ കാർ നിലത്തു വച്ചു മാർട്ടി തന്റെ കൈയ്യിലിരുന്ന റിമോട്ട് ഉപയോഗിച്ച് കാർ ഓടിച്ചു. അപ്പോൾ സിജോ വിനോദിനോട്,

“കണ്ടോ, മാർട്ടീടെ പപ്പ മസ്കറ്റിൽ നിന്ന് കൊണ്ടുവന്നതാ, എന്ത് രസാലേ?”

“കാണിച്ചേ, നോക്കട്ടെ”

വിനോദ് കൈ നീട്ടി. സിജോ കാർ എടുത്ത് കൈയിൽ പിടിച്ചു. വിനോദ് കെഞ്ചിക്കൊണ്ട് വീണ്ടും ചോദിച്ചു.

“ഒന്നു കാണാനല്ലേ ചോദിച്ചേ ഞാൻ പാഴാക്കിക്കളയത്തില്ല. ഒന്നു താടാ”

“വേണ്ട നീ പാഴാക്കിക്കളയും. നിനക്ക് വേണമെങ്കിൽ നിന്റെ പപ്പയോട് പറ” സിജോ പറഞ്ഞു

മാർട്ടി ചിരിച്ചുകൊണ്ട് പരിഹസിച്ചു.

“അതിന് അവൻ അവന്റെ പപ്പയെ കണ്ടിട്ടു പോലുമില്ല, പിന്നെങ്ങെനാ”

"ങേ! പപ്പേ കണ്ടിട്ടില്ലന്നോ"

"ആ. ഇവന്റെ ചെറുപ്പത്തിലേ പപ്പാ മരിച്ചു പോയതാ, ഫോട്ടോയിലും കണ്ടിട്ടില്ല"

വിനോദ് വിഷമിച്ച് വീട്ടിലേക്ക് നടന്നു.

വീട്ടിൽ എത്തിയപ്പോഴും വിനോദിന്റെ മനസ്സിൽ കൂട്ടുകാർ പറഞ്ഞ ഫോട്ടോയുടെ കാര്യം വല്ലാതെ അലട്ടികൊണ്ടിരുന്നു.

വീടിന്റെ ചുവരിൽ കുറേ ചിത്രങ്ങൾ. പക്ഷെ തന്റെ അച്ഛന്റെ ചിത്രം മാത്രം ഇല്ല അമ്മയെ അവിടെയൊക്കെ തിരഞ്ഞിട്ടു കണ്ടില്ല "അമ്മേ" എന്നു വിളിച്ചുകൊണ്ട് വെളിയിലേക്ക് ഇറങ്ങി. അമ്മ തുണി അലക്കുകയായിരുന്നു, അലക്കിയ തുണി പിഴിഞ്ഞ് അഴിയിലേക്ക് വിരിച്ചു,

"ആ മോൻ വന്നോ"

ബക്കറ്റിലെ അഴുക്കു വെള്ളം താഴെയൊഴിച്ച് ബക്കറ്റുമായി അമ്മ അടുക്കള വാതുക്കലെത്തി. ബക്കറ്റ് വെളിയിൽ വെച്ച് അമ്മ അടുക്കളയിലേക്ക് കയറി. പിന്നാലെ വിനോദും.

"ഇതെന്താ നേരത്തേ കളി നിർത്തിയോ? അതോ ആരെങ്കിലുമായി വഴക്കിട്ടോ"

അമ്മ അടുപ്പിലെ കനലൂതി തീ കൂട്ടി അടുപ്പത്തുവച്ചിരിക്കുന്ന അരിയുടെ വേവ് നോക്കി.

"ഇച്ചിരി കൂടെ വേവാനുണ്ടേ മോൻ അവിടിരിക്ക്."

വിനോദ് വിഷമത്തോടെ ചോദിച്ചു.

"അമ്മേ അച്ചന്റെ ഫോട്ടോയുണ്ടോ?"

അമ്മ വാത്സല്യത്തോടെ അവന്റെ കവിളിൽ കൈവച്ചുകൊണ്ട് പറഞ്ഞു,

"മോനെന്തിനാ അച്ഛന്റെ ഫോട്ടോ? മോനെ കാണാൻ അച്ഛനെപോലെ തന്നെയാ മോന് മീശ വന്നാൽ തനി അച്ഛൻകുട്ടൻ"

അമ്മയുടെ വാക്കുകൾ കേട്ട വിനോദിന് വളരെ സന്തോഷമായി. അവൻ അടുക്കളയിൽ നിന്ന് മുറിയിലേക്ക് പോയി, കുടുക്ക എടുത്ത് കൈയ്യിൽ വച്ചു കുലുക്കി അവനത് പൊട്ടിച്ചു. അതിനുള്ളിൽ ഉണ്ടായിരുന്ന കാശ് മുഴുവൻ പെറുക്കിയെടുത്ത് പോക്കറ്റിൽ വച്ച് വെളിയിലേക്ക് പോയി.

ഗോപിയേട്ടൻ വീട്ടിലെ പൂന്തോട്ടത്തിൽ ഫോട്ടോ എടുത്ത് കൊണ്ടിരിക്കുകയായിരുന്നു. വിനോദ് ഗോപിയേട്ടന്റെ അടുത്തെത്തി അവനെ കണ്ട ഗോപിയേട്ടൻ ചോദിച്ചു.

"ആഹാ വിനുക്കുട്ടാ, എന്നാ ഉണ്ടെടാ"?

“ഗോപിയേട്ടാ എനിക്കൊരു ഫോട്ടോ വേണം”

“എടാ ഞാനിത് ചുമ്മാ എടുത്തതാ”

“അതല്ല ഗോപിയേട്ടാ എന്റെയൊരു ഫോട്ടോ എടുക്കാനാ”

ഗോപിയേട്ടൻ മൂളി.

“ഫോട്ടോയെടുക്കന്നതിന് കാശ് വേണ്ടേ?”

വിനോദ് പോക്കറ്റിൽ നിന്ന് കാശ് എടുത്ത് കാണിച്ചു, ഗോപി ചിരിച്ചുകൊണ്ട് അവനെ വീടിന്റെ അകത്തേക്ക് കൊണ്ടുപോയി

“നീ നാളെ രാവിലെ പോര്, ഫോട്ടോ എടുത്ത് വച്ചേക്കാം”

അവൻ സന്തോഷത്തോടെ വീട്ടിലേക്ക് നടന്നു.അന്നത്തെ രാത്രി ഉറങ്ങാൻ കഴിഞ്ഞില്ല പിറ്റേന്ന് രാവിലെ തന്നെ ഗോപിയേട്ടന്റെ വീട്ടിലെത്തി ഫോട്ടോ വാങ്ങി സന്തോഷത്തോടെ വീട്ടിലേക്ക് ഓടി. അവനെ കാത്ത് അമ്മ വാതുക്കൽ നിൽപുണ്ടായിരുന്നു.

“രാവിലെ തന്നെ നീ എവിടെ പോയതാ,വല്ലോം കഴിക്കണ്ടേ?”

അമ്മ കാണാതെ ഫോട്ടോ മറച്ചുപിടിച്ചു, ഇരുവരും അകത്തേക്ക് കയറി. അമ്മ അടുക്കളയിലേക്ക് പോയപ്പോൾ വിനോദ് മുറിയിലേക്ക് ചെന്ന് പേനയെടുത്ത് ഫോട്ടോയിലുള്ള തന്റെ മുഖത്ത് മീശ വരച്ചു, എന്നിട്ട് ഫോട്ടോയിൽ സന്തോഷത്തോടെ ഉമ്മ വെച്ചു.

ഇതെല്ലാം അമ്മ കാണുന്നുണ്ടായിരുന്നു. അവൻ ഫോട്ടോ കട്ടിലിൽ വെച്ച് കുളിക്കാനായി തോർത്തുമുടുത്തുകൊണ്ട് പോയി. അകത്തുകയറിയ അമ്മ തന്റെ പെട്ടിയിൽ നിന്ന് ഒരു ഫോട്ടോ എടുത്തു അത് വിനോദിന്റെ അച്ഛന്റെ ഫോട്ടോയായിരുന്നു.

**കാർത്തിക എം.ആർ**
ജി.എച്ച്.എസ്.എസ് തൃക്കൊടിത്താനം
കോട്ടയം

# പിന്നിലൊരാൾ



വൈകുന്നേരം, അച്ഛനും അമ്മയും രണ്ടു മക്കളും അടങ്ങുന്ന ഒരു കൊച്ചു കുടുംബം. കൊറോണ ആയതിനാൽ ആർക്കും പ്രത്യേകിച്ചു പണി ഒന്നുമില്ല... അതുകൊണ്ട് വൈകുന്നേരത്തെ ചായകുടി കഴിഞ്ഞ് എല്ലാവരും വെറുതെ ഇരുന്നപ്പോൾ അച്ഛന്റെ ഫോണിൽ ഒരു കോള് വരുന്നു...

“ഡ്രിങ്.....ഡ്രിങ്.......ഡ്രിങ്...........”

പരിചയമില്ലാത്ത നമ്പർ ആയിരുന്നു.

“ഹലോ.....”

“ആരാ.......” അച്ഛൻ ചോദിച്ചു. ഒരു പെൺകുട്ടിയുടെ ശബ്ദമായിരുന്നു. “ജാനകിയുടെ വീടല്ലേ, ഞാൻ അവളുടെ കൂട്ടുകാരിയാണ്. അവൾക്ക് ഒന്ന് ഫോൺ കൊടുക്കാമോ...?” അച്ഛൻ ജാനകിയെ വിളിച്ചു, ഫോൺ കൊടുത്തു.

ആരാണെന്ന് ജാനകി ചോദിച്ചു.

ഒന്നും വ്യക്തമാക്കാത്ത രീതിയിൽ ഫോണിന്റെ മറുഭാഗത്തിരുന്ന് അവർ ഓരോന്നും പറഞ്ഞു. ജാനകിയേയും കുടുംബത്തേയും വ്യക്തമായി അറിയുന്ന ആരോ ഒരാൾ. ആരാണെന്നോ എവിടുന്നാണെന്നോ പറയാൻ താൽപര്യപ്പെടാത്ത ഒരാൾ. അവസാനം ‘ജാനകിയുടെ ഫോണിൽ നിന്ന് ഒന്ന് വിളിക്കണം’ എന്ന് ആവശ്യപ്പെട്ട് അവൾ ഫോൺ വെച്ചു.

കുറേനേരം കഴിഞ്ഞപ്പോൾ ആ നമ്പറില് നിന്ന് കോൾ വന്നു. ജാനകിയുടെ അമ്മ ഫോൺ എടുത്തു. അമ്മയും ചോദിച്ചു. ആരാണെന്ന്. അവൾ അമ്മയോടും പറയാൻ താൽപര്യപ്പെട്ടില്ല. എല്ലാവരെയും അറിയുന്ന രീതിയിൽ അവൾ അമ്മയോടും സംസാരിച്ചു.

“നാളെ ഒരു കൊറിയർ വരും, നാലു പേർക്കും ഉണ്ട്” എന്ന് ആ കുട്ടി പറഞ്ഞു. ജാനകിയോട് വിളിക്കാൻ പറയണമെന്ന് അവൾ വീണ്ടും ആവശ്യപ്പെട്ട് ഫോൺ വെച്ചു.

ജാനകി അവളെ വിളിക്കാൻ കൂട്ടാക്കിയില്ല. അവൾക്ക് അറിയാത്ത ഒരാളെ

ആരാണെന്ന് പറയാൻ പോലും താൽപര്യപ്പെടാത്തയാളെ എന്തിനു വിളിക്കണം?

രാത്രിയായപ്പോൾ ആ കുട്ടി പിന്നെയും അച്ഛന്റെ ഫോണിൽ വിളിച്ചു. ആ സമയം അച്ഛൻ വീട്ടിൽ ഇല്ലായിരുന്നു.

അവസാനം ജാനകി തന്റെ ഫോണിൽ നിന്ന് ആ കുട്ടിയെ വിളിച്ചു.

പക്ഷേ......

അപ്പോൾ സംസാരിച്ചത് ഒരു ചേട്ടൻ ആയിരുന്നു. അദ്ദേഹവും ജാനകിയെയും കുടുംബത്തെയും നന്നായി അറിയാവുന്ന മനസ്സിലാക്കിയ വ്യക്തി. കുറച്ച് നേരം സംസാരിച്ചെങ്കിലും ആളെ മനസ്സിലാക്കാൻ സാധിച്ചില്ല. അയാളുടെ സംസാരം ശരിയല്ലെന്ന് തോന്നിയ ജാനകി കോൾ നിർത്തി.

അയാളുടെ സംസാരം പരസ്പരം യോജിക്കാത്ത രീതിയിൽ ആയിരുന്നു. ആദ്യം വിളിച്ചത് അദ്ദേഹത്തിന്റെ അനിയത്തിയാണ്, അവളോടു വിളിക്കാൻ പറയാം എന്നും അദ്ദേഹം പറഞ്ഞു.

പിന്നീട് പലപ്പോഴും അയാൾ ജാനകിയുടെ ഫോണിൽ വിളിക്കുകയുണ്ടായി. അപ്പോഴൊന്നും അവൾ പ്രതികരിച്ചില്ല.

മാസങ്ങൾക്ക് ശേഷം.....

ജാനകിയുടെ ഫോണിൽ ഒരു നമ്പറിൽ നിന്നും മെസ്സേജ് വന്നു. ആരാണ് എന്നു ചോദിച്ചപ്പോൾ മറുപടി ഒന്നും പറഞ്ഞില്ല. പിന്നെ അവളും ചോദിച്ചില്ല.

ദിവസങ്ങൾ കഴിഞ്ഞു.....

രാത്രി ഏകദേശം ഒൻപതു മണി ആയപ്പോൾ അച്ഛന്റെ ഫോണിൽ മറ്റൊരു നമ്പറിൽ നിന്ന് കോൾ വന്നു. വിളിച്ച ആൾ പറഞ്ഞത് 'ഞാൻ തൃശ്ശൂരിൽ നിന്നാണ് വിളിക്കുന്നത്. നാട്ടിലുള്ള സൈജോ മരിച്ചു, രണ്ടു ദിവസമായി അടക്കം കഴിഞ്ഞു. ആളെ അറിയാമോ...?"

അച്ഛന് ഒന്നും മനസ്സിലായില്ല. അച്ഛൻ ആരെയൊക്കെയോ വിളിച്ച് ചോദിച്ചു.

സൈജോ എന്ന് പറയുന്ന ആളെപ്പറ്റി ആർക്കും അത്ര നല്ല അഭിപ്രായം ഒന്നുമില്ല. പുള്ളിക്കാരന്റെ സ്വഭാവം അത്ര നല്ലതല്ല. പുള്ളിക്കാരൻ വെളിയിൽ എവിടെയോ ആണ് ജോലി ചെയ്യുന്നത്. അയാൾ എന്നു നാട്ടിൽ വന്നാലും അടി വാങ്ങിയിട്ടേ പോകൂ. നാട്ടിൽ ഉള്ള പലരെയും അച്ഛനെ വിളിച്ച നമ്പറിൽ നിന്നും വിളിച്ചിട്ട് അച്ഛനോടു പറഞ്ഞ കാര്യങ്ങൾ തന്നെ പറഞ്ഞു.

നാട്ടിലെ വലിയ പാർട്ടി പ്രവർത്തകനായ ചേട്ടൻ ആ നമ്പറിലേക്ക് വിളിച്ച് കാര്യങ്ങൾ അന്വേഷിക്കുകയുണ്ടായി.

മരിച്ച ആളെ ചികിത്സ ചെയ്ത ആശുപത്രിയിൽ വിളിച്ചപ്പോൾ അങ്ങനെ ഒരു രോഗിയോ മരണമോ അവിടെ നടന്നിട്ടില്ല.

അടുത്ത ദിവസം ഉച്ചയായപ്പോൾ ജാനകി അച്ഛന്റെ കൈയിൽ നിന്നും ആ നമ്പർ വാങ്ങി ട്രൂക്കോളറിൽ നോക്കി. അതിൽ വന്ന പേര് ജാനകിക്ക് എന്തോ ഒരു ഓർമ്മ പോലെ, അവൾ പെട്ടെന്ന് രണ്ടാമത് അവളുടെ മെസ്സേജ് വന്ന നമ്പർ നോക്കി. രണ്ടും ഒരേ നമ്പർ.

ജാനകി ആകെ പേടിച്ചു. അയാൾ എന്തിനാണ് അവളെ വിളിച്ചത്?

മാസങ്ങൾക്കുമുന്നേ ജാനകിയുടെ കൂട്ടുകാരി ആണെന്ന് പറഞ്ഞ ആളെയും ഇതുവരെ തിരിച്ചറിയാൻ ആയില്ല. എല്ലാവരും ഒരുപാട് ആലോചിച്ചു, അപ്പോൾ അച്ഛൻ അയാളുടെ പഴയ നമ്പർ പറഞ്ഞു, അതും അവർ ട്രൂക്കോളറിൽ നോക്കി. അന്ന് വിളിച്ച അതേ നമ്പർ...

ജാനകിയും അവളുടെ അനിയത്തിയും വളരെ അധികം പേടിച്ചു. എല്ലാവരും പറഞ്ഞു മരിച്ചു എന്ന് പറഞ്ഞയാൾ തന്നെയാണ് വിളിച്ചതെന്ന്. അയാൾ ഒരു മിമിക്രി കലാകാരൻ കൂടിയാണ്. പലപ്പോഴും അയാൾ പലരെയും വിളിച്ച് പലരുടെ ശബ്ദങ്ങളിൽ സംസാരിക്കാറുണ്ട്.

അയാൾ മരിച്ചു എന്നാണ് എല്ലാവരും പറയുന്നത്. എന്നേലും അയാൾ നാട്ടിൽ വന്നാൽ... അതിനായി എല്ലാവരും കാത്തിരിക്കുന്നു.....

**പുണ്യ പി**
ഗവ.ഹയർ സെക്കന്ററി സ്കൂൾ അയിരൂർ,
പത്തനംതിട്ട

# പൈൻ മരക്കാടുകളിലെ വസന്തം



യാത്രയെ ഞാൻ സ്നേഹിച്ചിരുന്നു. ഒരു പക്ഷേ മുന്നോട്ടുള്ള ജീവിതയാത്ര ക്കിടയിലെ എന്റെ തടസ്സങ്ങളെ അതിജീവിക്കുന്നത് അതിലൂടെയാകാം. ഞാൻ ട്രെയി നിൽ യാത്ര ചെയ്യാൻ ഇഷ്ടപ്പെടുന്ന ഒരാളാണ്. ഒരോ സ്ഥലത്ത് ചെല്ലുമ്പോഴും നമു ക്കറിയാത്ത എത്ര പേരാണെന്നോ!

പുതിയ വേഷങ്ങളും രീതികളും ഭാഷകളും നാം അവിടെകാണുന്നു.

ഒരുപാടുനാളുകൾക്കു ശേഷമാണ് ഞാനൊരു യാത്ര പോവുന്നത്. മെയ്മാസമാണ്. രാവിലെ നല്ല മൂടലുണ്ടായിരുന്നു. ഞാനതു കാര്യമാക്കിയില്ല. എന്റെ കാറുമെടുത്ത് രാവിലെ തന്നെ പുറപ്പെട്ടു. അത് പൈൻമരക്കാടുകളിലേക്കായിരുന്നു. റെയിൽവേ സ്റ്റേഷനിൽ എത്തുമ്പോൾ സമയം ഏഴ്.

ആ മൂടൽ അവിടമാകെ വിഴുങ്ങിയിരുന്നു. സന്ധ്യയായതുപോലെ. ടിക്കറ്റുമായി ട്രെയിനിൽ കയറി. പോക്കിൽ കൂറെ സ്ഥലങ്ങളും കൂടി കാണണം എന്ന ഉദ്ദേശത്തോ ടെയാണ് ട്രെയിൻ കയറിയത്. സീറ്റൊക്കെ കണ്ടു പിടിച്ചു. കൈയ്യിൽ ഒരു വലിയ ബാഗുണ്ട്. സീറ്റിൽ ഇരുന്നതും ഒരു വലിയ കോലഹലവുമായി എത്തി 'മഴ. ഞാൻ ഷട്ടറിട്ടു.

കൂ...കൂ... ട്രെയിൻ പതിയെ നീങ്ങാൻ തുടങ്ങി. മഴയായതുകൊണ്ടു തന്നെ കുറേ കാഴ്ചകൾ നഷ്ടമായി. മഴയുടെ ഇരമ്പൽ കുറഞ്ഞു വന്നതോടെ ഷട്ടർ പതിയെ തുറന്നു നോക്കി. ജനൽക്കമ്പികളിൽ മഴത്തുള്ളികൾ പറ്റിപ്പിടിച്ചിരിക്കുകയാണ്. മഴത്തുള്ളിയിൽ മെല്ലെ തൊട്ടു. 'ഹൊ എന്തൊരു തണുപ്പ്!' മനസ്സ് ആ മഴത്തുള്ളിയെ തഴുകി പുല്ലുക ളെല്ലാം നനഞ്ഞുകുതിർന്നു തലകുമ്പിട്ടു നിൽക്കുകയാണ്. പൂമ്പാറ്റകൾ പതുക്കെ പുറ ത്തേയ്ക്കു വന്നു. ആ ദൃശ്യങ്ങൾ ഇന്നും എന്റെ മനസ്സിൽ നിന്നും മാഞ്ഞു പോയിട്ടി ല്ല. യാത്രക്കിടയിൽ ഞാനോർത്തു. എന്റെയാത്ര.... എവിടേക്കാണ്? പൈൻ മരക്കാടു കളിലേക്കല്ലേ ..? ആണോ? ഞാനെന്നോടായ് ചോദിച്ചു. പൈൻ മരക്കാടുകൾ. അതെ വിടെയാണ്? അകലെ നിന്നെവിടെയോ പാറി വന്ന ഇളംകാറ്റ് കാതിൽ മന്ത്രിച്ചു. ഞാനും പൈൻ മരക്കാടുകളിലേക്കാണ്... തോരാതെ പെയ്യുന്ന മഴക്കാടുകളെ എനിക്കേറെയി ഷ്ടമാണ്... പെട്ടെന്ന് ആ ഇളംകാറ്റ് എവിടേക്കോ മറഞ്ഞു. ഒരു പക്ഷേ, മഴക്കാടുകളി ലേക്കാവാം. നല്ല തണുപ്പ്.

"ചായാ..."

ഞാനൊരു കട്ടൻ പറഞ്ഞു. തോരാതെ പെയ്യുന്ന മഴയെ ഒരു കട്ടനും കുടിച്ച് തിണ്ണയിലെ പടികളിലിരുന്ന് ആസ്വദിക്കണം അതൊരു അനുഭവം തന്നെയാണ്! യാത്രയിൽ പങ്കുചേരാൻ വരുന്നവരാണ് മഴയും ഇളം വെയിലും, കുളിർകാറ്റുമൊക്കെ. ഇവയൊന്നുമില്ലാതെ യാത്രയ്ക്ക് എന്ത് സൗന്ദര്യം? മഴയുടെ വരവിൽ ഞാനെന്റെ ഓർമ്മകൾ പുതുക്കാറുണ്ട്.

'നിനക്കൊന്ന് പൊട്ടിക്കരഞ്ഞൂടേ' സങ്കടം സഹിക്കാൻ കഴിയാത്ത നേരങ്ങളിൽ കാർമുകിലും ഞാനും ഏതാണ്ട് ഒരു പോലെയാണ്.

കട്ടൻ ചൂടാറുന്നതിനു മുൻപുതന്നെ വായിലേക്ക് വച്ചു. 'ഹോ' എന്തൊരുചൂട്. ഞെട്ടിയുണർന്നു. പുതച്ചുമൂടികിടക്കുന്ന എന്റെ അടുക്കലായി അമ്മ ഇരിക്കുന്നു.

അതൊരു സ്വപ്നമായിരുന്നോ? പുറത്ത് നിർത്താതെ പെയ്യുകയാണ് മഴ. ആ യാത്ര... "എന്നെ ഇടയ്ക്ക് വച്ച് ഉപേക്ഷിച്ചോ?" നീ എന്താ ഈ പറയുന്നേ..?

"പോയ് കുളിച്ച് റെഡിയാവ്. ഓൺലൈൻ ക്ലാസ് തുടങ്ങാറായി." ഇതും പറഞ്ഞ് അമ്മ അടുക്കളയിലേക്ക് പോയി. പൈൻ മരക്കാടുകൾ സ്വപ്നമായി ഉള്ളിൽ അവശേഷിച്ചു. കുത്തിനോവിപ്പിക്കുന്ന വേദനയോടെ...

**ഗൗതമി സുഭാഷ്**
സി.എം.എസ്എച്ച്.എസ്,
മുണ്ടക്കയം, കോട്ടയം

# ആത്മാവിന്റെ ഗദ്ഗദം



മരതകപ്പട്ടുടുത്തു നിൽക്കുന്ന വയനാടൻ കുന്നിൻ ചരിവുകൾ, കളകളാരവം പൊഴിക്കുന്ന കൊച്ചരുവികൾ, പളുങ്കു വിതറുന്ന ചെറുവെള്ളച്ചാട്ടങ്ങൾ, പലവർണപ്പൂക്കൾ മാതിരി പറന്നു നടക്കുന്ന ചിത്രശലഭങ്ങൾ പലവിധ പക്ഷികളുടെ കലപില ശബ്ദങ്ങൾ. എന്നാൽ ഈ പ്രകൃതിഭംഗിയൊന്നും ആസ്വദിക്കാൻ കൂട്ടാക്കാതെ ഒരു മനുഷ്യൻ വേഗത്തിൽ നടക്കുന്നു. അയാൾ ചുറ്റും ഇടയ്ക്കിടെ നോക്കുന്നുമുണ്ട്. നെറ്റിയിൽ വിയർപ്പുതുള്ളികൾ ഉരുണ്ടുകൂടുന്നു. ശ്ശോ നാശം! ഈ മണ്ണെണ്ണ മണം മാറുന്നില്ലല്ലോ? ആരെങ്കിലും ശ്രദ്ധിക്കുവോ ആവോ? അല്ല ശ്രദ്ധിച്ചാൽ ത്തന്നെ എന്ത്. എനിക്ക് എതിരെ ആര് എന്ത് ചെയ്യാൻ?

നാട്ടിലെ അറിയപ്പെടുന്ന വ്യക്തിയാണ് പനമരം ചാക്കോ. പഞ്ചായത്ത് മെമ്പറായിരുന്നു. പണക്കാരനാണ്. അധികാരക്കൊതി തലയ്ക്ക് പിടിച്ച വ്യക്തി. പണ്ട് സഭയേയും വിശ്വാസത്തേയും കുറ്റം പറഞ്ഞിരുന്ന അദ്ദേഹം ഇന്ന് സംഭാവന നൽകുന്നതിലും പൊതുപരിപാടികളിലും എല്ലാം മുന്നിലാണ്. വിശ്വാസം പുറമേ മാത്രമേയുള്ളു. തന്റെ പ്രൗഢി കാണിക്കുന്നതിനാണ് ഇതെല്ലാം അദ്ദേഹം ഉപയോഗിക്കുന്നത്. മറ്റുള്ളവർക്കിട്ട് പാര പണിയുന്നതിനും ഗ്രൂപ്പ് സൃഷ്ടിച്ച് സമൂഹത്തിൽ അസ്വസ്ഥത ഉണ്ടാക്കുന്നതിലും മുൻപന്തിയിലാണ് ഇദ്ദേഹം. ഒപ്പം അസൂയയ്ക്ക് കൈയും കാലും വച്ചതുപോലുള്ള വ്യക്തിയാണ് ഇപ്പോൾ അതു തന്നെയാണ് സംഭവിക്കുന്നത്. വെളുപ്പിന് 3 മണിക്ക് ഉണർന്ന് എഴുന്നേറ്റ് മുണ്ട് മടക്കിക്കുത്തി ഒരു പെൻടോർച്ച് എടുത്ത് എളിയിൽ വച്ച് ഒരു മണ്ണെണ്ണ ക്യാൻ കൈയിൽ എടുത്ത് പനമരം ചാക്കോ പുറപ്പെട്ടു. ഇടവഴികൾ താണ്ടി കുന്നുകൾ കയറിയിറങ്ങി അവസാനം ഉദ്ദേശിച്ച സ്ഥലത്തെത്തി. തന്റെ അയൽവാസിയും ബദ്ധശത്രുവുമായ കാട്ടുമഠത്തിൽ തോമാച്ചന്റെ കൃഷി ഭൂമിയിൽ.

പച്ചവിരിച്ചുനിൽക്കുന്ന ഒരു മനോഹര കൃഷിഭൂമി. തെങ്ങിൻ തൈകളും കമുകിൻ തൈകളും കുരുമുളക് കൊടികളും ജാതിയും കാപ്പിയും ഒക്കെയായി വിളസമൃദ്ധമായ ഒരു പറുദീസ. ആ സ്ഥലത്തെ പ്രകൃതിഭംഗിയും ഒന്ന് വേറെത്തന്നെയാണ്. എന്നാൽ ഇതൊന്നും ആസ്വദിക്കാൻ ആ മനുഷ്യന് മനസ്സില്ലായിരുന്നു.

അയാൾ ചുറ്റും നോക്കി കായ്ഫലമുള്ള നല്ല തെങ്ങിൻ തൈകളും മറ്റ് ഫലവൃക്ഷങ്ങളും രാക്ഷസീയമായ ഒരു ചിരി അയാളുടെ മുഖത്ത് പൊട്ടിവിടർന്നു. ഇനി ഒട്ടും താമസിക്കേണ്ട എന്നു വിചാരിച്ച് കൈയിൽ കരുതിയ ക്യാനിൽ നിന്നും ഫലവൃക്ഷങ്ങളുടെ മണ്ടയിലേക്ക് മണ്ണെണ്ണ അയാൾ ഒഴിച്ചു. പിന്നെ ക്രൂരമായ

ഒരാനന്ദത്തോടെ വേഗം വീട്ടിലേക്ക് തിരിച്ചു നടന്നു. ആരും അറിയാതെ വീട്ടിൽ എത്തി കട്ടിലിൽ കയറി കിടന്നു. എന്തിന് ഭാര്യപോലും അറിഞ്ഞില്ല ഇതൊന്നും. താമസിക്കാതെ പള്ളിയിൽ മണിയടിച്ചു. ചാക്കോ സാധാരണ രീതിയിൽ എഴുന്നേറ്റ് പല്ലു തേച്ച് കട്ടനും കുടിച്ച് ഞായറാഴ്ച കുർബാനയ്ക്ക് ശേഷം പള്ളിമേടയിൽ എത്തി അച്ചനുമായി സംസാരിച്ചും സുഹൃത്തുക്കളുമായി കുശലം നടത്തിയും അത്യാവശ്യം പരദൂഷണവും സാധിച്ച് വീട്ടിൽ തിരിച്ചെത്തി. ദിവസങ്ങൾ പെട്ടെന്ന് കടന്നു പോയി. ഒരുദിവസം ആ വാർത്ത എത്തി. കാട്ടുമഠത്തിൽ തോമാച്ചന്റെ സമൃദ്ധമായ കൃഷിയിടത്തിലെ കൃഷികൾക്ക് രോഗം ബാധിച്ചിരിക്കുന്നു. കേട്ടവർ അന്ധാളിച്ചു നിന്നുപോയി തങ്ങളുടെ കൃഷികളെയും രോഗം ബാധിക്കുമോയെന്ന് അവർ ഭയപ്പെട്ടു. ഇടവകക്കാരും നാട്ടുകാരും എല്ലാം കാട്ടുമഠത്തിൽ തോമാച്ചന്റെ കൃഷിഭൂമിയിലെത്തി. അക്കൂട്ടത്തിൽ ഒന്നുമറിയാത്തവനെപ്പോലെ പനമരം ചാക്കോയും ഉണ്ടായിരുന്നു. നാട്ടിലെ അറിയപ്പെടുന്ന കൃഷിക്കാരനും തന്റെ ശത്രുവുമായ തോമാച്ചന്റെ മുഖത്തെ ദൈന്യതയിൽ ചാക്കോയ്ക്ക് ക്രൂരമായ ഒരാത്മസംതൃപ്തി തോന്നി. തോമാച്ചന് ഉണ്ടായ നഷ്ടത്തിൽ സഹതപിച്ച് എല്ലാവരും പിരിഞ്ഞു. തന്റെ അജയ്യതയിൽ ചാക്കോ ഊറ്റം കൊണ്ടു. തോമാച്ചനിട്ട് ഒരു പണികൊടുക്കുവാൻ കഴിഞ്ഞതിൽ അയാൾ അഭിമാനിച്ചു. തനിക്ക് ഇഷ്ടം ഇല്ലാത്തവരെ ഒരു പാഠം പഠിപ്പിച്ചേ താൻ അടങ്ങു. പെട്ടെന്ന് കാലാവസ്ഥ മാറി. മാനം ഇരുണ്ടു. ശക്തമായ കാറ്റോടു കൂടി കാലവർഷം ആരംഭിച്ചു. രണ്ടു മൂന്നു ദിവസമായി കനത്ത മഴ തോരാതെ പെയ്യുന്നു.

ചാക്കോ കിടന്നതേയുള്ളു. പെട്ടെന്ന് ആളുകളുടെ ഒച്ചയും ബഹളവും ഒപ്പം ഒരു ഇരമ്പലും. പെട്ടെന്ന് ചാക്കോ വീട്ടിൽ ഉള്ളവരെയും വിളിച്ച് പുറത്തേക്ക് പാഞ്ഞു. ഒരു നിമിഷം! ഉരുൾ പൊട്ടി വന്ന മലവെള്ളപ്പാച്ചിലിൽ സമൃദ്ധമായിരുന്ന തന്റെ കൃഷിഭൂമിയും വീടും ഒലിച്ചുപോകുന്നതു കണ്ട് ചാക്കോയുടെ ചങ്ക് തകർന്നു. ദൈവമേ, പിന്നെ അയാൾക്ക് ഒന്നും ഓർമ്മിക്കാൻ ആയില്ല. രണ്ടു ദിവസം കഴിഞ്ഞ് ആശുപത്രിയിൽ നിന്നും അയാൾ ഡിസ്ചാർജ് ആയി.

ദൈവമേ എന്റെ ദുഃഷ്പ്രവൃത്തികൾക്ക് നീ ഉടനടി ശിക്ഷ തന്നല്ലോ. അന്യന്റെ ദു:ഖം കാണുന്നതിലും സ്നേഹം മനസിലാക്കുന്നതിനും ഞാൻ വൈകിപ്പോയി. ഞാനൊരു പാപിയാണ്. എനിക്ക് ഇത് താങ്ങാനാവുന്നില്ല. ഹൃദയവ്യഥയോടെ ചാക്കോച്ചൻ താൻ ദ്രോഹിച്ച തോമാച്ചന്റെ കാട്ടുമഠത്തിൽ വീട്ടിൽ ഒരു അഭയാർത്ഥിയായി കഴിഞ്ഞു.

**ക്രിസ്റ്റി മരിയ ഷാജി**
സെന്റ്. തോമസ് എച്ച്.എസ്. മരങ്ങാട്ടുപള്ളി,
കോട്ടയം

# അണയാത്ത മൺവിളക്ക്



നേരം ഇരുട്ടിയിരുന്നു. കടക്കാരനോട് ചോദിക്കുക. കടയിൽ ഇനിയും തിരക്ക് ഒഴിഞ്ഞിട്ടില്ല. കടയിലേക്ക് കയറുന്ന പടികളിൽ പായൽ പറ്റിപ്പിടിച്ചിരിക്കുന്നു. തെന്നി വീഴാതിരിക്കാൻ കീറിയ ചണച്ചാക്ക് വിരിച്ചിട്ടുണ്ട്. അതിന്മേൽ ചവിട്ടി കാലിലെ തള്ള വിരൽ അമർത്തിപ്പിടിച്ചു പടികൾ ഓരോന്നായി കയറി. കടയിലെ തുരുമ്പുപിടിച്ച ആണി യിൽ തൂക്കിയിട്ട വിളക്കു കത്താൻ തുടങ്ങിയിരിക്കുന്നു. ചുറ്റും കരിമ്പുക പടർന്ന മാതിരി വെളിച്ചം കാണാനായില്ല. നീല നിലാവ് ഇരുട്ടിൽ നേർത്തു കാണാമായിരുന്നു. അതിന്റെ സഹായത്തിലാണ് എല്ലാവരും ഇടവഴിയിലൂടെ നടന്നു പോകുന്നത്. നിലാ വിന്റെ വെളിച്ചം പതിയെ മങ്ങിത്തുടങ്ങി. കാർമേഘങ്ങൾ അവിടെ സ്ഥാനം ഉറപ്പിച്ചു. നിലാവിൽ പടർന്ന കാർമേഘങ്ങൾ മെല്ലെ നീങ്ങിത്തുടങ്ങിയിരിക്കുന്നു.

കടയുടെ അടുത്തേക്ക് എത്തും തോറും മണ്ണെണ്ണയുടെ മണം അടുത്തുവന്നു. അത് ശ്വസിക്കാൻ വളരെ ഇഷ്ടമാണ്. ഇരിഞ്ഞുതീരാറായ പഴക്കുലയിൽ പഴങ്ങൾ കറുപ്പടിച്ചിരിക്കുന്നു. കഴിഞ്ഞ ദിവസം അമ്മാവൻ പട്ടണത്തിൽ നിന്നും വണ്ടികേറി വീട്ടിൽ എത്തി. അധികവും അമ്മാവന് തിരക്കൊഴിഞ്ഞ നേരമില്ലായിരുന്നു. തുണിമി ല്ല്, സോപ്പ് ഫാക്ടറി എല്ലായിടത്തും എത്തിച്ചെല്ലാൻ അമ്മാവൻ ഒരാൾ മാത്രമെയുള്ളൂ. ഇത്രയും പണം ഉണ്ടായിട്ടും ഒരു വേലക്കാരനെ അവർ വീട്ടിൽ നിർത്തിയിരുന്നില്ല. കാരണം അമ്മാവന് അമ്മായിയുടെ കൈകൊണ്ടു വച്ചത് കഴിച്ചാലേ ദഹിക്കൂ. കഴിഞ്ഞ വരവിന് അമ്മാവൻ അമ്മയോട് പറഞ്ഞതാണ്.

എല്ലാ വരവിലും അമ്മാവൻ ഓരോ സാധനങ്ങളും ആയിട്ടാണ് വരിക. ചില പ്പോൾ അമ്മായി ഉണ്ടാക്കി കൊടുത്തയച്ച ഉണ്ണിയപ്പം അല്ലെങ്കിൽ രണ്ട് കാരത്തുണി കൾ (കാരം എന്നാൽ വസ്ത്രം തുന്നാൻ ഉള്ളത്) തുന്നിത്തീർന്ന് ബാക്കിയുള്ളത് എനിക്ക് തരും. ഒരു ഷർട്ട് തയ്ക്കാൻ മാത്രമേ അതുപയോഗിക്കാൻ പറ്റു. ഇടവഴി യിലെ കയ്യാല കയറി മതിൽ ചാടിയാൽ നാണുവാശാന്റെ വീട്ടിലെത്തും. ആശാൻ എന്നത് പേരിൽ മാത്രമാണ്. തയ്യൽക്കാരനാണ്. തുന്നിക്കഴിഞ്ഞ് ബാക്കിത്തുണികൾ നാണുവാശാനാണ് തയ്ക്കാൻ കൊടുക്കുക. മുറുക്കി ചുവപ്പിച്ചപ്പോലെയുള്ള കണ്ണും വാലൻകൊള്ളിപോലത്തെ പുരികവും അങ്ങനെ ആളൊരു കേമനാണ്. നാട്ടലെ പകുതി

ആളുകളുടെയും അളവുകൾ കാണാപ്പാഠമാണ്. എല്ലാ വരവിലും അമ്മാവൻ എനിക്ക് രണ്ടു വെള്ളിരൂപ കൈവെള്ളയിൽ വച്ചുതരുമായിരുന്നു. എന്നാൽ ഇത്തവണ തുണി മില്ലിനു നല്ല ലാഭം കിട്ടി. അതുകൊണ്ട് അഞ്ച് ഉറുപ്പിക തന്നു. ജീവിതത്തിൽ ആദ്യ മാണ് അങ്ങനെ അഞ്ചുറുപ്പിക കൈയ്യിൽ കിട്ടുന്നത്. ഉള്ളിൽ ഒരു വിങ്ങൽ അനുഭവ പ്പെട്ടു. ആ നാണയത്തെ നന്നായി കൈകൊണ്ട് ഉരസിനോക്കി. പാതി തുറന്നിട്ട ട്രൗസ റിന്റെ കീശയിൽ ഭദ്രമായി മെല്ലെ ഇട്ടു. അതുകൂടാതെ അമ്മയ്ക്ക് അമ്മാവൻ പണം നൽകിയിരുന്നു.

അച്ഛന് ഒരു മരക്കമ്പനിയിൽ ആയിരുന്നു പണി. രാഷ്ട്രീയക്കാർ തമ്മിലുണ്ടായ വാക്ക് തർക്കം പിന്നീട് സമരമായി. അതോടെ അച്ഛൻ ഉൾപ്പെടെ പതിനാലു പേരുടെ ജോലി നഷ്ടപ്പെട്ടു. പിന്നീട് വീട്ടിലെ അവസ്ഥ വലിയ ബുദ്ധിമുട്ടായിരുന്നു. മുതലാളി യുടെ വീട്ടിൽ അമ്മ ആദ്യം വീട്ടുവേലയ്ക്ക് പോയിരുന്നു. പിന്നീട് അതും നിർത്തി. പലപ്പോഴും രാത്രിയിലാണ് വീട്ടുജോലി ഉണ്ടാവുക. പിന്നീട് അമ്മ തന്നെ അവിടത്തെ ജോലി ഉപേക്ഷിച്ചു. മാസം തോറും അരയൊട്ടിയ വയറുമായി ഞാനും അമ്മയും പിടിച്ചു നിന്നു. ജോലി തിരിച്ചു കിട്ടില്ല എന്നറിഞ്ഞ് അച്ഛൻ പിന്നീട് കള്ളുഷാപ്പ് കയറിയി റങ്ങി കടം പറഞ്ഞ് കുടിച്ചു. വലിയ ബാധ്യത തന്നെയുണ്ടായി എന്നാണ് കേട്ടത്. രാത്രിയിൽ കുടിച്ച് വന്ന് അമ്മയെ വല്ലാതെ ഉപദ്രവിച്ചിരുന്നു. ഒരിക്കൽ അമ്മ പിടിച്ചു മാറ്റുന്നതിനിടയിൽ അമ്മയെ തട്ടിമാറ്റി നേരെ വന്നിടിച്ചത് കരിങ്കൽ തട്ടിന്റെ അടിയിൽ നെറ്റി പൊട്ടിയിരുന്നു. എന്നിട്ടും അച്ഛൻ കള്ളുകുടി തുടർന്നുകൊണ്ടേയിരുന്നു. ഞാൻ അഞ്ചുരൂപയും കൊണ്ട് കടയിലേക്ക് പോയി. ആകാംക്ഷ നടത്തത്തിന് വേഗത കൂട്ടി കാലുകൾക്ക് കൂടുതൽ ബലം കിട്ടിയതു പോലെ ഓടി. അതിനിടയിൽ കീശയിലിട്ട പൈസ ഒന്നുകൂടി ഭദ്രമാക്കി..

കടയിൽ ആരും ഇല്ലായിരുന്നു. നേരം ഉച്ചയോട് അടുക്കുന്നു. കടയാകെ വിസ്ത രിച്ച് നോക്കി. എന്നിട്ട് കീശയിലുള്ള ഉറുപ്പിക കൈയ്യിലേക്ക് എടുത്തുവെച്ചു. പല തരം കൊള്ളിമിഠായികൾ, കടലമുറുക്ക്, എള്ളുണ്ട എല്ലാറ്റിൽ നിന്നും കൊതി പിൻവ ലിച്ചു പോയത് പഴക്കൂട്ടത്തിലേക്കാണ്. അവിടെ എന്തോ വ്യത്യസ്തമായി ഞാൻ കണ്ടു. അവിടേക്ക് കൈ ചൂണ്ടി കടക്കാരനെ അയാളുടെ കണ്ണുകളെ ദിശയിലേക്ക് ചലിപ്പിച്ചു. ഇത് 'പാളയങ്കോടൻ' ആണ്. നല്ലതാണെന്ന് തോന്നി. വേണമെന്ന് പറ ഞ്ഞില്ല. അയാൾ അത് ഉരിഞ്ഞ് എനിക്ക് തന്നു. തൊലിയിൽ എന്തൊരു മിനുസം കൈവെള്ളയിൽ പിടിച്ചുകൊണ്ട് ചോദിച്ചു. "എത്രയായി." അഞ്ചുറുപ്പിക. "നാടനാ.." അയാൾ പണം വാങ്ങി ചിതലരിച്ച മേശയിലേക്ക് ഇട്ടു. നാടനായത് കൊണ്ടായിരിക്കാം

നല്ല വില. അതിനെ പതിയെ പിടിച്ചു മെല്ലെ നടന്നു. ഇളം മണ്ണിന് ഇന്ന് ചൂടുവരുന്നു ണ്ട്. കാലുകൾ കരുവാളിച്ചിരിക്കുന്നു. എന്നിരുന്നാലും പഴത്തെ നോക്കി വേഗത വർദ്ധി പ്പിച്ചു. അമ്മാവൻ പോയിരുന്നു. വീട്ടിനുള്ളിലേക്ക് ഓടിക്കയറി. അമ്മ ഉണ്ടായിരുന്നു. ഇനിയും അടുപ്പ് കത്തിയിട്ടില്ല. ചാണകം തേച്ച പടിയിൽ ഇരുന്ന് അമ്മാവൻ കൊണ്ട് വന്ന പച്ചക്കറി നുറുക്കുകയാണ് അമ്മ. ഓടി അമ്മയുടെ മടിയിൽ വീണു. കാറ്റത്തയഞ്ഞു വീണതു പോലെയുള്ള മുടികൾ ഉരുണ്ടുവന്നിരിക്കുന്നു. അമ്മയ്ക്ക് പഴം കൊടുത്തു. അമ്മ അത് ഉരിഞ്ഞു തന്നു. എന്തോ ഒരു പ്രത്യേക സ്വാദ്. എന്തുകൊണ്ടോ അറിയില്ല. പകുതി അമ്മയ്ക്കും കൊടുത്തു. പഴം ചെറുതായി അരച്ചു വിഴുങ്ങി ഇന്നലത്തെ കഞ്ഞി വെള്ളം ചെറു ചട്ടിയിൽ ഉണ്ടായിരുന്നു. അമ്മ എനിക്ക് നേരെ നീട്ടി. ഇറങ്ങി വരുന്ന പാട മാറ്റി വെള്ളം കുടിച്ചു. ചുണ്ടുകൾ നനഞ്ഞു. അടിഭാഗത്ത് രണ്ട് വെളുത്ത ചോറു വറ്റുകൾ. അതിനെ ആട്ടിയാട്ടി വായിലേക്ക് ഒഴിച്ചു. ചവയ്ക്കാൻ കഴിഞ്ഞില്ല. പല്ലുകൾ തമ്മിൽ കൂട്ടിയിടിക്കുന്നു. വായ കഴുകി പുറത്തേക്ക് എത്തിയപ്പോൾ തൊടിയിൽ ഒരു അനക്കം. അവനായിരിക്കും. ചെക്കിപ്പൂ പറിക്കാൻ ആണ്. അതിലെ തേൻ വായിലേ ക്കാക്കിയിട്ട് പൂവുകൾ കോർത്തു മാലയാക്കും. ചിലപ്പോൾ തേൻ കുടിക്കില്ല. കോർത്ത് മാലയാക്കും. ഞാൻ നേരെ തൊടിയിലേക്ക് നീങ്ങി. ഇന്ന് അവൻ തേൻ കുടിച്ചില്ല. അത് മാലയാക്കി വെച്ചു. അത് അവൻ എനിക്ക് നേരെ നീട്ടി അമ്മയോട് പറഞ്ഞില്ല. തൊടിയിൽ നിന്ന് ഇറങ്ങി പുഴക്കരികിൽ എത്തി. ആലോചിച്ചു. ഇത്തിരി നേരത്തെ വന്നിരുന്നെങ്കിൽ നിനക്കും കിട്ടുകില്ലേ. കുഴപ്പമില്ല. പിന്നെ നോക്കാം അടുത്ത പ്രാവശ്യം അമ്മാവന്റെ കൈനീട്ടം കൊണ്ട് ഒരുമിച്ചു രണ്ടു പേർക്കും പാളയംങ്കോടൻ പഴം വാങ്ങാം എന്ന് തീരുമാനിച്ചു. പുഴയുടെ അരികിലെ അരയാലിന്റെ അടുത്ത് എത്തി . ഇലകൾ കൊഴിഞ്ഞ് തൂങ്ങി നിൽക്കുന്നു. അവിടെ നിരനിരയായി ചിലന്തി കൂടു കൂട്ടിയിട്ടുണ്ട്. ഇല കൊഴിഞ്ഞ് ചുറ്റുപാടും വല്ലാത്ത ഗന്ധം . കൊമ്പുകൾ ഉരഞ്ഞ് തേഞ്ഞിരിക്കു ന്നു. ആളുകൾ വരാറുണ്ടെന്ന് തോന്നുന്നു. ഇവിടേക്ക് ആരും ഒറ്റയായി വരാറില്ല. ഉഗ്ര വിഷമുള്ള മലമ്പാമ്പുകൾ ഇവിടെയുണ്ടെന്നാണ് അമ്മ പറയാറ്. അവറ്റകളെ ഞങ്ങൾ ഇതുവരെ കണ്ടിട്ടില്ല.

തൊട്ടടുത്ത് കൊട്ടാരം പോലെ പണിത ചിതൽപ്പുറ്റിന്റെ അടുത്ത് ചെക്കിപ്പൂ മാല കോർത്തുവെച്ചാൽ നമ്മൾ വിചാരിക്കുന്ന ആഗ്രഹം നാഗപ്രതിഷ്ഠ നടത്തിത്തരുമത്രേ.

പല സംസാരവേളകളിലും ഇതിനെക്കുറിച്ചു പറയുന്നതു കേട്ടിട്ടുണ്ട്. പൂമാല വെച്ച വരുടെ ആഗ്രഹങ്ങൾ നടത്തിക്കൊടുത്തിട്ടുണ്ട്. കേട്ട പാതി കോൾക്കാത്ത പാതി കാട്ടി ലേക്ക് ഓടിയിരുന്നു പൂ പറിക്കാൻ. പക്ഷെ ഇരുമ്പൻ പുഴു ഉള്ളതു മുഴുവൻ കാർന്നു

തിന്നിരുന്നു. ഇരുമ്പൻ പുഴുവിനെ കൊല്ലാൻ ഒരു സൂത്രപ്പണിയുണ്ട്. മണ്ണെണ്ണയും വെളിച്ചെണ്ണയും കൂടി കലക്കിവെച്ചതെടുത്ത് ദേഹത്തു കൂടി ഒഴിക്കുക. മണ്ണെണ്ണയും വെളിച്ചെണ്ണയും. പറ്റിപ്പിടിച്ച് ദേഹം മുഴുവൻ വ്യാപിച്ചാൽ നിമിഷനേരത്തിനുള്ളിൽ അബോധാവസ്ഥയിൽ ആകും. തൊടികളിലെ പല ചെടികളെയും മരത്തെയും കാർന്നു തിന്നുന്ന വമ്പൻ ഇവൻ തന്നെയാണ്.

വെളിച്ചെണ്ണ നമ്മൾ വീട്ടിലേക്ക് കടത്തിയിട്ടില്ല. അതിനു കത്തുന്ന വിലയാണ്. ഒഴിച്ചു വച്ച് കാനിൽ പകുതിയാകുമ്പോൾ അയൽവക്കത്തെ ചേച്ചി ഞങ്ങൾക്ക് തരു മായിരുന്നു. അതിൻ നിന്ന് കുറച്ച് വക്കുപോയ പാത്രത്തിൽ എടുത്തുവെച്ചാണ് പുഴു വിന്റെ കർമ്മങ്ങൾ ഞങ്ങൾ നടത്താറ്. പുഴുശല്യം കുറഞ്ഞതോടെ തൊടി മുഴുവൻ ചെടികളും മരങ്ങളും പൂത്തുതുടങ്ങിയിരിക്കുന്നു. ഒരു കുല ചെക്കിയും പൂത്തു. ഞങ്ങൾക്ക് ആ കാര്യം ചെയ്യാതിരിക്കാൻ ക്ഷമയില്ലായിരുന്നു. എന്നാൽ ഇന്ന് ചെയ്യാൻ പോകുകയാണ്. ഞങ്ങൾ ചെത്തിയിട്ട കരിങ്കല്ലിന്റെ മുകളിലൂടെ നടന്നത് അരയാൽ തറയുടെ അടുത്തേക്കാണ്. അവിടെ നിന്ന് ചിതൽക്കൂനയുടെ അടുത്ത് ഇടത്തും വലത്തും ഒരുമിച്ച് കൈകൾ പിടിച്ച് അതിന്റെ അടിയിലെ മൺതറയിൽ വെച്ചു. കൈകൂപ്പി ഓരോ ആവശ്യങ്ങൾ പറയാൻ തുടങ്ങി. പറഞ്ഞത് പിന്നീട് മറ്റൊരാളോട് പറയാൻ പാടില്ലത്രേ. അങ്ങനെ പറഞ്ഞാൽ പറഞ്ഞതിന്റെ മൂല്യം കുറയുമത്രേ.

അവൻ എന്തായിരിക്കും പറയുക. അവൻ ഉന്തിയ കറ പിടിച്ച പല്ലുകൾ പുറ ത്താക്കി കരുവാളിച്ച് കണ്ണടച്ച് ഇടയ്ക്കിടെ പിടയുന്നുണ്ടായിരുന്നു. ഞാൻ കണ്ണുകൾ മെല്ലെ അടച്ചു. ആദ്യം ഒന്നും മനസ്സിൽ ഉണ്ടായില്ല. ഒരു പരീക്ഷണത്തിന് വേണ്ടി ആയിരുന്നു ചെയ്തത്. ഞാൻ മെല്ലെ മനസ്സിൽ പറഞ്ഞു. എനിക്കും അവനും പാള യംകോടൻ. പറഞ്ഞു വച്ച മാതിരി പെട്ടെന്നു തന്നെ ഞാൻ കണ്ണുകൾ തുറന്ന് പിടിച്ചു. ഞങ്ങൾ പരസ്പരം ഒന്നും ഉരിയാടിയില്ല. ഞങ്ങൾ പുഴക്കരയിൽ പുൽത്തകിടിയിൽ കുറച്ചു നേരം ഇരുന്നു. കറുകനാമ്പിന്റെ സൂചിമുനപോലെയുള്ള അതിന്റെ അറ്റം ചന്തിയിൽ വല്ലാതെ കുത്തിനോവിക്കുന്നുണ്ടായിരുന്നു. അതിനെ കൈകൊണ്ടമർത്തി പ്പിടിച്ച് പുഴയിലേക്ക് മെലിഞ്ഞ കാലുകൾ മെല്ലെ ഇറക്കിവെച്ചപ്പോൾ ഒരു മരവിപ്പ് അനുഭവപ്പെട്ടു. കാലിലെ രോമങ്ങൾ നനയുമ്പോൾ അയഞ്ഞ് വരുന്നു. കൊള്ളിവാ ലൻ മീനുകൾ കാലുകൾക്കിടയിലൂടെ ചീറിപ്പായുന്നു. അവ ജലത്തിന് മുകളിൽ നിന്ന് തല പൊക്കി നോക്കുന്നു. പായലുകൾ നീങ്ങാൻ തുടങ്ങിയിരിക്കുന്നു. സൂര്യൻ മേഘ ങ്ങൾക്കിടയിൽ നിന്ന് പുറത്തേക്കിറങ്ങുന്നു. മീൻകൊത്തികൾ ആഞ്ഞൊടിഞ്ഞ കൊമ്പു കളിൽ അനങ്ങാതെ ഇരിക്കുന്നു. പായലുകൾ നീങ്ങവേ വെള്ളത്തിൽ തലയിട്ട് മീനിനെ

കൊത്തിപ്പറന്നകലുന്നു. സൂര്യപ്രകാശം കൂടുംന്തോറും കണ്ണിന് വല്ലാത്ത അസ്വസ്ഥത. ചുണ്ടുകൾ വരണ്ടു പോയിരിക്കുന്നു. നീലാകാശം നമുക്ക് കൊട്ടകയിൽ സിനിമ കാണിക്കുന്ന പോലെ മേഘങ്ങളെ പല രൂപത്തിൽ കാണിച്ചു തരുന്നു. പക്ഷെ അത് അവിടെ നിൽക്കുന്നില്ല. ഒരു സ്ഥാനവും ഇല്ലാതെ ഒഴുക്കിനൊപ്പം എന്തോ തേടിയുള്ള യാത്ര തുടരുന്നു. മരക്കഷ്ണം വെള്ളത്തിൽ പൊങ്ങിയും താഴ്ത്തിയും എങ്ങോട്ടേക്കോ പോകുന്നു. വീട്ടിലേക്ക് നടന്നു. അപ്പോഴേക്കും അമ്മാവൻ എത്തിയിട്ടുണ്ടായിരുന്നു. പട്ടണത്തിൽ എന്തോ കാര്യത്തിന് വന്നപ്പോൾ ഇവിടെ കേറിയിട്ട് പോകാം എന്ന് വിചാരിച്ചു. എന്ന് അമ്മയോട് പറയുന്നത് കേട്ടാണ് വീട്ടുപടിക്കൽ എത്തിയത്. കൂടെ കൈയ്യിൽ ഒരു സഞ്ചികൂടി ഉണ്ടായിരുന്നു. അത് അമ്മാവൻ എനിക്ക് നേരെ നീട്ടി. ഞാൻ രണ്ട് കൈയും നീട്ടി. കാരണം അതിന് അധിക ഭാരം എനിക്ക് തോന്നി. പാളയങ്കോടൻ ആണ് എന്നുകൂടി അമ്മാവൻ കൂട്ടിച്ചേർത്തു. അന്ന് കടക്കാരൻ തന്ന പാളയംങ്കോടന്റെ നിറം ചാരനിറമായിരുന്നു. എന്നാൽ അമ്മാവൻ കൊണ്ടു വന്നത് മഞ്ഞ നിറത്തിലുള്ളതാണ്. ഞാൻ അമ്മയോടും അമ്മാവനോടും ഒന്നും പറയാതെ ആ സഞ്ചി തറയിൽ വെച്ച് പുറത്തേക്കോടി. മൺപാതയ്ക്ക് നല്ല ചൂട്. കാർമേഘങ്ങൾ മെല്ലെ ഇരുണ്ടു വരുന്നു. നേരം ഇരുട്ടിയത് പോലെ തുടങ്ങി. എന്നിരുന്നാലും തന്നെ പറ്റിച്ച കടക്കാരനോട് കാര്യം ചോദിക്കുക തന്നെ. മൺപാതയുടെ ചൂടു കുറഞ്ഞു വരുന്നു. കടയിലേക്കു കയറി. ചുണ്ടുകൾ അരിശം വന്ന് വിറക്കുന്നുണ്ടായിരുന്നു.

"എന്റെ പൈസ തിരിച്ചു തരൂ." ഞാൻ ദേഷ്യത്തോടെ ചോദിച്ചു. അത്രയും കാലം കൂടി കിട്ടിയ അഞ്ചുറുപ്പിക അത്രയും ആഗ്രഹിച്ച് വാങ്ങിയ പാളയങ്കോടൻ എന്ന് പറഞ്ഞ് തന്നെ പറ്റിച്ച കടക്കാരൻ അയാൾ തന്നെ നോക്കി ചിരിച്ചു. എന്നിട്ട് ചുമലിൽ പിടിച്ചിട്ട് പുറത്തേക്ക് തള്ളി. പെട്ടെന്ന് മേലാകെ ചൂട് പരന്നു. ഞാൻ പൂഴിയും മണ്ണും കൂടിച്ചേർന്ന മണ്ണിലേക്ക് കൈയും കുത്തി വീണു. ആരും തന്നെ ശ്രദ്ധിച്ചില്ല. എല്ലാവരുടെയും മുഖത്ത് പുഞ്ചിരി വിടരുന്നുണ്ട്. കണ്ണിൽ നിന്ന് കണ്ണുനീർ ഒഴുകാൻ തുടങ്ങി. കണ്ണു കലങ്ങിയപ്പോൾ ചുറ്റുപാടും എല്ലാം രണ്ടായി കണ്ടു. മണ്ണിലേക്ക് ഊർന്ന് വീഴുന്ന ആദ്യ കണ്ണുനീർ പെട്ടെന്നു തന്നെ മണ്ണിലേക്ക് അലിഞ്ഞുചേർന്നു. ആ ഇരുട്ടിനോട് ചേർന്ന് ഞാൻ തിരിച്ചു നടന്നു. എനിക്ക് വീട്ടിലേക്ക് പോകാൻ വെളിച്ചത്തിന്റെ ആവശ്യമില്ലായിരുന്നു. കാരണം ഞാൻ സ്വയം വെളിച്ചമായി നടന്നു. സമയം സന്ധ്യയോടടുക്കുന്നു. ഇത്തിരി വൈകിയെങ്കിലും വീട്ടിൽ എത്തി. അമ്മാവൻ പോയിരുന്നു. കാരണം തട്ടിന്റെ മുകളിൽ തൂക്കിയിട്ട കുട കാണാനില്ല. കൈകൊണ്ട് കണ്ണിന്റെ അടിവശം അമർത്തിത്തുടച്ചു. മുറ്റത്തും വീടിന്റെ മേൽക്കൂരയിലും കാടും ചപ്പും വിരി

ച്ചിട്ട മാതിരി ആയിട്ടുണ്ട്. അതിനേക്കാൾ ഏറെ അവിടുന്ന് ഓരോ ഓടും നിലത്തേക്ക് പതിച്ചിരുന്നു. തുളസിപ്പൂവുകൾ കരിഞ്ഞുണങ്ങിയിട്ടുണ്ട്. തുളസിത്തറയിൽ വിളക്ക് കത്തിയിട്ടില്ല. ഞാൻ വൈകി വരുന്ന അവസരങ്ങളിൽ അമ്മയാണ് ദീപം കൊളുത്താറ്. അച്ഛൻ വരാൻ ഒത്തിരി വൈകും. കുടിച്ച് ലക്കുകെട്ട് എവിടെയെങ്കിലും വീണിട്ടുണ്ടാകും. പിന്നീട് രണ്ട് മൂന്ന് ആളുകൾ അച്ഛനെ താങ്ങിയാണ് വീട്ടിലേക്ക് വരാറ്. എങ്കിലും എല്ലായിപ്പോഴും ഇങ്ങനെയാണ്. പടിയിൽ രണ്ടു മൂന്നു തവണ കാല് നന്നായി ഉരസി അകത്തേക്ക് കയറി. നിശബ്ദമായ ആ അന്തരീക്ഷം എന്നിൽ പേടിയുണ്ടാക്കി. അമ്മേ എന്ന് നീട്ടി വിളിക്കാൻ ശബ്ദം പൊങ്ങുന്നില്ല. നേരെ കയറിച്ചെന്നത് അടുക്കളയിലേക്കാണ്. ഒരായുസ്സ് മുഴുവനും ആ കാഴ്ചയിൽ ഇല്ലാതായി. അത്രമേൽ അതെന്നെ...

അമ്മ നിലത്തു വീണു കിടക്കുന്നു. ഒന്നും മനസ്സിലായില്ല. അമ്മയുടെ കരുവാളിച്ച മുഖത്ത് ഞാൻ പതിയെ തലോടി. അമ്മ ആകെ തണുത്തിരിക്കുന്നു. കൈയ്യും കാലും ഒന്നും ചലിക്കുന്നുണ്ടായിരുന്നില്ല. ഒരു എട്ടു വയസ്സുകാരന്റെ ചിന്തയിലൂടെ ഞാൻ മനസ്സിലാക്കിയത് മറ്റൊന്നായിരുന്നു. അമ്മയുടെ ശരീരത്തിലേക്ക് ഞാൻ തനിയെ വീണു. ഇനിയൊരിക്കലും ഇങ്ങനെ കിടക്കാൻ പറ്റുമോ എന്ന് അറിയില്ല. ചുറ്റും കീരികൾ ശബ്ദം ഉണ്ടാക്കുന്നു. അമ്മയെ കെട്ടിപ്പുണർന്ന് ഉള്ള ശക്തിയോടെ ഞാൻ ശബ്ദം കുറച്ച് വിളിച്ചു. അമ്മേ..... മനസ്സിൽ നിന്നുള്ള വിങ്ങൽ താങ്ങാനായില്ല. കണ്ണുനീര് അമ്മയുടെ ശരീരത്തിലേക്ക് ഇറ്റിറ്റു വീഴുന്നുണ്ടായിരുന്നു. ചുറ്റുപാടും നിശബ്ദതയിൽ ആഴ്ന്നിറങ്ങി. അമ്മ നിദ്രയിലായിരുന്നു

ഇന്ന് നടന്ന എല്ലാ കാര്യവും ഞാൻ നിർത്താതെ പറഞ്ഞു . കരച്ചിലിനെ പിടിച്ച് നിർത്താൻ നോക്കി. ഒഴുകുന്ന ജലം പോലെ നിർത്താനും കഴിഞ്ഞില്ല. അത് അണയും പൊട്ടിച്ച് ഒഴുകി. കരച്ചിൽ കേട്ട് അയൽപക്കക്കാർ ഓടി വന്നു . വീണുകിടക്കുന്ന അമ്മയുടെ അടുത്തു നിന്ന് പിച്ചും പേയും പറയുന്ന എന്നെ അവർ പിടിച്ചു മാറ്റാൻ നോക്കി. അമ്മയുടെ സാരിത്തുമ്പ് ഞാൻ മുറുകെ കൈയിൽ പിടിച്ചു. രണ്ടു ഹൃദയങ്ങളെ, അല്ല ഹൃദയത്തെ അവർ വേർതിരിച്ചു . അച്ഛനെയും അമ്മാവനെയും അറിയിക്കാൻ ആൾക്കാർ പോയി. എന്നെ ഒരു മൂലയിൽ കൊണ്ടു ചെന്നിരുത്തി. കൈകൾ കാലിനോടടുപ്പിച്ച് ഇരുന്നു. അച്ഛൻ കുടിച്ച് ഷാപ്പിൽ കിടക്കുകയാണെന്ന് പറയുന്നതു കേട്ടു. അമ്മാവൻ വീട്ടിലെത്തി അമ്മയുടെ അടുത്തു ചെന്നിരുന്നു കരഞ്ഞു. കൂടെ അമ്മായിയും ഉണ്ടായിരുന്നു. അവർ എന്റെ അടുത്തേക്ക് വന്നു. എന്നെ എഴുന്നേൽപ്പിച്ച്

ചേർത്തു നിർത്തി. അമ്മയെ ഞാൻ ചൂണ്ടിക്കാണിച്ചു. എന്നെ കൂടുതൽ ചേർത്ത് നിർത്തി.

അമ്മയെ വെള്ളത്തുണി കൊണ്ടു മൂടിയിരുന്നു. അടുത്ത് ദീപം കൊളുത്തിയിരുന്നു. എന്നെ കിണറ്റിൻ കരയിലേക്ക് കൊണ്ടുപോയി കുളിപ്പിച്ചു. അടുത്ത് ചെമ്പരത്തിപ്പൂക്കൾ കൊഴിഞ്ഞിരുന്നു. എന്നിട്ട് പുഴക്കരയുടെ അടുത്ത് കൂട്ടിക്കൊണ്ട്പോയി തല വഴി മുങ്ങാംകുഴിയിട്ട് ബലിച്ചോറ് തലയ്ക്ക് മുകളിൽ വെച്ച് നടന്നു വന്നു.
ശേഷം ബലിക്കാക്കയെ കൈകൊട്ടി വിളിച്ചു. എല്ലാം തന്നെക്കൊണ്ട് ചെയ്യിപ്പിക്കുകയായിരുന്നു. താൻ ഏതോ അബോധാവസ്ഥയിൽ ആയിരുന്നു. അമ്മാവന്റെ കൈ മുറുകെപ്പിടിച്ചു നടന്നു.

വീട്ടിലെത്തിയ ശേഷം എല്ലാവരും എന്നെത്തന്നെ നോക്കുന്നുണ്ടായിരുന്നു. അമ്മാവൻ അകത്തു പോയി എന്റെ ചെറിയ പെട്ടി എടുത്തു പുറത്തേക്ക് വന്നു. ഞങ്ങൾ ദൂരേക്ക് നടന്നു. അമ്മാവൻ പറഞ്ഞത് ഇത്രമാത്രം. “ഞാനിവനെ കൊണ്ടു പോകുന്നു.”

പട്ടണത്തിലേക്ക് പോകാൻ വഴിയരികിൽ നിന്ന് ഞങ്ങൾ കാളവണ്ടി പിടിച്ചു. ഞാൻ അമ്മായിയുടെ മുഖത്തേക്ക് നോക്കി, എന്നെ നോക്കുന്നേ ഉണ്ടായിരുന്നില്ല. പുലർച്ചയോടടുക്കുന്ന നേരം ഞങ്ങൾ പട്ടണത്തിൽ എത്തി. മയങ്ങിവീണപോലെ അമ്മാവന്റെ മടിയിൽ ഇരുന്നു. ഞാൻ അമ്മാവന്റെ വീട് എത്തുമ്പോഴേക്കും എന്നെ തട്ടി വിളിച്ചു. ചുറ്റും ആളുകളും വണ്ടികളും. പലതരം സാധനങ്ങൾ വിൽക്കുന്ന വണ്ടികൾ കടന്നുപോകുന്നു. വാഹനങ്ങൾ കുതിച്ചു പായുന്നു. അമ്മാവന്റെ വീട്ടിൽ ഞാൻ ആദ്യമായാണ് വരുന്നത്.

വലിയ വീട് ചുറ്റും നാട്ടിൽ കാണാത്ത പലതരം ചെടികൾ. അവിടെ എല്ലാ വീടിനും വലിയ മതിൽ കെട്ടുകൾ വീടിന് പുറത്തും അകത്തും ചായം തേച്ച വലിയ വീട്. മുറ്റത്ത് രണ്ട് കാറുകൾ. ഞങ്ങളുടെ വീട്ടിൽ വരുമ്പോൾ അമ്മാവൻ കാറെടുക്കാറില്ല. നാല് ഭാഗത്തേക്കും നീണ്ട നീല വഴികൾ അതിലൂടെ വാഹനങ്ങൾ നിർത്താതെ പോകുന്നു. അമ്മാവൻ എന്റെ കുഞ്ഞുപെട്ടിയും എടുത്ത് വണ്ടിയിൽ നിന്നിറങ്ങി ഒപ്പം അമ്മായിയും.

ഞങ്ങൾ റോഡു കടന്ന് വീട്ടിലെത്തി. അമ്മായി വാതിൽ തുറന്നു. വലിയ വാതിൽ. ജനാല മുഴുവൻ തുണികൊണ്ട് മറച്ചിരിക്കുന്നു. ഉള്ളിൽ നിറയെ ചുമരിൽ പിടിപ്പിച്ച വിളക്കുകൾ. കാറ്റ് തരുന്ന പൂവും. അമ്മാവൻ എന്നെയും കൊണ്ട് വരാന്തയിലെത്തി.

അമ്മായി ഒരു മുറിയിലേക്ക് കയറി. രാത്രി അമ്മാവൻ അമ്മായിയോട് പറയുന്നത് കേട്ടു. അമ്മാവൻ രണ്ടാഴ്ചത്തേക്ക് വിശാഖപട്ടണത്തിലേക്ക് തുണിമില്ലിന്റെ ആവശ്യത്തിന് പോവുകയാണ് .

ഇതുവരെയായിട്ടും അമ്മായി തന്നോട് ഉരിയാടിയിട്ടില്ല. വൈകുന്നേരം എന്നെ തറപ്പിച്ചു നോക്കി അത്രമാത്രം. ഇവിടെ നാലു നേരവും ചോറാണ്. അതിനൊത്ത കറികളും അസാധ്യമായ രുചിയും. രാത്രി കിടക്കാൻ നല്ല വിരിപ്പ് വിരിച്ച മുറി തന്നു. എനിക്ക് തോന്നുന്നു ഞാൻ ഇവിടെ വന്നത് അമ്മായിക്ക് തീരെ ഇഷ്ടപ്പെട്ടില്ല എന്ന്. കാരണം ഇതുവരെ എന്നോട് ഒന്നും മിണ്ടിയില്ല. പിന്നെ ഇടക്കിടെ എന്നെ തുറിച്ച് നോക്കുകയും ചെയ്യുന്നു. പക്ഷെ തനിക്കൊന്നും മനസ്സിലായില്ല. ഞാൻ ഷീറ്റ് നിലത്തു മാറ്റിവിരിച്ചു. ഒരു തരം ഒറ്റപ്പെടൽ അനുഭവപ്പെട്ടു. അമ്മാവനാണെങ്കിൽ നാളെ പോകും. എങ്ങനെയാണ് ഇവിടെ കഴിച്ചുകൂട്ടേണ്ടത് എന്നറിയില്ലായിരുന്നു. അച്ഛനോടൊപ്പം വീട്ടിൽ നിന്നാലുള്ള അവസ്ഥ എല്ലാറ്റിനും ഒരേ അവസ്ഥ ആണെങ്കിലും ജീവിക്കാതിരിക്കാൻ പറ്റില്ല. നിലത്ത് നല്ല തണുപ്പ്. ഞങ്ങളുടെ വീട്ടിലെ പോലെ ചാണകം മെഴുകിയ തറയൊന്നുമല്ല ഇവിടെ ഉള്ളത്. കട്ടകൾ വിരിച്ചത്. അതും നല്ല വൃത്തിയിൽ.

നല്ല തണുപ്പ്, പുറത്ത് നല്ല നിലാവ് ഉണ്ടായിരുന്നു. കാർമേഘങ്ങളിലൂടെ സഞ്ചരിക്കുന്ന അമ്പിളിമാമൻ, എന്തോ അമ്മയോട് ചേർന്നു കിടന്നത് പെട്ടന്ന് ഓർമ്മ വന്നു. കണ്ണുനീർ തുടച്ചുമാറ്റി കണ്ണുകൾ ശക്തിയായി അടച്ചു. രാവിലെ ആകുമ്പോഴേക്കും അമ്മാവൻ പോയിരുന്നു. അമ്മായി നേരത്തെ വിളിച്ച് എഴുന്നേൽപ്പിച്ചു. 'എടാ നിന്റെ തള്ളേടെ വീടല്ല ഉച്ചവരെ കിടന്നുറങ്ങാൻ' എന്നു പറഞ്ഞു ഒരു നുള്ളു തന്നു. തണുത്ത തന്റെ കൈകളിൽ അത് അസഹനീയമായ വേദന ഉണ്ടാക്കി. "ഈ മാവ് നന്നായി ആട്ടുകല്ലിലിട്ട് അരച്ചു കൊണ്ടു വാ." പോവാൻ ഭാവമില്ലെന്ന് കണ്ടപ്പോൾ തന്റെ തലയ്ക്കിട്ട് ഒരു കിഴുക്ക് തന്നു. തല അടർന്ന് പോകുന്ന പോലെ, ആട്ടുകല്ല് പുറത്ത് കണ്ടപ്പോൾ തന്നെ ശ്വാസം വെടിഞ്ഞു. "അത് നന്നായി കഴുകണം ഒപ്പം നിന്റെ കൈയും." അമ്മായിയുടെ നീട്ടിയുള്ള സന്ദേശം. ആട്ടുകല്ല് നന്നായി കഴുകി. ആട്ടുകല്ല് അനക്കാൻ പോലും പറ്റുന്നില്ല. ചരിഞ്ഞു നിന്ന് വലിച്ചു. നിർഭാഗ്യവശാൽ തന്റെ ചെറുവിരൽ അതിനിടയിൽ പെട്ടു.

ഹാ എന്നൊരു വിളി അമ്മായി കേട്ടിട്ടും തിരിഞ്ഞു നോക്കിയില്ല. കൈവിരൽ നന്നായി ചുവന്നിരിക്കുന്നു. അമ്മായി എല്ലാം ജനാല വഴി ശ്രദ്ധിക്കുന്നുണ്ടായിരുന്നു. എന്നാൽ കഴിയുന്ന വിധം ആട്ടാൻ തുടങ്ങി. ഉച്ചയോടടുക്കുന്ന വരെ അരിയാട്ടി. വയർ നന്നായി കരയുന്നുണ്ടായിരുന്നു. നിയന്ത്രിക്കാൻ പറ്റിയില്ല. അമ്മായിയോട് ചോദിക്കാൻ

ഒരു പേടിയുണ്ടായിരുന്നു. അമ്മായിയുടെ നോട്ടമാണ്. ആരും പേടിച്ചു പോകും. ഗതിയില്ലാതെ ചോദിച്ചു.

“എനിക്ക് വിശക്കുന്നു അമ്മായി.”

“ഒരു പണിയും എടുക്കാതെ ഇവിടെ നിന്ന് തിന്നാമെന്ന് വിചാരിച്ചോ, നിന്റെ തള്ളേടെ ഒടുക്കത്തെ മരണം അല്ലെങ്കിൽ ഈ കുരിശ് എന്റെ തലയിലാകുമോ?”

പിന്നെ ഒന്നും സംസാരിച്ചില്ല. തൊണ്ട വെള്ളം തട്ടാതെ വരണ്ടിരിക്കുന്നു വയറുവേദന അസഹ്യമായി വന്നപ്പോൾ അടുക്കളയിൽ കേറി ചോറെടുത്തു. ഇതുവരെ ഇങ്ങനെ അനുഭവം ഉണ്ടായിട്ടില്ല. അമ്മ ഉണ്ടായിരുന്നപ്പോൾ കഞ്ഞിവെള്ളമെങ്കിലും കിട്ടുമായിരുന്നു. ചോറ് നന്നായി കുഴച്ചു. ഇന്നലത്തെ കറിയും എടുത്ത് വായിലേക്കിട്ടില്ല. അമ്മായി കാലുകൊണ്ട് ഒരു തൊഴി വെച്ചുതന്നു. “നാണം കെട്ടവനേ, കട്ട് തിന്നുന്നോ”? കലിതുള്ളി അകത്തേക്ക് പോയി പഴുപ്പിച്ച ചട്ടുകവുമായി എന്റെ അടുത്തെത്തി.

ഞാൻ പെട്ടെന്ന് ഓടി മാറാൻ നോക്കി. പക്ഷെ എന്റെ കൈ പിടിച്ചു വച്ച് അമർത്തി ചട്ടുകം വെച്ചു. അലറി, ആകാവുന്നതിലധികം ശക്തിയിൽ, “ഇനി മേലാൽ, ശവം... ത്ഫൂ...” എന്ന് ശാസിച്ച് അകത്തേക്ക് കയറിപ്പോയി. കൈയിൽ കുങ്കുമം ചാർത്തിയ പോലെ ചുവന്നു പരന്നിരിക്കുന്നു. ഇനി മറ്റൊന്നിനും താങ്ങാനുള്ള ശേഷി എനിക്കില്ല. ഒരു നിമിഷം പ്രാർത്ഥിച്ചു. അമ്മയുടെ അടുത്തേക്ക് ഞാനും വരുന്നു.

സമയം സന്ധ്യയോടടുക്കാറായി. വിശപ്പ് മാറുന്നില്ല. കിണറ്റിൽ നിന്ന് ഒരു തൊട്ടി വെള്ളം കോരിയെടുത്തു. അരത്തൊട്ടി കുടിച്ചു. ബാക്കി ഉള്ളതു മുഖം കഴുകി കളഞ്ഞു. തനിക്ക് താമസിക്കാൻ തന്ന മുറിയിലേക്ക് ഒരു തടിച്ച കയർക്കഷ്ണവുമായി നീങ്ങി.

നാട്ടിൽ നിന്നു പോന്നിട്ട് അവനെ ഓർക്കാതിരിക്കാൻ വയ്യാതായി. കാരണം തെച്ചിപ്പൂമാലയാക്കി ആൽത്തറയിൽ വച്ചു. ഓരോന്നും മനസ്സിൽ തളം കെട്ടിയിട്ടുണ്ട്. കയർക്കഷ്ണം നെഞ്ചോടു ചേർത്തു പിടിച്ചു. ഒരു നിമിഷം എല്ലാവരെയും ഓർത്ത് സഹതപിച്ചു. ഒരു എട്ടു വയസ്സുകാരന് താങ്ങാവുന്നതിന് അപ്പുറമാണ് ഇതൊക്കെ. ഒഴുകുന്ന ജലവും പാറയും പലപ്പോഴും ഏറ്റുമുട്ടും. എന്നാൽ ജയിക്കുന്നത് ജലമാണ്. കാരണം അതിന്റെ ശക്തി കൊണ്ടല്ല നിർത്താതെയുള്ള പരിശ്രമത്താൽ, എന്നാൽ അവസ്ഥ ഭീകരമാകുമ്പോൾ പതിയെ പരിശ്രമത്തിന്റെ മൂല്യം കുറഞ്ഞു വരും കാരണം

അതിനോടു  തോൽക്കാൻ ഞാൻ തയാറായതുകൊണ്ട് കാലം കടന്നു പോകും. എനിക്ക് തോന്നിയത്, നിങ്ങൾക്ക് തോന്നണം എന്നില്ല.

ഒരമ്മയുടെ ശരീരത്തോടു ചേർന്നാൽ നമ്മൾ സുരക്ഷിതരാകും. ഇല്ലെങ്കിൽ നൂലില്ലാത്ത പട്ടം പോലെ ആയിരിക്കും ജീവിതം. വസന്തകാലത്തിൽ ഞാൻ കൊഴിഞ്ഞു പോകുന്നു. ഹേമന്തകാലത്ത് ഞാൻ ആത്മാവിന്റെ കൂട്ടത്തിലുണ്ടാകും, നമ്മൾ ജനിക്കും മുമ്പ് തന്നെ ഭൂമിയിൽ  നേരിടാൻ പോകുന്ന എല്ലാ പ്രശ്നങ്ങൾക്കും  ദൈവം അറിഞ്ഞു തന്ന ഉത്തരമാണ് അമ്മ.

അങ്ങനെ വിശ്വസിക്കാനാണ് എനിക്കിഷ്ടം.

**നവ്യശ്രീ കെ പി**
ഐ.എം.എൻ.എസ്.ജി.എച്ച്.എസ്.എസ്.
മയ്യിൽ, കണ്ണൂർ